www.malankaralibrary.com

ചേടിയത്ത് - കരിപ്പായി

# മാർ തോമ്മായുടെ നടപടികൾ

കോട്ടയം

1998

www.malankaralibrary.com

# മാർ തോമ്മായുടെ നടപടികൾ

**ജി. ചേടിയത്ത്**
(എഡിററർ)

**എസ്. കരിപ്പായി**
(വിവർത്തനം)

No. 81

കോട്ടയം

1998

www.malankaralibrary.com

**MAR THOMAYUDE NADAPADIKAL**

A Publication of the Pontifical Oriental Institute of Religious Studies, Kottayam—686010 Kerala, India.

First Edition 1984
Second Printing 1989
Third Printing 1998
Copyright: G. Chediath, 1998

Nihil Obstat: Rev. Dr. Xavier Koodapuzha
Imprimatur: Mar James Pazhayattil
Bishop of Iringalakuda

Price: Rs. 15

Printed at Bethany Press, Nedumangad

www.malankaralibrary.com

# ഉള്ളടക്കം


പേജ്

അവതാരിക — സിറിൽ മാർ ബസ്സേലിയോസ് 4

ആശംസ — ഡോ. ജോസഫ് കോയിക്കക്കുടി 5

ആമുഖം 6

ഗ്രന്ഥസൂചിക 8

**നടപടികൾ**

1. യൂദാതോമ്മായുടെ ഭാരതപ്രവേശനം 9
2. സ്വർഗ്ഗത്തിലെ കൊട്ടാരം 21
3. കറുത്ത പാമ്പ് 31
4. കഴുതക്കുട്ടി 40
5. ഒരു സ്ത്രീയിൽ വാസമുറപ്പിച്ച പിശാച് 43
6. സ്ത്രീയെ കൊന്ന യുവാവ് 50
7. സൈന്യാധിപൻ 59
8. കാട്ടുകഴുതകൾ 65
9. കാരീഷിന്റെ ഭാര്യ 75

യൂദായുടെ കീർത്തനം 92

10. മിഗ്ദോണിയായുടെ മാമോദീസാ 105
11. മസ്ദൈയുടെ ഭാര്യ 115
12. വിസാൻ 119
13. വിസാന്റെ മാമോദീസാ 128

രക്തസാക്ഷിത്വം 134

www.malankaralibrary.com

# അവതാരിക

സഭാചരിത്രപഠനത്തിന് ആധുനികകാലത്തു കൂടുതൽ താല്പര്യം ഉളവാകുന്നുണ്ടല്ലോ. സഭയുടെ ഉൾരഹസ്യങ്ങളിലേക്ക് അതു കൂടുതൽ വെളിച്ചം വീശുന്നുവെന്നുള്ളതത്രെ അതിൻെറ കാരണം.

അപ്പസ്തോലന്മാർ നനച്ചു വളർത്തിയ ആദിമസഭയുടെ സന്ദേശമാണ് സഭാചരിത്രത്തിലുടനീളം വിടർന്നു വികസിച്ചതു്. ആദിമ അപ്പസ്തോലിക സഭകളിലേക്കുള്ള തിരിഞ്ഞുനോട്ടം മാർ തോമ്മാ ക്രിസ്ത്യാനികളെ സംബന്ധിച്ചു പ്രധാനമാണ്. കാരണം മാർതോമ്മാസഭയുടെ തനിമതന്നെ നഷ്ടപ്പെട്ടുകൊണ്ടിരിക്കുന്ന ഒരു കാലസന്ധിയാണിതു്. ഈ പശ്ചാത്തലത്തിലാണ് 'മാർ തോമ്മായുടെ നടപടികൾ' എന്ന ഗ്രന്ഥത്തിൻെറ മലയാളവിവർത്തനം പ്രസക്തമാകുന്നതു്.

വിവിധ ഭാഷകളിൽ ആദിമ നൂററാണ്ടുകളിൽ തന്നെ ഇതിൻെറ വിവർത്തനം പ്രചാരത്തിൽ വന്നിട്ടുണ്ട്. മാർതോമ്മായുടെ ഭാരതപ്രവേശനത്തെപ്പററി പ്രതിപാദിക്കുന്ന അതിപുരാതന രേഖകളിൽ ഒന്നായ 'മാർതോമ്മായുടെ നടപടികളുടെ' ആധുനിക വിവർത്തനം ഇപ്പോൾ മാർതോമ്മാ നസ്രാണികൾക്കു സംലഭ്യമായിരിക്കുന്നു. ഇതിനു കഠിനാദ്ധ്വാനം ചെയ്ത ബഹുമാനപ്പെട്ട സെബാസ്റ്റ്യൻ കുരിപ്പായി തികച്ചും അഭിനന്ദനാർഹനാണ്. 'മാർതോമ്മാ തെളിച്ച മാർഗ്ഗം' സ്വീകരിച്ചവരും ചരിത്രസ്നേഹികളുമായ കേരളക്രൈസ്തവരുടെ മുൻപിൽ ഈ പുസ്തകം ഞാൻ സന്തോഷപൂർവ്വം അവതരിപ്പിക്കുന്നു.

**സിറിൽ മാർ ബസേലിയോസ്**
തിരുവനന്തപുരം മെത്രാപ്പോലീത്തൻ ആർച്ചുബിഷപ്പ്
മലങ്കര കത്തോലിക്കാ മെത്രാപ്പോലീത്താ

www.malankaralibrary.com

# ആശംസ

മാർ തോമ്മാശ്ലീഹായുടെ ഭാരതപ്രവേശനവും പ്രേഷിത പ്രവർത്തനവും ഇന്നു ചരിത്രകാരന്മാർ ചോദ്യം ചെയ്യുന്നില്ല എന്നുതന്നെ പറയാം. ഭാരതത്തിലെ, പ്രത്യേകിച്ച് കേരളത്തിലെ മാർതോമ്മാ ക്രിസ്ത്യാനികളുടെ ഇടയിലുള്ള സജീവ പാരമ്പര്യം തോമ്മാശ്ലീഹായെ ഭാരതത്തിൻെറ പ്രേഷിതനായി കാണുന്നു. മറെറാരിടവും തോമ്മാശ്ലീഹായുടെ പ്രേഷിതമേഖലയായി ആരും അവകാശപ്പെടുന്നില്ല എന്നതു് മാർതോമ്മാ ക്രിസ്ത്യാനികളുടെ വാദമുഖത്തിന് ആക്കം കൂട്ടുന്നു.

തികച്ചും ചരിത്രപരമല്ലെങ്കിലും തോമ്മായുടെ നടപടികൾ എന്ന കൃതി ഈ പാരമ്പര്യത്തെ സ്ഥിരീകരിക്കുന്നു. ഈ കൃതി ഒരപ്രാമാണിക രേഖയാണ്. സഭ ഔദ്യോഗിക രേഖയായി ഇതിനെ അംഗീകരിച്ചിട്ടില്ല. അതിശയോക്തികളും ഏകപക്ഷീയമായ അഭിപ്രായങ്ങളും പ്രബോധനങ്ങളും ഈ കൃതിയിലുണ്ട്. എന്നിരുന്നാലും പുരാതനകാലത്തെ സമൂഹത്തെപ്പററി വിശദാംശങ്ങൾ പ്രദാനം ചെയ്യാൻ പോരുന്നതത്രേ പുസ്തകത്തിലെ പ്രതിപാദ്യങ്ങൾ പലതും. നടപടികളുടെ ചരിത്രപരതയിലേക്കാണ് ഈ വസ്തുത വിരൽ ചൂണ്ടുന്നതു്. ചരിത്രപരമല്ലാത്ത കാര്യങ്ങളും ഈ പുസ്തകത്തിൽ കടന്നുകൂടിയിട്ടുണ്ടാകാം. എങ്കിലും ഒട്ടേറെ കാര്യങ്ങൾ ചരിത്രരേഖകളെ അടിസ്ഥാനമാക്കിയുള്ളവയാണെന്നു് തെളിഞ്ഞിട്ടുണ്ട്. തന്മൂലം തോമ്മാശ്ലീഹായെപ്പററിയുള്ള പഠനത്തിനു വളരെ സഹായകമാണ് ഈ ഗ്രന്ഥം.

റവ. പ്രൊ. ഡോ. ജോസഫ് കോയിക്കക്കുടി

www.malankaralibrary.com

# ആമുഖം

മൂന്നാം നൂററാണ്ടിൽ മെസപ്പൊട്ടേമിയയിൽ ഉടലെടുത്ത ഒരു അപ്പോക്രിഫൽ നടപടിയാണ് ''മാർതോമായുടെ നടപടികരം'' എഡേസ്സയിൽ ജീവിച്ച ബർദൈസാനോ ശിഷ്യരിലാരെങ്കിലുമോ ആണ് ഇതു രചിച്ചതെന്നു കരുതപ്പെടുന്നു. മൂലഭാഷ സുറിയാനിയാണ്. ഈ കൃതിയുടെ ഏററവും പുരാതന കൈയെഴുത്തു പ്രതി അഞ്ചോ ആറോ നൂററാണ്ടിലേതാണ് (സീനായ്_30). 'ശ്ലീഹന്മാരുടെ നടപടികരം' എന്ന പുതിയ നിയമ ഗ്രന്ഥത്തിന്റെ ചുവടുപിടിച്ച് വിരചിതമാണിത്. സത്യത്തിന്റെ അംശം ഉണ്ടെങ്കിലും ഇതിലെ വിവരണരീതി സാങ്കല്പികമാണ്. ഇതിൽ ചരിത്രസംഭവങ്ങരം കാണാമെങ്കിലും മൊത്തത്തിൽ ഇതു് ഗ്രന്ഥകാരന്റെ ഭാവനാസൃഷ്ടിയാണ്. 'ഗ്നോസ്റ്റിസിസം' എന്നറിയപ്പെടുന്ന അബദ്ധോപദേശകർ തങ്ങളുടെ തെററായ പ്രബോധനങ്ങരം ഈ ഗ്രന്ഥത്തിൽ കുത്തിത്തിരുകിയിട്ടുണ്ട്. വിവാഹവും ഭാര്യാഭർതൃസംയോഗവും പാപമായിട്ടാണ് ഗ്നോസ്റ്റിക് എഴുത്തുകാരൻ ചിത്രീകരിക്കുന്നതു്. അതുപോലെ മററ് പല ഗ്നോസ്റ്റിക് ആശയങ്ങളും ഈ കൃതിയിൽ അവിടവിടെയായി കാണാവുന്നതാണ്. അത്തരം തെററായ ആശയങ്ങരം സഭ സ്വീകരിക്കുന്നില്ല.

യൂദാതോമ്മാ എന്നാണ് ശ്ലീഹാ ഈ കൃതിയിൽ വിളിക്കപ്പെടുന്നതു്. 'കർതൃസഹോദരനായ' (മത്താ. 13 : 55, മർക്കോ. 6:3) യൂദായുടെ ജീവിതം കർത്താവിന്റെ ജീവിതത്തോട് സാമ്യമുള്ളതായിരുന്നു എന്നു കാട്ടുവാൻ ഗ്രന്ഥകാരൻ ഒരു ശ്രമം നടത്തുന്നുണ്ട് (നടപടി. 1:2; 2:22; 3:30_37; 9:87; 7:4_40; 9:106; 12:140; 13:168_169).

ഭാരതത്തിലെ അതിപുരാതന ക്രൈസ്തവസമൂഹം മാർതോമാനസ്രാണികരം എന്നറിയപ്പെടുന്നു. മാർ തോമാ ശ്ലീഹാ ഭാരതത്തിന്റെ ശ്ലീഹാ ആണെന്നുള്ളതു് മാർതോമാ ക്രിസ്ത്യാനികളുടെ സജീവ പാരമ്പര്യമാണ്. ഈ പാരമ്പര്യം അധിഷ്ഠിതമായിരിക്കുന്നതു് 'മാർ തോമായുടെ നടപടികരം' എന്ന

www.malankaralibrary.com

അപ്പോക്രിഫൽ രേഖയിലല്ല. നടപടികളിലെ വിവരണങ്ങൾ വസ്തുനിഷ്ഠമാണെങ്കിലും സാങ്കല്പികമാണെങ്കിലും അതു മാർത്തോമാക്രിസ്ത്യാനികളുടെ സജീവ പാരമ്പര്യത്തെ ഒട്ടുംതന്നെ ബാധിക്കുകയില്ല.

"മാർത്തോമ്മായുടെ നടപടികൾ" പുതുതായി മലയാളത്തിലേക്കു് വിവർത്തനം ചെയ്ത ബ. കരിപ്പയിലച്ചൻ അഭിനന്ദനാർഹനാണു്. മുഖ്യമായും ക്ലൈനിൻെറ പുസ്തകത്തെ ആധാരമാക്കിയാണു് ഈ വിവർത്തനം തയാറാക്കിയിരിക്കുന്നതു്. മുൻപതിപ്പുകളുടെ കോപ്പികൾ തീർന്നുപോയതുകൊണ്ടാണു് ഈ മൂന്നാം പതിപ്പു് ഇപ്പോൾ പ്രസിദ്ധീകരിക്കുന്നതു്. ഈ പുസ്തകം പ്രസിദ്ധീകരിക്കാൻ സഹായിച്ച എല്ലാവരെയും നന്ദിപൂർവ്വം സ്മരിക്കുന്നു. പ്രത്യേകിച്ച് ഇതിനു് ഒരവതാരിക എഴുതിത്തന്ന അഭിവന്ദ്യ സിറിൾ മാർ ബസ്സേലിയോസ് മെത്രാപ്പോലീത്തായ്ക്കു് കൃതജ്ഞതയുടെ കൂപ്പുകൈ. ഇതിൻെറ അച്ചടി ഭംഗിയായി നിർവഹിച്ച ബഥനി പ്രസ്സിലെ അധികാരികൾക്കും എല്ലാ പ്രവർത്തകർക്കും നന്ദിരേഖപ്പെടുത്തിക്കൊള്ളുന്നു. സുഹൃദയസമക്ഷം ഇതു് സാദരം സമർപ്പിക്കുന്നു.

ജി. ചേടിയത്തു്
(എഡിററർ)

തിരുവനന്തപുരം,
3—11—1998.

www.malankaralibrary.com

# ഗ്രന്ഥസൂചിക


കൂടപ്പുഴ സേവ്യർ, *ഭാരത സഭാചരിത്രം*, കോട്ടയം, 1981.

ചേടിയത്തു്, *ആദിമസഭയുടെ സന്ദേശം*, കോട്ടയം 1994. (മൂന്നാം പതിപ്പു്)

,, *മാർ തോമാ ശ്ലീഹായുടെ ഇൻഡ്യൻസഭ*, കോട്ടയം 1988.

,, *സഭാചരിത്രപഠനങ്ങൾ* 1996. (മൂന്നാം പതിപ്പു്)

നങ്ങച്ചിവീട്ടിൽ ററി., *ഏഷ്യയിലെ മാർ തോമാ സഭകൾ*, 2 vols. തിരുവനന്തപുരം 1982, 1985.

മൂത്തേടൻ, ററി., *മാർ തോമാശ്ലീഹ*, ആളൂർ, 1972.

Geroge, V. C., Apostolate and Martyrdom of St. Thomas, (St. Pauls Publications) 1964

Jansma. T., A Selection from the Acts of Judas Thomas Leiden, 1952

J. Kallarangatt, "The Acts of Thomas deserve more Theological and ecclesiological Attention", in Christian Orient 17 (1996) 3—18.

Klijn, A.F.J., The Acts of Thomas, Leiden, 1962

......................"Baptism in the Acts of Thomas" (The Syrian Church Series, 6) Studies on Syrian Baptismal Rites, Kottayam, 1973, p 57-62

Sophy Rose, "Give me the seal:" Theological Reflections on the Baptismal Texts of the Acts of Thomas in Christian Orient, 18/4 (1997) 185—200.

Medlycott, A. E., India and the Apostle St. Thomas, London, 1905.

Perumalil, A. C., The Apostles in India, Patna. 1971.

Faiquhar, J. N. "The Apostle Thomas in India according to the Acts of Thomas" Kottayam, 1972

Porathur, A., "The Acts of Thomas", in The St. Thomas Christian Encyclopedia of India, vol. 2, Trichur, 1973, p 24—27.

www.malankaralibrary.com

# മാർ തോമ്മായുടെ നടപടികൾ

ഇന്ത്യയെ മാനസാന്തരപ്പെടുത്തുന്നതിനുവേണ്ടി കച്ചവടക്കാരനായ ഹാബാന് വിൽക്കപ്പെട്ട യൂദാ തോമ്മായുടെ നടപടി.

## ഒന്നാം നടപടി

1. അപ്പസ്തോലന്മാരെല്ലാവരും ഒരു ദിവസം യറുശലേമിൽ ഒന്നിച്ചുകൂടി—ശിമയോൻ കേപ്പായും അന്ത്രയോസും യാക്കോബും യോഹന്നാനും പീലിപ്പോസും ബർത്തുൽമൈയും തോമ്മായും ചുങ്കക്കാരൻ മത്തായിയും യാക്കോബിന്റെ മകനായ യൂദാസും അവരിൽ ഉൾപ്പെടുന്നു[1]. ലോകത്തിന്റെ നാനാഭാഗങ്ങളിൽ പോയി പഠിപ്പിക്കുക എന്ന ലക്ഷ്യത്തെ ലാക്കാക്കിക്കൊണ്ട്, അവർ രാജ്യങ്ങൾ ഭാഗിച്ചെടുത്തു. ഓരോ രാജ്യത്തിന്റെ പേരിലും ചിട്ടിയിട്ടു. ചിട്ടി ആരുടെ പേരിൽ വീഴുന്നുവോ, അവൻ ആ രാജ്യത്തിൽ പോയി സുവിശേഷം പഠിപ്പിക്കുക എന്നു തീരുമാനിച്ചു. ചിട്ടിപ്രകാരം തോമ്മാസ്സ് ഇന്ത്യ ലഭിച്ചു. ഇതിൽ അസംതൃപ്തനായ യൂദാ തോമ്മാ[2] പറഞ്ഞു: 'എനിക്ക് ആ രാജ്യത്തു പോകുവാൻ വേണ്ടത്ര ശക്തിയില്ല. മാത്രമല്ല യഹൂദനായ ഞാനെങ്ങനെ ഇന്ത്യാക്കാരെ പഠിപ്പിക്കും?' ആ രാത്രിയിൽ നമ്മുടെ കർത്താവു തോമ്മാസ്സ് ദർശനത്തിൽ പ്രത്യക്ഷപ്പെട്ടു പറഞ്ഞു: 'തോമ്മാ, ഭയപ്പെടേണ്ട, എന്റെ കൃപ നിന്നോടുകൂടിയുണ്ട്''. തോമ്മായാകട്ടെ ഇതുകൊണ്ടൊന്നും സമ്മതിച്ചില്ല. 'കർത്താവേ, എന്നെ എവിടെ വേണമെങ്കിലും അയച്ചാലും; ഇന്ത്യയിലേക്കു മാത്രം ഞാൻ പോകില്ല:' അദ്ദേഹം പറഞ്ഞു.

2. യൂദാ അങ്ങനെ പറയുന്ന അവസരത്തിലാണു ഇന്ത്യക്കാരനായ ഹാബാൻ ആ വഴിക്കു കടന്നുപോകുവാൻ ഇടയാ

---

1. അപ്പസ്തോലന്മാരുടെ എണ്ണം മത്തായി 10:2–4നോട് യോജിക്കുന്നു.
2. ഈശോയും ശിഷ്യന്മാരും സംസാരിച്ച അറമായ ഭാഷയിൽ 'തോമാ' (തൗമാ) എന്നും (യോഹ. 11:16) സുവിശേഷത്തിന്റെ മൂലഭാഷയായ ഗ്രീക്കിൽ 'ദിദിമോസ്'' എന്നും വിളിച്ചിരുന്നു. 'ഇരട്ടപിറന്നവൻ' എന്നർത്ഥം. ജി. ചേടിയത്ത്, മാർത്തോമ്മാ ശ്ലീഹായുടെ ഇൻഡ്യൻ സഭ, കോട്ടയം, 1988, പേ. 11. നമ്പർ 5.

www.malankaralibrary.com



യത്. വിദഗ്ദ്ധനായ ഒരു തച്ചനെ കണ്ടുപിടിക്കുന്നതിനു വേണ്ടി ഹാബ്ബാനെ ഗുദ്നഫർ രാജാവ്[3] അയച്ചതാണ്. തെരുവിലൂടെ നടക്കുന്ന അയാളെക്കണ്ടു നമ്മുടെ കർത്താവു ചോദിച്ചു: 'നീ ഒരു തച്ചനെ തേടുകയല്ലേ'? 'അതേ' അദ്ദേഹം മറുപടി പറഞ്ഞു. ഉടനെ നമ്മുടെ കർത്താവു പറഞ്ഞു: 'എനിക്കൊരടിമയുണ്ട്. [4]അവൻ ഒരു തച്ചനാണ്. അവനെ ഞാൻ നിനക്കു തരാം' ഇത്രയും പറഞ്ഞ് അല്പം വിദൂരതയിൽ നില്ക്കുന്ന തോമ്മായെ ചൂണ്ടിക്കാണിച്ച് അവർ വിലപേശുവാൻ തുടങ്ങി. ഇരുപതു വെള്ളി നാണയങ്ങൾക്ക്[5] തോമ്മായെ നല്കാമെന്നുപറഞ്ഞ്, ഈശോ കച്ചവടക്കരാറിൽ ഇങ്ങനെ യെഴുതി: യൂദായിലെ ഒരു ഗ്രാമമായ ബേത്ലഹേമിൽനിന്നുള്ള ഞാൻ (ഈശോ), എന്റെ അടിമയായ യൂദാ തോമ്മായെ ഗുദ്നഫർ രാജാവിന്റെ കച്ചവടക്കാരനായ ഹാബ്ബാനു വിററതായി ഇതിനാൽ സാക്ഷ്യപ്പെടുത്തുന്നു. ഈ കരാറിനുശേഷം ഈശോ തോമ്മായേയും കൂട്ടിക്കൊണ്ടു ഹാബ്ബാന്റെയടുത്ത് എത്തി. തോമ്മായേയും ഈശോയെയും കണ്ടയുടനെ ഹാബ്ബാൻ ഈശോയെ ചൂണ്ടിക്കൊണ്ട് തോമ്മായോടു ചോദിച്ചു: 'ഇതു നിന്റെ ഗുരുവാണോ'? അതേ, അദ്ദേഹം എന്റെ ഗുരുവാണ്,' തോമ്മാ പറഞ്ഞു. ഇത്രയും കേട്ടപ്പോൾ ഹാബ്ബാൻ പറഞ്ഞു: 'നിന്നെ അദ്ദേഹം എനിക്ക് വിററിരിക്കുകയാണ്. എന്തു പറയുന്നു?' എന്നാൽ യൂദാ തോമ്മായാകട്ടെ മൗനം ദീക്ഷിച്ചു.

3. അടുത്ത പ്രഭാതത്തിൽ തോമ്മാ ഉറക്കമുണർന്ന് ഇപ്രകാരം പ്രാർത്ഥിച്ചു: 'ഓ, എന്റെ ദൈവമേ, അങ്ങേയിഷ്ടം നിറവേറട്ടെ!' അതിനുശേഷം തന്റെതന്നെ വിലയായ ഇരുപതു നാണയത്തുട്ടുകളല്ലാതെ മററൊന്നും എടുക്കാതെ അദ്ദേഹം

---

3. ഗൊണ്ടഫോറസ് എന്നും, ഗുണ്ടഫർ എന്നും വിളിച്ചിരുന്നു. ഗുദ്നഫർ രാജാവിന്റെ മുദ്രയോടും നാമത്തോടും കൂടിയ നാണയങ്ങളും ശിലാലിഖിതങ്ങളും കണ്ടെടുത്തിട്ടുണ്ട്. 'തക്ത്ബഹിശിലാസനം' എന്നറിയപ്പെടുന്ന ഈ ശിലാലിഖിതം ലാഹോർ മ്യൂസിയത്തിൽ സൂക്ഷിച്ചുവരുന്നു. A. E. Medlycott, India and the Apostle St. Thomas, London 1905, p. 277

4. ദാസനായി മുന്നിൽവന്ന ക്രിസ്തുവിനോട് തോമ്മായെ സാദൃശപ്പെടുത്തുന്നു.

5. പഴയനിയമത്തിൽ ജോസഫിനെ ഇരുപതു നാണയങ്ങൾക്കു വിററ സംഭവം ഗ്രന്ഥകാരനെ സ്വാധീനിച്ചിരിക്കണം (ഉൽ. 37:28). യജമാനനായ ക്രിസ്തുവിനേക്കാൾ (മുപ്പതു വെള്ളിനാണയങ്ങൾക്കു വില്ക്കപ്പെട്ട) വലിയവനല്ല തോമസ് എന്നു സൂചിപ്പിക്കുകയായിരിക്കും ഗ്രന്ഥകാരന്റെ ലക്ഷ്യം. A. F. J. Klijn, The Acts of Thomas. Leiden 1962, 161.

www.malankaralibrary.com



ഹാബാൻെറ അടുത്തേയ്ക്കുപോയി. കർത്താവ് ആ പണം അവനു കൊടുത്തിരുന്നു. കപ്പലിൽ ചരക്കുകൾ കയററുകയായിരുന്ന ഹാബാനെ സഹായിച്ചശേഷം, തോമ്മാ ഹാബാനുമൊത്തു കപ്പലിൽ കയറി. അപ്പോൾ ഹാബാൻ ചോദിച്ചു: 'നീ എന്തിലാണ് പരിശീലനം നേടിയിട്ടുള്ളത്? നിൻെറ തൊഴിലെന്താണ്?' യൂദാ പറഞ്ഞു: 'നിർമ്മാണ സംബന്ധമായ തച്ചൻെറ വേലകൾ എനിക്കറിയാം.' ഹാബാൻ പറഞ്ഞു: 'നിനക്കു തടിപ്പണികളും കല്ലിലെ കൊത്തുപണികളും അറിയാമോ'? തോമ്മാ മറുപടി നല്കി: 'കലപ്പ, നുകം, കടത്തുവള്ളക്കാരൻ ഉപയോഗിക്കുന്ന നൻപ്പ്, കപ്പൽ പായ്മരം തുടങ്ങിയവ മരത്തിലും, കീർത്തിസ്തംഭമോ ശവകുടീരമോ അമ്പലങ്ങളോ രാജകൊട്ടാരങ്ങളോ കല്ലിലും പണിതീർക്കാനറിയാം'. 'അത്തരം ഒരു ശില്പിയെ ഞാനന്വേഷിക്കുകയായിരുന്നു', —തോമ്മായുടെ നൈപുണ്യം മനസ്സിലാക്കിയ ഹാബാൻ പറഞ്ഞു. നല്ല കാററുണ്ടായിരുന്നതിനാൽ അവരുടെ കപ്പൽ സാവധാനം നീങ്ങി. അവസാനം അവർ ചന്ദ്രഗിരിയിലെത്തി[6].

4. അവർ കരയ്ക്കിറങ്ങി പട്ടണത്തിൽ പ്രവേശിച്ച ഉടനെ കുഴലൂത്തിൻെറയും വാദ്യമേളങ്ങളുടെയും ശബ്ദവും സംഗീതസ്വരവും കേട്ടു. 'പട്ടണത്തിലെ സന്തോഷപ്രകടനം എന്താണ്?' യൂദാ ചോദിച്ചു. അവർ പറഞ്ഞു: ഈ പട്ടണത്തിൽ സന്തോഷിക്കാനായി ദേവന്മാർ നിന്നെയും ഇവിടെ എത്തിച്ചിരിക്കുന്നു; കാരണം ഇന്ന് വിവാഹാഘോഷത്തിൻെറ സന്തോഷപ്രകടനങ്ങളാണു താങ്കൾ കേൾക്കുന്നത്. ധനികരും ദരിദ്രരും, അടിമകളും സ്വതന്ത്രരും, പരദേശികളും പൗരന്മാരുമെല്ലാം ഈ മംഗളകർമ്മത്തിൽ സംബന്ധിക്കണമെന്നു രാജദൂതന്മാർ എല്ലായിടത്തും അറിയിച്ചു. വിരുന്നിൽ സംബന്ധിക്കാത്തവരുടെ മേൽ രാജകോപം ഉണ്ടാകുമെന്നുകൂടി അറിഞ്ഞിരിക്കട്ടെ. നാം പ്രത്യേകിച്ചു പരദേശികളാകയാൽ നമ്മെക്കുറിച്ചു തെററിദ്ധാരണ ഉണ്ടാകാതിരിക്കാൻ നമുക്കും അവിടേയ്ക്കു പോകാം'. കച്ചവടക്കാരനായ ഹാബാൻ യൂദായോടു പറഞ്ഞു: ഒരു സത്രത്തിൽ അല്പനേരം വിശ്രമിച്ചശേഷം, ആ മംഗളകർമ്മത്തിൽ

---

6. 'ആന്ധ്ര' എന്ന നാമത്തിൻെറ രൂപഭേദമാണെന്നു സംശയിക്കപ്പെടുന്നു. Ibid. p. 164: തോമ്മാശ്ളീഹ വന്ന പട്ടണം, ഇന്ത്യയിലെ ഒന്നാമത്തെ പട്ടണമായി ചരിത്രകാരനായ പ്ളീനി പറയുന്ന കൊടുങ്ങല്ലൂരാണ്: എൻ. എ. തോമസ് നങ്ങച്ചിവീട്ടിൽ, ഏഷ്യയിലെ മാർത്തോമ്മാസഭകൾ, I, തിരുവനന്തപുരം 1982, 393.

www.malankaralibrary.com



പങ്കെടുക്കുന്നതിനു് അവർ യാത്രയായി. യൂദാ അവരുടെ മദ്ധ്യത്തിൽ ഉപവിഷ്ടനായി. മറെറാരിടത്തുനിന്നുവന്ന ആ അപരിചിതനെ അവരെല്ലാം നോക്കി. കച്ചവടക്കാരൻ ഹാബാൻ മറെറാരിടത്തിരുന്നു.

5. എല്ലാവരും തിന്നു കുടിച്ചപ്പോരം യൂദാ വെറുതെ ഇരുന്നതേ ഉള്ളു. അടുത്തിരുന്നവർ അവനോടു ചോദിച്ചു: 'ഒന്നും കുടിക്കുന്നില്ലെങ്കിൽ എന്തിനാണു താങ്കരം ഇവിടെ വന്നിരിക്കുന്നതു്?' മറുപടി: 'ഭക്ഷിക്കുകയും കുടിക്കുകയും ചെയ്യുന്നതിലും ശ്രേഷ്ടമായ സംഗതിയുണ്ടു്; അതുകൊണ്ടു ഞാൻ വന്നിരിക്കുന്നു. ഞാൻ രാജാവിൻെറ ഇഷ്ടം പ്രവർത്തിച്ചു്, അവനു സന്തോഷം പ്രദാനം ചെയ്യും. രാജവിളംബരം ശ്രവിച്ചിട്ടും മംഗള കർമ്മത്തിൽ പങ്കെടുക്കാതിരിക്കുന്നവർക്കു് ശിക്ഷ ലഭിക്കുമെന്നല്ലേ രാജദൂതന്മാർ വിളിച്ചുപറഞ്ഞതു്'. അവർ തിന്നുകുടിച്ചു കഴിഞ്ഞപ്പോരം സുഗന്ധതൈലവും ഉണക്കിയ പഴങ്ങളും വയ്ക്കപ്പെട്ടു. അവരതും എടുത്തു ചിലർ മുഖത്തും, ചിലർ മീശയിലും, ചിലർ മററിടങ്ങളിലും തൈലം പുരട്ടി. എന്നാൽ യൂദയാകട്ടെ ദൈവത്തെ സ്തുതിക്കയും നെററിയിൽ കുരിശുവരയ്ക്കുകയുംചെയ്തു കൊണ്ടിരുന്നു. അദ്ദേഹം അല്പം തൈലമെടുത്തു മൂക്കിലും ചെവിയിലും പുരട്ടി. തൻെറ ഹൃദയഭാഗത്തു കുരിശടയാളം വരച്ചു. സുഗന്ധവർഗ്ഗച്ചെടികൊണ്ടുള്ള ഒരു മാല അദ്ദേഹത്തിൻെറ ശിരസ്സിൽ വയ്ക്കപ്പെട്ടു. അദ്ദേഹം ഒരു ഞാങ്ങണ തൻെറ കൈയിലെടുത്തു. അതിനുശേഷം അവരുടെ മദ്ധ്യത്തിലുണ്ടായിരുന്ന പാട്ടുകാരി പെൺകുട്ടി ഓരോരുത്തരുടെയും ചുററും പാടിനടന്നു. അവരം യൂദായുടെ അടുത്തുവന്നപ്പോരം അദ്ദേഹത്തിൻെറയടുത്തു നിന്നു പാടിക്കൊണ്ടിരുന്നു. അവരം ഒരു എബ്രായ പെൺകുട്ടിയായിരുന്നു.

6—7 ദീർഘനേരം അവരം അപ്രകാരം പാടിക്കൊണ്ടു നിന്നെങ്കിലും യൂദാ തലയുയർത്താതെ നിലത്തുനോക്കിക്കൊണ്ടിരുന്നു. അവിടെ വീഞ്ഞു വിതരണം ചെയ്തിരുന്നയാരം കൈ ഉയർത്തി അവൻെറ ചെള്ളയ്ക്കടിച്ചു. അവനെ നോക്കി യൂദാ പറഞ്ഞു: 'എന്നെ അടിച്ച കൈയിൽ ദൈവം ഈ ലോകത്തിൽ തൻെറ മഹത്വം കാട്ടും. നായ്ക്കരം നിൻെറ കൈകരം വലിച്ചിഴയ്ക്കുന്നതു് ഞാൻ കാണും. എന്നാൽ വരാനിരിക്കുന്ന ലോകത്തിൽ എൻെറ ദൈവം നിൻെറ ഈ തെററു് ക്ഷമിക്കും'[7]. ഇത്രയും പറഞ്ഞശേഷം യൂദാ ഇങ്ങനെ പാടുവാൻ തുടങ്ങി:[8]

7. ജ്ഞാനവാദത്തിൻെറ സ്വാധീനത്താൽ എഴുതപ്പെട്ടതാണീ ഭാഗം. എതിരാളികളോടു് പ്രതികാരം ചെയ്യുക ഗ്നോസ്റ്റിക്കു് അപ്പോക്രിഫൽ കൃതികളുടെ പ്രത്യേകതയാണു്. ജി. ചേടിയത്തു്, ആദിമസഭയുടെ സന്ദേശം, കോട്ടയം 1998, 74ff.

8. ഈ സ്തുതിഗീതത്തിൽ അനുഗ്രഹങ്ങളാൽ മുടിചൂടിനില്ക്കുന്ന സഭയെ ചിത്രീകരിക്കുന്നു.

www.malankaralibrary.com



'എൻെറ സഭ പ്രകാശപുത്രിയാണ്
രാജാക്കന്മാരുടെ ശോഭ അവളുടേതാണ്
സന്തോഷവും വിജയവും അവരാക്കുള്ളതാണ്.
എല്ലാവിധ സൽകൃത്യങ്ങളാലും അലംകൃതയും
പ്രസന്നയുമാണവരം.
അവളുടെ വസ്ത്രങ്ങരം പുഷ്പസമാനമാണ്.
അവയുടെ പരിമളം സുഗന്ധപൂരിതവും
സന്തുഷ്ടവുമാണ്.
അവളുടെ ശിരസ്സിൽ രാജാവു വസിക്കുന്നു.
താഴെ അവനോടൊത്തു വസിക്കുന്നവരെയെല്ലാം
അവരം തീററിപ്പോററുന്നു
സത്യം അവളുടെ ശിരസ്സിൽ വയ്ക്കപ്പെട്ടിരിക്കുന്നു.
ആനന്ദം അവളുടെ പാദങ്ങളിൽ സഞ്ചരിക്കുന്നു.
അവളുടെ വായ് തുറക്കപ്പെട്ടിരിക്കുന്നു; അതു്
അവളുടേതാകുന്നു.
അതുകൊണ്ട് അവരം സ്തുതിഗീതങ്ങരം ആലപിക്കുന്നു.
പുത്രൻെറ പന്ത്രണ്ടു് ശ്ലീഹന്മാരും
എഴുപത്തിരണ്ടു് അറിയിപ്പുകാരും അവളിൽ
ഇടിമുഴക്കുന്നു.
അവളുടെ അധരം യവനികയാണ്
അതുയർത്തി വൈദികൻ പ്രവേശിക്കുന്നു.
അവളുടെ കഴുത്തു് ഉയർന്ന കല്പ്പടികളാണ്.
ആദ്യത്തെ നിർമ്മാതാവു് പണിതീർത്തതാണവ.
അവളുടെ ഇരുകരങ്ങളും
ജീവൻെറ സ്ഥലം പ്രഖ്യാപിക്കുന്നു.
അവളുടെ പത്തു വിരലുകരം
സ്വർഗ്ഗകവാടം തുറന്നു.
അവളുടെ മണവറ പ്രകാശിതമാണ്.
രക്ഷയുടെ സുഗന്ധത്താൽ അതു നിറഞ്ഞുനില്ക്കുന്നു.
അതിൻെറ മദ്ധ്യത്തിൽ ഒരു ധൂപകലശവുമുണ്ടു്.
സ്നേഹവും വിശ്വാസവും ശരണവും എല്ലാവരേയും
സന്തോഷിപ്പിക്കുന്നു.
അതിനുള്ളത്തിൽ, വിനയത്തിൽ സത്യം വസിക്കുന്നു.
അവളുടെ വാതിലുകരം സത്യത്താൽ അലംകൃതമാണ്.
അവരം ക്ഷണിച്ചവരായ
അവളുടെ തോഴന്മാർ ചുററും നിൽക്കുന്നു.
സ്തുതിഗീതങ്ങരം ആലപിച്ച്
നിർമ്മലരായ തോഴിമാർ അവളുടെ മുൻപേ നീങ്ങുന്നു.

www.malankaralibrary.com



ജീവനുള്ളവർ അവരെക്ക സാദരംശ്രുശ്രൂഷ ചെയ്യുന്നു.
വരാനിരിക്കുന്നവനെ അവർ നോക്കുന്നു.
അവൻെറ മഹത്വത്താൽ അവർ പ്രകാശിതരാകും.
കടന്നുപോകുന്ന രാജ്യത്തിൽ അവർ അവനോടു
കൂടിയായിരിക്കും.
അവർ മഹത്വത്തിലായിരിക്കും.
അതിലേക്ക് നീതിമാൻമാരെല്ലാം ചേർക്കപ്പെടും.
അവർ സന്തോഷത്തിലായിരിക്കും
അതിലേക്ക് ചിലർ പ്രവേശിക്കും
അവർ പ്രകാശമുള്ള വസ്ത്രങ്ങരം ധരിക്കും
അവരുടെ കർത്താവിൻെറ മഹത്വം അവർ ധരിക്കും.
സജീവനായ പിതാവിനെ അവർ പ്രകീർത്തിക്കും.
അവിടുത്തെ മഹത്വപൂർണ്ണമായ പ്രകാശം അവർ
സ്വീകരിച്ചിരിക്കുന്നു.
അവരുടെ കർത്താവിൻെറ തേജസ്സാൽ അവർ
പ്രശോഭിതരാകും.
വിസർജ്ജ്യമില്ലാത്ത ഭക്ഷണം അവർ അവനിൽ
നിന്നു സ്വീകരിച്ചു
അവർ ജീവനിൽനിന്നു കുടിച്ചു.
ദീർഘനാരം അതു കുടിച്ചവരെ വീണ്ടും
ദാഹിപ്പിക്കുന്നതാണതു്.
എല്ലാററിൻെറയും കർത്താവായ പിതാവിനെയും
അവനിൽനിന്നുള്ള ഏകജാതനായ പുത്രനെയും
അവർ മഹത്വപ്പെടുത്തി.
തൻെറ വിജ്ഞാനമായ റൂഹായെ പ്രകീർത്തിച്ചു.

8. അവനു ചുററും നിന്നിരുന്നവർ അവനെ നോക്കിക്കൊണ്ടിരുന്നു. അവൻെറ മുഖഭാവം മാറിയതായി അവർ ദർശിച്ചു. പക്ഷേ അവൻ പറഞ്ഞത് എന്താണെന്നു് അവർക്ക മനസ്സിലായില്ല. കാരണം ഹീബ്രുവിലാണ് അവൻ സംസാരിച്ചതു്. അവർക്കു് ആ ഭാഷ അറിയില്ലായിരുന്നു. എന്നാൽ ഓടക്കുഴൽ വായനക്കാരിയായ എബ്രായ സ്ത്രീ അതെല്ലാം മനസ്സിലാക്കി. അവരം പന്തലിലുള്ള മററുള്ളവരുടെ ചുററുംപോയി പാടിക്കൊണ്ടിരുന്നപ്പോഴും അവനെത്തന്നെ നോക്കിക്കൊണ്ടിരുന്നു. തൻെറ നാട്ടുകാരനായിരുന്നതിനാൽ അവനോടു സ്നേഹം തോന്നി. അവൻ കാഴ്ചയിൽ അവിടെയിരുന്ന എല്ലാവരേക്കാളും സൗന്ദര്യമുള്ളവനായിരുന്നു. പാട്ടു നിർത്തിയപ്പോരം അവരം അവനെത്തന്നെ നോക്കിക്കൊണ്ടു് അവൻെറ എതിർവശത്തിരുന്നു. അവനാകട്ടെ മുഖം ഉയർത്തുകയോ ആരെയെങ്കിലും നോക്കുകയോ

www.malankaralibrary.com



ചെയ്തില്ല. പിന്നെയോ അവിടെനിന്നെഴുന്നേററുപോകുന്നതു വരെ നിലത്തേക്കു നോക്കിക്കൊണ്ടിരുന്നു. ഇതിനിടെ പാനപാത്രവാഹകൻ വെള്ളം കോരുവാൻ ഉറവസ്ഥലരികിലേക്ക് പോയപ്പോഠം അവിടെ പതുങ്ങിയിരുന്ന സിംഹം അവൻെറമേൽ ചാടിവീണു്, അവനെ കടിച്ചുകീറി. പട്ടികഠം അസ്ഥികഷണങ്ങഠം ചുററുപാടും കടിച്ചെടുത്തു നടന്നു. ഒരു കറുത്ത പട്ടി വലത്തു കൈ കടിച്ചുപിടിച്ച് പന്തലിൻെറ മധ്യത്തിലേയ്ക്കു കൊണ്ടുവന്നു. യൂദായെ അടിക്കാൻ ഉയർത്തിയ കൈ ആയിരുന്നു അതു്.

9. അതു കണ്ടവരെല്ലാം അത്ഭുതപ്പെട്ടു. അവിടെ സന്നിഹിതരല്ലാത്തവർ ആരാണു് എന്നു് അവർ ആരാഞ്ഞപ്പോഠം യൂദായെ അടിച്ച പാനപാത്രവാഹകൻെറ കൈയാണിതു് എന്നു കണ്ടെത്തപ്പെട്ടു. അപ്പോഠം ഓടക്കുഴൽ വായനക്കാരി ഓടക്കുഴൽ തല്ലി ഒടിച്ച് ശ്ലീഹായുടെ പാദത്തിൽ ഇരുന്നുകൊണ്ടു പറഞ്ഞു: "ഈ മനുഷ്യൻ ദൈവമോ ദൈവത്തിൻെറ ശ്ലീഹായോ ആണു്. വീഞ്ഞു വിളമ്പുന്ന മനുഷ്യനോട് ഹീബ്രു ഭാഷയിൽ ഇയാഠം പറയുന്നതു ഞാൻ കേട്ടു. അതു് അപ്രകാരം സംഭവിക്കുകയും ചെയ്തു. കാരണം 'എന്നെ അടിച്ച കരം ഒരു നായ് വലിച്ചിഴയ്ക്കുന്നതു് ഞാൻ ദർശിക്കും' എന്നു് അദ്ദേഹം അവനോടു പറഞ്ഞിരുന്നു. എപ്രകാരം നായ് അതു് കടിച്ചെടുത്തുകൊണ്ടുവന്നു എന്നതു് നിങ്ങളും കണ്ടിരിക്കുന്നു. കുറച്ചുപേർ അവഠം പറഞ്ഞതിൽ വിശ്വസിച്ചു. മററു ചിലർ വിശ്വസിച്ചില്ല. ഈ കഥ കേട്ടു രാജാവു് യൂദായുടെ അടുത്തെത്തി പറഞ്ഞു: 'എന്നോടുകൂടി വരിക; എൻെറ മകഠംക്കുവേണ്ടി പ്രാർത്ഥിക്കുക. അവഠം എൻെറ ഏക മകളാണു്. ഇന്നു ഞാൻ അവളെ വിവാഹം ചെയ്തുകൊടുക്കുകയാണു്". നമ്മുടെ കർത്താവു് ഇതുവരെയും ആ സ്ഥലത്തു് അവനു് വെളിപ്പെടാതിരുന്നതിനാൽ അവനോടൊപ്പം പോകുവാൻ യൂദാ വിസമ്മതിച്ചു. എന്നാൽ രാജാവു് അവനെ ബലംപ്രയോഗിച്ചു മണവറയിലേയ്ക്കു കൂട്ടിക്കൊണ്ടു പോയി.

10. അദ്ദേഹം ഇപ്രകാരം പറഞ്ഞു പ്രാർത്ഥിച്ചു: 'തൻെറ ദാസന്മാരുടെ സ്നേഹിതനായ ഞങ്ങളുടെ കർത്താവേ, തന്നിൽ വിശ്വസിക്കുന്നവരുടെ വഴികാട്ടിയും നേതാവുമേ, പീഡിതരുടെ ആശ്രയവും അഭയസ്ഥാനവുമേ, പാവപ്പെട്ടവരുടെ പ്രത്യാശയേ, ദർബ്ബലരുടെ വിമോചകാ, രോഗമുള്ള ആത്മാക്കളുടെ ഭിഷഗ്വരനേ, പ്രപഞ്ചത്തിൻെറ ജീവദായകനേ, സമസ്ത

www.malankaralibrary.com



സൃഷ്ടികളുടേയും രക്ഷിതാവേ, സംഭവിക്കാൻ പോകുന്നതെല്ലാം അങ്ങേയ്ക്കറിയാമല്ലോ. അങ്ങ് ഞങ്ങളിലൂടെ അവ പൂർത്തിയാക്കുന്നു. അങ്ങ് രഹസ്യകാര്യങ്ങൾ വെളിപ്പെടുത്തുന്നവനാകുന്നു; രഹസ്യങ്ങൾ വെളിവാക്കുന്നു. അങ്ങാണ് നല്ല വൃക്ഷങ്ങൾ നട്ടുപിടിപ്പിച്ചതു്; എല്ലാം അങ്ങയുടെ കരവേലയാണ്. പരിപൂർണ്ണ കാരുണ്യത്തിന്റെ പരിപൂർണ്ണ പുത്രനായ ഈശോയെ, അങ്ങയുടെ പ്രവൃത്തികളിൽ അങ്ങ് ഒളിഞ്ഞിരിക്കുന്നു. അങ്ങയുടെ കർമ്മങ്ങളിൽ വെളിപ്പെടുത്തപ്പെടുന്നു. നീ മിശിഹാ ആയിത്തീർന്നു. നീ ആദ്യമനുഷ്യനെ ധരിച്ചു. നീ നിന്റെ പിതാവിന്റെ ശക്തിയും വിജ്ഞാനവും അറിവും മനസ്സും ആകുന്നു. നീ മഹത്വത്തിൽ നിന്റെ പിതാവിൽ മറഞ്ഞിരിക്കുന്നു; നിന്റെ സൃഷ്ടികർമ്മത്തിൽ നീ വെളിപ്പെടുന്നു; നീ രണ്ടു നാമങ്ങളോടുകൂടിയുള്ള ഏകനാകുന്നു.[9] ബലഹീനയായി നീ സ്വയം വെളിപ്പെടുത്തി. നിന്നെ കണ്ടവരെല്ലാം നീ സഹായം അർഹിക്കുന്നവനാണെന്നു വിചാരിച്ചു. മനുഷ്യരുടെ നേർക്കുള്ള നിന്റെ ദീർഘശാന്തതയിൽ നിന്റെ ദൈവത്വത്തിന്റെ മഹത്വം നീ കാട്ടി; ദുഷ്ടനെ തന്റെ ശക്തിയിൽ നിന്നു് നീ തള്ളിയിട്ടു. നീ മരിച്ചവരെ വിളിച്ചപ്പോൾ അവർ ജീവനുള്ളവരായിത്തീർന്നു. ജീവിക്കുന്നവരും നിന്നിൽ പ്രത്യാശ വയ്ക്കുന്നവരുമായ സകലർക്കും നിന്റെ രാജ്യത്തിൽ നീ അവകാശം വാഗ്ദാനം ചെയ്തു. നീ മധ്യസ്ഥനാകുന്നു[10]; നിന്നെ അയച്ചവന്റെ പരിപൂർണ്ണ ഇഷ്ടംചെയ്യാൻ കഴിയുന്ന സജീവനാണ് നീ. അതിനാൽ നീ ഉന്നതങ്ങളിൽ നിന്നയയ്ക്കപ്പെട്ടു. കർത്താവേ നിന്റെ ശക്തിയിൽ നീ മഹത്വപൂർണ്ണനാണ്; നവീകരിക്കുന്ന സൃഷ്ടിപരിപാലന ലോകം മുഴുവൻ നിറഞ്ഞിരിക്കുന്നു. നിന്റെ ദൈവത്വം ചെയ്തിട്ടുള്ള എല്ലാ പ്രവൃത്തികളിലും അതു് സ്ഥിതിചെയ്യുന്നു. നിന്റെ ശ്രേഷ്ഠതയുടെ ഇച്ഛയെ ഇല്ലാതാക്കാനോ, നിന്റെ സ്വഭാവത്തിനെതിരെ നിൽക്കാനോ ആർക്കും സാധിക്കുകയില്ല. നീ പാതാളത്തിലേക്കിറങ്ങി അതിന്റെ അടിത്തട്ടുവരെ ചെന്നു. അതിന്റെ കവാടങ്ങൾ തുറന്നു തടവുകാരെ പുറത്തുകൊണ്ടു

---

9. ഈശോമിശിഹാ സ്വഭാവത്താലേ ദൈവപുത്രനാകുന്നു. രണ്ടുസ്വഭാവങ്ങളുണ്ടെങ്കിലും ആളത്വം ഒന്നുമാത്രമേ ഉള്ളൂ. മഹത്വത്തിൽ പിതാവിൽ മറഞ്ഞിരിക്കുകയും സൃഷ്ടികർമ്മത്തിലൂടെ വെളിപ്പെടുത്തുകയും ചെയ്യുന്ന മിശിഹായെക്കുറിച്ച് ഇവിടെ നന്നായി പ്രതിപാദിച്ചിരിക്കുന്നു.

10. ഈശോയെ ദൈവത്തിന്റെയും മനുഷ്യരുടെയും ഏക മദ്ധ്യസ്ഥനായി ചൂണ്ടിക്കാണിക്കുന്നു.

www.malankaralibrary.com



വന്നു[11]. നിൻെറ ദൈവത്തിൻെറ സ്വഭാവത്താൽ ഉന്നതത്തിലേയ്ക്കുള്ള പാത തുറന്നുകൊടുത്തു. കർത്താവേ, ഈ യുവമിഥുനത്തിനുവേണ്ടി അങ്ങയോട് ഞാൻ പ്രാർത്ഥിക്കുന്നു; അവർക്ക് ഉപകാരപ്രദം എന്നു കാണുന്നതെന്തും അവർക്കു നല്കണമേ— അദ്ദേഹം അവരുടെമേൽ കൈവച്ചുകൊണ്ട് അവരോടു പറഞ്ഞു: 'നമ്മുടെ കർത്താവു നിങ്ങളോടുകൂടെ ഉണ്ടായിരിക്കട്ടെ'. അതിനു ശേഷം അവൻ അവരെ വിട്ടു പുറത്തേയ്ക്കു പോയി. അപ്പോൾ കല്യാണമണ്ഡപം വിട്ടു പുറത്തേയ്ക്കു പോകുവാൻ രാജാവു് തോഴന്മാരോടു കല്പിച്ചു. എല്ലാവരും പുറത്തുപോയ ശേഷം കല്യാണമണ്ഡപത്തിൻെറ വാതിലുകൾ അടയ്ക്കപ്പെട്ടു. വരൻ തൻെറ വധുവിനെ സ്വീകരിക്കുന്നതിനുവേണ്ടി തിരശ്ശീല മാററി. അപ്പോൾ നമ്മുടെ കർത്താവ് യൂദായുടെ സാദൃശ്യത്തിൽ വധുവിനോടു സംസാരിക്കുന്നതായി അയാൾ കണ്ടു. വരൻ അദ്ദേഹത്തോടു ചോദിച്ചു: 'താങ്കൾ നേരത്തേ പുറത്തു പോയില്ലേ? എങ്ങനെയാണ് ഇപ്പോഴും ഇവിടെ നില്ക്കുന്നതു്? നമ്മുടെ കർത്താവ് അദ്ദേഹത്തോടു പറഞ്ഞു: 'ഞാൻ യൂദായല്ല, യൂദായുടെ സഹോദരനാണ്''. നമ്മുടെ കർത്താവ് കട്ടിലിലിരുന്നു; അവർ കസേരകളിലും ഇരുന്നു. ഉടനെ അവരോട് ഇങ്ങനെ പറഞ്ഞു:

12. എൻെറ മക്കളേ, നിങ്ങളെ ആർക്കാണ് എൻെറ സഹോദരൻ സമർപ്പിച്ചതെന്നും അവർ എന്താണു പറഞ്ഞതെന്നും ഓർക്കുവിൻ. ഹീനമായ സംയോഗത്തിൽ നിന്ന് നിങ്ങൾ വിട്ടകന്നാൽ നിങ്ങൾ നിർമ്മല ദേവാലയങ്ങളായി ഭവിക്കും. [12]രഹസ്യവും പരസ്യവുമായ എല്ലാ പീഡനങ്ങളിൽ നിന്നും മക്കളെ പ്രതിയുള്ള പര്യാകുലതയിൽ നിന്നും നിങ്ങൾ വിമുക്തരാകും. മക്കളെപ്പററിയുള്ള പര്യാകുലതയുടെ അന്ത്യം കഠിനദുഃഖമാണല്ലോ. നിങ്ങൾക്കു മക്കളുണ്ടെങ്കിൽ അവരെ പ്രതി നിങ്ങൾ പീഡിപ്പിക്കുന്നവരും കവർച്ചക്കാരും അനാഥരെ ഉപദ്രവിക്കുന്നവരും വിധവകളോടു കാഠിന്യം കാട്ടുന്നവരും ആയിത്തീരും. അവരുടെ തെററുകളെ പ്രതി നിങ്ങൾ കൂടുതൽ

---

11. മരണത്തിൻെറ വാതില്ക്കൽ നിന്നു നീ എന്നെ ഉയർത്തുന്നു (സങ്കീ. 9:14)

12. വിവാഹവും സന്താനോല്പാദനവും ഹീനവും മ്ലേച്ഛവും ആണെന്ന് ഗ്നോസ്റ്റിക്കുകളിൽ ഒരു വിഭാഗം പഠിപ്പിച്ചു. ഭാര്യമാർ ഭർത്താക്കന്മാരെ ഉപേക്ഷിക്കുവാനും, ഭാര്യാ ഭർതൃ സംയോഗത്തിൽനിന്നു വിട്ടു നില്ക്കുവാനും ഈ കൂട്ടർ ആഹ്വാനംചെയ്തു. ഈ ആശയം അപ്പോക്രിഫൽ കൃതികളിൽ ഉടനീളം കാണാം.

www.malankaralibrary.com



ശിക്ഷിക്കപ്പെടുകയും ചെയ്യും. മക്കളെ സംബന്ധിച്ചുപറഞ്ഞാൽ കൂടുതലും ദുഃഖകാരണങ്ങളാണതു്. ഒന്നുകിൽ രാജാവു് അവരുടെമേൽ ചാടിവീഴും. അല്ലെങ്കിൽ അവരെ പിശാചു ബാധിക്കും. അതുമല്ലെങ്കിൽ തളർവാതരോഗികളായിത്തീരും. അവർ ആരോഗ്യമുള്ളവരാണെങ്കിൽ വ്യഭിചാരം, മോഷണം, വേശ്യാസംഗം, അത്യാഗ്രഹം, വ്യർത്ഥാഭിമാനം എന്നിവ വഴി അവർ രോഗികളായിത്തീരുന്നു. ഈ ദുഷ്ടതകൾവഴി നിങ്ങൾ പീഡിപ്പിക്കപ്പെടും. അതിനായി ദൈവത്തിനുവേണ്ടി നിർമ്മലരായി ജീവിക്കുന്നതിനു് ഞാൻ നിങ്ങളെ പ്രേരിപ്പിക്കട്ടെ. നിങ്ങൾക്കും ജീവനുള്ള മക്കളുണ്ടാകും. അവർക്കു് എന്തെങ്കിലും കുറവോ, വേദനയോ ഉണ്ടായിരിക്കുകയില്ല. നിങ്ങൾക്കു് പര്യാകുലതകൾ ഉണ്ടാകില്ല. ദുഃഖമോ, സങ്കടമോ ഉണ്ടാകില്ല. നിങ്ങൾ യഥാർത്ഥ വിവാഹവിരുന്നു കാണുമ്പോൾ പ്രതീക്ഷാനിർഭരരായിരിക്കും. നിങ്ങൾ ദൈവത്തെ സ്തുതിച്ചുകൊണ്ടിരിക്കുകയും മണവറയിൽ പ്രവേശിച്ചവരോടൊപ്പം എണ്ണപ്പെടുകയും ചെയ്യും.

13. ആ യുവാക്കൾ കർത്താവിനാൽ പ്രേരിതരായി സ്വയം കർത്താവിനു പൂർണ്ണമായി സമർപ്പിച്ചു. അവർ ഹീനമായ ജഡമോഹത്തിൽനിന്നു വിമുക്തരായി. അവർ വെവ്വേറെ കിടക്കകളിൽ രാത്രി കഴിച്ചു. 'നിങ്ങളുടെ കർത്താവിൻെറ കൃപ നിങ്ങളോടുകൂടി ഉണ്ടായിരിക്കട്ടെ' എന്നു പറഞ്ഞുകൊണ്ടു നമ്മുടെ കർത്താവു് അവരുടെ പക്കൽനിന്നുപോയി. അതിരാവിലെ രാജാവു മേശയൊരുക്കി വധൂവരന്മാരുടെ മുമ്പാകെ വച്ചു. വധൂവരന്മാരാകട്ടെ എതിർ വശങ്ങളിൽ വന്നിരുന്നു. വരൻ വളരെ സന്തോഷവാനായി കാണപ്പെട്ടു. വധു മൂടുപടം ധരിച്ചിരുന്നില്ല. വധുവിൻെറ അമ്മ അവളോടു ചോദിച്ചു: 'എന്താണു മകളേ, നീ ഇങ്ങനെ ഇരിക്കുന്നതു്? വിവാഹം കഴിഞ്ഞിട്ടു വളരെ നാളായ സ്ത്രീയെപ്പോലെ ലജ്ജാരഹിതയായി നീ വർത്തിക്കുന്നതെന്താണു്?' അവളുടെ പിതാവു് ഇതും പറഞ്ഞു: 'നിൻെറ ഭർത്താവിനോടുള്ള അതിയായ സ്നേഹം നിമിത്തം മൂടുപടം പോലും ധരിക്കുന്നില്ലേ?'

14. വധു മറുപടിയായി പറഞ്ഞു: 'എൻെറ അമ്മേ, തീർച്ചയായും ഞാൻ സ്നേഹത്താൽ നിറഞ്ഞവളാണു്. കഴിഞ്ഞ രാത്രിയിൽ ഞാൻ അനുഭവിച്ച സ്നേഹത്തിൽ നിലനില്ക്കുന്നതിനും രാത്രിയിൽ എനിക്കു വെളിപ്പെട്ട അനശ്വര വരൻെറ വിളിക്കുവേണ്ടിയും ഞാൻ എൻെറ കർത്താവിനോടു പ്രാർത്ഥിക്കുന്നു. നാശത്തിൻെറ മൂടുപടം എന്നിൽനിന്നു് എടുക്കപ്പെട്ടിരിക്കയാൽ ഞാൻ ഇപ്പോൾ മൂടുപടം ധരിക്കുന്നില്ല. ലജ്ജാകര

www.malankaralibrary.com



പ്രവൃത്തി എന്നിൽ നിന്നു മാററപ്പെട്ടതിനാൽ എനിക്കു ലജ്ജയേയില്ല. ജീവനിലേക്കു തിരികെ കൊണ്ടുവരുന്ന മനസ്താപം എന്നിൽ കുടികൊള്ളുന്നതിനാൽ ഞാൻ മനസ്തപിക്കുന്നില്ല. കടന്നുപോകുന്ന ഈ നൈമിഷിക സന്തോഷങ്ങളിൽ ഞാൻ അകപ്പെടാത്തതിനാൽ ഞാൻ സന്തുഷ്ടയും ആനന്ദതുന്ദിലയുമാണ്. യഥാർത്ഥ വിവാഹവിരുന്നിനു ഞാൻ ക്ഷണിക്കപ്പെട്ടിരിക്കയാൽ നാശത്തിന്റെ ഈ കർമ്മവും ഘോഷവും ഞാൻ നിന്ദിക്കുന്നു. യഥാർത്ഥവരനുമായി ഞാൻ വിവാഹവാഗ്ദാനം ചെയ്തിരിക്കയാൽ, കടുത്ത ദുഃഖത്തിലേക്കു നയിക്കുന്ന ഭർതൃസംയോഗം ഞാൻ നടത്തിയിട്ടില്ല[13]'.

15. ഇങ്ങനെ നിരവധി സംഗതികൾ അവൾ പറഞ്ഞുകൊണ്ടിരുന്നു. അപ്പോൾ അവളുടെ വരൻ മറുപടിയായി പറഞ്ഞു: 'ഒരപരിചിതന്റെ വേഷത്തിൽ ഇവിടെ വന്ന പുതിയ ദൈവമേ:' നിന്നെ ഞാൻ സ്തുതിക്കുന്നു. ഒരെബ്രായൻവഴി പ്രസംഗിക്കപ്പെട്ട നിന്നെ മഹത്വപ്പെടുത്തുന്നു; നീയെന്നെ നാശത്തിൽ നിന്നു മാററി എന്നിൽ ജീവൻ വിതച്ചു. നിരന്തരം എന്നെ അലട്ടിക്കൊണ്ടിരുന്ന രോഗത്തിൽനിന്നു നീ എനിക്കു മോചനം നല്കി. നീ സ്വയം എനിക്കു വെളിപ്പെട്ടു. എന്റെ യഥാർത്ഥസ്ഥിതി മനസ്സിലാക്കിത്തന്നു. നീയെന്നെവീഴ്ചയിൽ നിന്നു രക്ഷിച്ചു; ശ്രേഷ്ഠമായ അവസ്ഥയിലേയ്ക്കു നീ എന്നെ ആനയിച്ചു. കടന്നുപോകുന്നവയിൽ നിന്നെന്നെ വിടുവിച്ചു; അനശ്വരതയ്ക്കു നീ എന്നെ അർഹനാക്കി. നിന്റെ ഔന്നത്യത്തിലേയ്ക്കു എന്നെ ആനീതനാക്കാൻ എന്റെ നിസ്സാരതയിലേയ്ക്കു നീ ഇറങ്ങിവന്നു. നശിച്ചു പോയവനിൽനിന്നു നീ നിന്റെ കരുണ പിൻവലിച്ചില്ല, പിന്നെയോ, ഞാൻ സ്വയം ശോധനചെയ്ത്, എന്റേതല്ലാത്തവയെ എപ്രകാരം നീക്കണമെന്നു് എന്നെ കാണിച്ചു. ഞാൻ നിന്നെ അറിയാതിരുന്നിട്ടും നീയെന്നെ അന്വേഷിച്ചു. ഞാൻ നിന്നെ ദർശിക്കാതിരുന്നപ്പോഴും നീ എന്റെ പക്കലെത്തി. ഞാനിതാ നിന്നെ ദർശിച്ചിരിക്കുന്നു; ഞാൻ അറിയാത്തവയൊന്നും ഉച്ചരിക്കാൻ ഞാൻ ശക്തനല്ല. നിന്റെ സ്നേഹം ഒന്നുകൊണ്ടു മാത്രമാണു ഞാൻ ധൈര്യവാനായിരിക്കുന്നതു്. അതുകൊണ്ടു ധാർഷ്ട്യത്തോടുകൂടി നിനക്കെതിരെ ചിന്തിക്കാനും പറയാനും എനിക്കു സാദ്ധ്യമല്ല.'

---

13. ഗ്നോസ്റ്റിക്ക് ചിന്തയാൽ പ്രേരിതം.

www.malankaralibrary.com



16. വധൂവരന്മാരിൽനിന്ന് ഇപ്രകാരം കേട്ടപ്പോറം രാജാവു തൻെറ വസ്ത്രം കീറിക്കൊണ്ടു ചുററുമുള്ളവരോടു പറഞ്ഞു: 'പെട്ടെന്നുപോയി ആ മന്ത്രവാദിയെ തിരക്കിപ്പിടിച്ച് എൻെറ പക്കൽ ഹാജരാക്കുക. എൻെറ കൊട്ടാരത്തിലേക്ക് അവനെ ഞാൻ തന്നെയാണു സ്വാഗതം ചെയ്യുന്നതും നിർഭാഗ്യയായ എൻെറ മകറംക്കുവേണ്ടി പ്രാർത്ഥിക്കാനാവശ്യപ്പെട്ടതും. ആ മന്ത്രവാദിയെ ഇവിടെ ഹാജരാക്കുന്നവന്ന ചോദിക്കുന്നതെന്തും കൊടുക്കാൻ തയ്യാറാണ്''. അവർ അദ്ദേഹത്തെ അന്വേഷിച്ചു പുറപ്പെട്ടെങ്കിലും ഒരിടത്തും കണ്ടെത്തിയില്ല. കാരണം, അദ്ദേഹം അവിടെനിന്നു യാത്ര പുറപ്പെട്ടുകഴിഞ്ഞിരുന്നു. അവർ അദ്ദേഹം വിശ്രമിച്ച സത്രത്തിൽ ചെന്നന്വേഷിച്ചു. ഓടക്കുഴൽ വായിച്ച എബ്രായ പെൺകുട്ടി കരഞ്ഞുകൊണ്ട് അവിടെ ഇരിക്കുന്നതു കണ്ടു. അവൻ അവളെ കൂടെ കൊണ്ടുപോകാത്തതിനാലാണ് അവറം ദുഃഖിച്ചിരുന്നത്. നടന്ന സംഗതികറം അറിഞ്ഞപ്പോറം അവറം സന്തോഷിച്ച് ഇപ്രകാരം പറഞ്ഞു: 'ഞാനിവിടെ വിശ്രമം കണ്ടെത്തി'. അവറം അവിടെനിന്ന് എഴുന്നേററു യുവമിഥുനത്തിൻെറ അടുത്തേക്കു പോയി ദീർഘകാലം അവരോടൊപ്പം കഴിച്ചുകൂട്ടി. അവർ രാജാവിനെ പഠിപ്പിക്കുകയും അനേകം സഹോദരന്മാരെ ഒന്നിച്ചു കൂട്ടുകയും ചെയ്തു. അങ്ങനെയിരിക്കെ ശ്ലീഹാ ഭാരതഭൂമിയിൽ ഉണ്ടെന്നുള്ള വാർത്ത അവർ ശ്രവിച്ചു. അവർ അദ്ദേഹത്തിൻെറ പക്കലേക്കു പുറപ്പെട്ടു; അദ്ദേഹത്തോടു് ഒത്തുചേർന്നു.

www.malankaralibrary.com

# രണ്ടാം നടപടി

## സ്വർഗ്ഗത്തിലെ കൊട്ടാരം

തോമ്മാശ്ലീഹാ ഭാരതത്തിലേക്ക പ്രവേശിക്കകയും രാജാവിനുവേണ്ടി സ്വർഗ്ഗത്തിൽ ഒരു കൊട്ടാരം പണിതീർക്കകയും ചെയ്യു.

17. യൂദാ ഹാബ്ബാനുമൊത്തു ഭാരതഭൂവിലേക്ക പ്രവേശിച്ച ഉടനെ ഹാബ്ബാൻ ഭാരതരാജാവായ ഗുദ്നഫറിനെ മുഖം കാണിക്കാൻ പോയി. രാജാവിനുവേണ്ടി കൊണ്ടുവന്ന ശില്പിയെപ്പററി വിവരം ധരിപ്പിച്ചു. സന്തോഷചിത്തനായ രാജാവ് യൂദായെ തൻെറ മുമ്പിൽ എത്തിക്കാൻ കല്പിച്ചു. രാജാവ് അവനോട്ട് ചോദിച്ചു: 'തൻെറ തൊഴിലെന്താണ്'? യൂദാ പറഞ്ഞു: 'ഞാൻ ഒരു തച്ചനാണ്; എൻെറ യജമാനൻ ഒരു തച്ചനും ശില്പിയുമാണ്''.

'നിനക്ക് എന്തെല്ലാം നിർമ്മിക്കാനറിയാം'?—യൂദാ പറഞ്ഞു: 'കലപ്പ, നുകം, കടത്തുവള്ളക്കാരൻ ഉപയോഗിക്കുന്ന നൻപ്, കപ്പൽ, പായ്മരം തുടങ്ങിയവ മരത്തിലും, കല്ലറ ശിലകൾ, കീർത്തിസ്തംഭങ്ങൾ, രാജകൊട്ടാരങ്ങൾ എന്നിവ കല്ലിലും പണിയാൻ എനിക്കറിയാം'. രാജാവു പറഞ്ഞു: 'എനിക്ക് അത്തരം ഒരു ശില്പിയെയാണ് ആവശ്യം. എനിക്ക് ഒരു കൊട്ടാരം പണിയാമോ'?—'ഞാൻ പണിതു പൂർത്തിയാക്കിത്തരാം. പണിയാനും അലങ്കരിക്കവാനുമാണല്ലോ ഞാൻ വന്നിരിക്കുന്നത്''—യൂദാ തോമ്മാ പറഞ്ഞു.

18. അതിനുശേഷം രാജാവു അവനെ കൂട്ടിക്കൊണ്ടു പട്ടണത്തിനു് പുറത്തേക്കുപോയി. കെട്ടിടത്തിൻെറ അടിത്തറ സംബന്ധിച്ചും എങ്ങനെ പണിയണമെന്നതു സംബന്ധിച്ചും രാജാവ് അവനോട്ട സംസാരിച്ചു. കൊട്ടാരം പണിയാൻ ഉദ്ദേശിച്ച സ്ഥലത്തു വന്നപ്പോൾ രാജാവ് യൂദായോട്ട പറഞ്ഞു: 'ഇതാണ് കൊട്ടാരം പണിയുന്നതിനു ഞാൻ ഉദ്ദേശിച്ചിരിക്കുന്ന സ്ഥലം'. യൂദാ അവനോട് മറുപടിയായി പറഞ്ഞു: 'അതേ, അതിനു പററിയ സ്ഥലം ഇതുതന്നെ'. അതൊരു പുൽത്തകിടി

www.malankaralibrary.com



യായിരുന്നു. അതിനരികെ ധാരാളം വെള്ളവുമുണ്ടായിരുന്നു. രാജാവു് അവനോടു പറഞ്ഞു: ഇവിടെ പണി ആരംഭിക്കുക'. യൂദാ പറഞ്ഞു: 'ഈ സമയം പണിക്കു പററിയതല്ല'. രാജാവു് ചോദിച്ചു: 'എങ്കിൽ പിന്നെ ഏതാണു് പണിക്കുപററിയ സമയം?'

യൂദാ പറഞ്ഞു: 'ഞാൻ തെശ്റീനിൽ[1] തുടങ്ങി നീസാനിൽ[2] അവസാനിപ്പിക്കാം'.

രാജാവു് അദ്ദേഹത്തോടു പറഞ്ഞു: 'എല്ലാ കെട്ടിടങ്ങളും വേനൽക്കാലത്താണല്ലോ പണി ആരംഭിക്കുക. എന്തുകൊണ്ടാണു് നീ തണുപ്പുകാലത്തു പണി തുടങ്ങുന്നതു്'?

യൂദാ പറഞ്ഞു: 'കൊട്ടാരം പണിയുവാൻ അപ്പോഠം മാത്രമേ സാധിക്കു എന്നതുകൊണ്ടുതന്നെ'.

രാജാവു് പറഞ്ഞു: 'എന്നാൽ, ഉടൻ അതിൻെറ സ്കെച്ചും പ്ലാനും വരച്ചു കാണിക്കു. കാരണം, ഇനി ഞാൻ കുറെ കഴിഞ്ഞേ ഇവിടെ വരൂ'.

യൂദാ ഒരു കമ്പെടുത്തു് അളക്കാൻ തുടങ്ങി. വാതിലുകഠം സൂര്യപ്രകാശം കടക്കത്തക്ക രീതിയിൽ കിഴക്കിനഭിമുഖമായും, ജനലുകഠം കാററിനഭിമുഖമായി പടിഞ്ഞാറും, അടുക്കളെ തെക്കു ഭാഗത്തും, വീട്ടാവശ്യത്തിനുള്ള ജലസംഭരണികളും മററും വടക്കു ഭാഗത്തുമായി വരച്ചു കാണിച്ചു.

രാജാവു് അതുകണ്ടു പറഞ്ഞു: 'തീർച്ചയായും നീ ഒരു നല്ല ശില്പി തന്നെ'. വലിയ ഒരു തുക തോമായെ ഏൽപിച്ചിട്ടു് രാജാവു് അവിടെനിന്നു പോയി.

19. രാജാവു് യഥാസമയം സ്വർണ്ണവും വെള്ളിയും അയച്ചുകൊടുത്തുകൊണ്ടിരുന്നു. യൂദാതോമസ് പട്ടണങ്ങളിലും ഗ്രാമങ്ങളിലും ചുററിനടന്നു പാവങ്ങളെ ശുശ്രൂഷിക്കുകയും പീഡിതരെ സമാശ്വസിപ്പിക്കുകയും ചെയ്തു. 'രാജാവിൻേറതു രാജാവിനു കൊടുക്കപ്പെട്ടും, അനേകർക്കു വിശ്രാന്തി ലഭിക്കുകയും ചെയ്യും' എന്നു് അദ്ദേഹം പറയുക പതിവായിരുന്നു. കാലാവധിക്കുശേഷം രാജാവു് ദൂതന്മാരെ യൂദായുടെ അടുക്കലേക്കയച്ചു. അവർ ഇപ്രകാരം ഒരു സന്ദേശം എത്തിച്ചു:

---

1. ഒക്ടോബർ—നവംബർ
2. ഏപ്രിൽ

www.malankaralibrary.com



'നീ എന്തെല്ലാം ചെയ്തെന്നും നിനക്ക് എന്തെല്ലാം ആവശ്യമുണ്ടെന്നും എന്നെ അറിയിക്കുക'.

തോമ്മാ മറുപടിയായി പറഞ്ഞു: 'മേൽക്കൂരയൊഴികെ കൊട്ടാരത്തിൻെറ പണി പൂർണ്ണമായും തീർന്നു'. 'ഉടനെ മേൽക്കൂരപ്പണി നടക്കട്ടെ' എന്നു പറഞ്ഞ് രാജാവ് സ്വർണ്ണവും വെള്ളിയും അയച്ചുകൊടുത്തു.

ശ്ലീഹായാകട്ടെ നമ്മുടെ കർത്താവിനെ മഹത്വപ്പെടുത്തി പറഞ്ഞു: 'എനിക്കു ജീവൻ തരുവാൻവേണ്ടി മരിക്കുകയും, വളരെയധികം പേർക്കു വിമോചകനായി തീരുന്നതിനുവേണ്ടി ഹാബാന് എന്നെ വില്ക്കുകയും ചെയ്ത കർത്താവേ, നിനക്കു ഞാൻ നന്ദി പറയുന്നു' 'നിങ്ങളുടെ ദൈവം നിങ്ങൾക്ക് ആശ്വാസം നല്കട്ടെ. അവനുമാത്രം മഹത്വം ഉണ്ടാകട്ടെ; അവൻ അനാഥരുടെ പരിപാലകനും, വിധവകളുടെ സംരക്ഷകനും പീഡിതരുടെ ആശ്രയവുമാകുന്നു', എന്നു പറഞ്ഞുകൊണ്ട് പഠിപ്പിക്കുന്നതിലും പീഡിതർക്ക് ആശ്വാസം പകരുന്നതിലും നിന്ന് അദ്ദേഹം പിന്തിരിഞ്ഞില്ല.

20. പട്ടണത്തിൽ വന്നപ്പോൾ തനിക്കുവേണ്ടി പണിത കൊട്ടാരത്തെക്കുറിച്ച് തൻെറ സുഹൃത്തുക്കളോട് രാജാവ് ആരാഞ്ഞു. എന്നാൽ അവർ പറഞ്ഞു: അവിടെ കൊട്ടാരമൊന്നും പണിതിട്ടില്ല. എന്നാൽ അയാൾ പട്ടണങ്ങളിലും ഗ്രാമങ്ങളിലും ചുററിനടന്ന് പാവപ്പെട്ടവരെ സഹായിക്കുകയും പുതിയ ദൈവത്തെക്കുറിച്ച് അവരെ പഠിപ്പിക്കുകയും രോഗികളെ സുഖപ്പെടുത്തുകയും പിശാചിനെ പുറത്താക്കുകയും മററു നിരവധി കാര്യങ്ങൾ ചെയ്യുകയും ചെയ്യുന്നു. അതല്ലാതെ മറെറാന്നും ചെയ്തിട്ടില്ല. ഒരു മന്ത്രവാദിയാണ് അയാളെന്നു ഞങ്ങൾക്ക് തോന്നുന്നു. പക്ഷെ അയാളുടെ സഹാനുഭൂതി, പ്രതിഫലം കൂടാതെയുള്ള സുഖപ്പെടുത്തൽ, തപസ്സ്, ഭക്തി എന്നിവ നിമിത്തം അദ്ദേഹം ഒരു വിദ്വാനോ, പുതിയ ദൈവത്തിൻെറ ശ്ലീഹായോ ആണെന്നു ഞങ്ങൾ ചിന്തിച്ചുപോകുന്നു. അയാൾ ധാരാളം പ്രാർത്ഥിക്കുന്നു; ധാരാളം ഉപവസിക്കുന്നു; അപ്പവും ഉപ്പും മാത്രം ഭക്ഷിക്കുന്നു; പച്ചവെള്ളം മാത്രം കുടിക്കുന്നു. ഒരു വസ്ത്രമേ ധരിക്കുന്നുള്ളു. തനിക്കുവേണ്ടി ആരിൽനിന്നും ഒന്നും സ്വീകരിക്കുന്നില്ല; തനിക്കുള്ളതെല്ലാം മററുള്ളവർക്കു കൊടുക്കുന്നു. രാജാവ് ഇതു കേട്ടപ്പോൾ കൈകൊണ്ടു സ്വന്തം തലയ്ക്കടിച്ച് വികാരാധീനനായി.

www.malankaralibrary.com



21. അപ്പോൾ രാജാവ് യൂദായെയും അവനെ കൊണ്ടു വന്ന കച്ചവടക്കാരനെയും ആളയച്ച് വരുത്തി ചോദിച്ചു:

'നീ എനിക്കു കൊട്ടാരം പണിതോ?

'ഉവ്വ് രാജാവേ, ഞാനങ്ങേയ്ക്കു കൊട്ടാരം പണിതു. അപ്പോൾ രാജാവ് അദ്ദേഹത്തോടു ചോദിച്ചു. 'നമുക്ക് എപ്പോൾ അതു പോയി കാണാൻ സാധിക്കും'? യൂദാ പറഞ്ഞു: 'ഇപ്പോൾ അങ്ങേയ്ക്കതു കാണാൻ സാധിക്കുകയില്ല. എന്നാൽ ഈ ലോകത്തിൽനിന്നു് അങ്ങു വേർപെടുമ്പോൾ മാത്രം'. കോപാക്രാന്തനായ രാജാവ് യൂദായേയും അദ്ദേഹത്തെ കൊണ്ടുവന്ന കച്ചവടക്കാരനേയും ബന്ധിക്കാനും, ആർക്ക് ആ പണം കൊടുത്തുവെന്നും മറ്റും ചോദ്യം ചെയ്യുന്നതുവരെ ജയിലിലടയ്ക്കാനും, പിന്നീടു വകവരുത്തുവാനും കല്പിച്ചു. യൂദായാകട്ടെ, സന്തോഷിച്ചുകൊണ്ടു പോയി; കച്ചവടക്കാരനോടു പറഞ്ഞു: ഭയപ്പെടേണ്ട; വിശ്വസിക്കു; നീ ഈ ലോകത്തിൻനിന്നും വിമുക്തനാവും; വരാനിരിക്കുന്ന ലോകത്തിൽ നിത്യജീവൻ നിനക്കു ലഭിക്കും'. ഏതു രീതിയിലുള്ള മരണത്തിനു യൂദായേയും കച്ചവടക്കാരനേയും വിധേയരാക്കണമെന്നു് രാജാവു ചിന്തിച്ചുകൊണ്ടിരുന്നു; അടി ശിക്ഷ നല്കിയശേഷം കൂട്ടുകാരനായ കച്ചവടക്കാരനോടുകൂടി അവനെ തീയിൽ ദഹിപ്പിക്കാൻ രാജാവു തീരുമാനിച്ചു. ആ രാത്രിയിൽ രാജാവിൻെറ സഹോദരൻ ഗാദ് രോഗബാധിതനായി. രാജാവിൻെറ സഹോദരൻ രാജാവിനെ വിളിച്ച് ഇപ്രകാരം പറഞ്ഞു: 'സഹോദരാ, ഞാൻ അതീവ ദുഃഖത്തോടുകൂടെ കഴിയുകയാണു്. മരണത്തിലേക്കു് എത്തിനില്ക്കുന്ന ഞാൻ എൻെറ ഭവനത്തെയും മക്കളെയും നിന്നെ ഏല്പിക്കുന്നു. നീ ആ മന്ത്രവാദിയെ ശിക്ഷിക്കുന്നില്ലെങ്കിൽ എൻെറ ആത്മാവിനു പാതാളത്തിൽ സമാധാനം ഉണ്ടായിരിക്കുകയില്ല'. രാജാവു് അദ്ദേഹത്തോടു പറഞ്ഞു: 'അയാളെ എങ്ങനെ കൊല്ലണമെന്നു കഴിഞ്ഞ രാത്രി മുഴുവൻ ഞാൻ ചിന്തിക്കുകയായിരുന്നു. ചാട്ടകൊണ്ടടിച്ചശേഷം അഗ്നിക്കിരയാക്കാം എന്നാണു് ഞാൻ തീരുമാനിച്ചിരിക്കുന്നതു്'. അപ്പോൾ അയാൾ രാജാവിനോടു പറഞ്ഞു: 'അതിനെക്കാൾ ക്രൂരമായ എന്തെങ്കിലും നിനക്കു ചെയ്യുവാൻ സാധിക്കുമെങ്കിൽ അപ്രകാരം ചെയ്യുക. എൻെറ വീടിൻെറയും മക്കളുടെയും ചുമതല നിന്നെ ഞാൻ ഏല്പിക്കുന്നു'.

22. അവൻ ഈ കാര്യങ്ങൾ പറഞ്ഞുകഴിഞ്ഞപ്പോൾ അവൻെറ ആത്മാവ് അവനെ വേർപ്പെട്ടു. രാജാവു തൻെറ സഹോദരൻെറ വേർപാടിൽ വളരെയധികം ദുഃഖിച്ചു. കാരണം,

www.malankaralibrary.com



അവൻ തൻെറ സഹോദരനെ അത്രമാത്രം സ്നേഹിച്ചിരുന്നു. അവനെ വിശിഷ്ടമായ ഒരു കല്ലറയിൽ സംസ്കരിക്കണമെന്നു് രാജാവാഗ്രഹിച്ചു.

എന്നാൽ അവൻെറ ആത്മാവ് വേർപെട്ടപ്പോൾ[3], മാലാഖമാർ അവനെ സ്വർഗ്ഗത്തിലേക്കു കൂട്ടിക്കൊണ്ടുപോയി. ഒന്നിനു പുറകെ ഒന്നായി നിരവധി വാസസ്ഥലങ്ങൾ അവനെ കാണിച്ചു. എവിടെ പാർക്കാൻ ഇഷ്ടപ്പെടുന്നുവെന്നു ചോദിച്ചു കൊണ്ടിരുന്നു. രാജാവിനുവേണ്ടി യൂദാ നിർമ്മിച്ച കൊട്ടാരത്തി നടുത്തെത്തിയപ്പോൾ അവൻ മാലാഖമാരോട് ഇപ്രകാരം അപേക്ഷിച്ചു: 'ഈ കൊട്ടാരത്തിലെ താഴത്തെ നിലയിലുള്ള ഒരു മുറിയിൽ പാർക്കാൻ എന്നെ അനുവദിക്കണമെന്നു് യജമാനന്മാരേ, നിങ്ങളോടപേക്ഷിക്കുന്നു'.

'താങ്കൾക്കു് ആ കൊട്ടാരത്തിൽ വസിക്കാനനുവാദമില്ല' ദൂതന്മാർ പ്രത്യുത്തരിച്ചു.

'എന്താണതിനു കാരണം?' അയാൾ ആരാഞ്ഞു.

അവർ പറഞ്ഞു: 'നിൻെറ സഹോദരനുവേണ്ടി ഒരു ക്രിസ്ത്യാനി നിർമ്മിച്ച കൊട്ടാരമാണിതു്'.

അപ്പോൾ അവൻ അവരോടു പറഞ്ഞു: 'ഞാൻ എൻെറ സഹോദരൻെറ അടുത്തുപോയി ഈ കൊട്ടാരം വാങ്ങുവാൻ എന്നെ അനുവദിക്കണമെ. എൻെറ സഹോദരൻ ഈ കൊട്ടാരം കണ്ടിട്ടില്ലാത്തതിനാൽ തീർച്ചയായും അവൻ ഇതു് എനിക്കു വില്ക്കും'.

23. അപ്പോൾ മാലാഖമാർ ഗാദിൻെറ ആത്മാവിനെ പോകുവാൻ അനുവദിച്ചു. ഭൃമിയിലുള്ളവർ ശരീരം പൊതിയുമ്പോൾ ഗാദിൻെറ ആത്മാവ് ആ ശരീരത്തിൽ പ്രവേശിച്ച് അടുത്തുനിന്നവരോടു പറഞ്ഞു: 'എൻെറ സഹോദരനെ വിളിക്കുക; എനിക്കു് അവനോടു് ഒരു അപേക്ഷയുണ്ടു്'. അവർ രാജാവിനെ വിവരം അറിയിച്ചു: 'നിൻെറ സഹോദരൻ വീണ്ടും ജീവൻ പ്രാപിച്ചിരിക്കുന്നു'. രാജാവ് കൊട്ടാരത്തിൽ നിന്നു് ഓടിയിറങ്ങി. പരിവാരങ്ങളുമായി അദ്ദേഹം സഹോദരൻെറ വീട്ടിലെത്തി. സഹോദരൻെറ കിടക്കയ്ക്കരികിലെ

3. മനുഷ്യൻ ശരീരവും ആത്മാവും ഉള്ള വ്യക്തിയാണ്. അമർത്ത്യതയുള്ള ആത്മാവ് ശരീരത്തിൽ നിന്നു വേർപെടുമ്പോൾ മൃത്യു മനുഷ്യനെ വരിക്കുന്നു എന്ന ഗ്രീക്ക ചിന്ത ഗ്രന്ഥകർത്താവിനെ സ്വാധീനിച്ചിരിക്കണം.

www.malankaralibrary.com



ത്തിയ അദ്ദേഹം അത്ഭുതസ്തബ്ധനായി. അദ്ദേഹത്തിന്ന് അവനോട്ട് ഒന്നും തന്നെ സംസാരിക്കുവാൻ സാധിച്ചില്ല. രാജസഹോദരൻ പറഞ്ഞു: 'അല്ലയോ സഹോദരാ, നിൻെറ രാജ്യത്തിൻെറ പകുതി ചോദിച്ചാലും നീ തരുമെന്ന് എനിക്കറിയാം. എന്നാൽ നീ ഇപ്പോഠം പണി തീർത്തത്ത് എനിക്കു വില്ക്കണമെന്നു ഞാൻ യാചിക്കുന്നു.'

രാജാവ് അവനോടു ചോദിച്ചു: 'എന്തു വില്ക്കണമെന്നാണു പറയുന്നത്.'

അവൻ പറഞ്ഞു: 'നീ എന്നോടു സത്യം ചെയ്യുക.'

തനിക്കുള്ളതെന്തു ചോദിച്ചാലും കൊടുക്കാമെന്നു രാജാവു സത്യം ചെയ്തു. അപ്പോഠം അവൻ പറഞ്ഞു: 'സ്വർഗ്ഗത്തിൽ നിനക്കുള്ള ആ കൊട്ടാരം എനിക്കു വിൽക്കുക.'

രാജാവു ചോദിച്ചു: 'ആരാണ് സ്വർഗ്ഗത്തിൽ നിനക്കൊരു കൊട്ടാരം തന്നത്?'

അവൻെറ സഹോദരൻ പറഞ്ഞു: 'ആ ക്രിസ്ത്യാനി നിനക്കു വേണ്ടി നിർമ്മിച്ചതാണാ കൊട്ടാരം'.

24. രാജാവ് പറഞ്ഞു: 'ആ കൊട്ടാരം നിനക്കു തരുവാൻ എനിക്കു സാധിക്കുകയില്ല. എന്നാൽ അതിൽ പ്രവേശിച്ച് അതു സ്വന്തമാക്കാനും അതിലെ നിവാസികളുടെ ഇടയിൽ യോഗ്യനായി തീരാനും ഞാൻ ദൈവത്തോടു പ്രാർത്ഥിക്കുന്നു. ഒരു കൊട്ടാരം വാങ്ങാൻ യഥാർത്ഥമായി നീ ആഗ്രഹിക്കുന്നെങ്കിൽ എൻേറതിനേക്കാഠം മാനോഹരമായ ഒന്ന് ആ ശില്പി നിനക്കുവേണ്ടി നിർമ്മിക്കും. അവൻ യൂദായേയും അവനോടുകൂടെ തടവിലാക്കപ്പെട്ടിരുന്ന കച്ചവടക്കാരേയും വരുത്തി പറഞ്ഞു: 'ദൈവത്തിൻെറ ഒരു പ്രതിനിധിയെന്ന നിലയ്ക്ക് അങ്ങ് ആരാധിക്കുന്ന ദൈവത്തോട്ട് എനിക്കുവേണ്ടി പ്രാത്ഥിക്കണമെന്നും അങ്ങേയ്ക്കെതിരായി ഞാൻ ചെയ്ത തെററുകഠം ക്ഷമിക്കണമെന്നും അങ്ങയോട്ട് ഞാൻ യാചിക്കുന്നു. അങ്ങ് എനിക്കുവേണ്ടി പണിതിരിക്കുന്ന കൊട്ടാരത്തിൽ പ്രവേശിക്കുവാൻ എന്നെ യോഗ്യനാക്കണമെ. ഞാനും താങ്കഠം പ്രസംഗിക്കുന്ന ദൈവത്തിൻെറ ഒരാരാധകനാകട്ടെ എന്നും അപേക്ഷിക്കുന്നു'. അപ്പോഠം രാജസഹോദരൻ മുന്നോട്ടുവന്ന് ശ്ലീഹായുടെ പാദത്തിൽ വീണു പറഞ്ഞു: 'നിൻെറ ദൈവത്തിൻെറ ഒരാരാധകനാകുവാൻ ഞാൻ യോഗ്യനായിത്തീരുന്നതിനും ദൂതന്മാർവഴി അവനെന്നെ കാണിച്ചവ എനിക്കു ലഭിക്കുന്നതിനുംവേണ്ടി ദൈവത്തോട്ട് ഞാൻ അപേക്ഷിക്കുന്നു'.

www.malankaralibrary.com



25. യൂദാ പറഞ്ഞു: 'ഞങ്ങളുടെ കർത്താവീശോ മിശിഹായേ, ഞാനങ്ങയെ സ്തുതിക്കുന്നു. അങ്ങു മാത്രമാണ് സത്യ ദൈവമെന്നും അങ്ങല്ലാതെ വേറൊരു ദൈവമില്ലെന്നും മനുഷ്യൻ അറിയാത്തവ അങ്ങ് അറിയുന്നുവെന്നും ഞാൻ മനസ്സിലാക്കുന്നു. അങ്ങ് ഇച്ഛിക്കുകയും നിർമ്മിക്കുകയും ചെയ്ത മനുഷ്യന്റെമേൽ അങ്ങയുടെ കരുണയുണ്ടല്ലോ. അവർ നിന്നെ മറന്നെങ്കിലും നീ അവരെ കൈവിട്ടില്ല. ഈ രാജാവിനെയും രാജസഹോദരനെയും അങ്ങു സ്വീകരിച്ചാലും. അവരെ നിന്റെ അജഗണത്തിൽ ചേർക്കണമെ. അവരെ അഭിഷേകം ചെയ്ത്[4] മാലിന്യങ്ങളിൽനിന്നു ശുദ്ധീകരിക്കണമെ. ചെന്നായ്ക്കളിൽ നിന്ന് അവരെ രക്ഷിക്കണമെ. മേച്ചിൽ സ്ഥലങ്ങളിൽ അവരെ മേയ്ക്കണമെ. ഒരിക്കലും വററാത്തതും കലങ്ങിമറിയാത്തതുമായ നിന്റെ ഉറവയിൽ നിന്ന് അവരെ കുടിപ്പിക്കണമെ[5]. അവർ അങ്ങയോട് അപേക്ഷിക്കുകയും യാചിക്കുകയും ചെയ്യുന്നു. അങ്ങേപ്രതി നിന്ദിക്കപ്പെടുന്നതിനും ശത്രുക്കളുടെ പീഡനങ്ങൾക്ക് വിധേയരാകുന്നതിനും അങ്ങയുടെ ദാസന്മാരാകുന്നതിനും അവർ അഭിലഷിക്കുന്നു. അവർക്ക് നിന്നിൽ ആത്മധൈര്യം ലഭിക്കട്ടെ. നിന്റെ മഹനീയ രഹസ്യങ്ങളാൽ അവർ ശക്തിയുള്ളവരാകട്ടെ. അങ്ങേ ദിവ്യ ദാനങ്ങളിൽ അവർ ഭാഗഭാക്കുകളാകട്ടെ.'

26. ദിവ്യഗാനങ്ങൾ ആലപിച്ച് അവർ സന്തോഷം പ്രകടിപ്പിച്ചു. അവർ ശ്ലീഹായിൽ നിന്നു വിട്ടകന്നുമാറാതെ അവനോടു ചേർന്നുനിന്നു. ആവശ്യക്കാർക്കെല്ലാം വേണ്ടതു ലഭിച്ചുകൊണ്ടിരുന്നു. അങ്ങനെ അവർ വിമുക്തരായിക്കൊണ്ടിരുന്നു. തങ്ങൾക്ക് മുദ്ര (റൂശ്മാ)[6] നല്കണമെന്ന് അവർ ശ്ലീഹായോട് അപേക്ഷിച്ചു. അവർ അവനോട് പറഞ്ഞു: 'മുദ്ര

---

4. മാമോദീസായെക്കുറിച്ച് പ്രതിപാദിക്കുന്നു: സിറിയൻ പാരമ്പര്യമനുസരിച്ച് അഭിഷേകത്തിനുശേഷമാണ് ജലംകൊണ്ടു മാമോദീസാ മുക്കുക. എന്നാൽ ഗ്രീക്കു പാരമ്പര്യം നേരെ മറിച്ചാണ്. A. F. J. Klijn, op. cit. p. 206.
5. ശാശ്വത ഉറവയിൽ നിന്നു ജീവജലം കുടിപ്പിക്കണമേയെന്നും, പരിശുദ്ധ്കുർബ്ബാനയുടെ ദാനമേകണമേയെന്നും വ്യാഖ്യാനിക്കാറുണ്ട്. Ibid. p. 207.
6. മാമോദീസായെ സൂചിപ്പിക്കുന്ന 'മുദ്ര'യെന്ന പദം രണ്ടാം നൂററാണ്ടിൽ വളരെ പ്രസിദ്ധമായിരുന്നു. രണ്ടാം നൂററാണ്ടിന്റെ അവസാനകാലത്തു രചിച്ച അബേർചിയൂസിന്റെ ശിലാലിഖിതത്തിൽ ക്രിസ്ത്യാനികളെ 'തിളക്കമേറിയ മുദ്ര' ധരിച്ച ജനതതിയായി വിശേഷിപ്പിക്കുന്നു.

www.malankaralibrary.com



സ്വീകരിക്കാനായി ഞങ്ങളുടെ ആത്മാക്കൾ ദൈവത്തിൻപക്കലേക്ക് തിരിഞ്ഞിരിക്കുന്നു. നീ പ്രസംഗിക്കുന്ന ദൈവത്തിന്റെ ആടുകളെല്ലാം ആ മുദ്രയാൽ അറിയപ്പെടുന്നുവെന്ന് ഞങ്ങൾ കേട്ടിരിക്കുന്നു'.

യൂദാ അവരോടു പറഞ്ഞു: 'ഞാൻ പ്രസംഗിക്കുന്ന മിശിഹായുടെ കുർബ്ബാനയിലും അനുഗ്രഹത്തിലും നിങ്ങളും ഭാഗഭാക്കുകളാകുന്നതിൽ എനിക്കതിയായ സന്തോഷമുണ്ട്.' കുളിക്കടവ് ഏഴു ദിവസത്തേക്കു അടച്ചിടണമെന്നും അവിടെ ആരും കുളിക്കരുതെന്നും രാജാവ് കല്പിച്ചു. ഏഴു ദിവസം കഴിഞ്ഞ് എട്ടാം ദിവസം രാത്രിയിൽ സ്നാനപ്പെടുത്താനായി അവർ മൂവരും കുളിക്കടവിലെത്തി. അവിടെ നിരവധി വിളക്കുകൾ കത്തിച്ചു വച്ചിരുന്നു.

27. അവർ കുളിപ്പുരയിൽ പ്രവേശിച്ചപ്പോൾ യൂദാ അവർക്കു മുമ്പേ നീങ്ങി. നമ്മുടെ കർത്താവ് അവർക്കു പ്രത്യക്ഷപ്പെട്ടുകൊണ്ടു പറഞ്ഞു: 'എന്റെ സഹോദരന്മാരേ, നിങ്ങൾക്കു സമാധാനം.' അവർ മാമോദീസ സ്വീകരിച്ചിട്ടില്ലാത്തതിനാൽ ശബ്ദം മാത്രമേ കേട്ടുള്ളു. അവനെ കാണാൻ അവർക്കു കഴിഞ്ഞില്ല. ജലസംഭരണിയുടെ അടുത്തുവന്നുനിന്ന് അവരുടെമേൽ തൈലം ഒഴിച്ചുകൊണ്ടു പറഞ്ഞു: 'മിശിഹായുടെ നാമം സമാഗതമാകട്ടെ. ഉന്നതത്തിൽനിന്നുള്ള കൃപയുടെ ശക്തിയേ, വരിക; ശ്രേഷ്ഠദാനമേ, വരിക; അനുഗ്രഹങ്ങൾ പങ്കിട്ടുകൊടുക്കുന്നവനേ, വരിക; രഹസ്യകാര്യങ്ങൾ വെളിപ്പെടുത്തുന്നവനേ, വരിക; ഏഴു ഭവനങ്ങളുടെ മാതാവും എട്ടാം ഭവനത്തിൽ പാർക്കുന്നവളുമേ വരിക, അനുരഞ്ജനത്തിന്റെ ദൂതാ, വരിക; ഈ യുവാക്കളുമായി അങ്ങു സമ്പർക്കം പുലർത്തുക; വിശുദ്ധിയുടെ ആത്മാവേ, വന്ന് ഇവരുടെ അരകളെയും ഹൃദയങ്ങളെയും വിശുദ്ധീകരിക്കുക.' അവൻ അവരെ പിതാവിന്റെയും പുത്രന്റെയും പരിശുദ്ധാത്മാവിന്റെയും നാമത്തിൽ മാമോദീസാ മുക്കി.7 അവർ വെള്ളത്തിൽനിന്ന് ഉയർന്നപ്പോൾ ഒരു യുവാവ് അവർക്കു കാണപ്പെട്ടു. അയാൾ കത്തിച്ച ഒരു വിളക്ക് കയ്യിലേന്തിയിരുന്നു. ആ യുവാവിന്റെ പ്രകാശത്തിന്റെ മുമ്പിൽ വിളക്കുകളെല്ലാം നിഷ്പ്രഭ

---

7. പിതാവിന്റേയും പുത്രന്റേയും പരിശുദ്ധാത്മാവിന്റേയും നാമത്തിൽ മാമോദീസാ മുക്കുന്നു. പരിശുദ്ധാത്മാവിന്റെ ആവാസത്തിനായി പ്രത്യേകം പ്രാർത്ഥിക്കുന്നു.

www.malankaralibrary.com



മായിപ്പോയി. അവൻ പുറത്തു കടന്നപ്പോഠം അവൻ അവർക്കു് അദൃശ്യനായി. അപ്പോഠം യൂദാ പറഞ്ഞു: 'നിൻെറ പ്രകാശത്തെ നോക്കുവാൻ പോലും ഞങ്ങഠം അശക്തരാണ്. ഞങ്ങളുടെ കാഴ്ചയ്ക്കതീതമാണു് ആ ദർശനം.' പ്രഭാതത്തിൽ പുലച്ചയ്ക്കു മുമ്പേ അപ്പമെടുത്തു മുറിച്ചു് രക്ഷകൻെറ മേശയിൽനിന്നു ഭാഗഭാക്കുകളാകുന്നതിനു് അവരെ അനുവദിച്ചു.[8] അവർ സന്തോഷചിത്തരും ആനന്ദതുന്ദിലരുമായിത്തീർന്നു. അതിനുശേഷം വളരെപ്പേർ കൂട്ടിച്ചേർക്കപ്പെട്ടു. അവരെല്ലാം മിശിഹായിൽ അഭയം തേടി. അപ്പോഠം യൂദാ അവരോടു് ഇപ്രകാരം പ്രസംഗിച്ചു: 'പുരുഷന്മാരേ, സ്ത്രീകളേ, കുഞ്ഞുമക്കളേ, യുവതികളേ, വ്യഭിചാരം, അത്യാർത്തി, പൈശാചിക സേവ എന്നിവ വിട്ടകലുവിൻ.[9] എല്ലാ ദുഷ്ടതകളും ഈ മൂന്നിൻെറ കീഴിൽ വരുന്നു. വ്യഭിചാരം ബുദ്ധി കെടുത്തുന്നു. അത്യാർത്തിവഴി ആത്മാവു് ശരീരത്തിൽ അലട്ടപ്പെടുന്നു. തൻേറതല്ലാത്തവ സ്വന്തമാക്കാൻ ആത്മാവു് വ്യഗ്രതപ്പെടുന്നു. എടുത്തവ ഉടമസ്ഥനു് തിരികെ കൊടുക്കേണ്ടിവരുമ്പോഠം ഉണ്ടാകാവുന്ന ലജ്ജ ഓർത്തു് അതു ഭയപ്പെടുന്നു. ഉദരസേവ ആത്മാവിനെ ദുഃഖത്തിലും പര്യാകുലതകളിലും ആമഗ്നമാക്കുന്നു. അതു പട്ടിണിയെ പേടിക്കുന്നു. തന്നിൽ നിന്നു വളരെ അകന്നവയെക്കൂടി എത്തിപ്പിടിക്കാൻ തത്രപ്പെടുന്നു. നിങ്ങഠം ഇവയിൽ നിന്നു വിടുവിക്കപ്പെട്ടതിനാൽ നിങ്ങഠം ദുഃഖമോ പര്യാകുലതകളോ ഇല്ലാത്തവരായി തീർന്നിരിക്കുന്നു. 'നാളെയെപ്പററി ആകുലചിത്തരാകേണ്ട; നാളെ നാളെയെപ്പററി ചിന്തിച്ചുകൊള്ളും' എന്ന വചനം നിങ്ങളിൽ അന്വർത്ഥമായിരിക്കുന്നു. നിങ്ങഠംക്കു വേണ്ടി എഴുതപ്പെട്ട മററു വചനങ്ങളും ഓർക്കുക: 'കാക്കകളെ നോക്കുവിൻ, ആകാശപ്പറവകളെ നിരീക്ഷിക്കുവിൻ, അവ വിതയ്ക്കുന്നില്ല, കൊയ്യുന്നില്ല. എന്നാൽ ദൈവം അവയെ പോററുന്നു. അല്പ വിശ്വാസികളേ, നിങ്ങളെ എത്രയധികമായി അവൻ പാലിക്കുകയില്ല.[10]' നിങ്ങളാകട്ടെ കർത്താവിൻെറ വരവിനെ പ്രതീക്ഷിച്ചിരിക്കുവിൻ; അവനിൽ പ്രത്യാശവയ്ക്കുവിൻ; അവൻെറ നാമത്തിൽ വിശ്വസിക്കുവിൻ; എന്തെന്നാൽ അവൻ ജീവിച്ചിരിക്കുന്നവരുടെയും മരിച്ചവരു

---

8. മാമോദീസാ രാത്രിയിലാണു് നല്കിയിരുന്നതു്. പിറേറ ദിവസം പ്രഭാതത്തിൽ അപ്പം മുറിക്കൽ ശുശ്രൂഷ നടത്തുന്നു.
A.F.J. Klijn op. cit, p. 211.
9. മത്തായി 15: 19; ഗലാ 5:19 —21.
10. മത്തായി 6: 26; ലൂക്കാ. 12:24.

www.malankaralibrary.com



ടെയും വിധികർത്താവാകുന്നു. തന്റെ അവസാനത്തെ വരവിൽ ഓരോരുത്തർക്കും അവരവരുടെ പ്രവൃത്തിക്ക് അനുസൃതം അവൻ പ്രതിഫലം നൽകും.[11] 'ഞങ്ങൾ അറിഞ്ഞില്ല.' എന്നാർക്കും മുടന്തൻ ന്യായം പറയുവാൻ സാധിക്കുകയില്ല. അവന്റെ അറിയിപ്പുകൾ ലോകത്തിന്റെ നാലു ഭാഗങ്ങളിലേക്കും ഇപ്രകാരം വിളംബരം ചെയ്യുന്നു: 'പശ്ചാത്തപിക്കുവിൻ; ഈ പുതിയ പ്രബോധനത്തിൽ വിശ്വസിക്കുവിൻ; ഈ ലഘുവായ നുകവും ചെറിയ ചുമടും വഹിച്ചു ജീവിക്കുവിൻ; മരിക്കാതിരിക്കാൻ ഇവ നേടുവിൻ; നശിക്കാതിരിക്കുവാൻ ഇവയിൽനിന്നു പുറത്തുവരുവിൻ; പ്രകാശം നിങ്ങളെ സ്വീകരിക്കും. നന്മയിലേക്കു വരുവിൻ; കൃപ സമ്പാദിക്കുവിൻ; കുരിശു നിങ്ങളുടെ ഹൃദയങ്ങളിൽ സ്ഥാപിക്കുവിൻ.'

29. ശ്ലീഹാ ഈ കാര്യങ്ങൾ പറഞ്ഞപ്പോൾ ചിലർ അവനോടു പറഞ്ഞു: 'കടക്കാരനു കടം തിരിച്ചുകൊടുക്കേണ്ട സമയമായിരിക്കുന്നു.' —'കടം കൊടുക്കുന്നവൻ എപ്പോഴും കൂടുതൽ തേടുന്നു. എന്നാൽ അവനർഹിക്കുന്നതു നൽകാൻ നമുക്കു ശ്രമിക്കാം' എന്നു അവൻ അവരോട് പറഞ്ഞു. അവൻ ഒലിവും അപ്പവും ആശീർവദിച്ച് അവർക്കു കൊടുത്തു. അവനും അതിൽനിന്നു ഭക്ഷിച്ചു. കാരണം, ഞായറാഴ്ച പുലരുകയായിരുന്നു. ശ്ലീഹാ രാത്രിയിൽ ഉറങ്ങിയപ്പോൾ നമ്മുടെ കർത്താവ് അദ്ദേഹത്തിന്റെ മുകളിലായി വന്നുനിന്നു ഇപ്രകാരം പറഞ്ഞു: 'തോമ്മാ, ശുശ്രൂഷാനന്തരം രാവിലെ എഴുന്നേററു മുന്നോട്ടു പോകുക; കിഴക്കോട്ടുള്ള വഴിയിലൂടെ രണ്ടു മൈൽ പോകുക; ഞാൻ നിന്നെ എന്റെ മഹത്വം കാണിക്കാം; നീ പോകുന്നതു നിമിത്തം അതിനാൽ തന്നെ അനേകർ എന്നിൽ അഭയംതേടി ജീവൻ പ്രാപിക്കും. ശത്രുവിന്റെ ശക്തിയേയും സ്വഭാവത്തെയും നിന്ദിക്കുകയും ചെയ്യും.' അവൻ നിദ്രയിൽ നിന്നുണർന്നു തന്റെ ചുററുമുള്ള സഹോദരന്മാരോട് ഇപ്രകാരം പറഞ്ഞു: എന്റെ കുട്ടികളേ, ഇന്നു നമ്മുടെ കർത്താവ് അവിടുത്തേക്ക് ഇഷ്ടമുള്ളതു നമുക്കുവേണ്ടി ചെയ്യും. അവനെതിരെ യാതൊരു എതിർപ്പുമുണ്ടാകാതിരിക്കാൻ നമുക്കു അവനോടു പ്രാർത്ഥിക്കുകയും യാചിക്കുകയും ചെയ്യാം. അവിടുത്തെ ശക്തി നമ്മിൽ സദാ കാണിക്കുവാൻ അവിടുന്നു ആഗ്രഹിക്കുന്നതുപോലെ എപ്പോഴും അവിടുത്തെ ഇഷ്ടം പൂർണ്ണമായും നിറവേററപ്പെടട്ടെ'.

ഇപ്രകാരം പറഞ്ഞശേഷം അവൻ തന്റെ കൈകൾ അവരുടെമേൽ വച്ചു; അപ്പം മുറിച്ച് അവർക്കെല്ലാം കൊടുത്തുകൊണ്ടു അവരോടു പറഞ്ഞു: 'ഈ കുർബാന നിങ്ങൾക്കു ശിക്ഷാവിധിക്കും പ്രതികാരത്തിനുമാകാതെ, കൃപയും കരുണയും പ്രദാനംചെയ്യട്ടെ.' അവർ 'ആമ്മേൻ' എന്നു പറഞ്ഞു.

11. മത്തായി 16:22.

www.malankaralibrary.com

# മൂന്നാം നടപടി

## കറുത്ത പാമ്പ്

30. നമ്മുടെ കർത്താവു പറഞ്ഞ സ്ഥലത്തേയ്ക്കു ശ്ലീഹാ പുറപ്പെട്ടു. അദ്ദേഹം രണ്ടുമൈൽ ദൂരം എത്തിയപ്പോഠം റോഡിൻെറ ഒരു വശത്തേയ്ക്കു മാറി. അവിടെ ഒരു കോമള യുവാവിൻെറ ജഡം കണ്ടു. യൂദാ പറഞ്ഞു: 'കർത്താവേ, പരീക്ഷണത്തിനുവേണ്ടിയാണോ നീ എന്നെ ഇവിടെ കൊണ്ടുവന്നതു്? എങ്കിലും നീ ഇച്ഛിക്കുന്നതുപോലെ നടക്കട്ടെ.' അദ്ദേഹം ഇപ്രകാരം പ്രാർത്ഥിച്ചപേക്ഷിച്ചു: 'ഞങ്ങളുടെ കർത്താവേ, ജീവിക്കുന്നവരുടേയും മരിച്ചവരുടേയും കർത്താവേ, ജീവനുള്ളവർ നിൽക്കുന്നു. മരിച്ചവർ കിടക്കുന്നു. ശരീരത്തിൽ വസിക്കുന്ന ആത്മാക്കളുടെ കർത്താവേ, ശരീരത്തിൽനിന്നു വേർപിരിഞ്ഞ ആത്മാക്കളുടെയെല്ലാം പിതാവേ, നിൻെറ പരിശുദ്ധ കരങ്ങഠം മെനഞ്ഞ ഈ പൂഴിയേപ്രതി ഈ മുഹൂർത്തത്തിൽ വരേണമേ കർത്താവേ, സ്വർഗ്ഗത്തിൽനിന്നു് തൃക്കൺപാർക്കണമേ. ഞാൻ അങ്ങയെ വിളിച്ചപേക്ഷിക്കുന്നു. അങ്ങേ മഹത്വം ഈ കിടക്കുന്നവനിൽ കാട്ടണമേ.' അദ്ദേഹം വീണ്ടും പറഞ്ഞു: 'ഇപ്രകാരം പ്രവർത്തിക്കുന്ന ശത്രുവിൻെറ പ്രേരണകൂടാതെയല്ല ഇതും സംഭവിച്ചതു്. തന്നിൽനിന്നു് അന്യനായ ഒരാഠംവഴിയല്ല, പിന്നെയോ തൻെറ ഇച്ഛയ്ക്കു് വഴങ്ങുന്നവൻ വഴിയത്രേ ശത്രു ഇപ്രകാരം ചെയ്യുന്നതു്.'

31. അവൻ ഇക്കാര്യങ്ങഠം പറഞ്ഞപ്പോഠം ഒരു കറുത്ത പാമ്പു് ഒരു ദ്വാരത്തിൽനിന്നു പുറത്തുവന്നു.[1] അതു് അതിൻെറ തല ഭയങ്കരമായി ആട്ടുകയും വാലു് നിലത്തു് അടിക്കുകയും ചെയ്തുകൊണ്ടിരുന്നു. ഉഗ്രശബ്ദത്തിൽ അതു് ശ്ലീഹായോടു പറഞ്ഞു: 'എന്തുകാരണം കൊണ്ടാണു് ഈ യുവാവിനെ കൊന്നതെന്നു് നിന്നോടു പറയാം. നിനക്കെതിരെയുള്ള ഗ്രാമത്തിൽ സുന്ദരിയായ ഒരു സ്ത്രീ ഉണ്ടായിരുന്നു. അവഠം ഈ വഴി കടന്നു

1. പൈശാചിക ശക്തിയെ കറുത്ത പാമ്പായി ചിത്രീകരിച്ചിരിക്കുന്നു.

www.malankaralibrary.com



പോയി. അവളെ കണ്ടപ്പോൾ എന്നിൽ കാമം ഉദിച്ചു. ഞാൻ അവളുടെ പിറകേ പോയി. ഈ യുവാവു് അവളെ ചുംബിക്കുന്നതും അവളോടുകൂടെ ശയിക്കുന്നതും ഞാൻ കണ്ടു. അരുതാത്ത പലതും അവൻ അവളുമായി പ്രവർത്തിച്ചു. അവ പറയാൻ എളുപ്പമാണു്. എന്നാൽ നിന്നോടു് അവ വിവരിക്കാൻ ഞാൻ ധൈര്യപ്പെടുന്നില്ല. കാരണം, മിശിഹായുടെ സമുദ്രജലം ഞങ്ങളുടെ സ്വഭാവത്തെ നശിപ്പിക്കുമെന്നു് എനിക്കറിയാം. അവൾ കിടിലംകൊള്ളാതിരിക്കാൻ ഞാൻ അവനെ ആ നിമിഷത്തിൽ കൊന്നില്ല. എന്നാൽ ഞാൻ അവനെ നിരീക്ഷിച്ചുകൊണ്ടിരുന്നു, വൈകിട്ടു് അവൻ ഇതിലെ കടന്നുപോയപ്പോൾ ഞാൻ അവനെ കടിച്ചുകൊന്നു. ഒരു ഞായറാഴ്ചയായിരുന്നിട്ടും ഹീനമായ വേഴ്ചയിൽ ഇടപെടുവാൻ അവൻ ഒരുമ്പെട്ടതുകൊണ്ടാണു് ഞാൻ അപ്രകാരം ചെയ്തതു്. യൂദാസ് അവനോടു ചോദിച്ചു: 'നീ ആരിൽനിന്നാകുന്നു?'

32. പാമ്പു് അവനോടു പറഞ്ഞു: 'ഞാൻ ഒരു ഉരഗജീവി; ഉരഗത്തിന്റെ മകൻ മാത്രവുമല്ല ഞാൻ ഉപദ്രവകാരിയും എല്ലാ സൃഷ്ടികളുടെയും മേൽ അധികാരം ലഭിച്ചവനും എല്ലാററിനെയും ക്ലേശിപ്പിച്ചവനുമായ നാശത്തിന്റെ പുത്രനുമാണു്. തന്നെ അനുസരിക്കുകയും തന്റെ ഇഷ്ടം പ്രവർത്തിക്കുകയും ചെയ്യുന്നവർക്കു് സ്വയം ദൈവത്തെപ്പോലെ ആക്കുന്നവന്റെ മകനാണു ഞാൻ. ആകാശത്തിൻ കീഴിൽ സൃഷ്ടിക്കപ്പെട്ട എല്ലാററിനെയും ഭരിക്കുന്നവന്റെ പുത്രനാണു് ഞാൻ. സമുദ്രത്തിനപ്പുറമുള്ളവനും വായു് ബന്ധിക്കപ്പെട്ടവനുമായവന്റെ പുത്രനാണു ഞാൻ. ഹവ്വായുമായി സംസാരിക്കുകയും അവൾ വഴി ആദാമിനെ വഴിപിഴപ്പിക്കുകയും ചെയ്തവന്റെ ബന്ധുവാണു ഞാൻ. സ്വസഹോദരനെ കൊല്ലാൻ കായേനെ പ്രേരിപ്പിച്ചതു ഞാനാണു്. ഞാൻ നിമിത്തം ഭൂമി ശാപഗ്രസ്തമായി. അതിൽ മുള്ളുകൾ മുളച്ചുവന്നു. ഇതിനായിട്ടാണു് ഞാൻ സൃഷ്ടിക്കപ്പെട്ടതു്. ഔദ്ധത്യപൂർവ്വം നീതിമാന്മാരെ ഉന്നതങ്ങളിൽ നിന്നു തട്ടിത്താഴെയിടുകയും വിഷയാസക്തി വഴി അവരെ ദുഷിപ്പിക്കുകയും ചെയ്തതു ഞാനാകുന്നു. അവർ വലിയ ശരീരമുള്ള മക്കളെ ജനിപ്പിച്ചു. അവരിൽ ഞാൻ എന്റെ ഇച്ഛ പ്രവർത്തിച്ചു. ഇസ്രായേൽ മക്കളെ കൊല്ലാനും അവരെ കഠിനമായ അടിമത്തത്തിൽ നിർത്താനും ഫറവോന്റെ ഹൃദയം കഠിനമാക്കിയതു ഞാനാണു്. മരുഭൂമിയിൽവച്ചു കാളക്കുട്ടിയെ ഉണ്ടാക്കാനായി ഞാനവരെ കീഴടക്കി; അങ്ങനെ അവരെ ഞാൻ വഴി

www.malankaralibrary.com



തെററിച്ചു. നീതിമാനായ വിധിയാളനെതിരെ ദൂഷണം
പറഞ്ഞുകൊണ്ടു് കയ്യാഫാസിനെയും ഹേറോദേസിനെയും എഴ
ന്നേല്പിച്ചതും ഞാൻ തന്നെയാണു്. മിശിഹായെ മരണത്തിനു
കയ്യാളിയാക്കാൻ വേണ്ടി യൂദാ എനിക്കു കീഴ്പ്പെട്ടപ്പോൾ കോഴ
വാങ്ങാൻ അവനെ പ്രേരിപ്പിച്ചതു ഞാനാണു്. ഈ ലോക
ത്തിൻെറ അധികാരം എനിക്കാണു നല്കപ്പെട്ടിരിക്കുന്നതു്.
എന്നാൽ മറിയത്തിൻെറ മകൻ ബലം പ്രയോഗിച്ചു് എന്നെ
പിടിക്കുകയും തൻേറതായവ എന്നിൽ നിന്നെടുത്തുമാററുകയും
ചെയ്തു. കിഴക്കുനിന്നു വരുവാനുള്ളവനും ശക്തി നല്കപ്പെട്ടവനു
മായവൻെറ ബന്ധുവാണു ഞാൻ.'

33. യൂദാ കർത്താവിനോടു് പ്രാർത്ഥിച്ചതിനാലാണു്
പാമ്പിനു് സംസാരശക്തി ലഭിച്ചതു്. അതു് ഈ കാര്യങ്ങ
ളെല്ലാം പറഞ്ഞുകഴിഞ്ഞപ്പോൾ തൻെറ സ്വഭാവത്തെക്കുറിച്ചു്
സംസാരിക്കാൻ അദ്ദേഹം അതിനെ നിർബന്ധിച്ചു. അവൻ
ഇതെല്ലാം സംസാരിച്ചപ്പോൾ ജനക്കൂട്ടം ശ്രദ്ധിച്ചുകൊണ്ടിരിക്കു
കയായിരുന്നു. ഈ അത്ഭുതങ്ങൾ കണ്ടുകൊണ്ടിരുന്നവരെ
വിശ്വാസത്തോടുകൂടിയുള്ള ഭയം ബാധിച്ചു. അവരെല്ലാവരും
ഒരേസ്വരത്തിൽ ഇപ്രകാരം പറഞ്ഞു: ഈ മനുഷ്യൻെറ ദൈവം
ഏകനാണു്; അവൻ തൻെറ ദൈവത്തെപ്പററി നമ്മെ അറിയി
ച്ചിരിക്കുന്നു; അവൻെറ ആജ്ഞയിൽ ഈ പാമ്പിനോടു കല്പി
ക്കുകയും അതു തൻെറ സ്വഭാവം വെളിപ്പെടുത്തുകയും ചെയ്തിരി
ക്കുന്നു. മനുഷ്യവാക്കുകളിൽ സംസാരിക്കാൻ പാമ്പിനോടു്
കല്പിച്ചതുപോലെ അതിനെ കൊന്നുകളയുവാനായി അവർ
അവനോടു് കേണപേക്ഷിച്ചു. അപ്പോൾ യൂദാസ് കൈകൊണ്ടു്
ഒരടയാളം കാണിച്ചു് ശബ്ദമുയർത്തി ഇപ്രകാരം പറഞ്ഞു:
'നിൻെറ സ്വഭാവം സ്പഷ്ടമായി വെളിവായിരിക്കുന്നെങ്കിലും,
നീ എന്തിനും തുനിയുന്നവനാണു്. അതുകൊണ്ടു് നീ കൊല്ല
പ്പെടണം. നിൻെറ കീഴിലുള്ളവർ ചെയ്തിരുന്നവ നീ വിളിച്ചു
പറയരുതായിരുന്നു. എന്നാൽ നിൻെറ ധിക്കാരം അതിരു
കടന്നുപോയി. നിൻെറ അന്ത്യമടുത്തു എന്നു് നീ ഭയപ്പെട്ട
മില്ല, ആയതിനാൽ ഈ യുവാവിൽ നീ കൊത്തിക്കയററിയ
വിഷം നീ തന്നെ കൊത്തിയെടുക്കണമെന്നു്, മനുഷ്യർക്കു
വേണ്ടി നിൻെറ സ്വഭാവത്തിനെതിരെ അന്ത്യംവരെ പോരാ
ടിയ ഈശോ കർത്താവിൻെറ നാമത്തിൽ ഞാൻ നിന്നോടു
പറയുന്നു. എൻെറ ദൈവമാണു് സത്യദൈവമെന്നും വേറൊരു
ദൈവമില്ലെന്നും ഈ ജനക്കൂട്ടം വിശ്വസിക്കുവാൻ അവരുടെ
കൺമുമ്പിൽവച്ചു് ഇവനെ ജീവിപ്പിക്കാനും നിന്നെ കൊല്ലാനും

www.malankaralibrary.com


എൻെറ ദൈവം എന്നെ അയച്ചിരിക്കുന്നു'. അപ്പോൾ പാമ്പ് അദ്ദേഹത്തോട് പറഞ്ഞു: 'ഞങ്ങളുടെ നാശം നീ പറഞ്ഞതു പോലെ സമാഗതമായിട്ടില്ല. ഈ യുവാവിൽ ഞാൻ കയററിയതു് തിരിച്ചെടുക്കുവാൻ നീ ആജ്ഞാപിക്കുന്നതു് എന്തു കൊണ്ടാണ്. എൻെറ പിതാവുതന്നെ ഇതു് തിരിച്ചെടുക്കുവാൻ ഭാവിച്ചാൽ, ഇതു് അവൻെറ നാശത്തിനായി ഭവിക്കുകയേ ഉള്ളു' അപ്പോൾ ശ്ലീഹാ അവനോടു പറഞ്ഞു: 'നിൻെറ പിതാവിൻെറ സ്വഭാവം കാട്ടു.' ഉടനെ പാമ്പു വന്നു ആ യുവാവിൻെറ മുറിവിൽ തൻെറ വായ് ചേർത്തുപിടിച്ചു; കുറേശ്ശയായി വിഷം വലിച്ചെടുത്തു: വിഷം പുറത്തേക്കു വരുന്നതനു സരിച്ച് ആ യുവാവിൻെറ കരുവാളിച്ച നിറം മാറിത്തുടങ്ങി, സാധാരണ നിലയിലായി; ആ പാമ്പാകട്ടെ വീർക്കുവാൻ തുടങ്ങി. വിഷം മുഴുവൻ വലിച്ചെടുത്തു കഴിഞ്ഞപ്പോൾ പാമ്പ് വാലിൽ ഉയർന്നു നിന്നു; എന്നിട്ട് ശ്ലീഹായുടെ പാദത്തിലേക്കു കുതിച്ചു; അവിടെ വീണ് അവനെ വണങ്ങി; അല്പസമയത്തി നുള്ളിൽ ശ്ലീഹായുടെ വാക്കനുസരിച്ച് ആ പാമ്പ് അവിടെ വീണു ചത്തു. ആ വിഷം വീണ സ്ഥലത്തൊരു വലിയ കുഴി യുണ്ടായി. അതു നികത്താനും പരദേശികൾക്കു വിശ്രമഭവനം പണിയാനും യൂദാ രാജാവിനോടും രാജസഹോദരനോടും കല്പിച്ചു.

34. ആ യുവാവാകട്ടെ ദൈവത്തെ മഹത്വപ്പെടുത്തി ക്കൊണ്ടിരുന്നു. അവൻ ശ്ലീഹായുടെ കരങ്ങളാൽ ജീവനിലേക്ക് വന്നതും എല്ലാ മുൻകാല പാപങ്ങളിൽനിന്നും വിടുവിക്കപ്പെട്ടതും ദൈവകൃപയാലാണല്ലോ. മനസ്സാക്ഷിയാൽ കുററപ്പെടുത്തപ്പെട്ട അവൻ കർത്താവിനോട് പ്രാർത്ഥിക്കാൻ തന്നെ സഹായിക്കണമെന്നു് ശ്ലീഹായോട് അപേക്ഷിച്ച അവൻ ഇപ്രകാരം പ്രാർത്ഥിച്ചു:[2] മഹത്വപൂർണ്ണനും കരുണാനിധിയും മഹോന്നതനുമായ ദൈവമേ, എല്ലാ സൃഷ്ടവസ്തുക്കളുടെയും നിർമ്മാതാവും സ്ഥാപകനുമേ, നിനക്ക് മഹത്വമുണ്ടായിരിക്കട്ടെ. അങ്ങു സൃഷ്ടിച്ച എല്ലാത്തിനും അങ്ങു പരിമിതിയും അതിർത്തിയും നിശ്ചയിച്ചിട്ടുണ്ടല്ലോ. ഓരോന്നിൻെറയും പ്രകൃതിക്കനുസൃതമായി ഋതുഭേദങ്ങളും നിശ്ചയിച്ചിരിക്കുന്നു. മനുഷ്യൻ ഉന്നതത്തിൽ അധികാരിയായിരിക്കാൻ നിൻെറ ദൈവത്വം ഇച്ഛിച്ചതുപോലെ നിൻെറ കൈവേലയാൽ മനു

2. സൃഷ്ടിയെക്കുറിച്ചും, മനുഷ്യൻെറ അധഃപതനത്തെക്കുറിച്ചും, ദൈവത്തിൻെറ രക്ഷാകര പദ്ധതിയെക്കുറിച്ചും നന്നായി പ്രതിപാദിച്ചിരിക്കുന്ന ഭാഗമാണിതു്.

www.malankaralibrary.com



ഷ്യനെ നിർമ്മിച്ചവൻ നീയാകുന്നു. നീ കൊടുത്ത സ്വതന്ത്രമായ ഇച്ഛാശക്തികൊണ്ട് സൃഷ്ടിക്കെതിരെ പ്രയത്നിക്കാൻ നീ അവനുവേണ്ടി മറെറാരു സൃഷ്ടി നടത്തി; എന്നാൽ മനുഷ്യൻെറ സ്വാതന്ത്ര്യസ്വഭാവം വഴിതെററിപ്പോയി; സഹസൃഷ്ടിയുടെ അടിമയായിത്തീർന്നു. അവൻ അവൻെറ ശത്രുവായി മാറി. തൻെറ സ്വാതന്ത്ര്യമായ ഇച്ഛയെ സംബന്ധിച്ച് അവൻ അവഗണന കാട്ടി എന്ന് അവൻ ദർശിച്ചു. തൻെറ സഹജീവിയിലേക്ക് ഒരു കവാടം തുറക്കപ്പെട്ടു എന്നു കണ്ടു ശത്രു സന്തോഷിച്ചു. എല്ലാം അടിമകളുടെയും മേൽ അവൻ ഭരണം നടത്തും എന്ന് അവൻ കരുതി. എന്നാൽ കരുണാനിധിയായ അങ്ങ് അങ്ങയുടെ മഹനീയ കാരുണ്യംകൊണ്ട്, ഞങ്ങളുടെമേൽ അങ്ങേ നന്മ വർഷിച്ചു. ഞങ്ങളുടെ പക്കലേക്ക്, ഞങ്ങളുടെ മനുഷ്യകുലത്തിലേക്ക്, തിരുവചനത്തെ അയച്ചു. നിൻെറ മഹനീയ പുത്രൻവഴി എല്ലാ സൃഷ്ടവസ്തുക്കളെയും നീ ക്രമപ്പെടുത്തുന്നു. നീ അവനു നല്കിയ സ്വാതന്ത്ര്യേച്ഛയിൽ നീ അവനെ സഹായിച്ചുകൊണ്ടിരുന്നു. അവൻ വരികയും, ആദ്യദിവസം മുതൽ ഞങ്ങളുടെ മനുഷ്യപ്രകൃതി ചെയ്തുകൊണ്ടിരുന്നവ തന്നെ ദർശിക്കുകയും ചെയ്തു. ഞങ്ങളുടെ പാപങ്ങൾ നീ പരിഗണിച്ചെങ്കിലും നിൻെറ നന്മയാൽ എന്നെ ജീവനിലേക്ക് കൊണ്ടുവന്നു. എന്നോടു ക്ഷമിച്ചിരിക്കുന്നതായി നീ എനിക്കു വെളിപ്പെടുത്തി. നിൻെറ സ്വർഗ്ഗീയസ്നേഹം എന്നിൽ വിതച്ചു. അടഞ്ഞിരുന്ന എൻെറ വായ് നീ തുറന്നു. അതുവഴി എൻെറ പീഡകനെപ്പററിയും നിൻെറ സമൃദ്ധമായ കൃപയെപ്പററിയും സംസാരിക്കാൻ എനിക്കു സാധിച്ചു. അവിടുത്തെ കൃപയെപ്പററി ഞാൻ പറയുന്നതനുസരിച്ച് അത് എന്നോടു കോപിക്കുന്നില്ല. അവിടുത്തെ അനന്ത സ്നേഹത്തെപ്പററി ഞാൻ സംസാരിക്കുന്നു.' യൂദാ കൈകൾ അയാളുടെ പക്കലേക്കു നീട്ടി അവനെ കെട്ടിപ്പിടിച്ചു ചുംബിച്ചുകൊണ്ടു പറഞ്ഞു: 'നമ്മുടെ കർത്താവിൻെറ കൃപ നിന്നോടും തന്നിൽ വസിക്കുന്നവരോടുംകൂടി ഉണ്ടായിരിക്കട്ടെ.' അപ്പോൾ ആ യുവാവ് പറഞ്ഞു: 'നഷ്ടപ്പെട്ടുപോയ എന്നിൽനിന്നു തൻെറ കരുണയെ പിൻവലിക്കാത്ത ദൈവമേ, നിനക്കു മഹത്വം. ഞാൻ എൻെറ ആത്മാവിനെ എങ്ങനെ നേടണമെന്ന് അങ്ങ് എന്നെ കാണിച്ചു.' നീ അവൻെറ ശ്ലീഹായാണെന്നു നിന്നെപ്പററി എന്നെ അറിയിച്ച്, എന്നോടു പറഞ്ഞു: 'എനിക്കു നിന്നിലൂടെ വളരെ കാര്യങ്ങൾ കാണിക്കുവാനുണ്ട്.' എന്നിലൂടെ വളരെ കാര്യങ്ങൾ നിനക്കു നിർവ്വഹിക്കുവാനുണ്ട്. അതിനെല്ലാം തക്കതായ പ്രതിഫലം നിനക്കു കിട്ടും. നീ വളരെപ്പേർക്ക് ജീവൻ നല്കും. അവർ ഉയരത്തിൽ,

www.malankaralibrary.com



പ്രകാശത്തിൽ, ദൈവത്തിന്റെ മക്കളായിത്തീരും. ആയതിനാൽ ശത്രുവിനാൽ ആഘാതമേല്പിക്കപ്പെട്ട ഈ യുവാവിനെ ജീവനിലേയ്ക്കു് തിരികെ കൊണ്ടുവരണമേ. എന്തെന്നാൽ നീ സദാ നിന്റെ കർത്താവിനെ കാണുന്നു. അതേ, ദൈവത്തിന്റെ ശ്ലീഹായേ, നീ ഇവിടെ വന്നതു നന്നായി. നീ അനേകരെ തന്നിലേക്കു് വലിച്ചടുപ്പിച്ചു. അവൻ നിന്നെ ഒരിക്കലും നിരാശനാക്കുകയില്ല. നീവഴി എന്നിൽ ചൊരിയപ്പെട്ട കൃപ നിമിത്തവും എന്റെ ബലഹീനതയിന്മേൽ വർഷിക്കപ്പെട്ട അവന്റെ സമൃദ്ധമായ ദാനം നിമിത്തവും എനിക്കു് വേദനകളോ പര്യാകുലതകളോ ഇല്ല. ഞാൻ അനാവശ്യ പര്യാകുലതകളിൽനിന്നും, നാശത്തിന്റെ പ്രവൃത്തികളിൽ നിന്നും സ്വതന്ത്രനാക്കപ്പെട്ടു. നീ എന്നെ ദർശിച്ച അവസ്ഥയിൽ ഞാൻ ചെയ്തിരുന്ന പ്രവൃത്തികൾ ചെയ്യാൻ എന്നെ പ്രേരിപ്പിക്കുകയും, എന്നെ വശീകരിക്കുകയും ചെയ്തുകൊണ്ടിരുന്നവനിൽനിന്നു ഞാൻ വിമോചിതനായി. അവയുടെ എതിർസംഗതികൾ പറഞ്ഞുകൊണ്ടിരുന്നവനെ ഞാൻ മനസ്സിലാക്കി. തന്റെ ബന്ധുവായ അന്ധകാരത്തിൽ തന്റെ പ്രവൃത്തികളാൽ എന്നെ വീഴ്ത്തിയവനെ ഞാൻ നശിപ്പിച്ചു: പ്രകാശത്തിന്റെ കർത്താവായ പ്രകാശത്തെ ഞാൻ കണ്ടെത്തി; ഞാൻ അവനെ കണ്ടിരുന്നില്ല. എന്നാൽ ഞാനിതാ അവനെ കണ്ടിരിക്കുന്നു. അവനെ അനുസരിക്കുകയും അവനോടു ചേരുകയും ചെയ്യുന്ന എല്ലാവരുടെയും ബോധത്തെ ഇരുട്ടാക്കുകയും അവ്യക്തമാക്കുകയും ചെയ്യുന്നവനെ ഞാൻ നശിപ്പിച്ചു. അവർ ചെയ്യുന്നതു് അവർ കാണാതിരിക്കാനും തങ്ങളുടെ പ്രവൃത്തികളെപ്പററി ലജ്ജിച്ചു പിൻതിരിയാനും അങ്ങനെ അവരുടെ പ്രവൃത്തികൾ ഇല്ലാതാകുവാനും തന്നെ. എന്നാൽ ഞാനവനെ കണ്ടെത്തിയിരിക്കുന്നു. അവന്റെ ഇഷ്ടം ചെയ്യുന്നവനു് ഒരിക്കലും മനഃസ്തപിക്കേണ്ടിവരികയില്ല. ചതി സഹചാരിയായുള്ളവനിൽ നിന്നു് ഞാൻ മോചിതനായി. ഇരുട്ടിന്റെ മറ അവനു മുമ്പേ പോകുന്നു; ലജ്ജ അവന്റെ പിമ്പേയും. ധാർഷ്ട്യം പ്രവർത്തിക്കാൻ അവൻ ധൈര്യം കാട്ടുന്നു. സമാധാനത്തിന്റെ കർത്താവും, സത്യത്തിൽ തന്നെ ഉറപ്പിക്കുന്നവനും, തിന്മയെ നീക്കിക്കളയുന്നവനുമായവനെ ഞാൻ കണ്ടെത്തിയിരിക്കുന്നു. തന്റെ പക്കലേയ്ക്കു് അനുതാപപൂർവ്വം അണയുന്നവരിൽനിന്നു് ശത്രുതയെ നീക്കുന്നവനും, അവരുടെ രോഗങ്ങൾ സൗഖ്യമാക്കുന്നവനും, അവരെ കലക്കുന്നവരെ നശിപ്പിക്കുന്നവനും നീയാകുന്നു. ദൈവത്തിന്റെ ശ്ലീഹായായ നിന്നോടു് ഞാൻ യാചിക്കുന്നു; ജീവന്റെ വചനങ്ങൾ എന്നിൽ വിതയ്ക്കണമേ. അങ്ങനെ ഞാൻ വീണ്ടും പൂർണ്ണമായി ദൈവ

www.malankaralibrary.com



സ്വരം ശ്രവിക്കട്ടെ. അവൻ എന്നെ നിനക്കു കയ്യാളിച്ചുകൊണ്ടു പറഞ്ഞു: നീവഴി ജീവിക്കുന്നവരിൽ ഒരുവനാണിവൻ; ഇനി മുതൽ ഇവൻ നിന്നോടുകൂടി ആയിരിക്കട്ടെ'.

35. യൂദാ അവനോടു പറഞ്ഞു: 'നീ സാക്ഷിച്ചതുപോലെ ഈ ദുഷ്ടനിൽ നിന്ന് നീ പഠിച്ച ഈ സംഗതികളിൽ നിന്ന് നീ പൂർണ്ണമായി സ്വതന്ത്രനായി,[3] ദൈവത്തെ ശ്രവിക്കുകയും തീഷ്ണമായ സ്നേഹത്തോടുകൂടി നീ അന്വേഷിക്കുകയും ചെയ്യുന്നെങ്കിൽ അവനെ കാണും, നീ എന്നേക്കും അവനോടുകൂടെ ആയിരിക്കും. അവന്റെ കൃപയിൽ അവനോടൊപ്പം വിശ്രമിക്കാൻ നിനക്കു കഴിയും; അവന്റെ സന്തോഷത്തിൽ നീ അവനോടുകൂടി ആയിരിക്കുകയും ചെയ്യും. എന്നാൽ നീ ശ്രദ്ധയില്ലാതെ നിന്റെ പഴയ ദുഷ്ക്കർമ്മങ്ങളാവർത്തിച്ച് അവനെ നിന്ദിച്ചാൽ, അവന്റെ സൗന്ദര്യവും അവന്റെ പ്രകാശത്തിന്റെ തേജസ്സും നിമിത്തം അവനെ നീ താല്പര്യപൂർവ്വം കാംക്ഷിച്ചതാണെങ്കിലും, നീ ദർശിച്ച ജീവിതം നിനക്കു ലഭിക്കാതെ വരും; ഇപ്പോഠം നീ ആയിരിക്കുന്ന അവസ്ഥ നഷ്ടപ്പെടുകയും ചെയ്യും.'

36. യൂദാ പട്ടണത്തിൽ വന്ന് യുവാവിന്റെ കൈയ്യുപിടിച്ചുകൊണ്ടു പറഞ്ഞു: 'എന്റെ മകനേ, നീ കണ്ട ഈ കാര്യങ്ങഠം ദൈവം ചെയ്യുന്ന നിരവധി പ്രവർത്തനങ്ങളിൽ ചിലതു മാത്രമാകുന്നു. കാണപ്പെടുന്നവയെപ്പററിയല്ല അവൻ നമുക്ക് പ്രതീക്ഷ നൽകുക. പിന്നെയോ, മഹത്തരമായ പലതും വാഗ്ദാനം ചെയ്യുന്നു. കാരണം, നാം ഈ ലോകത്തിലായിരിക്കുന്നിടത്തോളംകാലം, ദൈവവിശ്വാസികഠം പ്രാപിക്കാൻ പോകുന്നവയെപ്പററി സംസാരിക്കാൻ അശക്തരാണ്. അവൻ നമുക്കു പ്രകാശം നൽകി എന്നു പറയുമ്പോഠം, നാം കണ്ടിട്ടുള്ള ഒന്നിനെക്കുറിച്ച് നമ്മഠം പ്രസ്താവിക്കുന്നു എന്നുമാത്രം. അവിടുന്ന് നമുക്ക് ധനം നൽകിയിരിക്കുന്നു എന്നു പറയുമ്പോഠം, നാം ഈ ലോകത്തിലുള്ളതിനെപ്പററിയാണു സൂചിപ്പിക്കുക. നല്ല വസ്ത്രത്തെക്കുറിച്ച് നാം പ്രസ്താവിക്കുമ്പോഠം, പ്രഭുക്കന്മാർ അണിയുന്ന വസ്ത്രത്തെക്കുറിച്ചാണ് നാം ഓർക്കുക. സ്വാദുള്ള ഭക്ഷണം എന്നു പറയുമ്പോഠം വിലക്കപ്പെട്ടവയല്ല എന്നാണ് നാം ഉദ്ദേശിക്കുക. താല്ക്കാലിക വിശ്രമം എന്നു പറയുമ്പോഠം ശിക്ഷാവിധി ഒരുക്ക

3. ദൈവിക ജീവിതം സ്വന്തമാക്കാൻ മനുഷ്യൻ അവന്റെ പഴയ ജീവിത സാഹചര്യങ്ങഠം ഉപേക്ഷിക്കണമെന്ന് തോമ്മാ അനുശാസിക്കുന്നു. A. F. J. Klijn, op. cit. p. 230.

www.malankaralibrary.com



പ്പെട്ടിരിക്കുന്നതു് നാം അനുസ്മരിക്കുന്നു. എന്നാൽ നാം ദൈവത്തെക്കുറിച്ചും നമ്മുടെ കർത്താവായ ഈശോയെക്കുറിച്ചും, വിശുദ്ധന്മാരെക്കുറിച്ചും മാലാഖമാരെക്കുറിച്ചും കാവൽമാലാഖമാരെക്കുറിച്ചും പുതിയൊരു ലോകത്തെക്കുറിച്ചും ജീവവൃക്ഷത്തിൻെറ ജീവപ്രദമായ ഫലത്തെപ്പററിയും ജീവജലത്തിൻെറ ഉറവയെപ്പററിയും മററും സംസാരിക്കുന്നു.4 ഇതു് കണ്ണുകാണാത്തതും, ചെവി കേൾക്കാത്തതും മനുഷ്യമനസ്സിൽ ഒരിക്കലും തോന്നിയിട്ടില്ലാത്തതുമാണു്; അവിടുത്തെ സ്നേഹിക്കുന്നവർക്കു വേണ്ടി ആദിമുതൽ ദൈവം ഒരുക്കിയിരിക്കുന്നതാണിതു്. ഇതിനെക്കുറിച്ചു് ഞങ്ങൾ സംസാരിക്കുകയും പ്രസംഗിക്കുകയും ചെയ്യുന്നു. എൻെറ മകനേ, നീ ജീവിക്കുവാൻ അവനിൽ വിശ്വസിക്കുക. നീ മരിക്കാതിരിക്കാൻ അവനിൽ ശരണം വയ്ക്കുക. അവൻ കൈക്കൂലി വാങ്ങാത്തവനാണു്; നീ അതു് അവനു കൊടുക്കേണ്ട. അവൻ ബലിയിൽ പ്രീതിപ്പെടുന്നില്ല. നീ അവനു് അതു് അർപ്പിക്കേണ്ട. അവനെ നോക്കുക. അവൻ നിന്നെ നിരസിക്കുകയില്ല. അവനിലേക്കു തിരിയുക, അവൻ നിന്നെ ഉപേക്ഷിക്കുകയില്ല. അവിടുത്തെ സൗന്ദര്യം, അവിടുത്തെ സ്നേഹിക്കാൻ നിന്നെ പ്രേരിപ്പിക്കും. തന്നിൽനിന്നു് ഓടി അകലുവാൻ അവൻ നിന്നെ അനുവദിക്കുകയില്ല.

37. യൂദാ ആ ചെറുപ്പക്കാരനോടു് ഈ കാര്യങ്ങൾ പറഞ്ഞപ്പോൾ വലിയ ജനക്കൂട്ടം ചുററുംകൂടി. ശ്ലീഹാ ശിരസ്സുയർത്തിനോക്കിയപ്പോൾ തന്നെ കാണാൻ ജനങ്ങൾ തിരക്കുകൂട്ടുന്നതും ഉയർന്ന സ്ഥലങ്ങളിൽ കയറുന്നതും കണ്ടു. അപ്പോൾ അവൻ അവരോടു പറഞ്ഞു: 'മിശിഹായുടെ സമൂഹത്തിലേക്കു് വരികയും ഈശോയിൽ വിശ്വസിക്കുവാൻ ആഗ്രഹിക്കുകയും ചെയ്യുന്നവരേ, ഇതൊരു ദൃഷ്ടാന്തമായി മനസ്സിലാക്കുവിൻ, നിങ്ങൾ നിങ്ങളെ ഉയത്തുന്നില്ലെങ്കിൽ, ചെറിയവനായ എന്നെ കാണുവാൻ5 നിങ്ങൾക്കു സാധിക്കുകയില്ല. നിങ്ങളെപ്പോലെയുള്ള എന്നെ കാണാൻ നിങ്ങൾക്കു കഴിയുന്നില്ലെങ്കിൽ, നിങ്ങൾ നിങ്ങളുടെ മുൻകാല പ്രവൃത്തികൾക്കും പ്രയോജനരഹിതമായ കർമ്മങ്ങൾക്കും താൽക്കാലിക സന്തോഷങ്ങൾക്കും, നിലനിൽക്കാത്തതും നശ്വരവുമായ ധനത്തിനും ധരയിൽ

---

4. '......വിജയികളാകുന്നവക്കു ദൈവത്തിൻെറ പറുദീസായിലുള്ള ജീവവൃക്ഷത്തിൽനിന്നു് ഞാൻ ഭക്ഷിക്കുവാൻ കൊടുക്കും. (വെളി. 2:7).
5. തോമ്മാ ഉയരംകുറഞ്ഞ വ്യക്തിയായിരുന്നു എന്നു ചില പുരാതന ലിഖിതങ്ങളിൽ കാണുന്നു. Ibid. p. 232.

www.malankaralibrary.com



അടിഞ്ഞുപോകുന്ന സമ്പാദ്യങ്ങരംക്കും നേട്ടങ്ങരംക്കും ചിതലെടുക്കുന്ന വസ്ത്രങ്ങരംക്കും പഴകി നശിച്ചുപോകുന്ന സൗന്ദര്യത്തിനും ഇതെല്ലാം ഉരംക്കൊള്ളുന്നതും ഇതെല്ലാം നശിക്കുന്നതും പൊടിയായി തീരുന്നതും ആയ ശരീരത്തിനും ഉപരിയായി നാം ഉയരുന്നില്ലെങ്കിൽ, ഉയരാഴങ്ങളിൽ കാണപ്പെടുന്നവനെ നിങ്ങരംക്കെങ്ങനെ ദർശിക്കാൻ കഴിയും? എന്നാൽ ഞങ്ങരം പ്രസംഗിക്കുന്ന രക്ഷകനായ നമ്മുടെ കർത്താവീശോമിശിഹായിൽ വിശ്വസിക്കുവിൻ. നിങ്ങളുടെ ശരണം അവനിലായിരിക്കാനും, അവനിൽ എന്നേക്കും ജീവിക്കുവാനും, ദുഷ്ടലോകത്തിൽ അവൻ നിങ്ങരംക്ക് ഒരു വഴികാട്ടിയായിരിക്കുവാനും, സമുദ്രത്തിൽ അവൻ നിങ്ങരംക്ക് തുറമുഖമായിരിക്കുവാനും, ഊഷരഭൂമിയിൽ അവൻ നിങ്ങരംക്ക് ജീവജലത്തിൻെറ ഉറവയായിരിക്കുവാനും, വിശന്നുവലയുമ്പോരം ഒരു കൂട നിറയെ ഭക്ഷണമായിരിക്കുവാനും നിങ്ങളുടെ ആത്മാക്കരംക്കു വിശ്രമവും നിങ്ങളുടെ ശരീരത്തിനു സൗഖ്യദായകനും ജീവദായകനുമായിരിക്കുവാനും വേണ്ടിയാണിതു്'.

38. അപ്പോരം ജനം വിളിച്ചുപറഞ്ഞു: സജീവ ദൈവത്തിൻെറ ശ്ലീഹായേ, ജീവമാർഗ്ഗത്തിൻെറ വഴികാട്ടി, സത്യം വെളിപ്പെടുത്തുന്നവനേ നീ പ്രസംഗിക്കുന്ന മഹത്വമുള്ള ദൈവത്തിൽനിന്നു് ഞങ്ങരം അകന്നവരാണു്; അവൻ നിരവധി കാര്യങ്ങരം ഞങ്ങരംക്കുവേണ്ടി ചെയ്യുന്നു. ഞങ്ങരം അവൻേറതാണു് എന്നു പറയാൻ ഇപ്പോരം വരെ ഞങ്ങരം ധൈര്യപ്പെട്ടില്ല. കാരണം, ഞങ്ങളുടെ ചെയ്തികരം അവനിൽനിന്നകന്നവയും അവൻ വെറുക്കുന്നവയും ആയിരുന്നു. എന്നാൽ അവൻ ഞങ്ങളിൽ ദയ തോന്നി ഞങ്ങളുടെ മുൻകാല ദുഷ്കർമ്മത്തിൽ നിന്നു് ഞങ്ങളെ വിടുവിക്കുകയും, ഞങ്ങളുടെ മുൻകാല പാപങ്ങരം ഞങ്ങരംക്കെതിരെ അനുസ്മരിക്കാതിരിക്കുകയും കണക്കിലെടുക്കാതിരിക്കയും ചെയ്താൽ, ഞങ്ങരം അവിടുത്തെ ദാസന്മാരായിരിക്കുകയും അവിടുത്തെ ഇഷ്ടം പ്രവർത്തിക്കുകയും ചെയ്തുകൊള്ളാം.' യൂദാ അവരോടു പറഞ്ഞു: 'അജ്ഞതയിൽ നിങ്ങരം ചെയ്ത പാപങ്ങരം നിങ്ങരംക്കെതിരായി അവൻ കണക്കിലെടുക്കുകയില്ല; പിന്നെയോ, അറിവില്ലാതെ നിങ്ങരം ചെയ്ത മുൻകാല പാപങ്ങളും ദുഷ്ടതകളും അവിടുന്നു് നിങ്ങളോടു ക്ഷമിക്കും.'

www.malankaralibrary.com

# നാലാം നടപടി

## കഴുതക്കുട്ടി

39. റോഡിൽ താൻ നിന്നിടത്തുതന്നെ ശ്ലീഹാ നിൽക്കുകയും ദൈവരാജ്യത്തെക്കുറിച്ചും, മാനസ്സാന്തരം, പശ്ചാത്താപം എന്നിവ സംബന്ധിച്ചും ജനങ്ങളോട് സംസാരിച്ചുകൊണ്ടിരിക്കുകയും ചെയ്തു. അപ്പോൾ ഒരു കഴുതക്കുട്ടി1 വന്ന് നേരെ മുൻപിൽ നിന്നു. യൂദാ അപ്പോൾ പറഞ്ഞു: 'ദൈവം നയിച്ചതുകൊണ്ടാണ് ഈ കഴുതക്കുട്ടി ഇവിടെ വരുവാൻ ഇടയായത്. എന്നാൽ കഴുതക്കുട്ടീ, ഞാൻ നിന്നോടു പറയുന്നു. നമ്മുടെ കർത്താവിൻെറ കൃപയാൽ ഈ ജനത്തിൻെറ മുമ്പാകെ നിനക്കു സംസാരശക്തി ലഭിക്കട്ടെ. നിനക്കു തോന്നുന്നതു പറഞ്ഞുകൊള്ളുക. അങ്ങനെ ഞങ്ങൾ പ്രസംഗിക്കുന്ന സത്യദൈവത്തിൽ ഇവർ വിശ്വസിക്കട്ടെ'. അപ്പോൾ കഴുതക്കുട്ടി വായ് തുറന്ന് കർത്താവിൻെറ ശക്തിയാൽ മനുഷ്യനെപ്പോലെ സംസാരിക്കുവാൻ തുടങ്ങി: 'രക്ഷകൻെറ സഹജാതാ, അത്യുന്നതൻെറ ശ്ലീഹായേ ജീവദായകൻെറ മറഞ്ഞുകിടക്കുന്ന വചനത്തിൽ ഭാഗഭാഗിത്വമുള്ളവനേ, ദൈവപുത്രൻെറ ദിവ്യരഹസ്യങ്ങൾ സ്വീകരിക്കുന്നവനേ സ്വതന്ത്രനായി ജനിച്ചെങ്കിലും വളരെയധികംപേരെ അനുസരണയാൽ സ്വതന്ത്രരാക്കാൻ അടിമയായിത്തീർന്നവനേ, ഒരു വലിയ കുടുംബത്തിലെ അംഗമാണെങ്കിലും എല്ലാം നഷ്ടപ്പെട്ടവനേ, കർത്താവിൻെറ ശക്തിയിൽ നീ അനേകരെ ശത്രുവിൽനിന്നു വിടുവിക്കുകയും അങ്ങനെ ഇൻഡ്യാരാജ്യത്തിനു രക്ഷയ്ക്കു ഹേതുഭൂതനായിത്തീരുകയും ചെയ്യുന്നു. ദൈവത്തിൽ നിന്നകന്നുപോയ മനുഷ്യരുടെ പക്കലേക്ക് നിൻെറ ദർശനത്താലും നിൻെറ ദിവ്യവചസ്സുകളാലും

1. സംസാരശക്തിയുള്ളതോ, അല്ലാത്തതോ ആയ മൃഗങ്ങളെക്കുറിച്ചു പ്രതിപാദിക്കുക! അപ്പോക്രിഫൽ കൃതിയുടെ മറെറാരു പ്രത്യേകതയാണ് ഇവിടെ പ്രത്യക്ഷപ്പെടുന്ന കഴുതക്കുട്ടി. ദൈവത്തിൻെറ പ്രത്യേക അനുഗ്രഹത്താൽ തോമ്മായെ ജനങ്ങൾക്ക് വെളിപ്പെടുത്തിക്കൊടുക്കുന്നു.

www.malankaralibrary.com



ഇതാ അവർ ജീവനിലേക്കു തിരിഞ്ഞിരിക്കുന്നു. പട്ടണത്തിൽ എത്തിച്ചേരുന്നതുവരെ നീ എന്റെ പുറത്തുകയറി സവാരി ചെയ്യുക' യൂദാ ശബ്ദമുയർത്തി പറഞ്ഞു: 'ഈശോയേ, പരിപൂർണ്ണ കാരുണ്യത്തിന്റെ പുത്രാ, നിശ്ശബ്ദനും ശാന്തനുമായിരിക്കുന്നവനേ, സംസാരശക്തിയില്ലാത്ത മൃഗങ്ങളിലൂടെ നീ സംസാരിക്കുന്നു. അദൃശ്യനെങ്കിലും പ്രവൃത്തികളിൽക്കൂടി ദൃശ്യനായിരിക്കുന്നവനേ, ഞങ്ങളെ പോഷിപ്പിക്കുന്നവനും ഞങ്ങളുടെ സംരക്ഷകനുമേ, ഞങ്ങളുടെ ആത്മാക്കൾക്കും ഞങ്ങളുടെ ശരീരങ്ങൾക്കും ജീവൻ നൽകുന്നവനേ, ഒരിക്കലും വററാത്ത മധുരമുള്ള ഉറവയേ, അഴുക്കില്ലാത്ത തെളിഞ്ഞ ഉറവയേ, പോരാട്ടത്തിൽ തന്റെ ദാസരുടെ സഹായിയേ, ശത്രുക്കളെയെല്ലാം അവരുടെ മുമ്പിൽ ചതച്ചരയ്ക്കുന്നവനേ, ഞങ്ങൾക്കുവേണ്ടി പോരാട്ടത്തിൽ എതിർത്തുനിൽക്കുന്നവനേ, എല്ലാററിലും ഞങ്ങൾക്കു വിജയം നേടിത്തരുന്നവനേ മുറിവേല്ക്കാത്ത പോരാളീ, കീഴടക്കാൻ പാടില്ലാത്ത സൈന്യാധിപനേ, കടന്നുപോകാത്ത സന്തോഷവും വേദനകൂടാത്ത വിശ്രമവും നീ പ്രദാനംചെയ്യുന്നു. തന്റെ അജഗണത്തിനുവേണ്ടി ജീവൻ ഹോമിച്ചവനും, ചെന്നായെ കീഴടക്കി ആടുകളെ വീണ്ടെടുത്തവനുമായ നല്ലഇടയാ, അദൃശ്യനായ നിന്റെ പിതാവിലൂടെയും എല്ലാ സൃഷ്ടവസ്തുക്കളിന്മേലും ആവസിക്കുന്ന പരിശുദ്ധാത്മാവിലൂടെയും ഞങ്ങൾ നിന്നെ മഹത്വപ്പെടുത്തുകയും പുകഴ്ത്തുകയും ചെയ്യുന്നു.'

40. ശ്ലീഹാ ഈ കാര്യങ്ങളെല്ലാം പറഞ്ഞപ്പോൾ കഴുത എന്തു മറുപടിയാണു നൽകുവാൻ പോകുന്നതെന്നു ചുററും നിന്ന ജനങ്ങൾ നോക്കിക്കൊണ്ടിരുന്നു. അദ്ദേഹമാകട്ടെ അവരോടുകൂടി നിന്നുകൊണ്ട് സ്വർഗ്ഗത്തിലേയ്ക്കു ഉററുനോക്കിക്കൊണ്ടു കഴുതയോടു ചോദിച്ചു: 'നീ ആരാകുന്നു? വലിയതും മഹത്തരവുമായ സംഗതികൾ പ്രഖ്യാപിച്ച നിന്റെ ആദ്യമെന്താണ്?' കഴുത പറഞ്ഞു: 'പ്രവാചകനായ ബാലാമിനെ സേവിച്ചവരുടെ വംശത്തിൽ ഉൾപ്പെട്ടതാണുഞാൻ. നിന്റെ നാഥനായ ദൈവം എന്റെ ബന്ധുവിന്റെ പുറത്ത് സവാരിചെയ്തു. അങ്ങേയ്ക്ക് സ്വസ്ഥത നൽകുന്നതിനുവേണ്ടി ഞാനിതാ അയയ്ക്കപ്പെട്ടിരിക്കുന്നു. തന്മൂലം ഇവിടെ കൂടിയിരിക്കുന്നവർ വിശ്വാസത്തിൽ ഉറപ്പിക്കപ്പെടുന്നതിനും മററനേകർകൂടി ചേർക്കപ്പെടുന്നതിനും വേണ്ടിത്തന്നെ ഞാൻ അങ്ങേയ്ക്കു സേവനമർപ്പിച്ചുകഴിയുമ്പോൾ എന്റെ ദൗത്യം തീരും.' അപ്പോൾ തോമ്മാ പറഞ്ഞു: ഈ ദാനം

www.malankaralibrary.com



ഇപ്പോറം നിനക്കു് നൽകിയ ദൈവം നിനക്കും നിൻെറ സഖാക്കറംക്കും പൂർണ്ണമായി പിന്നീടു് ഇതു് തരും എന്നു് കരുതട്ടെ. ചെറിയവനും ബലഹീനനുമായ എനിക്കു് ഈ രഹസ്യം അപ്രാപ്യമാണു്" അദ്ദേഹം കഴുതപ്പുറത്തു കയറാൻ വിസമ്മതിച്ചു. എന്നാൽ തൻെറ പുറത്തു് സവാരിചെയ്തു് അനുഗ്രഹിക്കണെമെന്നു് കഴുത യാചിച്ചപേക്ഷിക്കാൻ തുടങ്ങി അപ്പോറം അദ്ദേഹം അതിൻെറ പുറത്തുകയറി യാത്രതുടങ്ങി. ജനക്കൂട്ടം അവൻെറ മുമ്പിലും പിമ്പിലും നടന്നിരുന്നു അവനു് എന്തു സംഭവിക്കുമെന്നും കഴുതക്കുട്ടിയെ അവൻ എങ്ങനെ വിട്ടയയ്ക്കുമെന്നും അറിയാൻ അവർ ആഗ്രഹിച്ചു.

41. അദ്ദേഹം നഗരവാതില്ക്കൽ എത്തിയപ്പോറം കഴുതപ്പുറത്തുനിന്നു് താഴെയിറങ്ങി. കഴുതയോടു് പറഞ്ഞു: 'പോകുക, നീ സംരക്ഷിക്കപ്പെട്ടതുപോലെ സംരക്ഷിക്കപ്പെടട്ടെ.' ആ സമയത്തു് ആ കഴുത അവിടെവീണു ചത്തു. അവിടെയുണ്ടായിരുന്നവർ, ആ സംഭവത്തിൽ അതീവ ദുഃഖിതരായി. അവർ ശ്ലീഹായോടു പറഞ്ഞു: 'കഴുതയ്ക്കു് വീണ്ടും ജീവൻ കൊടുക്കുക'. ശ്ലീഹാ അവരോടു് പറഞ്ഞു: 'ഈ കഴുതയ്ക്കു് ജീവൻ തിരികെ കൊടുക്കുവാൻ എനിക്കു് അസാദ്ധ്യമായതിനാലല്ല ഞാൻ അപ്രകാരം ചെയ്യാത്തതു്; പിന്നെയോ അതു് അതിനു് പ്രയോജനപ്രദമല്ലാത്തതിനാലാണു്. ഇതിനു സംസാരശക്തി നൽകിയവനു് ഇതിനെ മരണത്തിൽ നിന്നകററിനിർത്താൻ കഴിവുണ്ടായിരുന്നു. പക്ഷേ ഇതിനു് പ്രയോജനകരമാണു് മരണം[2] ഒരു കുഴികുഴിച്ചു്, കഴുതയെ അവിടെ കുഴിച്ചിടാൻ അടുത്തുനിന്നിരുന്നവരോടു ശ്ലീഹാ ആജ്ഞാപിച്ചു. അവർ അപ്രകാരം ചെയ്തു.

---

2. ജീവിക്കുന്നതിനേക്കാറം നല്ലതു് മരിക്കുന്നതാണു്. ഇതേ ആശയം പത്രോസിൻെറ അപ്പോക്രിഫൽ നടപടിയിലും കാണാം. A. F. J. Klijn, op. cit, p 236.

www.malankaralibrary.com

# അഞ്ചാം നടപടി

## ഒരു സ്ത്രീയിൽ വാസമുറപ്പിച്ച പിശാച്

42. ജനക്കൂട്ടത്താൽ അനുഗതനായി തോമ്മാശ്ലീഹാ പട്ടണത്തിൽ പ്രവേശിച്ചു. താൻ ഉയർപ്പിച്ച യുവാവിന്റെ വീട്ടിൽ പോകുന്ന കാര്യം ചിന്തിച്ചുകൊണ്ടിരുന്നു. കാരണം, അവൻ താല്പര്യപൂർവം ശ്ലീഹായോട് അപ്രകാരം അപേക്ഷിച്ചിരുന്നു. ഈ അവസരം സുന്ദരിയായ ഒരു സ്ത്രീ ഉച്ചത്തിൽ നിലവിളിച്ചുകൊണ്ടു അടുത്തുവന്നു പറഞ്ഞു: 'പുതിയ ദൈവത്തിന്റെ ശ്ലീഹായേ, ഇന്ത്യയിലേക്കു വന്നവനേ, വിശുദ്ധ ദൈവത്തിന്റെ ദാസനേ, അവൻ നീവഴി പ്രഘോഷിക്കപ്പെടുന്നു. തന്റെ പക്കലേക്കടുക്കുന്നവരുടെ ആത്മാക്കൾക്കു ജീവൻ നല്കുന്നവനും ശത്രുക്കളാൽ പീഡിപ്പിക്കപ്പെടുന്നവരുടെ ശരീരത്തിനു സൗഖ്യം പ്രദാനം ചെയ്യുന്നവനും അവിടുന്നാകുന്നു. ശ്ലീഹായേ, ഇന്ത്യയിലെ എല്ലാജനങ്ങളുടെയും ജീവന്റെ നിദാനം നീയത്രെ. നിന്റെ പക്കൽനിന്നു് എനിക്കു സംഭവിച്ചവ നിന്റെ മുൻപാകെ ഏറ്റുപറയാൻ എന്നെ അനുവദിച്ചാലും. ഒരു പക്ഷേ എനിക്കു നിന്നിൽനിന്നു് പ്രത്യാശ ലഭിച്ചേക്കും. നീ പ്രഘോഷിക്കുന്ന ദൈവത്തിൽ, ഈ നില്ക്കുന്നവർ ഉറപ്പായി വിശ്വസിക്കാനും ഇടയായേക്കും. ഞാൻ അഞ്ചു വർഷംകൊണ്ടു് കഠിനമായി ശത്രുവിനാൽ പീഡിപ്പിക്കപ്പെടുന്നു. ഞാൻ ശാന്തമായി പാർത്തിരുന്നു. എന്റെ ചുററും സമാധാനം കളിയാടിയിരുന്നു. ഞാൻ ഒന്നിനെപ്പററിയും പര്യാകുലത കാട്ടിയില്ല; ഞാൻ ആകുലതകൾ അറിഞ്ഞിരുന്നില്ല.

43. എന്നാൽ ഒരു ദിവസം ഇപ്രകാരം സംഭവിച്ചു. ഞാൻ കുളി കഴിഞ്ഞു പുറത്തുവന്നപ്പോൾ പര്യാകുലനായ ഒരു മനുഷ്യനെ കണ്ടു. അവന്റെ സ്വരവും ശബ്ദവും ബലഹീനമായിരുന്നു. അവൻ എന്നോടു പറഞ്ഞു: 'ഞാൻ നിന്നെ സ്നേഹിക്കുന്നു ഭാര്യാഭർത്താക്കന്മാർ തമ്മിൽ ലൈംഗികസംയോഗം നടത്തുന്നതുപോലെ നമ്മുക്കും പരസ്പരം വേഴ്ചയിലേർപ്പെടാം.'

www.malankaralibrary.com



ഞാൻ അവനോടു പറഞ്ഞു: 'വിവാഹവാഗ്ദാനം ചെയ്ത എൻെറ പുരുഷനു് ഞാൻ സ്വയം സമർപ്പിച്ചിട്ടില്ല. എനിക്കു പുരുഷന്മാരെ സ്വീകരിക്കാൻ സാധിക്കുകയില്ല. അങ്ങനെയെങ്കിൽ ഞാനുമായി വ്യഭിചാരം നടത്താൻ ഇച്ഛിക്കുന്ന താങ്കൾക്കു് ഞാൻ എങ്ങനെ സ്വയം സമർപ്പിക്കും?' എൻെറ കൂടെയുള്ള ദാസിയോടു് ഞാൻ പറഞ്ഞു: 'നോക്കൂ, ഈ ചെറുപ്പക്കാരൻെറ ധിക്കാരം! അശുദ്ധസംസാരം നടത്താൻ ഇവനൊരു മടിയുമില്ലല്ലോ.' അവൾ എന്നോടു പറഞ്ഞു: 'നിന്നോടു സംസാരിക്കുന്ന ഒരു വൃദ്ധനെയാണു് ഞാൻ കണ്ടതു്.' ഞാൻ വീട്ടിൽ എത്തി ഭക്ഷണം കഴിഞ്ഞപ്പോൾ അവൻ നിമിത്തം ഞാൻ ഭയചകിതയായി. കാരണം അവൻ രണ്ടു രീതികളിൽ കാണപ്പെട്ടല്ലോ അവനെപ്പററി ചിന്തിച്ചുകൊണ്ടു് ഞാൻ ഉറങ്ങുന്നതിനായി പോയി. അവൻ രാത്രിയിൽവന്നു് എന്നോടൊത്തു് അശുദ്ധസംസർഗ്ഗം നടത്തി. പകലും ഞാനവനെ കണ്ടു. എന്നാൽ ഞാൻ ഓടിക്കളഞ്ഞു. എന്നാൽ രാത്രികളിൽ അവൻ ഭീകരനായി എൻെറ പക്കൽ വന്നു് എന്നെ പീഡിപ്പിക്കാൻ തുടങ്ങി. നീ കാണുന്നതുപോലെ അഞ്ചുവർഷത്തേക്കു് അവൻ എന്നെ വെറുതേ വിടുന്നില്ല. എന്നാൽ അശുദ്ധാത്മാക്കളും പിശാചുക്കളും ദുഷ്ടാരൂപികളും അങ്ങേയ്ക്കു് പൂർണ്ണമായും വിധേയരാണെന്നും നിൻെറ പ്രാർത്ഥനയെ അവർ ഭയപ്പെടുന്നെന്നും ഞാൻ അറിയുകയും വിശ്വസിക്കുകയും ചെയ്യുന്നു. എൻെറമേൽ കൈവച്ചു പ്രാർത്ഥിക്കണമെന്നു എൻെറ നാഥാ ഞാൻ അങ്ങയോടു യാചിക്കുന്നു. മാത്രവുമല്ല ഈ പീഢനം എന്നിൽനിന്നു നീക്കുന്നതിനു് ദൈവത്തോടു് അങ്ങു് എനിക്കുവേണ്ടി പ്രാർത്ഥിക്കുകയും വേണം. അങ്ങനെ ഞാൻ സ്വതന്ത്രയായിത്തീരുകയും എൻെറ പൂർവസ്വഭാവം എനിക്കു കൈവരികയും അനുതപിക്കുള്ള സമ്മാനം എനിക്കു ലഭിക്കുകയും ചെയ്യട്ടെ.

44. ശത്രുവിൻെറ ഈ ദുഷ്പ്രേരണ കണ്ട ശ്ളീഹാ ശബ്ദമുയർത്തി പറഞ്ഞു: 'അടിച്ചമർത്താനാവാത്ത ദുഷ്ടനേ, വിശ്രമമില്ലാത്ത ശത്രുവേ, അടങ്ങിയിരിക്കാത്ത അസൂയാലുവേ, പരിശുദ്ധരെ കീഴമർത്താൻ പരിശ്രമിക്കുന്ന മ്ലേച്ഛനേ, വളരെയധികം മ്ലേച്ഛരൂപങ്ങളുള്ളവനേ, ഇഷ്ടംപോലെ പ്രത്യക്ഷപ്പെടുന്നവനേ, നിൻെറ കറുത്തനിറത്തിനു് ഒരിക്കലും വ്യതിയാനം സംഭവിക്കുന്നില്ല കാരണം, ഇതു നിൻെറ സ്വഭാവമാകുന്നു. സൂത്രശാലിയും സൽപ്രവൃത്തികളെ എതിർക്കുന്നവനുമേ, കയ്പുള്ള ഫലങ്ങൾ ഉല്പാദിപ്പിക്കുന്ന കയ്പുള്ള വൃക്ഷമേ, പരദൂഷണം പറ

www.malankaralibrary.com



യുന്ന നുണയനേ, നിൻേറതല്ലാത്തവ മോഹിക്കുന്നവനേ, തന്നിൽതന്നെ എല്ലാ വക്രതയും കുന്നുകൂട്ടുന്നവനും, തന്നേക്കാരം നല്ല രീതിയിൽ വർത്തിക്കുന്നവരെ കൈയേററം ചെയ്യാൻ മുതിരുന്നവനുമേ, എത്രനാളായി ഞാനീ കാര്യങ്ങളെക്കുറിച്ച് പറയുന്നു. മിശിഹായുടെ ദാസന്മാരുടെ ശത്രുവേ ഞാൻ കാത്തുനില്ക്കാൻ ഇടയാകാതെ നീ സ്വയം നിന്നെത്തന്നെ കാണിക്കുക. ഞങ്ങരം ഈ ജന ക്കൂട്ടത്തെ സത്യദൈവത്തിലേക്കു വിളിക്കുന്നു എന്ന് അവർ അറിയാൻ ഇടയാകട്ടെ. ശ്ലീഹാ ഈ കാര്യങ്ങരം പറഞ്ഞപ്പോരം ശത്രു അവൻെറ മുൻപിൽ വന്നുനിന്നു ശ്ലീഹായും ആ സ്ത്രീയും മാത്രമേ അവനെ കണ്ടുള്ളു മററുള്ളവരെല്ലാം ശബ്ദം കേരംക്കുക മാത്രം ചെയ്തു.

45. 'അത്യുന്നതൻെറ ശ്ലീഹായുമായി ഞങ്ങരംക്കെന്തു കാര്യം? ഈശോമിശിഹായുടെ ദാസാ ഞങ്ങരംക്ക് നീയുമായി എന്തു കാര്യം? ദൈവത്തിൻെറ വിശുദ്ധ രഹസ്യങ്ങളിൽ പങ്കുകൊള്ളുന്നവനേ, ഞങ്ങരംക്ക് നീയുമായി എന്തുകാര്യം? ഞങ്ങളുടെ സമയം ഇനിയും സമാഗതമാകാത്ത ഈയവസരത്തിൽ ഞങ്ങളെ നശിപ്പിക്കുന്നതിനായി നീ എന്തിനാഗ്രഹിക്കുന്നു? ഞങ്ങരം ആശ്രയിക്കുന്നതും ഞങ്ങരംക്കു നല്കപ്പെട്ടിരിക്കുന്നതുമായ ശക്തി എടുത്തുമാററുവാൻ നീ എന്തിനാഗ്രഹിക്കുന്നു'? ഞങ്ങളെ പുറത്താക്കത്തക്കവണ്ണം ഞങ്ങരംക്കു നീയുമായി എന്തു കാര്യം? നിന്നെ അനുസരിക്കുന്നവരുടെ മേൽ നിനക്കധികാരം ഉണ്ട്; ഞങ്ങരംക്കു കീഴ്പ്പെട്ടിരിക്കുന്നവരുടെ മേൽ ഞങ്ങരംക്കധികാരമുണ്ട്. ഞങ്ങളുടെ സമയമാകുന്നതിനുമുമ്പ് ഞങ്ങളെ കടന്നാക്രമിക്കുന്നതിനു് നീ എന്തിനാഗ്രഹിക്കുന്നു? മനുഷ്യൻ സഹമനുഷ്യനെ കടന്നാക്രമിക്കരുത് എന്നാണല്ലോ നീ പഠിപ്പിക്കുന്നതു്? നിൻേറതല്ലാത്തതു് നീ എന്തിനാഗ്രഹിക്കുന്നു? നിൻേറതു് നിനക്കു മതിയല്ലേ? നീ നിൻെറ കർത്താവായ ദൈവത്തേപ്പോലെ വ്യാപരിക്കുന്നതെന്തുകൊണ്ടാണ്? അവൻ തൻെറ മഹത്വം മറച്ചുവച്ച് ജഡത്തിൽ കാണപ്പെട്ടു; അവൻ മർത്യനാണെന്ന് ഞങ്ങരം കരുതി. എന്നാൽ, അവൻ തിരിഞ്ഞ് ഞങ്ങളെ കീഴമർത്തിക്കളഞ്ഞു. നീ അവനിൽ നിന്നു ജനിച്ചവനാണ്.[2] അവനെ ഞങ്ങളുടെ കീഴിൽ കൊണ്ടു

---

1. 'ദൈവപുത്രാ, അങ്ങ് എന്തിനാണ് ഞങ്ങളുടെ കാര്യത്തിൽ ഇടപെടുന്നതു്? ഞങ്ങളെ പീഡിപ്പിക്കാനാണോ സമയത്തിനു മുമ്പു തന്നെ അങ്ങ് ഇവിടെ വന്നിരിക്കുന്നതു്'? മത്താ 8:29
2. 'ഈശോയാണ് മിശിഹാ എന്നു് വിശ്വസിക്കുന്ന ഏവനും ദൈവത്തിൻെറ മകനാണ്''; 'അവൻ ദൈവത്തിൽ നിന്നു ജനിച്ചവനാണ്' (1 യോഹ. 5:1, 18, യോഹ. 1:13).

www.malankaralibrary.com



വരാമെന്നു് ഞങ്ങരം ചിന്തിച്ചുകൊണ്ടിരുന്നപ്പോരം അവൻ തിരിഞ്ഞു് ഞങ്ങളെ ആഴത്തിലേക്കു് ഉരുട്ടിയിട്ടു; ഞങ്ങരം അവനെ അറിഞ്ഞിരുന്നില്ല; തൻെറ മനുഷ്യത്വവും മററാവശ്യങ്ങളും ദാരിദ്ര്യവും വഴി അവൻ ഞങ്ങളെ ചതിച്ചു. ഞങ്ങരം അവനെ കണ്ടപ്പോരം അവൻ മനുഷ്യമക്കളിൽ ഒരുവൻ എന്നു മാത്രം ഞങ്ങരം ചിന്തിച്ചു. എല്ലാ മനുഷ്യർക്കും ജീവദായകനാണ് അവനെന്നു് ഞങ്ങരം ഗ്രഹിച്ചതേയില്ല. ഞങ്ങരംക്കു സ്വന്തമായവയുടെ മേൽ ഞങ്ങളുടെ സമയം പൂർത്തിയാകുന്നതുവരെ സ്വാധീനം ചെലുത്തുവാൻ അവൻ അനുവാദം തന്നു. ഞങ്ങരം ഞങ്ങളുടെ സ്വന്തം കാര്യമാണു് ചെയ്യുന്നതു്. എന്നാൽ നീയാകട്ടെ അവൻ നിനക്കു തന്നതിലുപരി സ്വന്തമാക്കാൻ ആഗ്രഹിക്കുകയും ഞങ്ങളെ പീഡിപ്പിക്കുകയും ചെയ്യുന്നു.'

46. ദുഷ്ടാരൂപി ഇവ പറഞ്ഞു് കരഞ്ഞുതുടങ്ങി. അവൻ വീണ്ടും ഇപ്രകാരം പറഞ്ഞു: 'എൻെറ നല്ല ഭാര്യേ, ഞാൻ നിന്നെ വിട്ടുപോകുന്നു. നിന്നെ വളരെ നാളുകരംക്കുമുമ്പു് ഞാൻ കണ്ടെത്തി, നിന്നിൽ ഞാൻ വസിച്ചു. എൻെറ പ്രിയമുള്ളവളെ, സഹോദരീ, നിന്നിൽ വസിക്കാമെന്നു് ഞാൻ കരുതി. എന്നാൽ ഞാൻ പോകുന്നു. എന്തുചെയ്യണമെന്നു് എനിക്കറിയില്ല. സഹായത്തിനായി ആരെ ഞാൻ വിളിച്ചപേക്ഷിക്കണം. ഞാൻ എന്തുചെയ്യണമെന്നു എനിക്കറിയാം. ഈ മനുഷ്യനെപ്പററി പ്രതിപാദിക്കാത്ത വേറൊരു രാജ്യത്തിലേക്കു് ഞാൻ പോകും. അല്ലയോ, പ്രിയേ, അവിടെ നിനക്കു പകരം മറെറാരുവളെ ഞാൻ കണ്ടെത്തും.' തുടർന്നു് അവൻ സ്വരമുയർത്തി പറഞ്ഞു: 'എന്നേക്കാരം വലിയവനായ ഒരാളിൽ അഭയം തേടിയ നിന്നോടു് ഞാൻ വിടവാങ്ങുന്നു. ഞാൻ അലഞ്ഞു നടന്നു് നിന്നെപ്പോലെ ഒരാളെ തേടിപ്പിക്കും. ഞാനങ്ങനെ ഒരാളെ കണ്ടെത്തിയില്ലെങ്കിൽ ഞാൻ നിൻെറ പക്കലേക്കു് തിരിച്ചുവരും.[3] ഇപ്പോരം ഈ മനുഷ്യൻ സമീപസ്ഥനായിരിക്കയാലാണു് നീ അവനിൽ അഭയം തേടിയിരിക്കുന്നതെന്നു് എനിക്കറിയാം. അതുകൊണ്ടു ഞാൻ ഇപ്പോരം പുറപ്പെടുന്നു. നീ നിൻെറ പൂർവാവസ്ഥ പ്രാപിക്കും. എന്നാൽ നിശയിൽ നീ ഇവനെ മറക്കുമ്പോരം നിന്നെ പ്രാപിക്കാൻ എനിക്കവസരം ഉണ്ടാകും. ആ മനുഷ്യൻ ഉച്ചരിക്കുന്നവൻെറ നാമം എന്നെ ഭയപ്പെടുത്തുന്നു.' പിശാചു് ഇതുപറഞ്ഞ നിമിഷം തന്നെ അപ്രത്യക്ഷനായി. എന്നാൽ അവൻെറ പിന്നാലെ തീയും പുകയും കാണപ്പെട്ടു. അവിടെ നിന്നവരെല്ലാം അത്ഭുതസ്തബ്ധരായി.

---

3. ലൂക്കാ. 11:23—26ൻെറ സ്വാധീനം സ്പഷ്ടമായി കാണാം.

www.malankaralibrary.com



47. ഇതെല്ലാം കണ്ട ശ്ലീഹാ അവരോടു പറഞ്ഞു: 'ശപിക്കപ്പെട്ടവൻ പ്രത്യേകമായ രീതിയിൽ ഒന്നും കാണിച്ചില്ല. അവൻെറ സ്വഭാവം കാണിച്ചെന്നേയുള്ളൂ. കാരണം, തീ അവനെ നശിപ്പിക്കുന്നു അവനിൽനിന്നു പുകച്ചുരുളുകൾ ഉയരുന്നു'. ശ്ലീഹാ തുടർന്നു പറഞ്ഞു: 'എനിക്കു വെളിപ്പെടുത്തപ്പെട്ട നിഗൂഢ രഹസ്യമായ ഈശോയേ, എൻെറ എല്ലാ സഹോദരന്മാർക്കും വെളിപ്പെടുത്തിയതിനേക്കാൾ അധികമായി ഈ രഹസ്യങ്ങൾ എനിക്ക് നീ വെളിപ്പെടുത്തി. എന്നെ ജ്വലിപ്പിക്കുന്നതും എനിക്ക് ഉച്ചരിക്കുവാൻ സാധിക്കാത്തതുമായ വാക്കുകൾ അങ്ങ് എന്നോട് സംസാരിച്ചു. മനുഷ്യനായി പിറക്കുകയും കൊല്ലപ്പെടുകയും മരിക്കുകയും ചെയ്ത ഈശോയേ, ദൈവവും ദൈവപുത്രനും ജീവദാതാവും, മരിച്ചവരെ ഉയിർപ്പിക്കുന്നവനുമായ ഈശോയേ, ദരിദ്രനും, ഉച്ചയൂണിനും അത്താഴത്തിനും മീൻ പിടിക്കുന്നവനുമായ ഈശോയേ, ചെറിയ ഒരപ്പംകൊണ്ട് അനേകായിരങ്ങളെ തീററിപ്പോററിയ ഈശോയേ, മനുഷ്യനെപ്പോലെ യാത്രാക്ഷീണംമൂലം വിശ്രമിക്കുന്നവനും, ദൈവത്തെപ്പോലെ തിരമാലകൾക്കു മുകളിലൂടെ നടക്കുന്നവനുമായ ഈശോയേ:

48. അനന്തമായ കാരുണ്യത്തിൽനിന്ന് ഉയിർക്കൊണ്ട ശ്രേഷ്ഠവചനമായ ഈശോയേ, സകലരുടെയും രക്ഷകാ,[4] വിമോചകനേ, ലോകത്തിൻെറ ഭരണകർത്താവേ, മരിച്ചവരെ ഉയിർപ്പിക്കുന്നവനേ, ദുഷ്ടനെ അഗാധത്തിലേക്ക് തള്ളിയിടുകയും സൗഭാഗ്യസ്ഥലത്തു അവൻെറ സമ്പാദ്യങ്ങൾ സമാഹരിക്കയും ചെയ്തവനും പിതാവിൻെറ വലതുകരവുമായ ഈശോയേ, സകലത്തിൻെറയും രാജാവും സകലത്തേയും കീഴടക്കുന്നവനുമായ ഈശോയേ, പിതാവിലായിരിക്കുകയും പിതാവ് നിന്നിലായിരിക്കുകയും എന്നാൽ ഒരേ അധികാരവും ഇച്ഛയും മഹത്വവും സത്തയും ആയിരിക്കുകയും ചെയ്യുന്ന ഈശോയേ, ഞങ്ങളെപ്രതി നീ അനേകം പേരുകളിൽ അറിയപ്പെടുന്നു. നീ ശരീരം ധരിച്ച പുത്രനാണ്; നീ നസ്രായനായിത്തീർന്നു. ദൈവമായ നിൻെറ കൃപ ഞങ്ങളെ പരിപാലിക്കുന്നു. അത്യുന്നതൻെറ പുത്രനായ നീ നിന്ദിക്കപ്പെട്ടവനും വിനീതനുമായിത്തീർന്നു. ഈശോയേ, നിന്നോടു യാചിക്കുന്നതൊന്നും നീ നിരസിക്കുന്നില്ല. എല്ലാ മനുഷ്യരുടെയും ജീവൻെറ ഹേതു നീയാകുന്നു. ഞങ്ങളെപ്രതി ചതിയൻ എന്നു വിളിക്കപ്പെട്ട

---

4. മാമോദീസായ്ക്കു് മുമ്പുള്ള പ്രാർത്ഥനയാണിതു്. മാനവരക്ഷയ്ക്കായി ക്രിസ്തുനാഥൻ ചെയ്ത പ്രവൃത്തികൾ ഇവിടെ വിവരിക്കുന്നു: A. F. J. Klijn, op. cit p. 241.

www.malankaralibrary.com



ഈശോയേ, നീ നിൻെറ മനുഷ്യകുലത്തെ ചതിയിൽ നിന്നു രക്ഷിച്ചു. കർത്താവേ, ഇപ്പോഠം ഇവിടെ കൂടിയിരിക്കുകയും നിന്നിൽ വിശ്വസിക്കുകയും, നിൻെറ സഹായത്തിനായി കാത്തിരിക്കയും, നിൻെറ ദാനത്തെ പ്രതീക്ഷിക്കുകയും നിൻെറ മഹനീയതയിൽ അഭയം തേടുകയും ഞങ്ങളിലൂടെ ഉച്ചരിക്കപ്പെടുന്ന അങ്ങയുടെ വചനം ശ്രവിക്കാൻ ചെവി തുറന്നിരിക്കുകയും ചെയ്യുന്ന ഈ സമൂഹത്തിനുവേണ്ടി ഞാൻ അങ്ങയോട് പ്രാർത്ഥിക്കുന്നു. നിൻെറ കൃപ ഇറങ്ങിവരട്ടെ; നിൻെറ വിശ്വാസം അവരിൽ വസിച്ച്, അവരുടെ കഴിഞ്ഞകാല ചെയ്തികളിൽ നിന്ന് അവരെ ശുദ്ധീകരിച്ച് നവീകരിക്കട്ടെ; പഴയ മനുഷ്യനെ അവൻെറ മ്ലേച്ഛതകളോടുകൂടി അവർ ഉരിഞ്ഞുകളയട്ടെ; ഞാൻ പ്രസംഗിച്ച പുതിയ മനുഷ്യനെ അവർ ധരിക്കട്ടെ.'

49. അവൻ തൻെറ കരം അവരുടെമേൽ വച്ച്, അവരെ അനുഗ്രഹിച്ചുകൊണ്ടു പറഞ്ഞു: 'നമ്മുടെ കർത്താവിൻെറ കൃപ നിങ്ങളുടെമേൽ എന്നുമെന്നേക്കും ഉണ്ടായിരിക്കട്ടെ, ആമേൻ.' ആ സ്ത്രീ അവനോട് യാചിച്ചപേക്ഷിച്ചു: 'അത്യുന്നതൻെറ ശ്ലീഹായേ, ശത്രു മേലിൽ എൻെറ മേൽ വരാതിരിക്കാൻ എനിക്ക് എൻെറ കർത്താവിൻെറ മുദ്ര തന്നാലും.' അവൻ സമീപത്തുണ്ടായിരുന്ന നദിയിലേക്കുപോയി അവളെ പിതാവിൻെറയും പുത്രൻെറയും പരിശുദ്ധാത്മാവിൻെറയും നാമത്തിൽ മാമോദീസാ മുക്കി,[5] അവളോടുകൂടി മററനേകരും സ്നാനമേററു. കർബാനയ്ക്ക് ഒരുക്കാൻ ഉടനെ ഡീക്കനോടു കല്പിച്ചു. അവൻ മേശ കൊണ്ടു വന്ന് തുണിവിരിച്ചു. അനുഗ്രഹത്തിൻെറ അപ്പം അതിന്മേൽ കൊണ്ടുവന്നുവച്ചു. ശ്ലീഹാ മേശയുടെ അടുത്തു വന്നു നിന്നു പറഞ്ഞു: ഈശോയേ നിൻെറ വിശുദ്ധ ശരീരത്തിൻ പക്കലേക്കടുക്കുന്നതിനും നിൻെറ ജീവദായകമായ രക്തത്തിൽ ഭാഗഭാക്കാകുന്നതിനും ഞങ്ങളെ നീ യോഗ്യരാക്കിയതിനാലും നിന്നിലുള്ള പ്രത്യാശയാലും ഞങ്ങഠം ധൈര്യപൂർവം നിൻെറ പക്കലണഞ്ഞ് നിൻെറ വിശുദ്ധ നാമം വിളിച്ചപേക്ഷിക്കുന്നു. നിൻെറ ദൈവത്വം ആഗ്രഹിച്ചപ്രകാരം നിബിയന്മാർ ആ നാമമാണല്ലോ പ്രഘോഷിച്ചത്. നിൻെറ കൃപയ്ക്കൊത്തവണ്ണം നിൻെറ ശ്ലീഹന്മാർ ലോകം മുഴുവൻ നിന്നെ പ്രസംഗിച്ചു. നിൻെറ കരുണയാൽ നീതിമാന്മാർക്ക് നീ വെളിപ്പെടുത്ത

5. മാമോദീസായെക്കുറിച്ചും വി. കർബാനയെക്കുറിച്ചും പ്രതിപാദിക്കുന്നു.

www.malankaralibrary.com



പ്പെടുന്നു. ഞങ്ങളുടെ സഹായത്തിനും ജീവനും നിന്റെ ദാസന്മാരുടെ മാനസ്സാന്തരത്തിനുംവേണ്ടി നീ ഇറങ്ങിവന്ന് ഞങ്ങളുമായി സംസർഗ്ഗം ചെയ്യണമേ. അങ്ങനെ അവർ നിന്റെ മധുരമേറിയ നുകത്തിൻ കീഴിലും നിന്റെ അജയ്യ ശക്തിയിൻ കീഴിലും വന്നു വസിക്കാൻ ഇടയാകട്ടെ. ഇതു് നിന്റെ സജീവ ലോകത്തിൽ അവരുടെ ആത്മാക്കളുടെ ആരോഗ്യത്തിനും ശരീരങ്ങളുടെ ജീവനും കാരണമാകട്ടെ.'

50. അദ്ദേഹം തുടർന്നു പറഞ്ഞു: 'ശ്രേഷ്ഠദാനമേ, വന്നാലും; പരിപൂർണ്ണ കരുണയേ, വന്നാലും; പരിശുദ്ധാത്മാവേ, വന്നാലും; തിരഞ്ഞെടുക്കപ്പെട്ടവരുടെ രഹസ്യങ്ങളെ പ്രവാചകന്മാരുടെ ഇടയിൽ വെളിപ്പെടുത്തുന്നവനേ, വന്നാലും; ഞങ്ങളുടെ വിജയശ്രീലാളിതനായ യോദ്ധാവിന്റെ പോരാട്ടങ്ങളെപ്പററി ശ്ലീഹന്മാർ പ്രഘോഷിച്ചവനേ, വരിക; ഔന്നത്യത്തിന്റെ ഭണ്ഡാകാരമേ, വരിക; അത്യുന്നതന്റെ കരുണയ്ക്കു പാത്രീഭൂതനായവനേ, വരിക; അത്യുന്നതന്റെ രഹസ്യങ്ങൾ വെളിപ്പെടുത്തുന്ന നിശ്ശബ്ദനേ, വരിക; നിഗൂഢമായവ വെളിപ്പെടുത്തുകയും നമ്മുടെ ദൈവത്തിന്റെ പ്രവർത്തനങ്ങളെ ചൂണ്ടിക്കാണിച്ചുതരികയും ചെയ്യുന്നവനേ, വരിക. രഹസ്യമായി ജീവൻ തരികയും പ്രവൃത്തികളിൽ അതു വെളിപ്പെടുത്തുകയും ചെയ്യുന്നവനേ, വരിക. തന്റെ പക്കലേക്കണയുന്നവർക്കു് സന്തോഷവും വിശ്രമവും നല്കുന്നവനേ, വരിക. പിതാവിന്റെ ശക്തിയും പുത്രന്റെ ജ്ഞാനവുമേ, വരിക; ഇതാ അങ്ങു് എല്ലാററിലും ഏകനാകുന്നു. ഞങ്ങൾ അർപ്പിക്കുന്ന ഈ കർബാനയിൽ, ഞങ്ങളർപ്പിക്കുന്ന ഈ സമർപ്പണത്തിൽ, ഞങ്ങൾ നിർവ്വഹിക്കുന്ന ഈ അനുസ്മരണയിൽ അങ്ങു് ഞങ്ങളോടു് സംസർഗ്ഗം ചെയ്യേണമേ.'[6] അതിനുശേഷം ശ്ലീഹാ അപ്പത്തിന്മേൽ കുരിശടയാളം വരച്ചു് കൊടുക്കുവാൻ തുടങ്ങി. ആദ്യമായി ആ സ്ത്രീക്കു് നല്കിക്കൊണ്ടുപറഞ്ഞു: 'ഇതു നിന്റെ ലംഘനങ്ങളുടെയും പാപങ്ങളുടെയും മോചനത്തിനും നിത്യപുനരുത്ഥാനത്തിനും ഹേതുവായിഭവിക്കട്ടെ'. തുടർന്നു്, മാമ്മോദീസാ സ്വീകരിച്ച എല്ലാവർക്കും അദ്ദേഹം കുർബ്ബാന നല്കിക്കൊണ്ടു അവരോടു പറഞ്ഞു: 'ഈ കുർബ്ബാന നിങ്ങൾക്കു് ഒരിക്കലും ന്യായവിധിക്കോ പ്രതികാരത്തിനോ ഹേതുവാകാതെ, നിത്യജീവനും വിശ്രാന്തിക്കുമായി ഭവിക്കട്ടെ.'[7] അവരെല്ലാം 'ആമ്മേൻ' എന്നു പറഞ്ഞു.

---

6. കർബാനയിലെ റൂഹാക്ഷണ പ്രാർത്ഥനയുടെ സൂചന.
7. അദ്ദായിയുടെയും മാറിയുടെയും അനാഫറായിൽ ഇതേ പ്രാർത്ഥന കാണുവാൻ സാധിക്കും. Ibid. p. 246.

www.malankaralibrary.com

# ആറാം നടപടി

## സ്ത്രീയെ കൊന്ന യുവാവ്

51. ഒരു യുവാവ് അവിടെ ഉണ്ടായിരുന്നു. വളരെ ദുഷിച്ച ഒരു പ്രവൃത്തി ചെയ്ത അവൻ അടുത്തുവന്ന് കുർബ്ബാന എടുത്ത് തന്റെ വായിൽ വയ്ക്കാൻ തുടങ്ങിയപ്പോൾതന്നെ അവന്റെ രണ്ടു കൈകളും തളർന്നുപോയി; നാവിലേക്ക് അടുപ്പിക്കാൻ അവനു കഴിഞ്ഞില്ല. അവനോടുകൂടി ഉണ്ടായിരുന്നവൻ ശ്ലീഹായെ വിവരം അറിയിച്ചു. ശ്ലീഹാ അവനെ വിളിച്ചു പറഞ്ഞു: 'മകനേ, നീ എന്താണു പ്രവർത്തിച്ചത്? നീ എന്തിനിവിടെ വന്നു? എന്നോടു പറയാൻ നീ ലജ്ജിക്കേണ്ട. കർത്താവിന്റെ ദാനം ഇതാ നിന്നെ കുററം വിധിച്ചിരിക്കുന്നു. സ്നേഹത്തിലും സത്യത്തിലും വിശ്വാസത്തിലും ഇതിനണയുന്ന അനേകരെ ഇത് സുഖപ്പെടുത്തുന്നു, എന്നാൽ അതു് പൂർണ്ണമായി നിന്നെ തളർത്തിക്കളഞ്ഞു. ഒരു കാരണവുമില്ലാതെയല്ല നിനക്കിതു സംഭവിച്ചതു്.' കർത്താവിന്റെ കുർബ്ബാന തന്നെ കുററം വിധിച്ചു എന്നറിഞ്ഞ ആ യുവാവ് ഓടിവന്നു് ശ്ലീഹയുടെ പാദങ്ങളിൽവീണു്, തനിക്കുവേണ്ടി അപേക്ഷിക്കണമെന്നു് യാചിച്ചപേക്ഷിച്ചു. 'ഞാൻ ഒരു ദുഷ്പ്രവൃത്തിചെയ്തു പട്ടണത്തിനു പുറത്തുള്ള സത്രത്തിലെ ഒരു പെൺകുട്ടിയെ ഞാൻ സ്നേഹിച്ചു. അവരം എന്നെയും സ്നേഹിച്ചു. അങ്ങു് പ്രസംഗിക്കുന്ന സത്യത്തെക്കുറിച്ചു്, അങ്ങു് സംസാരിക്കുന്ന ദൈവത്തിലുള്ള വിശ്വാസത്തെക്കുറിച്ചു ഞാൻ കേട്ടതിനാലും, അങ്ങു് ദൈവത്തിന്റെ ശ്ലീഹായാണെന്ന സത്യം ഞാൻ മനസ്സിലാക്കിയതിനാലും ഞാനും മററുള്ളരോടൊപ്പം മുദ്ര സ്വീകരിച്ചു. എന്നാൽ, അശുദ്ധസംയോഗത്തിൽ, പ്രത്യേകിച്ചു് വേശ്യാവൃത്തിയിൽ ഏർപ്പെടുന്നവർക്കു് ഞാൻ പ്രസംഗിക്കുന്ന ദൈവത്തോടുകൂടി ജീവനില്ല എന്നു് അങ്ങു് പറയുന്നല്ലോ. അവളെ ഞാൻ സ്നേഹിച്ചതിനാൽ അവളോടു് കേണപേക്ഷിക്കുകയും നീ പ്രസംഗിക്കുന്നതുപോലെ എന്നോടുകൂടി പരിശുദ്ധവും വെടിപ്പുള്ളതും, ശാന്തവും, ശുദ്ധവും വിനയാന്വിതവും ആയ ജീവിതം നയിക്കാൻ അവളെ പ്രേരിപ്പിക്കുകയും ചെയ്തു.

www.malankaralibrary.com



എന്നാൽ അവളതിനു സമ്മതിച്ചില്ല.1 അവരം ശ്രദ്ധിക്കുന്നില്ലെന്നു കണ്ടു് ഞാൻ അവളോടൊത്ത് ശയിക്കുകയും അവളെ കൊല്ലുകയും ചെയ്തു. അവരം മറെറാരുവനുമായി സംഗമിക്കുന്നതു സഹിക്കുവാൻ എനിക്കു കഴിഞ്ഞില്ല.'

52. ഇക്കാര്യങ്ങരം കേട്ടപ്പോരം ശ്ലീഹാ പറഞ്ഞു: 'ലജ്ജയില്ലാത്ത ദുഷ്കാമമേ, ഇപ്രകാരമെല്ലാം പ്രവർത്തിക്കാൻ ഈ മനുഷ്യനെ എന്തിനു പ്രേരിപ്പിച്ചു? നാശത്തിൻെറ സ്നേഹിതാ, നിന്നോടു ചെറുത്തുനിൽക്കാൻ എന്തുകൊണ്ടു് ഈ ചെറുപ്പക്കാരനു കഴിഞ്ഞില്ല? ഓ, ദുഷിച്ച സംയോഗമേ, ഇതു് എങ്ങനെ മനുഷ്യമനസ്സുകളെ ദുഷിപ്പിച്ചു. മിശിഹായുടെ നൈർമ്മല്യത്തിൽനിന്നു് അതിനെ അകററിക്കളയുന്നു! ഓ, കൊടിയ വഞ്ചനയേ, അതെത്രമാത്രം അതിരുകടന്നു് വളർന്നു പന്തലിക്കുന്നു.' ഒരു പാത്രത്തിൽ കുറേ വെള്ളം കൊണ്ടുവരാൻ ശ്ലീഹാ നിർദ്ദേശിച്ചു. അവർ വെള്ളംകൊണ്ടുവന്നു. ദൈവത്തെ മഹത്വപ്പെടുത്തി, അതു് ആശീർവദിച്ചുകൊണ്ടു ശ്ലീഹാ പറഞ്ഞു: 'സജീവജലം ഞങ്ങരംക്കു് നല്കിയ ജലം; മഹത്വപൂർണ്ണനായ സ്വയംഭൂവിനാൽ അയയ്ക്കപ്പെട്ട പ്രകാശം; കൃപാവരം അയച്ച കൃപാവരം; അവിടുത്തെ അജയ്യമായ ശക്തി ഇറങ്ങിവരട്ടെ. നിൻെറ ദയയും നിൻെറ സൗഖ്യദായകശക്തിയും ഇറങ്ങി ഈ വെള്ളത്തിൽ ആവസിക്കട്ടെ. ഞങ്ങളുടെ ജീവദാതാവായ ഈശോയേ, നിൻെറ നാമം ഈ ജലത്തിന്മേൽ ഞാൻ ഉച്ചരിക്കുന്നു.' അദ്ദേഹം വീണ്ടും പറഞ്ഞു: 'പരിശുദ്ധാത്മാവിൻെറ ദാനം നിന്നിൽ പൂർത്തീകരിക്കപ്പെടട്ടെ.' ആ യുവാവിനോടു പറഞ്ഞു: 'ഈ ജലത്തിൽ നിൻെറ കൈകരം കഴുകുക.' അവൻ പോയി തൻെറ കൈകരം കഴുകി; അവ തളർന്നുപോകുന്നതിനു മുമ്പുള്ള സ്ഥിതി പ്രാപിച്ചു. ശ്ലീഹാ അവനോടു പറഞ്ഞു: 'നമ്മുടെ കർത്താവിനു് എല്ലാം കഴിവുണ്ടെന്നു നീ അവനിൽ വിശ്വസിക്കുന്നുവോ?' ആ യുവാവ് പറഞ്ഞു: 'എനിക്കു വിശ്വാസക്കുറവില്ല. ഞാൻ ദൈവത്തിൽ വിശ്വസിക്കുന്നതുകൊണ്ടാണു് ഞാനിതു ചെയ്തതു്. ഞാൻ നന്നായി പ്രവർത്തിച്ചു എന്നു കരുതുകയും ചെയ്തു. ഞാൻ നേരത്തെ നിന്നോടു പറഞ്ഞതുപോലെ അവളോടു കേണപേക്ഷിച്ചു. എന്നാൽ എന്നെ ശ്രവിക്കുന്നതിനും ശുദ്ധതയിലും നിർമ്മലതയിലും ജീവിക്കുന്നതിനും അവരം മനസ്സു വച്ചില്ല. അതിനാലാണു് ഞാൻ അപ്രകാരം ചെയ്തതു്''2.

1. വിവാഹിതർപോലും ലൈംഗികബന്ധം ഉപേക്ഷിക്കണം എന്നതു് ഗ്നോസ്റ്റിക്കു് അബദ്ധോപദേശമാണു്.
2. തികച്ചും അബദ്ധജഡിലമായ ഗ്നോസ്റ്റിക്കു് തത്ത്വങ്ങളാണിവ. ക്രിസ്തുമതവുമായി ഇതിനു് ബന്ധമില്ല.

www.malankaralibrary.com



53. യൂദാ അവനോടു പറഞ്ഞു: 'നീ വരു, ഇതു പ്രവർത്തിച്ച സത്രത്തിലേക്ക് നമുക്കു പോകാം. അവൻ ശ്ലീഹായുടെ മുമ്പേ പോയി. ഒരു വലിയ ജനക്കൂട്ടം അദ്ദേഹത്തെ അനുഗമിച്ചിരുന്നു. അവർ സത്രത്തിൽ എത്തി, എല്ലാവരും അകത്തു പ്രവേശിച്ചു. അപ്പോൾ ആ സ്ത്രീ മരിച്ചുകിടക്കുന്നതായി അവർ കണ്ടു. അവളൊരു പെൺകുട്ടിയായിരുന്നതിനാൽ അവളെ കണ്ടപ്പോൾ ശ്ലീഹായ്ക്കും ദുഃഖം ഉണ്ടായി. അവളെ എടുത്തു സത്രത്തിന്റെ നടുവിലേക്കു കൊണ്ടുവരുവാൻ അദ്ദേഹം ആജ്ഞാപിച്ചു. അവർ അവളെ അവിടെ നിന്നെടുത്ത് ഒരു കിടക്കയിൽ കിടത്തി. അവളുടെ ദേഹത്തു കൈകൾ വച്ചുകൊണ്ട് യൂദാതോമ്മാ ഇപ്രകാരം പ്രാർത്ഥിച്ചു: 'ഈശോയേ, ഞങ്ങൾ എപ്പോൾ വിളിച്ചാലും ഞങ്ങളെ നിഷേധിക്കാത്ത ജീവദായകാ, ഞങ്ങൾ അന്വേഷിക്കുമ്പോൾ ഞങ്ങളുടെ പക്കലേക്കു വരുന്ന ഈശോയെ ഞങ്ങൾ അന്വേഷിക്കുമ്പോൾ ഞങ്ങളെ ശ്രവിക്കുവാൻ ചെവി ചായിച്ചിരിക്കുന്നവനേ, പ്രാർത്ഥിക്കാൻ ഞങ്ങളെ പഠിപ്പിച്ച ഈശോയേ, ഞങ്ങളുടെ ശാരീരിക നേത്രങ്ങൾക്ക് ഗോചരനല്ലാത്ത അവിടുന്ന് ഞങ്ങളുടെ ബുദ്ധിയുടെ കണ്ണുകൾകൊണ്ടു നോക്കുമ്പോൾ അവിടുന്നു ഞങ്ങളോടു വളരെ അടുത്തിരിക്കുന്നു. നീ ഞങ്ങളിൽ നിന്ന് മറഞ്ഞിരിക്കുന്നു; എന്നാൽ നിന്റെ കൃപയിലും, നിന്റെ കർമ്മങ്ങളുടെയും പ്രവർത്തനങ്ങളുടെയും പരിപാലനയിലും ഞങ്ങൾക്ക് നീ വെളിപ്പെടുത്തപ്പെട്ടിരിക്കുന്നു. ഞങ്ങളുടെ കഴിവനുസരിച്ചു ഞങ്ങൾ നിന്നെ അറിയുന്നു; എന്നാൽ നിന്റെ ദാനത്താൽ കഴിവിനതീതമായി ഗ്രഹിക്കാൻ ഞങ്ങൾക്കു കഴിയുന്നു; 'ചോദിക്കുവിൻ നിങ്ങൾക്കു തരപ്പെടും; അന്വേഷിക്കുവിൻ നിങ്ങൾ കണ്ടെത്തും; മുട്ടുവിൻ നിങ്ങൾക്കു തുറന്നുകിട്ടും' എന്ന് അവിടുന്നു പറഞ്ഞിട്ടുണ്ടല്ലോ. ഞങ്ങളുടെ കർത്താവേ, ഞങ്ങളുടെ നിയമലംഘനങ്ങളും ഞങ്ങളുടെ പാപങ്ങളും നിമിത്തം ഞങ്ങൾ ഭയവിഹ്വലരായിരിക്കുന്നു. നീ നിന്റെ ദയയാൽ നിന്റെ കൃപ ഞങ്ങളുടെമേൽ ചൊരിയണമെന്ന് ഞങ്ങൾ പ്രാത്ഥിക്കുന്നു. സ്വർണ്ണമൊ, വെള്ളിയൊ, ധനമൊ, സമ്പാദ്യങ്ങളൊ, വസ്തുവകകളൊ, വസ്ത്രങ്ങളൊ, ഈ ലോകത്തിന്റേതായ മറെറന്തെങ്കിലും ഭൗതിക വസ്തുക്കളൊ അല്ല ഞങ്ങൾ തേടുന്നത്. പിന്നെയോ, അങ്ങയുടെ മഹത്വത്തിനും നിന്റെ ദൈവത്വത്തിന്റെ സ്തുതിക്കും, ഈ നില്ക്കുന്നവർ നിന്നിലുള്ള വിശ്വാസത്തിൽ ഉറപ്പുള്ളവരാകുന്നതിനും വേണ്ടി നിന്റെ മുമ്പിൽ കിടക്കുന്ന ഈ സ്ത്രീയേ നിന്റെ നാമത്തിൽ ഉയിർപ്പിക്കണമെന്ന് നിന്റെ നന്മയോട് ഞങ്ങൾ യാചിക്കുന്നു.'

www.malankaralibrary.com



54. അതിനുശേഷം അദ്ദേഹം ആ യുവാവിനോടു പറഞ്ഞു: 'നിന്റെ മനസ്സ് നമ്മുടെ ദൈവത്തിങ്കലേയ്ക്കു ഉയർത്തുക.' അതിനുശേഷം അദ്ദേഹം അവന്റെമേൽ റൂശ്മാ ചെയ്തുകൊണ്ട് പറഞ്ഞു: നീ പോയി അവളുടെ കൈയ്ക്കുപിടിച്ചു പറയുക: 'എന്റെ സ്വന്തം കൈകൾകൊണ്ട് ഒരു ഇരുമ്പുവടി ഉപയോഗിച്ച് നിന്നെ ഞാൻ കൊന്നു. എന്നാൽ എന്റെ വിശ്വാസത്താൽ ഈശോ അവിടുത്തെ കൃപയാൽ നിന്നെ ഉയിർപ്പിക്കുന്നു.' ആ യുവാവ് പോയി അവളുടെ അടുത്തുനിന്നുകൊണ്ട് പറഞ്ഞു: 'എന്റെ കർത്താവായ മിശിഹാ രാജാവേ, പിതാവിന്റെ ദാനമേ, ഞാൻ സത്യമായി നിന്നിൽ വിശ്വസിച്ചു നിന്നിലാണ് എല്ലാ സഹായങ്ങളും എല്ലാ അനുഗ്രഹങ്ങളും എല്ലാ രോഗവിമുക്തിയും. പൂർണ്ണഹൃദയത്തോടുകൂടി സത്യമായും അനുതപിക്കുന്നവർക്കുള്ള ജീവൻ നീയാകുന്നു. എന്റെ കർത്താവേ, നിന്റെ ദയയോട് ഞാൻ അപേക്ഷിക്കുന്നു. എന്റെ സഹായത്തിനും എന്റെ മാനസാന്തരത്തിനും വരണമേ. ഞാൻ ഇത് പ്രവർത്തിക്കാൻ ഇടയായതിനാൽ എന്റെ കൈകൾവഴിതന്നെ ഈ സ്ത്രീക്ക് ജീവൻ നല്കണമേ.' പിന്നീട് അവൻ യൂദാ തോമ്മായെ നോക്കിക്കൊണ്ട് ഇപ്രകാരം പറഞ്ഞു: 'ദൈവത്തിന്റെ ശ്ലീഹായേ, ഞാൻ വിളിച്ചപേക്ഷിക്കുന്ന എന്റെ നാഥൻ എന്റെ സഹായത്തിനു വരുവാനായി എനിക്കുവേണ്ടി പ്രാർത്ഥിക്കുക.' അവൻ തന്റെ കൈ അവളുടെമേൽ വച്ചുകൊണ്ട് പ്രാർത്ഥിച്ചു: 'എന്റെ കർത്താവീശോമിശിഹായേ, എഴുന്നള്ളിവന്നു ഈ സ്ത്രീക്കു ജീവനും എനിക്കു വിശ്വാസത്തിന്റെ അച്ചാരവും നല്കണമേ.' അവൻ അവളുടെ കൈകളിൽ പിടിച്ച മുഹൂർത്തത്തിൽതന്നെ അവൾ ചാടിയെഴുന്നേററ് അവിടെ കൂടിനിന്ന ജനക്കൂട്ടത്തെ സൂക്ഷിച്ചുനോക്കി. തന്റെ എതിർവശത്തുനിന്ന കർത്താവിന്റെ ശ്ലീഹായെ കണ്ടപ്പോൾ അവൾ അദ്ദേഹത്തിന്റെ പാദത്തിൽ വീണു; അദ്ദേഹത്തിന്റെ വസ്ത്രത്തിന്റെ വിളുമ്പിൽപിടിച്ചുകൊണ്ടു പറഞ്ഞു: 'ഞാൻ കണ്ട ആ സ്ഥലത്ത് നില്ക്കാൻ അനുവദിക്കാതിരുന്നവനും എന്നോടുകൂടി ഉണ്ടായിരുന്നവനുമായ മററ ആൾ എവിടെയാണെന്ന് പറയുക' എന്നു ഞാൻ അങ്ങയോടു അപേക്ഷിക്കുന്നു. അവൻ എന്നെ നിനക്കേല്പിച്ചു നിന്നോടു പറഞ്ഞു: 'ഈ സ്ത്രീയെ നീ എടുക്കുക, വിശ്വാസം വഴി സ്നേഹത്തിൽ അവൾ പൂർണ്ണയാക്കപ്പെടട്ടെ; അതിനുശേഷം അവൾ എന്റെ സ്ഥലത്ത് ചേർക്കപ്പെടട്ടെ.

55. യൂദാ അവളോടു പറഞ്ഞു: 'നീ എവിടെ പോയെന്നും എന്തു കണ്ടുവെന്നും ഞങ്ങളോടു പറയുക.' അവൾ പറഞ്ഞു: നീ എന്നോടുകൂടെ ആയിരുന്നു; അവൻ എന്നെ നിനക്കേല്പിച്ചുതന്നു.

www.malankaralibrary.com



അങ്ങനെയിരിക്കെ എന്നിൽനിന്നു കേൾക്കാൻ നീ ആഗ്രഹിക്കുന്നതെന്തുകൊണ്ട്?'' അവൾ ഇപ്രകാരം പറയാൻ തുടങ്ങി: 'കറുത്ത ശരീരവും നാറുന്ന വസ്ത്രങ്ങളുമുള്ള ഒരു ഭീകര മനുഷ്യൻ എന്നെ എടുത്ത് കുഴികളാലാവൃതമായ ഒരു സ്ഥലത്തേക്കു കൊണ്ടുപോയി. ആ പ്രദേശം മുഴുവനും ദുർഗന്ധം മുററിനിന്നിരുന്നു. ഓരോ കുഴിയിലേക്കും നോക്കാൻ അവൻ എന്നെ അനുവദിച്ചു. ഞാൻ ആദ്യത്തെ കുഴി കണ്ടു. അതിൻെറ മദ്ധ്യഭാഗത്തായി തീജ്വാലകൾ വട്ടമിട്ടു കറങ്ങുന്നതു ഞാൻ ദർശിച്ചു. അവൻ എന്നോടു പറഞ്ഞു: 'ലൈംഗികവേഴ്ച സംബന്ധിച്ച് ദൈവം നിശ്ചയിച്ച നിയമം ലംഘിച്ച ആത്മാക്കൾ ഈ പീഡനസ്ഥലത്തേക്കു വരാൻ വിധിക്കപ്പെട്ടിരിക്കുന്നു. കന്യാത്വം കാത്തു സൂക്ഷിക്കാതെ ലജ്ജാകരപ്രവൃത്തികൾ ചെയ്തവരും ഈ പീഡനത്തിനായി വിധിക്കപ്പെട്ടിരിക്കുന്നു. അവർ ദൈവനിയമം ലംഘിച്ചതിനാൽ ഈ പീഡനത്തിലേക്കു വരും. അവർ ദുഷ്ടാരൂപികൾക്ക് കയ്യാളിക്കപ്പെടും. നിന്ദ്യരും ലജ്ജയുള്ളവരുമായി അവർ നിശ്ചയിക്കപ്പെട്ടിരിക്കുന്നു. അവർ പരിഹാസത്തിന് വിധേയരാക്കപ്പെടും. മുകളിൽ പറഞ്ഞതിനേക്കാൾ ഹീനമായ പീഡനത്തിലേക്ക് അവർ പോകും. അവിടെ അവർ പീഡിപ്പിക്കപ്പെടും.'

56. വീണ്ടും അവൻ എന്നെ മറെറാരു കുഴി കാണിച്ചുതന്നു. ഞാൻ അതിലേക്കു നോക്കി. ഭയാനകമായ പലതും അതിൽ ഞാൻ കണ്ടു. ദുഷ്ടത പ്രവർത്തിക്കുന്നവരുടെ ആത്മാക്കൾക്കുള്ളതാണ് ആ സ്ഥലം. പുരുഷന്മാർക്കും, സ്ത്രീകൾക്കും, യുവതികൾക്കും, യുവാക്കൾക്കും ഒരുക്കപ്പെട്ടിരുന്ന നിരവധി പീഡനങ്ങൾ ഞാൻ അവിടെ കണ്ടു. സ്വന്തം ഭാര്യയെ ഉപേക്ഷിച്ച് കൂട്ടുകാരൻെറ ഭാര്യയുമായി ലൈംഗികബന്ധത്തിൽ ഏർപ്പെട്ടവർ; തങ്ങളുടെ ഭർത്താക്കന്മാരെ കൂടാതെ മററു പുരുഷന്മാരുമായി ലൈംഗിക സമ്പർക്കത്തിലേർപ്പെട്ട സ്ത്രീകൾ; നിയമം അനുസരിക്കാതെ വേശ്യകളുമായി ലൈംഗികബന്ധം നടത്തിയ യുവാക്കന്മാർ; വേശ്യാസംസർഗ്ഗംവഴി നിയമം ലംഘിക്കുന്നതു കൂടാതെ കന്യകകളെ കടന്നുപിടിച്ച് പാപം ചെയ്യാൻ ലജ്ജാരഹിതമായി അവർ മുതിർന്നു. കന്യകകൾ കന്യാത്വം കാത്തുസൂക്ഷിക്കാതെ, ഭോഗാസക്തിക്കധീനരായി തങ്ങളുടെ മാതാപിതാക്കളെ ലജ്ജിപ്പിക്കുന്നു; ഇവരെല്ലാം ഇതിലേയ്ക്കുവരും, അവരുടെ പ്രവൃത്തികൾക്കനുസൃതം ശിക്ഷിക്കപ്പെടുകയും ചെയ്യും.[3]

---

3. മരണാനന്തര ജീവിതത്തിലുള്ള പീഡനങ്ങളെ സംബന്ധിച്ചുള്ള ഇത്തരം വിവരങ്ങൾ അപ്പോക്രിഫൽ കൃതികളിൽസാധാരണമാണ്.

www.malankaralibrary.com



57. വീണ്ടും അദ്ദേഹം എന്നെ ഇരുട്ടനിറഞ്ഞ ഒരു ഗുഹ കാണിച്ചു.4 ജ്വലിച്ചുകയറുന്ന ദുർഗന്ധം അതിൽനിന്നു പുറത്തേയ്ക്കു വമിക്കുന്നുണ്ടായിരുന്നു. അവൻ എന്നോടു പറഞ്ഞു: 'താഴേയ്ക്കു നോക്കി കാണുക; ഓരോരുത്തരുടെയും പീഡനകാലാവധി തീരുമ്പോൾ മറെറാന്നു വരുന്നു എന്നു ഞാൻ നിന്നോടു പറഞ്ഞിരുന്നല്ലോ. ആ ആത്മാക്കൾക്കുള്ള ജയിലാണിത്. അവരിൽ ചിലർ പരിപൂർണ്ണമായി ദഹിച്ചുപോയി; ചിലർ മററു പലതരം പീഡനങ്ങൾക്കുകൂടി ഏല്പിക്കപ്പെടുന്നു. എന്നെ നയിച്ച മനുഷ്യനോട് ഈ പീഡനങ്ങളുടെ ചുമതലക്കാരൻ പറഞ്ഞു: 'ഇവൾ ഇവളുടെ പീഡനത്തിനു പോകുന്നതുവരെ അവളെ ഞങ്ങൾ വരിഞ്ഞുകെട്ടാനായി ഞങ്ങൾക്കു വിട്ടുതരിക.' എന്നാൽ എന്നെ നയിച്ച മനുഷ്യൻ പറഞ്ഞു: 'എൻെറ കൈയിൽ ഇവളെ ഏല്പിച്ചവനെ ഞാൻ ഭയപ്പെടുന്നു. തന്മൂലം ഞാൻ ഇവളെ വിട്ടുതരില്ല. മാത്രവുമല്ല ഇവളെ ഇവിടെ ഉപേക്ഷിക്കുവാൻ എന്നോട് ആജ്ഞാപിച്ചിട്ടുമില്ല. ഇനി ഒരു കല്പന ലഭിക്കുന്നതുവരെ അവളെ എൻെറ കൂടെ മുകളിലേയ്ക്ക് ഞാൻ കൊണ്ടുപോകും.' അങ്ങനെ എന്നെ പുറത്തേക്ക്, മററു മനുഷ്യർ ഒന്നിച്ചുകൂടിയിരുന്ന സ്ഥലത്തേയ്ക്കു കൊണ്ടുവന്നു. അങ്ങയോടു സാദൃശ്യമുള്ള ആ മനുഷ്യൻ എന്നെ എടുത്ത് അങ്ങയുടെ കൈയിൽ ഏല്പിച്ചു. എന്നിട്ടു പറഞ്ഞു; ഈ സ്ത്രീയെ സൂക്ഷിക്കു: വഴിതെററിപ്പോയ ആടുകളിൽപ്പെട്ട ഒരാടാണിവൾ.' നീയെന്നെ അവൻെറ പക്കൽനിന്നെടുത്തു; ഇതാ ഞാൻ അങ്ങയുടെ മുമ്പിൽ നില്ക്കുന്നു. അങ്ങിലൂടെ ഞാൻ വിശ്വസിക്കുവാനും നിൻെറ പ്രാർത്ഥനയാൽ എനിക്കു കൃപ ലഭിക്കാനും ഞാൻ ആ ദണ്ഡനസ്ഥലത്തു പോകാതിരിക്കാനും, കൃപ പ്രാർത്ഥിക്കുന്നു.'

58. യൂദാതോമ്മാ അവരോട് പറഞ്ഞു: 'എൻെറ കുട്ടികളേ, ഈ സ്ത്രീ പറഞ്ഞത് നിങ്ങൾ കേട്ടുവല്ലോ? ഈ പീഡനങ്ങൾ മാത്രമല്ല അവിടെ ഉള്ളത്, ഇതിനേക്കാൾ കഠിനമായവയും ഉണ്ട്. ഞാൻ പ്രസംഗിച്ച സത്യത്തിലേക്ക് മാനസാന്തരപ്പെടാതെയും, ദുഷ്പ്രവൃത്തികളിൽ നിന്നു പിൻതിരിയാതെയും പ്രയോജനരഹിതമായവ ഉപേക്ഷിക്കാതെയും, അറിവു പകരാത്ത ചിന്തകളിൽനിന്നകലാതെയും ഇരുന്നാൽ നിങ്ങളും ഈ പീഡനസ്ഥലത്ത് എത്തിച്ചേരും. എന്നാൽ നിങ്ങൾ ഈശോ

---

4. മനിക്കേയൻ തത്വസംഹിതയിലെ മൂലപദാർത്ഥങ്ങളായ തീ, ജലം, പുക, ഇരുട്ട്, കാററ് എന്നിവയെക്കുറിച്ചുള്ള ചിന്തകളായിരിക്കാം ഗ്രന്ഥകാരനെ ഇത്തരമൊരു പ്രതിപാദനരീതിയിലേക്ക് നയിച്ചതെന്ന് ചിലർ സമർത്ഥിക്കുന്നു. A. F. J. Klijn, op. cit. P. 253.

www.malankaralibrary.com



മിശിഹായിൽ വിശ്വസിച്ചാൽ അവൻ നിങ്ങളുടെ മുൻകാല ചെയ്തികരം മായിച്ചുകളയും. എല്ലാവിധ ഭൗമിക ചിന്തകളിൽ നിന്നും അവിടുന്ന് നിങ്ങളെ കഴുകി വെടിപ്പാക്കും. നിങ്ങളുടെ പാപങ്ങളിൽ നിന്ന് അവിടുന്ന് നിങ്ങളെ ശുദ്ധീകരിക്കും. അവയെപ്പററി ദൈവമുൻപാകെ നിങ്ങരം അനുതപിക്കാതിരുന്നാൽ അവ നിങ്ങളെ അനുഗമിക്കും; നിങ്ങരംക്കു മുമ്പേ എത്തുകയും ചെയ്യും. അതുകൊണ്ടു നിങ്ങരം നിങ്ങളിലുള്ള പഴയ മനുഷ്യനെ ഉരിഞ്ഞുകളഞ്ഞ് പുതിയ മനുഷ്യനെ ധരിക്കുവിൻ. അതായത്, നിങ്ങരം പഴയ പ്രവർത്തന രീതികളും നിങ്ങളുടെ ജഡത്തിൻെറ ചെയ്തികളും ഉപേക്ഷിക്കുവിൻ. മോഷ്ടാവു മേലിൽ മോഷ്ടിക്കാതിരിക്കട്ടെ. പിന്നെയോ, അദ്ധ്വാനിച്ചും, പ്രയത്നിച്ചും ജീവിക്കട്ടെ. വ്യഭിചാരി മേലിൽ വ്യഭിചരിക്കാതിരിക്കുകയും നിത്യയാതനയിലേക്ക് പ്രവേശിക്കാതിരിക്കുന്നതിനുവേണ്ടി നൈമിഷിക സന്തോഷങ്ങളിൽ മുഴുകാതിരിക്കുകയും ചെയ്യട്ടെ. വ്യഭിചാരം മററെല്ലാ തിന്മകളേക്കാരം ദൈവതിരുമുമ്പിൽ വെറുക്കപ്പെട്ടതാണ്. തിന്മയ്ക്കു പകരം തിന്മ എന്ന ചിന്ത വെടിയുവിൻ; കള്ളം പറച്ചിൽ, പീഡിപ്പിക്കൽ, മദ്യപാനം, ദൂഷണം പറച്ചിൽ എന്നിവ ഉപേക്ഷിക്കുക. ഞാൻ പ്രസംഗിക്കുന്ന ദൈവം ഇതെല്ലാം വെറുക്കുന്നു; അവൻെറ മുമ്പാകെ ഇവയെല്ലാം അശുദ്ധവുമാകുന്നു. എന്നാൽ എല്ലാവിധ എളിമയോടും മിതത്വത്തോടും ശുദ്ധതയോടുംകൂടെ വ്യാപരിക്കുക. ദൈവത്തിൽ പ്രത്യാശവയ്ക്കുക. നിങ്ങരം അവൻെറ ദാസന്മാരായിത്തീരും. മാത്രവുമല്ല, ചിലർക്കുമാത്രം ലഭിക്കുന്ന ദാനങ്ങരം നിങ്ങരംക്കു ലഭിക്കുകയും ചെയ്യും.'

59. ആ ജനങ്ങളെല്ലാം വിശ്വസിക്കുകയും ജീവനുള്ള ദൈവത്തിനും ഈശോമിശിഹായ്ക്കും സ്വയം സമർപ്പിക്കുകയും ചെയ്തു. അപ്രകാരം അത്യുന്നതൻെറ ചെയ്തികളും അവൻെറ വിശുദ്ധശുശ്രൂഷയും അനുഭവിക്കുകയും ചെയ്തു. മാത്രമല്ല, ഓരോ പട്ടണത്തിലും ശ്ലീഹന്മാർ ഒന്നിച്ചുകൂട്ടിയ വിധവകളുടെ സംരക്ഷണത്തിനുവേണ്ടി ഇവർ ധാരാളം പണംകൊടുത്തുകൊണ്ടുമിരുന്നു. തൻെറ ഡീക്കന്മാർ വഴി അവർക്കോരോരുത്തർക്കും ഭക്ഷണവും വസ്ത്രവും എത്തിച്ചുമിരുന്നു. വി. ഗ്രന്ഥം സംസാരിക്കുന്നതു് ഈശോമിശിഹായെക്കുറിച്ചാണെന്ന് അവരോട് സംസാരിക്കുന്നതിലും പ്രസംഗിക്കുന്നതിലും നിന്ന് അദ്ദേഹം വിരമിച്ചില്ല; നിയമവും പ്രവാചകന്മാരും ചൂണ്ടിക്കാണിക്കുന്നതു് ഈശോമിശിഹായുടെ പ്രതീകങ്ങളും രഹസ്യങ്ങളും ഛായയുമാണ്. വിഗ്രഹാരാധനയിൽനിന്ന് ഇസ്രായേൽജനത്തെ അകററി നിറുത്തുന്നതിന് അവർക്ക് വാഗ്ദാനമായി നല്കപ്പെട്ടതും വിജാതീയരുടെ പ്രകാശവുമാണ് അവിടുന്ന്. അവിടുന്ന് വഴി ദൈവം തൻെറ അനുഗ്രഹസമ്പത്ത് സമൃദ്ധമായി അവ

www.malankaralibrary.com



ളുടെമേൽ ചൊരിയുന്നു. അവിടുത്തെ പ്രമാണങ്ങൾ അനുസരിക്കുന്നവർ ദൈവരാജ്യത്തിൽ വസിക്കുകയും മഹത്വത്താൽ അലംകൃതരാകുകയും ചെയ്യും. അവിടുന്ന് ഈ ലോകത്തിലേയ്ക്ക് വന്നു. അവിടുത്തെ അവർ ക്രൂശിച്ചു. എന്നാൽ മൂന്നാംദിവസം അവിടുന്ന് ഉയിർത്തെഴുന്നേററു. മാത്രമല്ല മോശ തുടങ്ങി പ്രവാചകന്മാർവരെ അവനെക്കുറിച്ച് പറഞ്ഞിട്ടുള്ള കാര്യങ്ങൾ അവിടുന്നവർക്ക് വിവരിച്ചുകൊടുത്തു (ലൂക്കാ 24:27). കാരണം, അവരെല്ലാം അവനെപ്പററി പ്രസംഗിച്ചവരാണ്. അവൻ വന്ന് എല്ലാ സംഗതികളും പൂർത്തിയാക്കി, അവനെക്കുറിച്ചുള്ള വാർത്ത പട്ടണങ്ങളിലും ഗ്രാമങ്ങളിലും പരന്നു. അവൻ പോയ വഴികളിലെല്ലാം തളർവാതരോഗികളെയും, പീഡിതരെയും, പിശാചുബാധിതരേയും കിടക്കകളോടുകൂടി അവർ കൊണ്ടു വന്നു രണ്ടുനിരയായി കിടത്തി. കർത്താവായ ഈശോയുടെ ശക്തിയാൽ അവൻ അവരെയെല്ലാം സൗഖ്യമാക്കി. മാരകമായ രോഗത്തിനടിമപ്പെട്ടവരെയും, കഠിനമായ വേദനയ്ക്ക് വിധേയരായവരെയും അവൻ സുഖമാക്കി. തളർവാത രോഗികളെല്ലാം ഉന്മേഷത്തോടെ എഴുന്നേററുനിന്നു. 'യൂദാതോമ്മാവഴി ഈ സൗഖ്യം ഞങ്ങൾക്കു പ്രദാനംചെയ്ത ഈശോമിശിഹായേ, അങ്ങേയ്ക്കു മഹത്വമുണ്ടാകട്ടെ' എന്ന് ഏകസ്വരത്തിൽ അവർ ഏററുപാടി. 'ഞങ്ങളും നിന്റെ കൂട്ടത്തിലെ അജഗണമായി തീരുവാനും വിശ്വാസികളുടെ സമൂഹത്തിൽ എണ്ണപ്പെടുവാനും ഇടയാകട്ടെ. ഞങ്ങളുടെ കർത്താവേ, ഞങ്ങളെ സ്വീകരിച്ചാലും; അജ്ഞതയാൽ ഞങ്ങൾ ചെയ്ത ഞങ്ങളുടെ മുൻകാല തെററുകൾ ഞങ്ങൾക്കെതിരെ കണക്കിടരുതേ.'

60. അവരെ കണ്ടപ്പോൾ യൂദാതോമ്മാ ശബ്ദമുയർത്തി പറഞ്ഞു: 'ജീവിക്കുന്നവനിൽ നിന്നുള്ള ജീവനുള്ളവനേ, അങ്ങേയ്ക്കു മഹത്വമുണ്ടായിരിക്കട്ടെ; അങ്ങേ അഭയ സങ്കേതത്തിലേക്ക് ഓടിയടുക്കുന്നവരുടെ സഹായമേ, അങ്ങേയ്ക്കു മഹത്വമുണ്ടായിരിക്കട്ടെ. നിത്യത മുതൽ ഉണവുള്ളവനും മനുഷ്യരെ ഉയർപ്പിക്കുന്നവനുമേ, ജീവനുള്ളവനും ജീവദാതാവുമേ, നിനക്കു മഹത്വമുണ്ടായിരിക്കട്ടെ. നീ ദൈവവും ദൈവപുത്രനും രക്ഷകനും സഹായിയും അഭയസ്ഥാനവും ആകുന്നു. നിന്റെ ജോലി ചെയ്തു ക്ഷീണിച്ചവരുടെ വിശ്രമവും, നിന്റെ നാമത്തെപ്രതി ദിവസം മുഴുവനും ദിവസത്തിന്റെ ഭാരം പേറുന്നവർക്കു വിശ്രമം പ്രദാനം ചെയ്യുന്നവനും നീയാകുന്നു. ഞങ്ങൾക്ക് അങ്ങു നല്കിയ

www.malankaralibrary.com



ദാനത്തിനും ഞങ്ങളുടെ ബലഹീനതയിൽ നീ ചെയ്ത സഹായങ്ങൾക്കും ഞങ്ങളുടെ ദാരിദ്ര്യത്തിൽ അങ്ങുചെയ്ത പരിപാലനത്തിനും ഞങ്ങൾ അങ്ങയെ സ്തുതിക്കുന്നു.

61. നിൻെറ കൃപയും നിൻെറ ദയയും അവസാനംവരെ ഞങ്ങളെ പൂർണ്ണരാക്കട്ടെ. നിന്നിലുള്ള മന:സ്ഥൈര്യം ഞങ്ങൾക്കു പ്രദാനം ചെയ്യണമേ. ഇതാ കർത്താവേ, നിന്നെ മാത്രം ഞങ്ങൾ സ്നേഹിക്കുന്നു. ഇതാ കർത്താവേ, ഞങ്ങളുടെ ഭവനങ്ങളും ഞങ്ങളുടെ ബന്ധുമിത്രാദികളുടെ ഭവനങ്ങളും ഉപേക്ഷിച്ച് അങ്ങയെ പ്രതി, നിർബന്ധം കൂടാതെ ഞങ്ങൾ അപരിചിതരായിത്തീർന്നിരിക്കുന്നു. അങ്ങയെപ്രതി ഇതാ, ഞങ്ങൾ ഞങ്ങളുടെ സമ്പാദ്യങ്ങൾ ഉപേക്ഷിച്ചു. അതേ, ഞങ്ങളിൽനിന്ന് ഒരിക്കലും നീക്കം ചെയ്യാൻ പററാത്തവിധം ജീവൻെറ ഉറവിടമായ അവിടുത്തെമാത്രം സമ്പാദിക്കുന്നതിനു വേണ്ടിയായിരുന്നു അത്. നീയുമായി ബന്ധപ്പെടുന്നതിനുവേണ്ടി ഞങ്ങൾ ഞങ്ങളുടെ ബന്ധുമിത്രാദികളെ ഉപേക്ഷിച്ചു. അത്യുന്നതനായ നിൻെറ പിതാവിനെ കാണുന്നതിനും അവിടുത്തെ ചൈതന്യത്താൽ ഞങ്ങൾ നിറയുന്നതിനും വേണ്ടി ഞങ്ങൾ ഞങ്ങളുടെ മാതാപിതാക്കളെയും വളർത്തു മാതാപിതാക്കളെയും ഉപേക്ഷിച്ചു. ഞങ്ങളുടെ കർത്താവേ, ഉന്നതത്തിൽ നിന്നുള്ള സ്വർഗ്ഗീയ ഫലങ്ങൾ പുറപ്പെടുവിക്കുന്നതിനും യഥാർത്ഥമായി അങ്ങുമായി ഒന്നുചേരുന്നതിനും വേണ്ടി ഞങ്ങൾ ഞങ്ങളുടെ ഭാര്യമാരേയും ഭൗമിക ഫലങ്ങളെയും ഉപേക്ഷിച്ചു. ആ ഫലങ്ങൾ ഞങ്ങളോടും അവരോടുംകൂടി ഉണ്ടായിരിക്കും. ആർക്കും അവ ഞങ്ങളിൽ നിന്നു നീക്കിക്കളയാൻ സാധിക്കുകയില്ല.

www.malankaralibrary.com

# ഏഴാം നടപടി

## സൈന്യാധിപൻ[1]

62. യൂദാ ഭാരതം മുഴുവൻ പ്രസംഗിച്ചുനടക്കുമ്പോൾ ഒരു രാജാവിന്റെ ജനറൽ അദ്ദേഹത്തെ സമീപിച്ച് ഇപ്രകാരം പറഞ്ഞു: 'ദൈവത്തിന്റെ ദാസനായ അങ്ങയോടു ഞാൻ അപേക്ഷിക്കുന്നു. ദൈവത്തിന്റെ ശ്ലീഹാ ആയ അങ്ങയുടെ പക്കലേയ്ക്കു ഞാൻ വന്നിരിക്കുന്നു. എന്തുകൊണ്ടെന്നാൽ അങ്ങയുടെ കരങ്ങൾകൊണ്ട് സൗഖ്യം ആവശ്യമുള്ളവർക്ക് സൗഖ്യം നൽകുവാൻ അങ്ങ് അയയ്ക്കപ്പെട്ടിരിക്കുന്നു. മാത്രവുമല്ല ആരിൽനിന്നും അങ്ങ് പ്രതിഫലമായി ഒന്നുംതന്നെ സ്വീകരിക്കുന്നില്ല. എന്നാൽ പാവപ്പെട്ടവർക്ക് എല്ലാം പ്രദാനം ചെയ്യുന്നു എന്നു കേൾക്കുന്നു. അങ്ങ് എന്തെങ്കിലും ഫീസ് സ്വീകരിക്കുമായിരുന്നെങ്കിൽ ഞാൻ ഒരു വലിയ സംഖ്യ അങ്ങേയ്ക്ക് അയച്ചുതരുമായിരുന്നു. മാത്രവുമല്ല, ഞാൻ ഇവിടെ വരികയില്ലായിരുന്നു. രാജാവിനു് എന്നെ കൂടാതെ കഴിയുക വളരെ പ്രയാസമാണു്. ഞാൻ ഇന്ത്യ മുഴുവനും അറിയപ്പെടുന്ന വ്യക്തിയാണു്. എനിക്കു വളരെ സമ്പാദ്യമുണ്ട്. ഞാൻ ആർക്കും ഒരുപദ്രവവും ചെയ്തിട്ടില്ല. എന്നാൽ ഇതു് എന്റെ ഹിതത്തിനു വിപരീതമായി സംഭവിച്ചു. എനിക്ക് ഭാര്യയും ഒരു പെൺകുഞ്ഞും ഉണ്ട്. പ്രകൃതി നമ്മെ പഠിപ്പിക്കുന്നതുപോലെ ഞാൻ അവളെ വളരെ സ്നേഹിക്കുന്നു. അവളെ കൂടാതെ ഞാൻ വേറൊരു സ്ത്രീയേയും അറിയുന്നില്ല. ഒരിക്കൽ ഞങ്ങളുടെ പട്ടണത്തിൽ ഒരു സദ്യ നടന്നു. അതിന്റെ സംഘാട

---

1. ഏഴാമത്തെ നടപടി തെക്കെ ഇന്ത്യയിൽ നടന്ന സംഭവങ്ങളെപ്പററിയാണെന്നു് ചരിത്രകാരന്മാർ പറയുന്നു. യൂദാ തോമാ ഇന്ത്യയിലെല്ലാം പ്രസംഗിച്ചുനടന്നപ്പോൾ, സിഫൂർ എന്ന സൈന്യാധിപൻ അദ്ദേഹത്തിന്റെ അടുക്കൽവന്നു് സഹായം അഭ്യർത്ഥിച്ചു. തോമ്മാ അനുയായികളായ ക്രിസ്ത്യാനികളെ ശെമ്മാശനായ ശാന്തിപ്പസ്സിനെ ഏല്പിച്ചുകൊണ്ട് സിഫൂറിന്റെ രാജ്യത്തിലേയ്ക്കു പോയി. കന്നുകാലികൾ (പോത്തോ, കാളയോ) വലിക്കുന്ന ഒരു തേരിലാണ് പോയതു്. ഇങ്ങനെയുള്ള വാഹനങ്ങൾ അക്കാലത്തു് ദക്ഷിണേന്ത്യയിൽ മാത്രമേ ഉണ്ടായിരുന്നുള്ളു: എൻ. എ. തോമസ് നങ്ങച്ചിവീട്ടിൽ, op. cit. Vol. I. p. 406.

www.malankaralibrary.com



കർ എൻെറ വലിയ സ്നേഹിതന്മാരായിരുന്നു. അവർ വന്ന് എന്നെപ്പററി ചോദിച്ചു. അതിനുശേഷം ഭാര്യക്കും മകൾക്കും വേണ്ടി വിരുന്നൊരുക്കി. അവർ എൻെറ ഉത്തമ സ്നേഹിതന്മാരായിരുന്നതിനാൽ ഒഴിവുകഴിവു പറയാൻ എനിക്കു സാധിച്ചില്ല. എന്നാൽ അവൾക്കു താല്പര്യമില്ലായിരുന്നെങ്കിലും ഞാൻ അവളെ അയച്ചു. കൂട്ടത്തിൽ എൻെറ പല സേവകരേയും ഞാൻ അയച്ചു. അവളെയും മകളെയും അലങ്കാരവിഭൂഷിതരായിട്ടാണ് ഞാൻ അയച്ചത്.

63. തിരിച്ചുവരുന്നതിന് സമയമായപ്പോൾ ഞാൻ വിളക്കുകളും മററും കൊടുത്തയച്ചു. അവരെ പ്രതീക്ഷിച്ചു ഞാൻ തെരുവിൽതന്നെ കാത്തുനിന്നു. ഞാൻ അവിടെ നിന്നപ്പോൾ കരച്ചിലിൻെറയും വിലാപത്തിൻെറയും ഒരു ശബ്ദം കേട്ടു. 'ഇവിടെ ദുരന്തം അവൾക്കു കഷ്ടം' എന്നീ വാക്കുകൾ എൻെറ ചെവിയിലേയ്ക്ക് എല്ലാ വായിൽനിന്നും വന്നു പതിച്ചു. അതിനുശേഷം എൻെറ സേവകർ എൻെറ അടുത്തുവന്ന് വസ്ത്രം കീറി സംഭവിച്ചത് വ്യക്തമാക്കി. അവർ എന്നോടു പറഞ്ഞു: 'ഞങ്ങൾ ഒരു മനുഷ്യനെ കണ്ടു. ഒരാൺകുട്ടിയും അയാളോടൊപ്പം ഉണ്ടായിരുന്നു. ആ മനുഷ്യൻ തൻെറ കരങ്ങൾ അങ്ങയുടെ ഭാര്യയുടെ മേലും ആ ആൺകുട്ടി അവൻെറ കൈ അങ്ങയുടെ മകളുടെ മേലും വച്ചു. ഭയത്താൽ അവർ വിറച്ചുപോയി. ഞങ്ങൾ വാളുകൊണ്ട് അവരെ വെട്ടി. എന്നാൽ ഞങ്ങളുടെ വാളുകൾ നിലത്തു തറച്ചു. ആ മുഹൂർത്തത്തിൽത്തന്നെ സ്ത്രീകൾ നിലത്തുവീണ് പല്ലുകടിച്ചു; അവരുടെ തല നിലത്തടിച്ചു. സംഭവിച്ച സംഗതി അങ്ങയെ അറിയിക്കുവാൻ ഞങ്ങൾ വന്നിരിക്കുന്നു.' വേലക്കാരിൽനിന്ന് ഈ വസ്തുതകൾ കേട്ടപ്പോൾ ഞാൻ എൻെറ വസ്ത്രം കീറി. മുഖത്ത് കൈകൾകൊണ്ട് തുടർച്ചയായി ഇടിച്ചു. ഒരു ഭ്രാന്തനെപോലെ റോഡിൽ അങ്ങോട്ടുമിങ്ങോട്ടും ഓടിനടന്നു. പട്ടണത്തിലെ തെരുവിൽ അവർ കിടക്കുന്നതു കണ്ടു. ഞാൻ അവരെ എടുത്ത് എൻെറ വീട്ടിലേയ്ക്ക് കൊണ്ടുവന്നു. ഏറെനേരം കഴിഞ്ഞപ്പോൾ അവർക്കു ബോധംവന്നു. ഞാൻ അവരെ എഴുന്നേൽപ്പിച്ചിരുത്തി.

64. ഞാൻ എൻെറ ഭാര്യയോടു ചോദിച്ചു: 'നിനക്ക് എന്തു സംഭവിച്ചു?' അവൾ എന്നോടു പറഞ്ഞു: 'അങ്ങ് എന്നോട് എന്താണ് ചെയ്തതെന്ന് അങ്ങേയ്ക്കറിയില്ല. എൻെറ ശാരീരികാസ്വാസ്ഥ്യം കണക്കിലെടുത്ത് ഘോഷങ്ങൾക്കു പോകുന്നില്ലെന്ന് ഞാനങ്ങയെ ധരിപ്പിച്ചു. ഞാൻ തെരുവിലൂടെ നടന്ന് വെള്ളം തെറിച്ചുവീഴുന്ന പൈപ്പിനു സമീപ

www.malankaralibrary.com



മെത്തിയപ്പോറം ഒരു കറുത്ത മനുഷ്യനെ ഞാൻ കണ്ടു. തല കുലുക്കിക്കൊണ്ടു് നിന്നിരുന്ന ആ മനുഷ്യൻ എന്റെ എതിർ വശത്താണു് നിന്നിരുന്നതു്. അവനെപ്പോലെതന്നെയുള്ള ഒരാൺകുട്ടി അവന്റെകൂടെ ഉണ്ടായിരുന്നു. ഞാൻ എന്റെ മകളോടു പറഞ്ഞു: 'ഈ മനുഷ്യരെ നോക്കുക. എത്ര വൃത്തി കെട്ടവരാണവർ.' അപ്പോറം മകറം എന്നോടു് പറഞ്ഞു: 'പാലു പോലുള്ള പല്ലുകളും കൽക്കരിപോലെയുള്ള ചുണ്ടുകളോടും കൂടിയ ഒരാൺകുട്ടിയെ ഞാൻ കണ്ടു.' ഞങ്ങറം പൈപ്പിനു സമീപത്തു നിന്നു് മുമ്പോട്ടുനീങ്ങി. സായാഹ്നമായപ്പോറം കലാപരിപാടികറം നടക്കുന്ന സ്ഥലത്തുനിന്നു ഞങ്ങറം തിരിച്ചു. ഞങ്ങറം വേലക്കാരുമൊരുമിച്ചു പൈപ്പിൻ സമീപ മെത്തി. എന്റെ മകറം ആദ്യം ആ ഭീകരസത്വങ്ങളെ കണ്ടു. അവറം പേടിച്ചോടി എന്റെ അടുത്തുവന്നു. പിന്നെ ഞങ്ങ ളുടെ നേരെ വരുന്ന അവരെ ഞാനും കണ്ടു. എന്റെ കൂടെയുണ്ടാ യിരുന്ന സേവകർ ഓടി രക്ഷപ്പെട്ടു. എന്നേയും എന്റെ മകളെയും ആ സത്വങ്ങറം അടിച്ചുവീഴ്ത്തി താഴെയിട്ടു.' ഈ സംഭവങ്ങറം എന്നോടു വിവരിക്കുന്ന സമയത്തു് അവർ വീണ്ടും അവിടെ പ്രത്യക്ഷപ്പെട്ടു് അവരെ വീണ്ടും തള്ളിയിട്ടു. ആ മുഹൂർത്തം മുതൽ തെരുവിലേക്കു പോകുന്നതിനോ, കുളിക്കാൻ പോകുന്നതിനോ, ഘോഷങ്ങളിൽ പങ്കെടുക്കുന്നതിനോ, കരയു ന്നവരുടെ ഭവനങ്ങളിലേക്കു പോകുന്നതിനോ, അവർക്കു് സാധിക്കുന്നില്ല. അമ്മയും മകളും തന്മൂലം രാത്രിയും പകലും കിടപ്പിലാണു്. ഞാൻ അവരെ മുറിക്കകത്തു് സജ്ജമാക്കിയി ട്ടുള്ള മറെറാരു മുറിയിൽ അടച്ചിട്ടിരിക്കുകയാണു്. കാരണം, അവർ നിമിത്തം ഞാൻ നിന്ദ്യനായിത്തീർന്നിരിക്കുന്നു. മാത്രവുമല്ല, അവരെ കാണുന്നിടത്തുവച്ചു് ആ സത്വങ്ങറം തള്ളി യിടുകയും ഹീനമായി വർത്തിക്കുകയും ചെയ്യുന്നു അതുകൊണ്ടു് എന്റെമേൽ ദയയുണ്ടായി എന്നെ സഹായിക്കണമെ എന്നു് അങ്ങയോടു് ഞാൻ കേണപേക്ഷിക്കുന്നു. മൂന്നു വർഷമായി എന്റെ വീട്ടിൽ മേശയൊരുക്കിയിട്ടില്ല. എന്റെ ഭാര്യയും മകളും ഭക്ഷണത്തിനിരുന്നിട്ടുമില്ല. പ്രത്യേകിച്ചു്, ജീവിത സുഖങ്ങളൊന്നും അനുഭവിക്കാത്ത എന്റെ പാവപ്പെട്ട മകളെ പ്രതി അങ്ങയോടു് ഞാൻ അപേക്ഷിക്കുന്നു.'

65. ശ്ലീഹാ ഈ വാക്കുകറം കേട്ടപ്പോറം വളരെ ദുഃഖിത നായി പറഞ്ഞു: 'എന്റെ നാഥനായ ഈശോമിശിഹായ്ക്കു് അവരെ സുഖപ്പെടുത്താൻ സാധിക്കുമെന്നു് നീ വിശ്വസിക്കുന്നു വെങ്കിൽ, നിനക്കു് അവരെ സൗഖ്യമുള്ളവരായി ദർശിക്കാം.' ഈ വാക്കുകറം കേട്ടപ്പോറം ജനറൽ പറഞ്ഞു: 'അങ്ങേക്കു് അവരെ സൗഖ്യമാക്കാൻ സാധിക്കുമെന്നു് ഞാൻ വിശ്വസി

www.malankaralibrary.com



ക്കന്നു.' ശ്ലീഹാ അദ്ദേഹത്തോടു പറഞ്ഞു: 'ഞാൻ ഈശോയല്ല. അദ്ദേഹത്തിൻെറ സേവകനും, പ്രേഷിതനും മാത്രമാണ്. തന്മൂലം പൂർണ്ണമായി നിന്നെ അദ്ദേഹത്തിനു സമർപ്പിക്കുക. അദ്ദേഹം അവരെ സൗഖ്യമാക്കുകയും സഹായിക്കുകയും ചെയ്യും. 'എങ്ങനെയാണ് അദ്ദേഹത്തോട് അനുഗ്രഹം യാചിക്കുകയും അവനിൽ വിശ്വസിക്കുകയും ചെയ്യേണ്ടതെന്ന് എനിക്ക് മനസ്സിലാക്കിത്തരിക,' ജനറൽ ആവശ്യപ്പെട്ടു. ശ്ലീഹാ മറുപടിയായി പറഞ്ഞു: 'നിനക്ക് കഴിവുള്ളിടത്തോളം നിൻെറ മനസ്സിനെ ഉന്നതങ്ങളിലേക്ക് ഉയർത്തുക; ശാരീരികമായ നേത്രങ്ങൾകൊണ്ട് അദ്ദേഹത്തെ ദർശിക്കുക സാധ്യമല്ല. എന്നാൽ തൻെറ പ്രവൃത്തികൾ വഴി അവിടുത്തെ തിരിച്ചറിയുകയും, രോഗവിമുക്തിയിൽ അവിടുത്തെ മഹത്വപ്പെടുത്തുകയും ചെയ്യാൻ വിശ്വാസത്തിൻെറ കണ്ണുകൾക്കു സാധിക്കും.' ഇതു കേട്ടപ്പോൾ ജനറൽ സ്വരമുയർത്തി ഇപ്രകാരം പറഞ്ഞു: 'ഈശോമിശിഹായേ, ദൈവമേ, നീ സജീവനും ജീവനുള്ളവൻെറ പുത്രനും ആണെന്ന് ഞാൻ വിശ്വസിക്കുന്നു. അവിടുന്നു മനുഷ്യനായിത്തീർന്നെന്നും, രോഗശാന്തി നല്കുവാനായി പ്രത്യക്ഷപ്പെട്ടുവെന്നും, മാനസ്സാന്തരപ്പെടുന്ന എല്ലാവർക്കും ജീവദായകനും രക്ഷകനുമാണെന്നും ഞാൻ വിശ്വസിക്കുന്നു, ഓ, കർത്താവേ, ഞാൻ അങ്ങയോടപേക്ഷിക്കുകയും യാചിക്കുകയും ചെയ്യുന്നു. എൻെറ എളിയ വിശ്വാസത്തിലും ഭയത്തിലും എനിക്കു തുണയായിരിക്കണമേ. ഞാൻ പൂർണ്ണമായും അങ്ങിൽ അഭയം തേടുന്നു. അവിടെയുള്ള എല്ലാ സഹോദരന്മാരെയും ഒന്നിച്ചുകൂട്ടുവാൻ തൻെറ ഡീക്കൻ ക്സാന്തിപ്പസിനോടു[2] ശ്ലീഹാ ആവശ്യപ്പെട്ടു. അദ്ദേഹം അപ്രകാരം ചെയ്തപ്പോൾ ശ്ലീഹാ വന്ന് അവരുടെ മദ്ധ്യേനിന്നുകൊണ്ട് അവരോടു പറഞ്ഞു:

66. 'എൻെറ മക്കളെ, സഹോദരീസഹോദരന്മാരേ, നമ്മുടെ കർത്താവീശോമിശിഹായിലുള്ള വിശ്വാസത്തിൽ നിലനില്ക്കുക. ഞാൻ നിങ്ങളോടു പ്രസംഗിച്ച ഈശോമിശിഹായിൽ ശരണപ്പെടുക; നിങ്ങളുടെ പ്രത്യാശ അവനിലായിരിക്കട്ടെ. അവൻ നിങ്ങളെ സംരക്ഷിക്കും. അവനിൽനിന്നകന്നു പോകരുത്. കാരണം, അവൻ നിങ്ങളെ ഉപേക്ഷിക്കുകയില്ല. മററു മനുഷ്യ

2. Xanthippus—ഇതൊരു ദ്രാവിഡപ്പേരാണെന്ന് അഭിപ്രായമുണ്ട്.

www.malankaralibrary.com



രോടൊപ്പം നിങ്ങരം ഉറങ്ങുമ്പോരം അവിടുന്നു് ഉറങ്ങുന്നില്ല; ഉറങ്ങുകയുമില്ല. അവിടുന്നു് ഉണർന്നിരുന്നു് നിങ്ങളെ സംരക്ഷിക്കും. നിങ്ങരം കടലിൽ കപ്പലിലായിരിക്കുന്ന അവസരത്തിലും, മററു മനുഷ്യർക്കാർക്കും നിങ്ങളെ സഹായിക്കാൻ സാധിക്കാതെവരുന്ന അവസരത്തിലും കടലിലെ തിരമാലകരംക്ക മീതെനടന്നു് അവിടുന്നു നിങ്ങളുടെ കപ്പലിനെ സംരക്ഷിക്കും. ഞാൻ നിങ്ങളെ വിട്ടുപിരിഞ്ഞു് പോകുകയാണു്. ഇനി ശരീരത്തോടുകൂടി നിങ്ങളെ കാണുവാനിടയാകുമോയെന്നറിയില്ല. തങ്ങളുടെ നേതാവായിരുന്ന മോശ കുറേ നാളത്തേക്കു് തങ്ങളിൽനിന്നു വേർപിരിഞ്ഞപ്പോരം ഇടറിയ ഇസ്രായേൽ മക്കളെപ്പോലെ നിങ്ങരം ഇടറിപ്പോകരുതു്. എനിക്കു പകരം ഡീക്കൻ ക്സാന്തിപ്പസിനെ നിങ്ങരംക്കു് ഏല്പിച്ചുതരുന്നു. എന്നെപ്പോലെ ഈശോമിശിഹായെക്കുറിച്ച് അവൻ നിങ്ങളോടു പ്രസംഗിക്കും. ഞാനും നിങ്ങളെപ്പോലെ ഒരു മനുഷ്യനാണു്. ചിലർക്കുള്ളതുപോലെ സമ്പാദ്യങ്ങരം ഒന്നും എനിക്കില്ല. ധനം സമ്പാദിക്കുന്നവനെ ധനം നശിപ്പിക്കുന്നു. ഈ സമ്പാദ്യത്തിൽ നിന്നു് പ്രയോജനം ലഭിക്കുന്നില്ല. കാരണം, നാം ഈ ലോകത്തിൽത്തന്നെ അവ ഉപേക്ഷിച്ചു പോകേണ്ടിവരും. ഈ മണ്ണിൽ നിന്നുള്ളവ മണ്ണിലേക്കു തന്നെ തിരിച്ചു പോകേണ്ടതാന്നു്. ലൗകിക സമ്പാദ്യങ്ങരം വാരിക്കൂട്ടുന്നതിനു വേണ്ടി ചെയ്തുകൂട്ടുന്ന തെററുകളും കുററങ്ങളും മാത്രം മനുഷ്യനെ അനുഗമിക്കുന്നു. കുറച്ചുപേർ മാത്രമേ ഈ ലോകത്തിൽ ധന്യരും അതേസമയം പരസ്നേഹചൈതന്യം ഉള്ളവരും ആയിട്ടുള്ളു. എനിക്കാണെങ്കിൽ മാനുഷിക സൗകുമാര്യമില്ല. അതിൽ ആശ്രയം വയ്ക്കുന്നവർ വളരെവേഗം ലജ്ജിതരാകും. സൗന്ദര്യമുള്ളവനു് അതു നഷ്ടപ്പെട്ടാൽ അവൻെറ സൗന്ദര്യംകൊണ്ടെന്തു പ്രയോജനം. എന്നാൽ സൗന്ദര്യം നിമിത്തം അവനെ സ്നേഹിച്ചവർ അതില്ലാതെ വരുമ്പോരം അവനിൽ നിന്നൊഴിഞ്ഞു മാറുന്നു. ഈലോക വസ്തുക്കളെല്ലാം ഒരുകാലത്തു് സ്നേഹിക്കപ്പെടുകയും മറെറാരുകാലത്തു് വെറുക്കപ്പെടുകയും ചെയ്യും. എന്നാൽ നിങ്ങളുടെ പ്രത്യാശ ദൈവപുത്രനായ ഈശോമിശിഹായിൽ ആയിരിക്കട്ടെ. ദൈവത്തിൻെറ ദാസരായ ഞങ്ങളോടു് നിങ്ങരം ചേർന്നിരിക്കുകയും ഞങ്ങളെ നോക്കിക്കൊണ്ടിരിക്കുകയും വേണം. ഞങ്ങളും ഈശോയുടെ നാമം സ്വീകരിക്കുന്നതിലുള്ള ത്യാഗം വഹിക്കുവാൻ തയ്യാറാകുന്നില്ലെങ്കിൽ ശിക്ഷാഹരാകും. ആ ശിക്ഷ നമ്മുടെ വിധിക്കും പ്രതികാരത്തിനുമായി ഭവിക്കും.'

www.malankaralibrary.com



67. അവൻ ഒരു നീണ്ട പ്രാർത്ഥന അവരോടൊത്തു് ചൊല്ലിയശേഷം നമ്മുടെ കർത്താവിനു് അവരെ സമർപ്പിച്ചു് ഇപ്രകാരം പറഞ്ഞു: 'സൃഷ്ടിയുടെ എല്ലാ ക്രമങ്ങൾക്കും നാഥനായവനേ, അവ അങ്ങയെ കാത്തുനില്ക്കുന്നു. എല്ലാ ജീവികളുടെയും ദൈവമേ, അവ അങ്ങിൽ പ്രത്യാശയർപ്പിക്കുന്നു. അങ്ങാകുന്നു തെററിൽനിന്നു് അങ്ങയുടെ മനുഷ്യവംശത്തെ വിമുക്തനാക്കുന്നവൻ. നാശത്തിൽ നിന്നും അടിമത്തത്തിൽനിന്നും സ്വതന്ത്രനാക്കുന്നവനും അങ്ങുതന്നെ. തീർച്ചയായും അങ്ങിൽ സങ്കേതം പ്രാപിക്കുകയും അവിടുത്തെ അനുസരിക്കുകയും ചെയ്യുന്നവർക്കു് അങ്ങു് ഇവ പ്രദാനം ചെയ്യുന്നു. ക്സാന്തിപ്പസ്സിൻെറ ഈ ആട്ടിൻകൂട്ടത്തെ ജീവൻെറ തൈലംകൊണ്ടു് അഭിഷേകം ചെയ്യുക. രോഗങ്ങളിൽനിന്നു് അവയെ സൗഖ്യമാക്കണമേ. അവൻെറ കൈകളിൽനിന്നു് അവയെ ചെന്നായ്ക്കളും കള്ളന്മാരും പിടിച്ചുപറിക്കാതിരിക്കാൻ അവയെ സംരക്ഷിക്കണമേ.' അദ്ദേഹം തൻെറ കൈകൾ അവരുടെ മേൽവച്ചുകൊണ്ടു അവരോടു പറഞ്ഞു: 'ഈശോയുടെ സമാധാനം നിങ്ങളോടുകൂടിയും നിങ്ങൾ പോകുന്നിടത്തൊക്കെയും ഉണ്ടായിരിക്കട്ടെ.'

www.malankaralibrary.com

# എട്ടാം നടപടി

## കാട്ടുകഴുതകൾ

68. ശ്ലീഹാ പോകുന്നതിനുവേണ്ടി മുന്നോട്ടാഞ്ഞു എല്ലാവരും കരഞ്ഞുകൊണ്ട് അദ്ദേഹത്തെ പിന്തുടർന്നു. അദ്ദേഹത്തിന്റെ നാഥനോടപേക്ഷിക്കുമ്പോൾ അവരെ മറന്നുകളയരുതെന്നും പ്രത്യേകം സ്മരിക്കണമെന്നും അവർ ആവശ്യപ്പെട്ടു. ശ്ലീഹാ അതിനുശേഷം ജനറലിന്റെ രഥത്തിൽ കയറിയിരുന്നു. എല്ലാ സഹോദരങ്ങളും അദ്ദേഹത്തിനു പിന്നിൽ നിന്നു. ജനറൽ വന്ന് സാരഥിയോടു പറഞ്ഞു: 'ദൈവപുത്രനായ ഈശോമിശിഹായുടെ കാല്പാദങ്ങൾക്ക് കീഴെ ഇരിക്കുവാൻ ഞാൻ യോഗ്യനായിത്തീരട്ടെ എന്നു ഞാൻ പ്രാർത്ഥിക്കുന്നു. വളരെ കുറച്ചുപേർമാത്രം പോകുന്ന ആ വഴിയിൽ അവിടുന്ന് എന്റെ വഴികാട്ടിയായിരിക്കേണ്ടതിന്, വളരെയധികം പേർക്ക് സുപരിചിതമായ ഈ വഴിയിൽ ഞാൻ അവിടുത്തെ സാരഥിയായിരിക്കട്ടെ.'

69. ഏകദേശം ഒരു മൈൽ ദൂരം യാത്രചെയ്തപ്പോൾ യൂദാതോമ്മാ ജനറലിന് തന്റെ സമീപം ഇരിക്കുന്നതിന് സൗകര്യം ചെയ്തുകൊടുത്തു. സാരഥി ജനറലിന്റെ സ്ഥാനത്തിരിക്കാൻ ആവശ്യപ്പെട്ടു. അവർ അപ്രകാരം റോഡിലൂടെ മുന്നോട്ടു നീങ്ങി. യൂദാ ജനറലിനോടു സംസാരിച്ചുകൊണ്ടിരുന്നു. വളരെ ദൂരം മുമ്പോട്ടു നീങ്ങിയപ്പോൾ കാളകൾ തളർന്നു. അവ മുന്നോട്ടു നീങ്ങാതെ നിശ്ചലരായി നിലകൊണ്ടു. ജനറൽ ആകെ പരിഭ്രമത്തിലായി. എന്തുചെയ്യണമെന്നറിയാതെ അദ്ദേഹം കുഴങ്ങി. ഓടിപ്പോയി എവിടെനിന്നെങ്കിലും വേറേ കാളകളെ കൊണ്ടുവന്നെങ്കിലോ എന്നു ജനറൽ ചിന്തിച്ചു. കാരണം, സമയം അതിക്രമിച്ചിരുന്നു. ശ്ലീഹാ ഇതുകണ്ട് ജനറലിനോടു പറഞ്ഞു: 'പരിഭ്രമിക്കേണ്ട, വിഷമിക്കേണ്ട, ഞാൻ പറഞ്ഞതുപോലെ ഈശോയിൽ വിശ്വസിക്കുകമാത്രം ചെയ്യുക. താങ്കൾ വലിയ അത്ഭുതങ്ങൾ ദർശിക്കും.' ജനറൽ പറഞ്ഞു: 'തന്നോടു ചോദിക്കുന്നവർക്ക് എല്ലാം ചെയ്തുകൊടുക്കാൻ അവനു സാദ്ധ്യമാണെന്ന് ഞാൻ അവനിൽ വിശ്വസിക്കുന്നു.' അപ്പോൾ യൂദാ പ്രധാനവീഥിയിൽനിന്ന് അകലെ

www.malankaralibrary.com



ഒരുകൂട്ടം കഴുതകൾ മേഞ്ഞു നടക്കുന്നതു കണ്ടു. അദ്ദേഹം ജനറലിനോടു പറഞ്ഞു: 'ഈശോയിൽ നീ വിശ്വസിക്കുന്നുവെങ്കിൽ ആ കൂട്ടത്തിലേക്കുപോയി അവയോടു ദൈവപുത്രനായ ഈശോ മിശിഹായുടെ ശ്ലീഹായായ യൂദാ പറയുന്നുവെന്നറിയിക്കുക; 'നിങ്ങളിൽ നാലുപേർ വരിക. എനിക്കവയെ ആവശ്യമുണ്ട്.'

70. വളരെയധികം കാട്ടുകഴുതകളെകണ്ടു് അല്പം ഭയത്തോടുകൂടിയാണ് ജനറൽ പോയതു്. എത്രമാത്രം അവയുടെ അടുത്തേക്കു നീങ്ങിയോ അത്രമാത്രം അവ അദ്ദേഹത്തെ ലക്ഷ്യം വച്ചു് മുന്നോട്ടുനീങ്ങി. അവ അദ്ദേഹത്തിനടുത്തെത്തിയപ്പോൾ, അദ്ദേഹം അവയോടു പറഞ്ഞു: 'ഈശോമിശിഹായുടെ ശ്ലീഹായായ യൂദാതോമ്മാ പറയുന്നു: 'നിങ്ങളിൽ നാലുപേർ എന്റെ അടുത്തേക്കു വരട്ടെ. എനിക്കു് അവയെക്കൊണ്ടു് ആവശ്യമുണ്ടു്.' ഈ വാക്കുകൾ കേട്ടപ്പോൾ വലിയ ആവേശത്തോടെ എല്ലാ കഴുതകളും അദ്ദേഹത്തെ സമീപിച്ചു. അദ്ദേഹത്തിന്റെ അടുത്തെത്തിയപ്പോൾ നമ്മുടെ നാഥനെ ലക്ഷ്യംവച്ചുകൊണ്ടു് അവർ തലകുനിച്ചു. നമ്മുടെ നാഥന്റെ ശ്ലീഹായായ യൂദാതോമ്മാ ശബ്ദമുയർത്തി ദൈവത്തെ സ്തുതിച്ചുകൊണ്ടിപ്രകാരം പറഞ്ഞു: 'സത്യദൈവവും എല്ലാ ജീവജാലങ്ങളുടെയും നാഥനുമേ, നീ മഹത്വപൂർണ്ണനാകുന്നു. എന്തുകൊണ്ടെന്നാൽ അങ്ങേ തിരുമനസ്സുകൊണ്ടു് അങ്ങു് ഇച്ഛിക്കുകയും എല്ലാം സൃഷ്ടിക്കുകയും എല്ലാ സൃഷ്ടവസ്തുക്കൾക്കും അന്തിമരൂപം നൽകുകയും ഓരോന്നിന്റെയും പ്രകൃതി അനുസരിച്ചുള്ള നിയമത്തിനു വിധേയമാക്കുകയും അവ നിന്റെ പ്രമാണങ്ങൾക്കു് വിധേയരാകുവാൻ അങ്ങേ ഭയം അങ്ങു് അവരുടെമേൽ ആവസിപ്പിക്കുകയും ചെയ്തുവല്ലോ. നിഗൂഢമായ അവിടുത്തെ തിരുമനസ്സ് അപ്രകാരം അങ്ങു് വെളിവാക്കി. പ്രവാചകന്മാർ ദർശനത്തിലൂടെയും ശബ്ദത്തിലൂടെയും അങ്ങയേപ്പററി സംസാരിച്ചു. അങ്ങു സൃഷ്ടിച്ച എല്ലാ ആത്മാക്കളുടെമേലും സജീവമായ ശ്രദ്ധ അങ്ങു് ചെലുത്തി. എന്നാൽ ഇസ്രായേൽജനം ദുഷ്പ്രേരണയ്ക്കു വിധേയരായി ദൈവത്തെ അനുസരിച്ചില്ല. എല്ലാത്തിന്റെയും നാഥനാകയാൽ ഈ സൃഷ്ടിജാലങ്ങളെക്കുറിച്ചെല്ലാം നിനക്കു് ശ്രദ്ധയുണ്ടു്. തിരുഹിതപ്രകാരം എഴുന്നെള്ളിയവനിലൂടെ നിന്റെ ദയ ഞങ്ങളുടെമേൽ വിരിക്കുന്നു. നിന്റെ മഹനീയ വിജ്ഞാനപ്രകാരം നീ ഇച്ഛിക്കുകയും രൂപീകരിക്കുകയും ചെയ്ത നിന്റെ സൃഷ്ടിയുടെ ശരീരം അവൻ ധരിച്ചു. നിത്യനിഗൂഢതയിൽ നീ അവനെ നിയോഗിച്ചു; നിന്നെ വെളിപ്പെടുത്തുന്നതിൽ അവനെ നീ സ്ഥാപിച്ചുറപ്പിച്ചു. അവനു നീ പുത്രനെന്ന പേരു കൊടുത്തു; അവൻ നിന്റെ ഇച്ഛയും, ശക്തിയും നിന്റെ

www.malankaralibrary.com



വചനവുമാകുന്നു. സൃഷ്ടികളെ ഭരിക്കാനായി പിതാവ്, പുത്രൻ, പരിശുദ്ധാത്മാവ് എന്നീ വിവിധ നാമങ്ങളാൽ നീ അറിയപ്പെടുന്നു. എല്ലാ പ്രകൃതികളെയും പുഷ്ടിപ്പെടുത്തുന്നതിൽ, അവിടുന്ന് മഹത്വത്തിലും, ശക്തിയിലും ഇച്ഛയിലും ഒന്നാകുന്നു. അവിടുന്ന് വേർപെടാതെ വിഭജിക്കപ്പെട്ടിരിക്കുന്നു; അവിടുന്ന് വിഭജിക്കപ്പെട്ടിരിക്കുന്നുവെങ്കിലും ഏകമാകുന്നു. എല്ലാം നിന്നിൽ നിലനില്ക്കുന്നു. എല്ലാം അവിടുത്തേക്ക് വിധേയമായിരിക്കുന്നു. കാരണം, എല്ലാം നിന്റേതാകുന്നു. നാഥാ, ഞാൻ അങ്ങയെ ആശ്രയിക്കുന്നു. അങ്ങേ ദിവ്യകല്പനകൾ ഈ മൂകരായ വന്യമൃഗങ്ങളേപ്പോലും ഭരിച്ചുകൊണ്ടിരിക്കുന്നു. അങ്ങേ ഭരണനൈപുണ്യം ഞങ്ങളുടെമേലും ഈ വന്യമൃഗങ്ങളുടെമേലും വ്യക്തമാക്കുന്നതിനുവേണ്ടിയാണിതു്. എന്തുകൊണ്ടെന്നാൽ അതു് ആവശ്യമാണ്. അങ്ങേ ദിവ്യനാമം ഈ മൂകമൃഗങ്ങളാലും എന്നാലും മഹത്വീകൃതമാകുന്നതിനുവേണ്ടിയാണിതു്.' —ഇവയ്ക്കുശേഷം അദ്ദേഹം കാട്ടുകഴുതകളോടു പറഞ്ഞു: 'എല്ലാററിന്റെമേലും അധികാരമുള്ള വചനത്തെ അനുസരിച്ചു നിങ്ങൾക്ക് സമാധാനം ഉണ്ടായിരിക്കട്ടെ. മുന്നോട്ടു നീങ്ങുവാൻ സാധിക്കാതെ നിശ്ചലരായി നിന്ന കന്നുകാലികളുടെ സ്ഥാനത്തു് നിങ്ങളിൽ നാലുപേർ മുന്നോട്ടുവന്ന് ആ നുകമണിയുക.' ആരു് വണ്ടിവലിക്കണം എന്നറിയാതെ എല്ലാ കഴുതകളും വീണ്ടും അടുത്തുകൂടി. മററുകഴുതകളെക്കാൾ ശക്തരായ കഴുതകൾ അവിടെ ഉണ്ടായിരുന്നു. അവയെ വണ്ടിക്കു കെട്ടി വണ്ടിവലിപ്പിച്ചു. മററു കഴുതകൾ വണ്ടിക്ക് മുൻപിലും പിൻപിലും മററുമായി ശ്ലീഹായെ അനുഗമിച്ചു. ഒരു ചെറിയ വഴി തരണം ചെയ്തു കഴിഞ്ഞപ്പോൾ, ശ്ലീഹാ അവയോടു പറഞ്ഞു: 'ഈ വിജനപ്രദേശത്തെ നിവാസികളായ നിങ്ങളോടു ഞാൻ പറയുന്നു: നിങ്ങൾ എന്നെ അനുഗമിക്കേണ്ട. നിങ്ങളുടെ മേച്ചിൽസ്ഥലങ്ങളിലേക്കു തിരികെ പോകുക. നിങ്ങളെല്ലാവർക്കും അവസരം ഉണ്ടായിരുന്നെങ്കിൽ എന്നെ അനുഗമിച്ചേനേ. അതുകൊണ്ടു് ഇപ്പോൾ നിങ്ങൾ നിങ്ങളുടെ മേച്ചിൽസ്ഥലങ്ങളിലേക്ക് തിരിച്ചുപോകുക.' അവർ വിദൂരത്തിലേക്ക് അകന്നുപോയപ്പോൾ കാട്ടുകഴുതകൾ അവയുടെ മേച്ചിൽസ്ഥലങ്ങളിലേക്ക് തിരിച്ചുപോയി.

71. ശ്ലീഹായും ജനറലും വണ്ടിക്കാരനും രഥത്തിൽ ഇരുന്നു. കാട്ടുകഴുതകൾ പതുക്കെ ശാന്തമായി മുമ്പോട്ടു പോയി. കാരണം ദൈവത്തിന്റെ ശ്ലീഹാ ക്ഷീണിതനാകരുതെന്ന് അവ കരുതി. പട്ടണവാതിൽക്കൽ എത്തിയപ്പോൾ അവ ഭവനം തിരിച്ചറിഞ്ഞു. ജനറലിന്റെ മററത്തേയ്ക്കുള്ള പ്രവേശനവാതിലിനരികെ അവ വന്നുനിന്നു: ജനറൽ അത്ഭുതത്തോടെ ഇപ്രകാരം പറഞ്ഞു: 'എന്താണ് സംഭവിക്കുന്നതെന്ന് പറയുവാൻ

www.malankaralibrary.com



എനിക്കു സാധിക്കുന്നില്ല. മററൊരത്ഭുതം സംഭവിക്കാമെങ്കിൽ അതു ഞാൻ പറയാം.' ആ പട്ടണം മുഴുവനും അങ്ങോട്ടു പ്രവഹിച്ചുകൊണ്ടിരുന്നു. രഥം വലിക്കുന്ന കാട്ടുകഴുതകളെ അവർ കണ്ടിരുന്നു. മാത്രവുമല്ല ശ്ലീഹാ ജനറലിൻെറ ഭവനത്തിലേയ്ക്കു് പോയിട്ടുണ്ടെന്ന വാർത്തയും അവർ അറിഞ്ഞിരുന്നു. ശ്ലീഹാ ജനറലിനോടു ചോദിച്ചു: നിൻെറ വീടു് എവിടെയാണു്? നീ ഞങ്ങളെ എങ്ങോട്ടാണു് നയിക്കുന്നതു്? ജനറൽ അദ്ദേഹത്തോടു പറഞ്ഞു: 'അങ്ങേ ദാസൻെറ ഭവനകവാടത്തിലാണു് അങ്ങു നില്ക്കുന്നതെന്നു് അങ്ങു് അറിഞ്ഞാലും. അങ്ങേ കല്പന വഴി ഇവിടെ വന്ന ഈ മൃഗങ്ങൾ എന്നേക്കാൾ നന്നായി അറിയുന്നു.' ജനറൽ ഇങ്ങനെ സംസാരിച്ചുതുടങ്ങിയപ്പോൾ അദ്ദേഹം രഥത്തിൽനിന്നു് ചാടിയിറങ്ങി.

72. അതിനുശേഷം ശ്ലീഹാ ഇപ്രകാരം പറയാൻ തുടങ്ങി:[1] 'ഈശോയെക്കുറിച്ചുള്ള അറിവു് ഈ നാട്ടിൽ നിഷേധിക്കപ്പെട്ടിരുന്നു. ഈശോയെക്കുറിച്ചുള്ള വാർത്തയും ഈ പട്ടണത്തിൽ അപരിചിതമാണു്. ഈശോ ഈ മനുഷ്യരുടെ മദ്ധ്യേ അപരിചിതനാണു്. ഓരോ ഗ്രാമപ്രദേശത്തേയ്ക്കും ഓരോ പട്ടണപ്രദേശത്തേയ്ക്കും ഈശോ തൻെറ ശ്ലീഹായെ അയയ്ക്കുന്നു. അവനിൽ മഹത്വീകരിക്കപ്പെടുകയും അവനാൽ യോഗ്യരായ എല്ലാവർക്കും അവിടുന്നു് അറിയപ്പെടുകയും ചെയ്യുന്നു. അവിടുത്തെ ദിവ്യമായ സ്നേഹത്തിൽനിന്നു നാം അകന്നുപോകാതിരിക്കാൻ വേണ്ടി ഈശോ ശരീരം ധരിച്ചു മനുഷ്യനായി നമുക്കെല്ലാവർക്കും പ്രത്യക്ഷപ്പെട്ടു. ഞങ്ങളുടെ കർത്താവേ, നീ സ്വയം ഞങ്ങൾക്കു തന്നു; അവിടുത്തെ തിരുരക്തത്താൽ ഞങ്ങളെ വിലയ്ക്കു വാങ്ങി. നിനക്കായി ഞങ്ങളെ നീ സ്വന്തമാക്കി. വലിയ വില നൽകി വാങ്ങിയ സമ്പാദ്യമാണതു്. തൻെറ ജീവനു പകരം എന്തുകൊടുക്കാൻ നമുക്കു കഴിയും? കാരണം, അവൻ തൻെറ ജീവൻ നമുക്കായി തന്നു. നമ്മുടെ ആരുടെയും എന്തെങ്കിലും വസ്തുവോ, മററു് എന്തെങ്കിലുമോ അല്ല അവിടുന്നാവശ്യപ്പെടുന്നതു്. പിന്നെയോ നാം അവനോടു യോജിച്ചു ജീവിക്കുക മാത്രമാണു്.

73. അവൻ ഇവ പറഞ്ഞുകഴിഞ്ഞപ്പോൾ അവിടെയെത്തിയ പുതിയ ദൈവത്തിൻെറ ശ്ലീഹായെ കാണുവാൻ ജനങ്ങൾ പലഭാഗത്തുനിന്നും ഓടിക്കൂടി. അപ്പോൾ യൂദാ പറഞ്ഞു: 'നമ്മൾ എന്തിനാണിവിടെ അലസരായി നില്ക്കുന്നതു്? ഈശോയെ അങ്ങു എന്താഗ്രഹിക്കുന്നു? ഈ സമയത്തു് അങ്ങു്

---

1. ഇതൊരു സ്തുതിഗീതമാണു്. 'ക്രിസ്തു അവിടുത്തെ രക്തത്താൽ നമ്മെ വിലയ്ക്കുവാങ്ങി' എന്ന ആശയം സ്പഷ്ടമായി കാണാം.

www.malankaralibrary.com



ആജ്ഞാപിക്കുക. അപ്രകാരം സംഭവിക്കട്ടെ. അപ്പോൾ ആ പിശാചുക്കൾ ജനറലിന്റെ ഭാര്യയിലും കുട്ടിയിലും കടന്നാക്രമണം നടത്തി; അവർ ഇനി ജീവിക്കുമോ എന്നുപോലും ജനറലിന്റെ വേലക്കാർ ചിന്തിച്ചു. കാരണം, ഒന്നും കഴിക്കാൻ കഴിയാതെ, ആരെയും തിരിച്ചറിയാൻ സാധിക്കാതെ ശ്ലീഹാ വരുന്നതുവരെ കട്ടിലിൽത്തന്നെ അവർ കിടപ്പായിരുന്നു. വലതുവശത്തുനിന്നിരുന്ന കാട്ടുകഴുതകളിൽ ഒന്നിനോടു ശ്ലീഹാ പറഞ്ഞു: 'ആ മുററത്തേക്കു കടന്നുചെന്ന് എല്ലാ പിശാചുക്കളെയും വിളിച്ച് ഇപ്രകാരം പറയുക: 'ഈശോമിശിഹായുടെ ശ്ലീഹായായ യൂദാതോമ്മാ പറയുന്നു, പുറത്തുവരിക, എന്തുകൊണ്ടെന്നാൽ നിങ്ങൾക്കെതിരെയും നിങ്ങളുടെ കൂട്ടത്തിനെതിരെയും ഞാൻ അയയ്ക്കപ്പെട്ടിരിക്കുന്നു. നിങ്ങളുടെ വിധിക്കു മുമ്പ് നിങ്ങളെ നിങ്ങളുടെ സ്ഥലത്തേക്ക് ഓടിക്കാനും നിങ്ങൾ നിങ്ങളുടെ കുഴികളിലേയ്ക്കു പോകാനും വേണ്ടിത്തന്നെ.

**74.** ജനങ്ങളോടൊത്ത് കാട്ടുകഴുത അകത്തുകടന്ന് ഇപ്രകാരം പറഞ്ഞു: 'മനുഷ്യകുലത്തിന്റെ ശത്രുക്കളായ നിങ്ങളോടു ഞാൻ പറയുന്നു, കാണാതിരിക്കാൻ പ്രകാശത്തിന്റെ നേരെ കണ്ണടയ്ക്കുന്ന നിങ്ങളോടു ഞാൻ പറയുന്നു. നന്മയോടുകൂടി തിന്മ ഒരിക്കലും നിലനില്ക്കുന്നില്ല. ഗേഹന്നായുടെയും അബ്ദദോന്റെയും സന്തതികളേ, തന്റെ പ്രകൃതിക്കനുസൃതം ദുഷ്ടദാസരെ ഉല്പാദിപ്പിക്കുന്ന, ഇന്നേവരെ സ്വസ്ഥമായി നിലകൊള്ളാൻ കല്പിക്കപ്പെടാത്തവരുടെ സന്താനങ്ങളേ, അതേ, ധിക്കാരികളായ ദുഷ്ടന്മാരേ, നിങ്ങളോടു ഞാൻ പറയുന്നു 'നിങ്ങൾ നിങ്ങളുടെ കരങ്ങളാൽതന്നെ നശിക്കും. നിങ്ങളുടെ അന്ത്യത്തെക്കുറിച്ച് എന്തുപറയണമെന്ന് എനിക്കറിയില്ല ഞാൻ പറയേണ്ടതു് സംസാരിക്കാൻ എനിക്കു കഴിയില്ല. ആ സംഗതികൾ കേൾക്കാൻ കേൾവിക്കു ശക്തിയില്ല. അവയ്ക്കു ഒരതിർത്തിയുമില്ല. നിങ്ങളുടെ ശരീരം എത്രമാത്രം ഭീകരമാണെങ്കിലും, നിങ്ങളുടെ ശിക്ഷാവിധിക്ക് അവ നിസ്സാരമാകുന്നു, പിശാചേ, നിന്നോടും നിന്നെ പിന്തുടരുന്ന നിന്റെ പുത്രനോടും ഞാൻ സംസാരിക്കുന്നു: ഞാൻ ഇപ്പോൾ നിങ്ങൾക്കെതിരെ അയയ്ക്കപ്പെട്ടിരിക്കുന്നു! അല്ല, എന്തിനു ഞാൻ നിങ്ങളുടെ പ്രകൃതിയെക്കുറിച്ചു് സംസാരിച്ചുകൊണ്ടിരിക്കണം! നിങ്ങൾ നീചരാണ്. എന്നേക്കാൾ നന്നായി നിങ്ങൾക്കതറിയാം. നിങ്ങൾ ധിക്കാരികളാണ്. എന്നാൽ ഈശോമിശിഹായുടെ ദയയാലും കരുണയാലും അയയ്ക്കപ്പെട്ട തന്റെ ശിഷ്യൻ യൂദാതോമ്മാ ഇപ്രകാരം പറയുന്നു: 'ഇവിടെ ഒന്നിച്ചുകൂടിനില്ക്കുന്ന ജനത്തിന്റെ മദ്ധ്യത്തിലേക്കുവന്ന് നിങ്ങൾ ഏതു കുലത്തിൽപ്പെട്ടവരാണെന്നു് പറയുക'.

www.malankaralibrary.com



75. വിഷാദവും നിർജീവവുമായ മുഖത്തോടെ മരിച്ചവരെപ്പോലെ, നഗ്നരായ ആ സ്ത്രീയും അവളുടെ മകളും പുറത്തേക്കു വന്നു. അവരെ കണ്ടപ്പോൾ ശ്ലീഹാ ദുഃഖിതനായി. അദ്ദേഹം അവരോടു പറഞ്ഞു: 'നിങ്ങളോടു കാരുണ്യമൊന്നും പ്രകടിപ്പിച്ചിട്ടില്ല. അതിനാൽ നിങ്ങൾക്കു സുബോധംതന്നെയില്ല. എന്നാൽ ഈശോമിശിഹായുടെ നാമത്തിൽ അവരിൽനിന്ന് ഒഴിഞ്ഞുപോകുക. മാറി അവരുടെ വശത്തു നില്ക്കുക. ശ്ലീഹാ ഇവ അരുളിച്ചെയ്തപ്പോൾ ആ സ്ത്രീ താഴെ മറിഞ്ഞുവീണു. പ്രത്യക്ഷത്തിൽ അവൾ മരിച്ചവളെപ്പോലെയായി (മർക്കോ. 9:26) കാരണം, ചലനമററ ശ്വാസോച്ഛ്വാസം നിലച്ചു പോലെ അവൾ കിടന്നു; അവൾ ശബ്ദിച്ചുമില്ല. അപ്പോൾ പിശാച് ഉച്ചത്തിൽ വിളിച്ചു പറഞ്ഞു: 'ഞങ്ങളുടെ സ്വഭാവത്തെ കുററപ്പെടുത്തുന്ന നീ വീണ്ടും ഇവിടെയും വന്നിരിക്കുന്നുവോ? ഞങ്ങളുടെ വംശത്തെ നശിപ്പിക്കുന്ന നീ ഇവിടെയും വന്നിരിക്കുന്നു. ഞങ്ങളുടെ കാലടികളെ തുടച്ചു മാററുന്ന നീ ഇവിടെയും വന്നിരിക്കുന്നു. ഈ ഭൂമുഖത്തു ഞങ്ങൾ നിലനില്ക്കുന്നതു നീ ഇഷ്ടപ്പെടുന്നില്ല എന്നു ഞാൻ കാണുന്നു. എന്നാൽ ഇപ്പോൾ ഞങ്ങളോട് അതു ചെയ്യുവാൻ നിനക്കു സാധിക്കുകയില്ല.

76. താൻ മറേറ സ്ത്രീയിൽനിന്ന് ഓടിച്ചുകളഞ്ഞ പിശാചാണ് ഇതെന്ന് യൂദാതോമ്മാ മനസ്സിലാക്കി. അതു വീണ്ടും അവനോടു പറഞ്ഞു: 'ഞാൻ അങ്ങയോടു യാചിക്കുന്നു. എന്നെ വെറുതെ വിടുക. അങ്ങ് ഇച്ഛിക്കുന്ന സ്ഥലത്തേക്കു ഞാൻ പോകാം. ഞാൻ അവിടെ വസിച്ചുകൊള്ളാം. എന്റെ മുകളിൽ അധികാരമുള്ളവരെ ഞാൻ ഭയപ്പെടുന്നില്ല. അങ്ങു പറയുന്നതു പോലെ ഞാൻ പ്രവർത്തിച്ചുകൊള്ളാം. എന്തുകൊണ്ടെന്നാൽ സന്ദർശിക്കാനും നന്മ പ്രവർത്തിക്കാനും അങ്ങ് വന്നിരിക്കുന്നതു പോലെ ഞാൻ നശിപ്പിക്കാൻ വന്നിരിക്കുന്നു. നിന്നെ അയച്ചവന്റെ ഇഷ്ടം ചെയ്യാതിരുന്നാൽ, നീ കുററക്കാരനാകുന്നതു പോലെ എന്നെ അയച്ചവന്റെ ഇഷ്ടം ചെയ്യാതിരുന്നാൽ സമയത്തിനു മുമ്പേ ഞങ്ങളുടെ ദണ്ഡനത്തിലേക്കു ഞങ്ങൾ പോകേണ്ടിവരും. നിന്റെ നാഥൻ നിന്റെ പ്രവൃത്തികളിൽ സഹായിക്കുന്നതുപോലെ എന്റെ പിതാവ് എന്റെ പ്രവൃത്തികളിൽ എന്നെ സഹായിക്കുന്നു. അവിടുത്തേക്കു താമസിക്കാൻ തക്കവിധം കൂടാരങ്ങൾ അങ്ങ് സജ്ജമാക്കുന്നതുപോലെ എന്റെ പിതാവിനെ അനുസരിക്കുന്ന പാത്രങ്ങളെ അവൻ എന്നെ കാണിക്കുന്നു; അവരിൽ ഞാൻ അവന്റെ ഹിതം അനുവർത്തിക്കുന്നു; നിന്നെയും നിന്നെ അനുസരിക്കുന്നവരെയും അവൻ പരിപോഷിപ്പിക്കുകയും അവർക്കാവശ്യമുള്ളവ നല്കുകയും ചെയ്യുന്നതുപോലെ അവൻ എന്നെയും ഞാൻ വസിക്കുന്ന

www.malankaralibrary.com



വരേയും വേദനിപ്പിക്കുകയും ചെയ്യുന്നു. നിനക്കു് അവൻ നിത്യ ജീവൻ പ്രതിഫലമായി നല്കുന്നതുപോലെ എന്റെ പ്രവൃത്തികളുടെ പ്രതിഫലമായി എനിക്കവൻ നിത്യനാശം നൽകുന്നു. നീ പ്രാർത്ഥനയിലും സദ്പ്രവൃത്തികളിലും കുർബ്ബാനയിലും അവന്റെ സ്തുതിപ്പുകളിലും, സങ്കീർത്തനങ്ങളിലും ഗീതങ്ങളിലും സന്തോഷം കണ്ടെത്തുന്നതുപോലെ ഞാൻ കൊലയിലും വ്യഭിചാരത്തിലും ബിംബാരാധനയിലും അവിടെയുള്ള അഭിഷേകങ്ങളിലും സന്തോഷിക്കുന്നു. നീ മനുഷ്യരെ നിത്യജീവനിലേക്കു് തിരിക്കുന്നതുപോലെ ഞാൻ മനുഷ്യരെ എന്നിലേക്കും നിത്യനാശത്തിലേക്കും വേദനയിലേക്കും തിരിക്കുന്നു. നീ നിന്റെ പ്രതിഫലവും ഞാൻ എന്റേതും സ്വീകരിക്കുന്നു.'

77. പിശാചു് ഈ കാര്യങ്ങരം പറഞ്ഞപ്പോരം ശ്ലീഹാ പറഞ്ഞു: 'നിന്നോടും നിന്റെ മകനോടും ഞാൻവഴി ഈശോ പറയുന്നു: 'നീ മേലിൽ മനുഷ്യവാസമുള്ളിടത്തു് പ്രവേശിക്കരുതു്; നീ പോയി മനുഷ്യവാസമില്ലാത്തിടത്തു് പാർത്തുകൊള്ളുക' പിശാചു പറഞ്ഞു: 'അങ്ങു കല്പിച്ചതുപോലെ ഇതാ ഞങ്ങരം പോകുന്നു. എന്നാൽ അങ്ങിൽനിന്നു മറഞ്ഞിരിക്കുന്നവരുടെ കാര്യത്തിൽ അങ്ങേക്കു് എന്തു ചെയ്യുവാൻ സാധിക്കും. നിന്നിലെന്നതിനേക്കാരം ആ പാത്രങ്ങരം അവരിൽ സന്തോഷിക്കുന്നു–അനേകർ അവരെ ആരാധിക്കുന്നു; അവരുടെ ഇഷ്ടം ചെയ്യുന്നു; അവർക്കു ബലിയർപ്പിക്കുന്നു; നൈവേദ്യമായി വീഞ്ഞുപകരുന്നു; കാഴ്ചകരം അർപ്പിക്കുന്നു. ശ്ലീഹാ പറഞ്ഞു: 'അവർ അവരുടെ ആരാധകരുമൊത്തു് അവസാനം നശിക്കും.' അപ്പോരം പിശാചു് അപ്രത്യക്ഷനായി; അവിടെയൊക്കെ അതിനെ അന്വേഷിച്ചു. എന്നാൽ കണ്ടെത്തപ്പെട്ടില്ല. ഒരക്ഷരം പോലും ഉച്ചരിക്കാതെ ആ സ്ത്രീകരം മരിച്ചവരെപ്പോലെ കിടന്നു.

78. കാട്ടുകഴുതകരം അടുത്തടുത്തു്, ഒന്നു മറ്റൊന്നിൽ നിന്നകലാതെ അവിടെത്തന്നെ നിരന്നു നില്ക്കുകയായിരുന്നു. എന്നാൽ നമ്മുടെ കർത്താവിന്റെ ശക്തിയാൽ പ്രസംഗചാതുരി നല്കപ്പെട്ടിരുന്ന കഴുതമാത്രം മറ്റുള്ളവയുടെ മുമ്പിൽ നിന്നിരുന്നു. എല്ലാവരും ശാന്തരായി. ശ്ലീഹാ എന്തു പ്രവർത്തിക്കുമെന്നു കാണുന്നതിനായി നിശ്ശബ്ദരായി ശ്വാസമടക്കി ശ്ലീഹായെ ഉറ്റുനോക്കിക്കൊണ്ടിരുന്നു. അപ്പോരം ആ കാട്ടുകഴുത എല്ലാവരേയും നോക്കി ശ്ലീഹായോടു് ഇപ്രകാരം പറഞ്ഞു: 'അത്യുന്നതന്റെ ശ്ലീഹായേ, എന്തുകൊണ്ടാണു് അങ്ങു് അലസനായി നില കൊള്ളുന്നതു്? എന്തുകൊണ്ടെന്നാൽ പരിശുദ്ധാത്മാവു് ഇതാ അങ്ങേയടുക്കൽ നീ ചോദിക്കുന്നവ നിനക്കു നല്കാനായി തയ്യാറായി നിലയുറപ്പിച്ചിരിക്കുന്നു. നല്ല ശിഷ്യാ എന്തുകൊണ്ടാണു്

www.malankaralibrary.com



അങ്ങ് താമസിക്കുന്നത്? അങ്ങിലൂടെ വലിയ കാര്യങ്ങൾ ചെയ്യുവാൻ അങ്ങേ ഗുരു ആഗ്രഹിക്കുന്നു. മറഞ്ഞിരിക്കുന്നവൻെറ പ്രസംഗകനേ, എന്തുകൊണ്ടവിടെ നിലയുറപ്പിച്ചിരിക്കുന്നു? ഇതാ, ഗുരു അവിടത്തെ മറഞ്ഞിരിക്കുന്ന പ്രകൃതി അങ്ങിലൂടെ, അവനു യോഗ്യരായവർ ഈ വാക്യങ്ങൾ കേൾക്കാനായി വെളിപ്പെടുത്തുവാൻ താല്പര്യപ്പെടുന്നു. നിൻെറ നാഥൻെറ നാമത്തിൽ അത്ഭുതങ്ങൾ പ്രവർത്തിക്കുന്നവനേ, നീ എന്താണ് നിശ്ചലനായി നിലകൊള്ളുന്നത്? അങ്ങേ ഗുരുനാഥൻ അങ്ങേ സമീപത്തു നിന്നുകൊണ്ട് നിന്നെ ഉത്തേജിപ്പിക്കുന്നു. ഭയപ്പെടേണ്ട; 'അവൻ നിന്നെ ഉപേക്ഷിക്കുകയില്ല അതുകൊണ്ട് അവനെ വിളിച്ചപേക്ഷിക്കുവാൻ തുടങ്ങുക; അവിടുന്ന് എല്ലായ്പോഴും ചെയ്യുന്നതുപോലെ, നിനക്കുത്തരമരുളും. അവൻെറ നിരവധി ചെയ്തികളിൽ നീ അത്ഭുതപരതന്ത്രനാകുന്നത് എന്തുകൊണ്ട്? അങ്ങിലൂടെ കാണിച്ച ഈ പ്രവൃത്തികൾ വളരെ നിസ്സാരങ്ങളാണ്. അവൻെറ ദാനങ്ങളെപ്പററി എണ്ണാൻ തുടങ്ങിയാൽ അതിനൊരവസാനം ഉണ്ടാകുകയില്ല. അവൻ ചെയ്ത ഈ ശാരീരിക സൗഖ്യത്തെപ്പററി നീ എന്തിനു വിസ്മയഭരിതനാകുന്നു? ശാരീരികമായവ അഴിഞ്ഞുപോകുന്നല്ലോ. അഴിഞ്ഞുപോകാത്ത അവൻെറ സമ്പാദ്യങ്ങളുടെ സമൃദ്ധിയെപ്പററി നീ ചിന്തിച്ചു നോക്കൂ! എന്നും നിത്യജീവനെപ്പററി ചിന്തിക്കാൻ കഴിയുന്ന അങ്ങ് ഈ കാലിക സ്നേഹത്തെപ്പററി എന്തിനു ചിന്തിക്കുന്നു.

79. ഈ കിടക്കുന്നവർ എഴുന്നേല്ക്കുന്നതും നോക്കി ഇവിടെ ഒന്നിച്ചുകൂടിനില്ക്കുന്ന കൂട്ടമേ, ഞാൻ നിങ്ങളോടു പറയുന്നു. സത്യപ്രബോധകനിൽ വിശ്വസിക്കുവിൻ; സത്യപ്രദർശകനിൽ വിശ്വസിക്കുവിൻ; രഹസ്യങ്ങൾ വെളിപ്പെടുത്തുന്നവനിൽ വിശ്വസിക്കുവിൻ; ജീവൻ കാണിച്ചുതരുന്നവനിൽ വിശ്വസിക്കുവിൻ; പരിശോധിക്കപ്പെട്ട പുത്രൻെറ ശ്ലീഹായിൽ വിശ്വസിക്കുവിൻ; തൻെറ ജനനംവഴി ജനിച്ചവരെല്ലാം ജീവിക്കാൻ ഈശോമിശിഹാ ജനിച്ചു. പരിപൂർണ്ണമായ വളർത്തൽ കാണപ്പെടുവാൻ അവൻ വളർത്തപ്പെട്ടു. യഥാർത്ഥ വിജ്ഞാനം അവൻവഴി അറിയപ്പെടാൻ അവൻ പഠിച്ചു. അവൻ തൻെറ ഗുരുവിനെ പഠിപ്പിച്ചു. കാരണം അവൻ സത്യപ്രബോധകനും വിജ്ഞരുടെ അദ്ധ്യാപകനുമാണ്. അവിടുന്നുവഴി എല്ലാ കാഴ്ചവസ്തുക്കളും വിശുദ്ധീകരിക്കപ്പെട്ടിരിക്കുന്നു എന്നു കാണിക്കാൻ അവിടുന്നു ദേവാലയത്തിൽ ചെന്നു കാഴ്ചവസ്തുക്കൾ സമർപ്പിച്ചു. അവൻെറ ശ്ലീഹായാണിത്. ഇതാണ് സത്യശ്ലീഹാ ഇതാണു തന്നെ അയച്ചവൻെറ ഹിതം പ്രവർത്തിക്കുന്നവൻ എന്നാൽ കള്ളശ്ലീഹന്മാരും കള്ളപ്രവാചകന്മാരും വരുന്ന കാലം വരുന്നു; പ്രവൃത്തിപോലെ ആയിരിക്കും അവരുടെ അന്ത്യവും; അവർ നിങ്ങളോടു പറയും: 'പാപത്തെ ഭയപ്പെടുക,' എന്നാൽ അവർ

www.malankaralibrary.com



സദാ പാപം ഉച്ചരിക്കുന്നു. ആട്ടിൻകുട്ടിയുടെ തോൽ ധരിച്ച കടിച്ചുകീറുന്ന ചെന്നായ്ക്കരംക്കു തുല്യരാണിവർ. നിയമപരമായി ഒരു സ്ത്രീയേയും അവർ സ്വീകരിക്കുന്നില്ല; എന്നാൽ അവരുടെ വാക്കുകരംകൊണ്ടും പ്രവൃത്തികൊണ്ടും വളരെയധികം സ്ത്രീകളെ അവർ നശിപ്പിക്കും. അവർ സന്താനങ്ങളെ ജനിപ്പിക്കുന്നില്ല; എന്നാൽ അനേകം കുട്ടികളെ അവർ വഴിപിഴപ്പിക്കുന്നു, അവക്കു വേണ്ടി പരിഹാരവും ചെയ്യുന്നു. മററുള്ളവരുടെ സന്തോഷത്തിൽ അവർ ദുഃഖിക്കുന്നു; മററുള്ളവരുടെ ദുഃഖത്തിൽ സന്തോഷിക്കുന്നു. തങ്ങരംക്കുള്ളതുകൊണ്ടവർക്കു തൃപ്തിവരുന്നില്ല. എല്ലാം അവരെ സേവിക്കണമെന്നു് അവർ ആഗ്രഹിക്കുന്നു. മിശിഹായുടെ ശിഷ്യന്മാരെയെന്നവിധം ബഹുമാനിക്കപ്പെടാൻ അവർ ആഗ്രഹിക്കുന്നു. അവർ ഹൃദയത്തിൽ ഒന്നു നിനയ്ക്കുയും മറെറാന്നു പറയുകയും ചെയ്യും. വെറുപ്പുളവാക്കുന്ന പ്രവൃത്തികരം ഉപേക്ഷിക്കണമെന്നു് അവർ പഠിപ്പിക്കുന്നെങ്കിലും ഒരു നല്ലകാര്യം പോലും അവർ ചെയ്യുകില്ല. വ്യഭിചാരം, കളവു്, പീഡനം, അത്യാത്തി തുടങ്ങിയവ അവർ വെറുക്കുന്നു. ആരും അപ്രകാരം ചെയ്യരുതെന്നവർ പ്രസംഗിക്കുന്നു. എങ്കിലും രഹസ്യമായി അവർ ഇതൊക്കെ ചെയ്യുന്നു.'

80. അവൻ ഈ കാര്യങ്ങരം പറയുമ്പോരം എല്ലാ കാട്ടുകഴുതകളും അവനെ ഉററുനോക്കിക്കൊണ്ടിരുന്നു. അവൻ നിശ്ശബ്ദനായപ്പോരം യൂദാ പറഞ്ഞു: ഈശോയേ, നിൻെറ ദാസനെപ്പററി ചിന്തിക്കുവാൻ ഞാൻ ആരാകുന്നു? ഞാൻ നിന്നെ എങ്ങനെ വിളിക്കേണ്ടു എന്നെനിക്കറിഞ്ഞുകൂടാ? അങ്ങു് ശാന്തനും നിശ്ശബ്ദനും നിശ്ചലനും സംസാരിക്കുന്നവനുമാണു്. അങ്ങു ഹൃദയത്തിലുള്ളതു കാണുന്നു. മനസ്സിലുള്ളതു പരിശോധിക്കുന്നു. കരുണാമൂർത്തിയായ അങ്ങേയ്ക്കു മഹത്വമുണ്ടാകട്ടെ; സജീവവചനമായ അങ്ങേയ്ക്കു മഹത്വമുണ്ടാകട്ടെ. ബഹുവിധരൂപങ്ങളിൽ മറഞ്ഞിരിക്കുന്ന അങ്ങേയ്ക്കു മഹത്വമുണ്ടാകട്ടെ! ഞങ്ങളുടെമേൽ ചൊരിയപ്പെട്ട നിൻെറ ദയയ്ക്കു മഹത്വമുണ്ടാകട്ടെ! ഞങ്ങളുടെമേൽ ഉണ്ടായ നിൻെറ കൃപയ്ക്കു മഹത്വമുണ്ടാകട്ടെ! ഞങ്ങരംക്കുവേണ്ടി ചെറിയവനായ നിൻെറ ശ്രേഷ്ഠതയ്ക്കു മഹത്വമുണ്ടാകട്ടെ. ഞങ്ങരംക്കുവേണ്ടി വിനീതമാക്കിയ നിൻെറ ഔന്നത്യത്തിനു മഹത്വമുണ്ടാകട്ടെ! ഞങ്ങരംക്കുവേണ്ടി ബലഹീനനായിത്തീർന്ന നിൻെറ ശക്തിക്കു മഹത്വമുണ്ടാകട്ടെ. ഞങ്ങളുടെ മനുഷ്യത്വം ധരിച്ച നിൻെറ ദൈവത്വത്തിനു മഹത്വമുണ്ടാകട്ടെ. ഞങ്ങരംക്കുവേണ്ടി പുതുതായി ഉണ്ടാക്കപ്പെടുകയും ഞങ്ങരംക്കു ജീവൻ നല്കാനായി മരിക്കുകയും ചെയ്ത നിൻെറ മനുഷ്യത്വത്തിനു മഹത്വമുണ്ടാകട്ടെ. ഞങ്ങരംക്കു പുനരുത്ഥാനവും ഉയിർപ്പും ലഭിക്കുന്നതിനുവേണ്ടി കല്ലറയിൽനിന്നുള്ള

www.malankaralibrary.com



നിന്റെ ഉത്ഥാനത്തിന്ന മഹത്വമുണ്ടാകട്ടെ. ഉന്നതത്തിലേക്കുള്ള പാത ഞങ്ങൾക്ക് ഒരുക്കുവാനായി സ്വർഗ്ഗത്തിലേക്ക് ആരോഹണം ചെയ്ത നിന്റെ സ്വർഗ്ഗാരോഹണത്തിന്ന മഹത്വമുണ്ടാകട്ടെ. ഞങ്ങൾ അവിടുത്തോടൊപ്പം അവിടുത്തെ വലത്തുവശത്തും ഇടത്തുവശത്തും ഇരുന്ന് അവിടുത്തോടൊപ്പം വിധിയാളന്മാരായിത്തീരും എന്ന് അവിടുന്നു വാഗ്ദാനം ചെയ്ത് ഞങ്ങൾക്ക് ഉറപ്പുതന്നിട്ടുണ്ട്. അങ്ങു സ്വർഗ്ഗീയവചനമാണ്. അങ്ങാണ് അറിവിന്റെ നിഗൂഢപ്രകാശവും സത്യപാതയുടെ പ്രബോധനവും ഇരുട്ടിനെ നീക്കുന്നവനും തെററിനെ നശിപ്പിക്കുന്നവനും.

81. ഇതു പറഞ്ഞിട്ട് ശ്ലീഹാ അവിടെ കിടന്ന സ്ത്രീകളുടെ സമീപത്തു വന്നുനിന്നുകൊണ്ട് പറഞ്ഞു: 'എന്റെ കർത്താവും എന്റെ ദൈവവുമായ ഈശോമിശിഹായേ, (യോഹ. 20:28) ഞാൻ അങ്ങയെക്കുറിച്ചു സംശയിക്കുന്നില്ല; പിന്നെയോ, എല്ലാ സമയത്തും അങ്ങ് ഞങ്ങളെ സംരക്ഷിക്കുകയും സഹായിക്കുകയും പരിപോഷിപ്പിക്കുകയും ചെയ്യുന്നതിനാൽ ഞാൻ നിന്നെ വിളിച്ചപേക്ഷിക്കുന്നു. അങ്ങേ ശ്ലീഹായും ദാസനുമായ എനിക്ക് സംസാരസ്വാതന്ത്ര്യവും സന്തോഷവും പ്രദാനംചെയ്യുന്നവനേ, ഇവർ സൗഖ്യമുള്ളവരായി എഴുന്നേൽക്കട്ടെ. പിശാചിനാൽ അലട്ടപ്പെടുന്നതിന്നു മുമ്പുള്ള അവസ്ഥ അവർ വീണ്ടും പ്രാപിക്കട്ടെ.' അവൻ ഇതു പറഞ്ഞപ്പോൾ, അവർ സൗഖ്യമുള്ളവരായി എഴുന്നേററു. വേലക്കാർ അവരെ അകത്തു കൊണ്ടുപോയി ഭക്ഷണം കൊടുക്കാൻ നിർദ്ദേശിക്കണമെന്ന് ശ്ലീഹാ കല്പിച്ചു. കാരണം ദിവസങ്ങളോളമായി അവർ ഒന്നും ഭക്ഷിച്ചിരുന്നില്ല. അവർ അവരെ അകത്തേക്കു നയിച്ചപ്പോൾ, അവൻ ആ കാട്ടുകഴുതകളോടു പറഞ്ഞു: 'എന്നെ അനുഗമിക്കുക.' വാതിൽപടിവരെ അവൻ അവയോടൊപ്പം പോയി. അവിടെവച്ച് അവൻ അവയോട് പറഞ്ഞു: നിങ്ങൾ ശാന്തരായി നിങ്ങളുടെ പുൽത്തകിടികളിലേക്കു പോകുക.' അവ ശാന്തമായി മുന്നോട്ടു നീങ്ങി. അവ കൺമുമ്പിൽനിന്നു മറയുന്നതുവരെ അവൻ അവയെ നോക്കിക്കൊണ്ടിരുന്നു. ആരെങ്കിലും ഏതെങ്കിലും രീതിയിൽ അവയെ ഉപദ്രവിക്കുന്നുണ്ടോയെന്ന് അവ മറയുന്നതുവരെ അവൻ നോക്കിക്കൊണ്ടിരുന്നു.

www.malankaralibrary.com



# ഒൻപതാം നടപടി

## കാരീഷിന്റെ ഭാര്യ

82. അവർ പോയിക്കഴിഞ്ഞപ്പോൾ യൂദാ തിരികെ വന്ന് ജനറലിന്റെ വീട്ടിൽ കയറി; ഒരു വലിയ ജനാവലി അദ്ദേഹത്തെ പിന്തുടർന്നു. രാജാവിന്റെ ഒരു ബന്ധുവിന്റെ ഭാര്യയായ മിഗ്ദോണിയ എന്നു പേരുള്ള ഒരു സ്ത്രീ, അവിടെ പ്രസംഗിക്കപ്പെട്ട പുതിയ ദൈവത്തെ ദർശിക്കാനും തങ്ങളുടെ രാജ്യത്തെത്തിയ ശ്ലീഹായെ കാണുന്നതിനുമായി അവിടെ വന്നു. ഒരു പല്ലക്കിൽ സേവകർ അവളെ ചുമന്ന് അവിടെ എത്തിച്ചു. അവിടെയുള്ള തിക്കും തിരക്കും മൂലം, അവർക്ക് അവളെ അദ്ദേഹത്തിന്റെ സമീപത്തെത്തിക്കുവാൻ സാധിച്ചില്ല. അവൾ തന്റെ ഭർത്താവിനടുത്തേയ്ക്ക് ആളെയയച്ചു. അദ്ദേഹം തന്റെ കീഴുദ്യോഗസ്ഥന്മാരെ അവിടേക്കയച്ചു. ജനങ്ങളെ തള്ളി മാററിനിർത്തിക്കൊണ്ട് അവർ അവൾക്കു മുമ്പേ പോയി. ഇതു കണ്ടപ്പോൾ ശ്ലീഹാ അവരോടു പറഞ്ഞു: 'വചനം കേൾക്കുവാൻ വന്ന ഈ ജനങ്ങളെ നിങ്ങളെന്തിനാണ് തള്ളിമാററുന്നത്? എന്നിൽനിന്ന് അകന്നിരിക്കുന്ന നിങ്ങൾ എന്റെ അടുത്തേക്ക് വരുവാനും, മററുള്ളവർ അകന്നുപോകുവാനും നിങ്ങൾ ഇച്ഛിക്കുന്നതെന്തുകൊണ്ട്? തന്റെയടുത്തേക്കു വന്ന ജനക്കൂട്ടത്തോട് നമ്മുടെ കർത്താവു പറഞ്ഞു: 'ചെവിയുണ്ടെങ്കിലും നിങ്ങൾ കേൾക്കില്ല, കണ്ണുണ്ടെങ്കിലും നിങ്ങൾ കാണുകയില്ല (മർക്കോ. 8:18). അവൻ ഇതും കൂട്ടിച്ചേർത്തു; 'ഭാരം ചുമക്കുന്നവരും ക്ഷീണിതരുമായ നിങ്ങളെല്ലാവരും എന്റെ പക്കൽ വരുവിൻ; ഞാൻ നിങ്ങൾക്കാശ്വാസമരുളാം.'

83. അവൻ ആ ജനങ്ങളുടെ നേരെ നോക്കിക്കൊണ്ടു പറഞ്ഞു: 'വീണവർക്കു കൊടുക്കുന്ന അനുഗ്രഹം പല്ലക്കു വഹിക്കുന്ന നിങ്ങൾക്കുള്ളതാണ്. കാരണം, നിങ്ങൾ ഭാരമുള്ള ചുമട് വഹിക്കുന്നു. അവൾ നിങ്ങളെ തന്റെ ആജ്ഞയാൽ നയിക്കുന്നു. ദൈവം നിങ്ങളെ മനുഷ്യരായി സൃഷ്ടിച്ചെങ്കിലും മൃഗങ്ങളേപ്പോലെ മനുഷ്യർ നിങ്ങളെക്കൊണ്ട് വലിയ ഭാരം ചുമപ്പിക്കുന്നു. നിങ്ങളെക്കൊണ്ട് ഭാരം ചുമപ്പിക്കുന്നവർ കരുതുന്നത്, നിങ്ങൾ അവരെപ്പോലെയുള്ള മനുഷ്യരല്ല എന്നാണ്. അടിമകളാകട്ടെ സ്വതന്ത്രരാകട്ടെ എല്ലാ മനുഷ്യരും ദൈവതിരു

www.malankaralibrary.com



മുമ്പിൽ തുല്യരാണെന്ന സത്യവും അവർ അറിയുന്നില്ല. എന്നാൽ ദൈവത്തിൻെറ വിധി നീതിപൂർവമാണ്. ഭൂമിയിലുള്ള എല്ലാ ആത്മാക്കളും ആ ന്യായവിധിക്ക് വിധേയരാകും; അടിമയായാലും സ്വതന്ത്രനായാലും സമ്പന്നനായാലും ദരിദ്രനായാലും ഒരു മനുഷ്യനും അതിൽനിന്നു രക്ഷപ്പെടില്ല. സമ്പന്നൻെറ സമ്പന്നതയോ, ദരിദ്രൻെറ ദാരിദ്ര്യമോ ആ ന്യായവിധിക്കു മുമ്പിൽ സഹായിക്കുകയില്ല. നമുക്കു ചെയ്യാൻ സാധിക്കാത്തതൊന്നും ചെയ്യാൻ നമ്മോട്ട് കല്പിക്കപ്പെട്ടിട്ടില്ല. വലിയ ഭാരം എടുക്കണമെന്നോ പണിക്കാർ വിജ്ഞാനപൂർവം പണിയുന്നതുപോലെ പല കെട്ടിടങ്ങൾ പണിയണമെന്നോ കല്ലുപണിക്കാരുടെ കലാചാതുര്യത്തോടെ വലിയ കല്ലുകളിൽ കലാവിരുതു് കാണിക്കണമെന്നോ ഒന്നും ആരും ആവശ്യപ്പെടുന്നില്ല. നമുക്കു ചെയ്യാൻ സാധിക്കുന്നവ മാത്രം ചെയ്യാനേ നമ്മോടു കല്പിക്കപ്പെട്ടിട്ടുള്ളു.

84. എല്ലാ തിന്മകളുടെയും മൂലകാരണമായ വേശ്യാസംഗത്തിൽനിന്നും കായേലിൻെറമേൽ ശാപവചസ്സുകൾ വന്നുവീണ കൊലപാതകത്തിൽനിന്നും, യൂദാസ്സ്കറിയോത്തായെ കൊലക്കയറിൽ കയററിയ മോഷണത്തിൽനിന്നും, ഏശാവിനെ ജന്മാവകാശത്തിൽ നിന്നു് മാററിനിർത്തിയ അത്യാർത്തിയിൽനിന്നും (ഉല്പ. 25:31—34) മനുഷ്യൻ പലപ്പോഴും വിധേയമാകാറുള്ളതും എന്നാൽ അതിനെക്കുറിച്ച് അധികം ചിന്തിക്കാത്തതുമായ ദുരാഗ്രഹത്തിൽനിന്നും, വ്യർത്ഥാഭിമാനത്തിൽനിന്നും നാശത്തിലേക്കു നയിക്കുന്ന അപവാദം പറച്ചിലിൽ നിന്നും, ദുഷ്പ്രവൃത്തികളിൽനിന്നും, ലജ്ജാകരകർമ്മങ്ങളിൽ നിന്നും വെറുക്കത്തക്ക സംയോഗത്തിൽനിന്നും നിത്യനാശം കുടികൊള്ളുന്ന അശുദ്ധ ബന്ധങ്ങളിൽനിന്നും അകന്നിരിക്കണം. ഉന്നതന്മാരെ പിടിച്ച് അഗാധക്കുഴികളിലേക്കിട്ട് അവരെ തങ്ങളുടെ വരുതിക്ക് നിർത്തുന്നതു് ഇവയാണ്. അങ്ങനെ തങ്ങൾ ചെയ്യുന്നതെന്തെന്നു് തിരിച്ചറിയാത്തവരായി അവർ തീരുന്നു. തങ്ങളിൽനിന്നുപോലും അവരുടെ പ്രവൃത്തികൾ മറഞ്ഞിരിക്കുകയും ചെയ്യുന്നു.

85. എന്നാൽ നീ എന്നെ ശ്രവിച്ച് ശുദ്ധതയോടെ വ്യാപരിക്കുക. മററു് എല്ലാ നല്ല വസ്തുക്കളേക്കാൾ ദൈവതിരുമുമ്പിൽ വിലയേറിയതിതാണ്. മിതത്വത്തോടുകൂടി വ്യാപരിക്കുക; ദൈവവുമായുള്ള ബന്ധം അതു നമ്മെ കാട്ടുകയും നിത്യജീവൻ പ്രദാനം ചെയ്യുകയും ചെയ്യുന്നു. വിനീതനായി വ്യാപരിക്കുക; മററു സുകൃതങ്ങളുമായി തുലനം ചെയ്യുമ്പോൾ ഇതു് ഭാരമേറിയതും കിരീടം സമ്പാദിച്ചുതരുന്നതുമാണ്. മാന്യ

www.malankaralibrary.com



മായ രീതിയിൽ ശാന്തനായി പെരുമാറുകയും പാവപ്പെട്ടവരെ സഹായിക്കുകയും, ആവശ്യക്കാരുടെ ആവശ്യങ്ങൾക്കനുസൃതം വേണ്ടവ നല്കുകയും ചെയ്യുക. എന്നാൽ ശുദ്ധതയിൽ വ്യാപരിക്കുന്നതിനു പ്രത്യേകം ശ്രദ്ധിക്കണം. കാരണം, ദൈവ മുൻപാകെ തിരഞ്ഞെടുക്കപ്പെട്ടതാണതു്; നിത്യജീവിതത്തിലേക്കു് നമ്മെ പ്രവേശിപ്പിക്കുകയും ചെയ്യുന്നു. എല്ലാ സുകൃതങ്ങളുടെയും മൂലസുകൃതമാണതു്. ആ സുകൃതത്തിൻെറ സഹായത്താൽ എല്ലാം നല്ല പ്രവൃത്തികളും ചെയ്യുവാൻ നമുക്കു് സാധിക്കുന്നു. കാരണം, ശുദ്ധീകരിക്കപ്പെടാത്തവനു് എന്തെങ്കിലും നന്മ ചെയ്യുവാൻ സാധ്യമല്ല. മറെറല്ലാ സുകൃതങ്ങളും ഈ ശുദ്ധതയ്ക്കുശേഷം വരുന്നു. ദൈവം ശുദ്ധത കാണുകയും തിന്മയെ നശിപ്പിക്കുകയും ചെയ്യുന്നു. ശുദ്ധത ദൈവത്തിനു പ്രീതികരമാണു്. അതു് അവനിൽനിന്നാരംഭിക്കുന്നു. കീഴ്പ്പെടുത്താൻ പാടില്ലാത്ത പോരാളിയാണു് ശുദ്ധത. കലപ്പില്ലാത്ത സൗഖ്യമാണു് ശുദ്ധത. വീണുപോകാത്ത ഗോപുരമാണു് ശുദ്ധത. സുപരിചിത തോഴിയെപ്പോലെ ദൈവത്തോടുകൂടെ കഴിയാൻ ശുദ്ധത യോഗ്യരാകുന്നു. അനേകരോടുകൂടി കാണപ്പെട്ടപ്പോഠം ശുദ്ധത സൗന്ദര്യമാണു്. ശുദ്ധത നാശത്തെ ഇല്ലാതാക്കുന്നു. സമാധാന സന്ദേശം വഹിക്കുന്ന ഒരുമയുടെ ദൂതനാണു് ശുദ്ധത. അനുദിനചര്യകളുടെ വ്യാകുലതകളിൽനിന്നു് മിതത്വം അഭ്യസിച്ചവനെ അതു് സ്വതന്ത്രനാക്കുന്നു. വിടുതലിനായി നോക്കിപ്പാർത്തുകൊണ്ടു്, മിതത്വം സദാ സ്വച്ഛന്ദമായിരിക്കുന്നു; വെറുപ്പുളവാക്കുന്ന ഒന്നും അതു് പ്രവർത്തിക്കുന്നില്ല. ക്ഷമ ശാന്തമായ ജീവിതം അന്വേഷിക്കുന്നു; അതു് കൈവരിക്കുന്നവർക്കു് അതു് സന്തോഷമാണു്. അതിനോടു് അടുക്കുന്നവരെ അതുയർത്തുന്നു.

86. വിനയം മരണത്തെ തൻെറ കീഴിലാക്കി. വിനയം ശത്രുതയെ കീഴടക്കിയിരിക്കുന്നു. വിനയം സന്തോഷകരമായ നുകമാണു്. അതു് വഹിക്കുന്ന ആരെയുംതളത്തുന്നില്ല. വിനയം ഒന്നും ഭയപ്പെടുന്നില്ല. ആർക്കും അതു് പരുപരുത്തതായി തോന്നുന്നില്ല. വിനയം ഒരുമയും സമാധാനവും സന്തോഷവും വിശ്രമവുമാണു്. ശുദ്ധതയാർജ്ജിക്കുക, മിതത്വം സാധിക്കുക, വിനയം നേടുക, ഞാൻ പ്രസംഗിക്കുന്ന മിശിഹാ ഈ മൂലസുകൃതങ്ങളാൽ ദൃഷ്ടാന്തീകരിക്കപ്പെട്ടിരിക്കുന്നു. ശുദ്ധത ദൈവത്തിൻെറ ഭവനമാണു്. ശുദ്ധതയെ സംരക്ഷിക്കുന്നവൻ തൻെറ ആലയത്തെ സംരക്ഷിക്കുന്നു. മിശിഹാ അവനിൽ വസിക്കുന്നു. മിതത്വം ദൈവത്തിൻെറ വിശ്രമമാകുന്നു. നമ്മുടെ കർത്താവു് ഒന്നും ഭക്ഷിക്കാതെ നാല്പതു രാവും പകലും ഉപവസിച്ചു. ഉപവസിക്കുന്നവരിൽ മിശിഹാ വസിക്കുന്നു. വിനയം വലിയ ശക്തിയാണു്; കാരണം നമ്മുടെ കർത്താവു് ശെമയോൻകേപ്പാ

www.malankaralibrary.com



യോടു് പറഞ്ഞു: 'നിന്റെ വാരം ഉറയിൽ ഇടുക; ഞാൻ എന്റെ പിതാവിനോടു ചോദിച്ചാൽ, അവിടുന്നു് എനിക്കു് പന്ത്രണ്ടു് വ്യൂഹത്തിൽ കൂടുതൽ മാലാഖമാരെ അയച്ചുതരും' (മത്താ. 26:53).

87. ഇവ പറഞ്ഞപ്പോരം ജനക്കൂട്ടം തിക്കിത്തിരക്കി അടുത്തുകൂടി അവന്റെ വാക്കുകരം ശ്രവിച്ചുകൊണ്ടിരുന്നു. 'മസ്ദൈ' രാജാവിന്റെ ബന്ധു കാരീഷിന്റെ ഭാര്യ രഥത്തിൽ നിന്നു ചാടിയിറങ്ങി, ശ്ലീഹായുടെ കാല്പാദങ്ങളിൽവീണു. അവരം അവനോടു യാചിച്ചുകൊണ്ടു് പറഞ്ഞു: 'പുതിയ ദൈവത്തിന്റെ പ്രവാചകാ, ഞാൻ അങ്ങയോടു യാചിക്കുന്നു. അങ്ങിതാ ജനനിബിഡമായ സ്ഥലത്തു നിന്നു് ഈ വിജന പ്രദേശത്തേക്കു് വന്നിരിക്കുന്നു. എന്തുകൊണ്ടെന്നാൽ ഞങ്ങരം ഈ വിജനപ്രദേശത്തു വസിക്കുന്നു. കാരണം, സംസാരശക്തി ഇല്ലാത്ത മൃഗങ്ങളെപ്പോലെ ഞങ്ങരം ജീവിക്കുന്നു. നിന്റെ കരങ്ങരം ഇതാ, ഞങ്ങളെ ഇണക്കിയെടുത്തിരിക്കുന്നു. അങ്ങു് എന്റെ നേരെ തിരിഞ്ഞു് എനിക്കുവേണ്ടി പ്രാർത്ഥിക്കണമേ. അങ്ങു് പ്രസംഗിക്കുന്ന ആ ദൈവത്തിൽനിന്നു് ഞാനും അനുഗ്രഹം സ്വീകരിക്കട്ടെ. ഞാൻ അതുവഴി അവന്റെ ഒരു തോഴിയായി തീരട്ടെ. പ്രാർത്ഥനയിലും പ്രത്യാശയിലും നന്ദിപ്രകടനത്തിലും ഞാനും നിന്നോടു ചേരട്ടെ. ഞാനും ആ മുദ്ര സ്വീകരിക്കട്ടെ. അങ്ങനെ ഞാനും അവിടുത്തെ പരിശുദ്ധമായ ആലയമായിത്തീരട്ടെ. അവിടുന്നു് എന്നിൽ വസിക്കുകയും ചെയ്യട്ടെ.'

88. ശ്ലീഹാ പറഞ്ഞു: 'നമ്മുടെ കർത്താവിൽ എന്റെ പ്രിയ സഹോദരന്മാരേ, ഞാൻ നിങ്ങളോടു് അപേക്ഷിക്കുകയും യാചിക്കുകയും ചെയ്യുന്നു. മിശിഹായുടെ വചനങ്ങരം നിങ്ങളിൽ വസിക്കുകയും നിലനില്ക്കുകയും ചെയ്യട്ടെ. എന്തെന്നാൽ നിങ്ങളുടെ ആത്മാക്കളുടെ മേൽ നിങ്ങരംക്കു് ശക്തി നല്കപ്പെട്ടിരിക്കുന്നു.' പിന്നീടു് ആ സ്ത്രീയോടു് പറഞ്ഞു: 'മിഗ്ദോണിയാ, നിലത്തുനിന്നെഴുന്നേല്ക്കുക. നിന്നെക്കുറിച്ചുതന്നെ സ്മരിക്കുക. നശ്വരമായ നിന്റെ ആഭരണങ്ങളെക്കുറിച്ചു് നീ പര്യാകുലയാകേണ്ട. നശിച്ചുപോകുന്ന നിന്റെ സൗന്ദര്യത്തെക്കുറിച്ചും നീ ചിന്തിക്കേണ്ട. നിന്റെ വേഷഭൂഷാദികരം, നിന്റെ പ്രശസ്തി, നിന്റെ പേരു്, കടന്നുപോകുന്ന ഈ ലോകത്തിൽ നിനക്കുള്ള സ്ഥാനമാനങ്ങരം എന്നിവയെക്കുറിച്ചും ചിന്തിക്കേണ്ടതില്ല. മ്ലേച്ഛമായ ലൈംഗികസംയോഗംവഴി നീ സ്വയം താഴ്ത്തി യഥാർത്ഥ സംസർഗ്ഗം നഷ്ടപ്പെടുത്താതിരിക്കു. ആഭരണങ്ങരം നശിക്കുന്നു, സൗന്ദര്യം നശിച്ചു് ഇല്ലാതാകുന്നു; വസ്ത്രങ്ങരം ദ്രവിച്ചുപോകുന്നു. ഓരോരുത്തനും ചെയ്തതനുസരിച്ചു് അധികാരം ശിക്ഷയോടുകൂടി കൈമാറിപ്പോകുന്ന വിവാഹവും

www.malankaralibrary.com



വലിയ നിന്ദ വിതച്ചുകൊണ്ടു് കടന്നുപോകുന്നു. ഈശോ മാത്രം നിലനില്ക്കുന്നു. അവനിൽ പ്രത്യാശയപ്പിക്കുന്നവരും അവനിൽ ആശ്രയം വയ്ക്കുന്നവരും പൂർണ്ണമായി തന്നിൽ അപ്പിക്കുന്നവരും നിലനിൽക്കുന്നു.' ഈ സംഗതികളെല്ലാം പറഞ്ഞശേഷം അദ്ദേഹം ആ സ്ത്രീയോടു പറഞ്ഞു: 'സമാധാനത്തിൽ പോകുക. കർത്താവു് തൻെറ ദിവ്യരഹസ്യങ്ങൾക്കു് നിന്നെ യോഗ്യയാക്കട്ടെ.' അവൾ അവനോടു പറഞ്ഞു: 'നീ എന്നെ ഉപേക്ഷിച്ചു് മറെറാരു സ്ഥലത്തേക്കു പോകും എന്നോർത്തു് ഞാൻ ഭയപ്പെടുന്നു.' ശ്ലീഹാ അവളോടു പറഞ്ഞു: 'അവിടുത്തെ കാരുണ്യത്തെപ്രതി ഈശോ നിന്നെ ഉപേക്ഷിക്കുകയില്ല.' അവൾ കുനിഞ്ഞു് സാഷ്ടാംഗപ്രണാമംചെയ്തു. എന്തെന്നാൽ അദ്ദേഹമാണു് ഈശോയെന്നു് അവൾ കരുതി സന്തോഷത്തോടെ അവൾ സ്വഭവനത്തിലേക്കു് പോയി.

89. മസ്ദൈ രാജാവിൻെറ ബന്ധു കാരീഷ് കുളിച്ചു് അത്താഴം കഴിക്കാനിരുന്നു. തൻെറ ഭാര്യ എവിടെ എന്നു് അദ്ദേഹം അന്വേഷിച്ചു. കാരണം, അവൾ തൻെറ മുറിയിൽ നിന്നു് അദ്ദേഹത്തെ സ്വീകരിക്കാൻ എത്തിയിരുന്നില്ല. അവളുടെ തോഴിമാർ അദ്ദേഹത്തോടു പറഞ്ഞു: 'അവൾ വരുവാൻ താല്പര്യപ്പെടുന്നില്ല.' അദ്ദേഹം മുറിയിലേക്കു കടന്നു ചെന്നു. മുഖം മറച്ചുകൊണ്ടു് കട്ടിലിൽ അവൾ കിടക്കുന്നതു് അദ്ദേഹം കണ്ടു. അദ്ദേഹം അവളെ ചുംബിച്ചുകൊണ്ടു് ചോദിച്ചു 'എന്തുകൊണ്ടാണു് നീ ഇന്നു് ദുഃഖിതയും പര്യാകുലയും ആയി കാണപ്പെടുന്നതു്?' അവൾ അദ്ദേഹത്തോടു പറഞ്ഞു: 'ഞാൻ വളരെ ക്ഷീണിച്ചിരിക്കുന്നു.' അവൻ പറഞ്ഞു: 'ഒരു സ്വതന്ത്ര സ്ത്രീ എന്നവിധം നിൻെറ നിലയ്ക്കനുസൃതം വ്യാപരിച്ചു് മുറിയിലിരിക്കാതെ എന്തിനാണു് പുറത്തുപോയി വ്യർത്ഥവാക്കുകൾ കേട്ടതും ക്ഷുദ്രകർമ്മങ്ങൾ കണ്ടതും?' എങ്കിലും എഴുന്നേററു് പുറത്തുവന്നു് എന്നോടൊപ്പം ഭക്ഷിക്കു, നിന്നെക്കൂടാതെ ഭക്ഷിക്കാൻ എനിക്കു് സാധ്യമല്ല' മിഗ്ദോണിയ അദ്ദേഹത്തോടു പറഞ്ഞു: 'ഇന്നു് നിൻെറകൂടെ ഭക്ഷിക്കുന്നതിൽനിന്നും ഉറങ്ങുന്നതിൽനിന്നും എന്നെ ഒഴിവാക്കണം. ഞാൻ വളരെ അസ്വസ്ഥയാണു്.'

90. മിഗ്ദോണിയ അങ്ങനെ പറയുന്നത് കാരീഷ് കേട്ടപ്പോൾ, അദ്ദേഹം അവളുടെ മുറി വിട്ടു പുറത്തു പോകുവാനോ, ഭക്ഷിക്കുവാനോ, ഉറങ്ങുവാനോ കൂട്ടാക്കിയില്ല. പിന്നെയോ അവളുടെ സാന്നിധ്യത്തിൽ ഭക്ഷണം കഴിക്കുവാനായി അവിടേക്കു കൊണ്ടുവരുവാൻ സേവകരോടാവശ്യപ്പെട്ടു. അവർ ഭക്ഷണം കൊണ്ടുവന്നു് അവൻെറ മുമ്പിൽ വച്ചപ്പോൾ അവൻ അവളോടു ഭക്ഷിക്കാൻ ആവശ്യപ്പെട്ടു. എന്നാൽ അവൾ

www.malankaralibrary.com



ഭക്ഷിച്ചില്ല. അദ്ദേഹം തനിയെ ഭക്ഷിച്ചു. കാരീഷ് അവളോടു പറഞ്ഞു: 'നിന്നെ പ്രതി, മസ്ദൈ രാജാവുമൊരുമിച്ച് അത്താഴ വിരുന്നിനിരിക്കുന്നതിൽനിന്ന് ഞാൻ പിന്മാറി. നീയാണെങ്കിൽ എന്നോടൊത്തു ഭക്ഷിക്കാൻ തയ്യാറായില്ല.' മിഗ്ദോണിയ പറഞ്ഞു: 'എനിക്കിന്നു ഭക്ഷിക്കാൻ തോന്നുന്നില്ല. തൻെറ പതിവുപോലെ അദ്ദേഹം എഴുന്നേററ് ഉറങ്ങുവാൻ കിടക്കയിലേക്ക് പോകാനൊരുങ്ങിയപ്പോാം അവരം പറഞ്ഞു: ഇന്നു ഞാൻ തനിച്ചുറങ്ങാൻ എന്നെ അനുവദിക്കണമെന്ന് ഞാൻ അങ്ങയോട് അപേക്ഷിക്കുന്നു!'

91. അദ്ദേഹം ഇതു കേട്ടപ്പോാം പോയി മറെറാരു കിടക്കയിൽ കിടന്നുറങ്ങി. ഉറക്കത്തിൽ അദ്ദേഹം ഞെട്ടി എഴുന്നേററ് അവളോടു പറഞ്ഞു: 'എൻെറ പ്രിയേ, സഹോദരി മിഗ്ദോണിയാ, ഈ രാത്രിയിൽ ഞാൻ ഒരു സ്വപ്നം കണ്ടു. എൻെറ രാജാവായ മസ്ദൈയുടെ സമീപത്തു ഞാൻ ഇരിക്കുകയായിരുന്നു; ഞങ്ങളുടെ മുമ്പിൽ മേശ ഒരുക്കപ്പെട്ടിരുന്നു. ആകാശത്തുനിന്നു പറന്നിറങ്ങിയ ഒരു കഴുകൻ എൻേറയും രാജാവിൻെറയും മുമ്പിലിരുന്ന ഒരു തിത്തിരി പക്ഷിയേയും എടുത്തുകൊണ്ടു പറന്നുപോയി. അതുകൊണ്ടുപോയി കൂട്ടിൽവച്ചിട്ട് വീണ്ടും ഞങ്ങളുടെ തലയ്ക്കുമീതേ പറന്നു. ഒരമ്പും വില്ലും എടുത്തുകൊണ്ടു വരുവാൻ മസ്ദൈ രാജാവ് കല്പിച്ചു. കഴുകൻ വീണ്ടും പറന്ന് ഞങ്ങളുടെ മുമ്പിലുള്ള ഒരു വെള്ളപ്രാവിനേയും ഒരു കാട്ടുപ്രാവിനേയും തൂക്കിയെടുത്തുകൊണ്ടു പറന്നുപോയി. രാജാവ് ഒരമ്പ് അതിനുനേരെ എയ്തു പക്ഷേ അതിനൊന്നും സംഭവിച്ചില്ല. അതു് അതിൻെറ കൂട്ടിലേക്കു പറന്നുപോയി. അപ്പോാം ഞാൻ എൻെറ ഉറക്കത്തിൽ നിന്നുണർന്നു. ഞാൻ ചിന്താമഗ്നനായി. ഞാൻ ഭക്ഷിച്ച തിത്തിരിപക്ഷി നിമിത്തം ഞാൻ അസ്വസ്ഥനായി. പിന്നീടതു ഭക്ഷിക്കാൻ അവൻ എന്നെ അനുവദിച്ചതുമില്ല. അതിൻെറ രുചി ഇപ്പോഴും എൻെറ വായിൽ ഇരിക്കുന്നു.' മിഗ്ദോണിയ അവനോടു പറഞ്ഞു; 'നിൻെറ സ്വപ്നം നല്ലതാണ്. എന്തെന്നാൽ നീ നിത്യേന ആ മാംസം ഭക്ഷിക്കുന്നു. ഒരുപക്ഷേ ആ കഴുകൻ ഇതുവരെ തിത്തിരിപക്ഷിയുടെ മാംസം രുചിച്ചറിഞ്ഞിട്ടില്ലായിരിക്കാം.'

92. പ്രഭാതമായപ്പോാം മസ്ദൈരാജാവിൻെറ ബന്ധു കാരീഷ് നേരത്തേ എഴുന്നേററ് വസ്ത്രം ധരിച്ചു. പതിവിനു വിപരീതമായി അറിയാതെ ഇടത്തുകാലിലെ ചെരുപ്പ് അദ്ദേഹം വലത്തുകാലിലിട്ടു. അപ്പോാം മിഗ്ദോണിയായോടു ചോദിച്ചു: 'എന്താണിങ്ങനെ? പ്രവൃത്തിയും സ്വപ്നവും' മിഗ്ദോണിയ അദ്ദേഹത്തോടുപറഞ്ഞു: 'വിചാരിക്കുന്നതുപോലെ ഇതും ഭാഗ്യദോഷമൊന്നുമല്ല! ഇതു നല്ലതുതന്നെ.

www.malankaralibrary.com



നിർഭാഗ്യകരമായ ഒന്നിൽനിന്നു് തിന്മ ഉണ്ടാകുന്നു.' അദ്ദേഹം ഒരുങ്ങി മസ്ദൈരാജാവിനെ അഭിവാദ്യം ചെയ്യുവാൻ പോയി.

93. എന്നാൽ കാരീഷിൻെറ ഭാര്യ മിഗ്ദോണിയാ അതിരാവിലെ എഴുന്നേററ് യൂദാ ശ്ലീഹായെ അഭിവാദ്യം ചെയ്യുവാൻ പോയി. ജനറലുമായും വലിയ ഒരു ജനക്കൂട്ടവുമായും അദ്ദേഹം സംസാരിച്ചുകൊണ്ടിരിക്കുന്നതു് അവർ ദർശിച്ചു. അദ്ദേഹം അവരോടു് ഇപ്രകാരം പറഞ്ഞു: 'എൻെറ കുഞ്ഞുങ്ങളെ, ഇന്നലെ നമ്മുടെ കർത്താവിനെ ആത്മാവിലും ഹൃദയത്തിലും സ്വീകരിച്ച ആ സ്ത്രീ ആരുടെ ഭാര്യയാണു്?' ജനറൽ അദ്ദേഹത്തോടു പറഞ്ഞു: 'മസ്ദൈരാജാവിൻെറ ബന്ധുവായ കാരീഷിൻെറ ഭാര്യയാണവരം! അവളുടെ ഭർത്താവു് ഒരു കഠിനനാണു്; അവൻ ഇച്ഛിക്കുന്നതെല്ലാം രാജാവു ചെയ്യുന്നു. അവനാണു്, രാജാവിനെ രസിപ്പിക്കുന്നതു്. നിന്നോടു പ്രതിജ്ഞ ചെയ്തതുപോലെ പ്രവർത്തിക്കുവാൻ അദ്ദേഹം അവളെ അനുവദിക്കുകയില്ല. അവളെപ്പററി അവൻ പല നല്ല കഥകളും രാജാവിനോടു് പറയാറുണ്ടു്. അവളെപ്പോലെ ആരും ഇല്ലെന്നുവരെ അയാരം ധരിപ്പിച്ചിട്ടുണ്ടു്. അവളും അവനെ വളരെയധികം സ്നേഹിക്കുന്നു. അവളോടു് നീ പറയുന്ന ഈ കാര്യങ്ങരം അവൾക്കു് അന്യമാണു്. യൂദാ പറഞ്ഞു: 'നമ്മുടെ കർത്താവു് യഥാർത്ഥമായും, അവളുടെ ആത്മാവിൽ ഉദിച്ചിട്ടുണ്ടെങ്കിൽ, അവളിൽ വിതയ്ക്കപ്പെട്ട വിത്തു് അവരം സ്വീകരിച്ചിട്ടുണ്ടെങ്കിൽ അവരം ഈ ജീവിതത്തെക്കുറിച്ചു് പര്യാകുലയാകുകയോ, മരണത്തെ ഭയപ്പെടുകയോ ഇല്ല. പൂർണ്ണസ്നേഹത്തോടുകൂടി എന്നേയ്ക്കുമായി അവരം കർത്താവിനെ സ്വീകരിച്ചിട്ടുണ്ടെങ്കിൽ, അവളെ എന്തെങ്കിലും ചെയ്യുവാനോ വേദനിപ്പിക്കുവാനോ കാരീഷിനു് സാധിക്കയുമില്ല. കാരണം, അദ്ദേഹം അവളുടെ ഭർത്താവിനെക്കാരം വലിയവനാണു്.'

94. ഈ കാര്യങ്ങരം കേട്ടപ്പോരം മിഗ്ദോണിയ യൂദായോടു പറഞ്ഞു: 'എൻെറ നാഥാ,' സത്യമായും ദിവ്യവചനത്തിൻെറ സജീവവിത്തു് അങ്ങേ പ്രാർത്ഥനയിലൂടെ ഞാൻ സ്വീകരിച്ചു. എൻെറ കർത്താവായ ഈശോയിൽ വിത്തിനുതകുന്ന ഫലം ഞാനുല്പാദിപ്പിക്കും. യൂദാ പറഞ്ഞു: 'ഞങ്ങളുടെ കർത്താവേ, അങ്ങയുടേതായ ഞങ്ങളുടെ ഈ ആത്മാക്കരം അങ്ങയെ സ്തുതിക്കുന്നു. എൻെറ കർത്താവേ, സത്യമായും നിൻെറ സ്വന്തമായ ഞങ്ങളുടെ ദേഹികരം നിന്നെ പ്രകീർത്തിക്കുന്നു. സദാ സ്തുത്യർഹനായ നിൻെറ ആത്മാവിൻെറ വാസസ്ഥലമാകുവാൻ അങ്ങു് യോഗ്യമാക്കിയ ഞങ്ങളുടെ ശരീരങ്ങരം, എൻെറ കർത്താവേ, നിന്നെ പുകഴ്ത്തുന്നു.' അവിടെ ഉണ്ടായിരുന്ന എല്ലാവരോടുമായി ശ്ലീഹാ പറഞ്ഞു: 'ഹൃദയ

www.malankaralibrary.com



ശുദ്ധിയുള്ളവർ അനുഗ്രഹീതരാകുന്നു. അവരുടെ ആത്മാക്കാം അവരെ ഒരിക്കലും കുററപ്പെടുത്തുകയില്ല. എന്തെന്നാൽ ആത്മാക്കളെ അവർ നേടിക്കഴിഞ്ഞു. തങ്ങളെക്കുറിച്ച് അവരൊരിക്കലും സംശയാലുക്കളല്ല. ഹൃദയശുദ്ധിയുള്ളവരുടെ ആത്മാക്കാം അനുഗ്രഹീതമാകുന്നു. ഇതാ, അവർ കിരീടത്തിനവകാശികളായിരിക്കുന്നു. പോരാട്ടത്തിൽനിന്ന് അവർക്കു നൽകപ്പെട്ട സ്ഥിതിയിൽ ഇതാ, അവർ എത്തിച്ചേർന്നിരിക്കുന്നു. ഹൃദയശുദ്ധിയുള്ളവരുടെ ശരീരങ്ങളും അനുഗ്രഹീതമാകുന്നു. ഈശോമിശിഹാക്കു് വസിക്കാൻ യോജിച്ചവിധം അവ വിശുദ്ധമായ ദേവാലയങ്ങളാണ്. നിർമ്മലരായ നിങ്ങാം അനുഗ്രഹീതരാകുന്നു. കാരണം, നിങ്ങാം ന്യായാധിപന്മാർ എന്നു വിളിക്കപ്പെടുന്നു. നിമ്മലരായ നിങ്ങാം അനുഗ്രഹീതരാകുന്നു. കാരണം, പാപമോചനാധികാരം നിങ്ങാംക്കു നല്കപ്പെട്ടിരിക്കുന്നു. നിമ്മലരായ നിങ്ങാം അനുഗ്രഹീതരാകുന്നു. എന്തെന്നാൽ, നിങ്ങാംക്കു നൽകപ്പെട്ടതു് നിങ്ങാം നഷ്ടമാക്കിയില്ല. നിങ്ങാം സന്തോഷപൂർവ്വം ഉന്നതത്തിലേക്കുടുത്തു. ശാന്തശീലരായ നിങ്ങാം അനുഗ്രഹീതരാകുന്നു. രാജ്യം അവകാശപ്പെടാൻ യോഗ്യരായി ദൈവം നിങ്ങളെ കണ്ടെത്തിയിരിക്കുന്നു. ശാന്തശീലരായ നിങ്ങാം അനുഗ്രഹിതരാകുന്നു. എന്തെന്നാൽ ദുഷ്ടനെ നിങ്ങളിതാ, കീഴ്പ്പെടുത്തിയിരിക്കുന്നു. ശാന്തശീലരായ നിങ്ങാം അനുഗ്രഹീതരാകുന്നു. എന്തെന്നാൽ നിങ്ങാം പ്രകാശത്തിന്റെ മക്കളാകും. ശാന്തശീലരായ നിങ്ങാം അനുഗ്രഹീതരാകുന്നു. എന്തെന്നാൽ നിങ്ങാം നിങ്ങളുടെ കർത്താവിന്റെ മുഖം ദശിക്കും. മഹത്വമുള്ള നിങ്ങാം അനുഗ്രഹീതരാകുന്നു. കാരണം, കടന്നുപോകാത്തവയും അഴിവില്ലാത്തവയും ആയ ആദ്ധ്യാത്മികകാര്യങ്ങളിൽ നിങ്ങാം സന്തോഷിക്കുകയും സംതൃപ്തിയടയുകയും ചെയ്യും. അതു ഭക്ഷിക്കുന്നവക്ക് വിശക്കുകയില്ല. മിതത്വമുള്ള നിങ്ങാം അനുഗ്രഹീതരാകുന്നു. എന്തെന്നാൽ നിങ്ങാം പാപത്തിൽനിന്നു വിമോചിക്കപ്പെടും.' ശ്ലീഹാ ഈ കാര്യങ്ങാം പറയുകയും അവിടെ കൂടിയിരുന്ന ജനക്കൂട്ടം അവനെ ശ്രവിക്കുകയും ചെയ്തപ്പോാം മസ്ദൈരാജാവിന്റെ സുഹൃത്തായ കാരീഷിന്റെ ഭാര്യ മിഗ്ദോണിയ ശുദ്ധതയിലും മിതത്വത്തിലും വിനയത്തിലും വളരെയധികം ശക്തയായിത്തീർന്നു.

95. ആ ദിവസം മുഴുവനും അവരാം ദൈവത്തിന്റെ ഔന്നത്യത്തെ സ്തുതിക്കയും പുകഴ്ത്തുകയും ചെയ്തുകൊണ്ടിരുന്നു. മസ്ദൈരാജാവിന്റെ കൂട്ടുകാരനായ കാരീഷ് ഉച്ചഭക്ഷണത്തിനായി തന്റെ വീട്ടിൽ എത്തിയപ്പോാം ഭാര്യയെ അവിടെ കണ്ടില്ല. അദ്ദേഹം തന്റെ എല്ലാ സേവകരോടും അവളെക്കുറിച്ചു ചോദിച്ചു: 'നിങ്ങളുടെ നാഥ എവിടെപ്പോയി?' അവരിൽ ഒരാം പറഞ്ഞു: 'സ്വാമിനി ആ അപരിചിതന്റെ പക്കൽ പോയിട്ടുണ്ട്' ആ സേവകനിൽനിന്നു് ഈ കാര്യങ്ങാം

www.malankaralibrary.com



അറിഞ്ഞപ്പോൾ, സംഭവിച്ചവ തന്നെ അറിയിക്കാത്തതിനാൽ മററു സേവകരോട് അദ്ദേഹം കോപിച്ചു. അദ്ദേഹം പോയി കുളിച്ചു തിരിച്ചു വന്നു. അപ്പോഴും ഇരുട്ടായിക്കഴിഞ്ഞില്ല. മിഗ്ദോണിയ വരുന്നതും പ്രതീക്ഷിച്ച് അദ്ദേഹം നോക്കിയിരുന്നു. വൈകുന്നേരമായപ്പോൾ അവൾ വന്നു. അവൻ അവളെ കണ്ടു് അവളോടു പറഞ്ഞു: 'ഈ സമയംവരെ നീ എവിടെയായിരുന്നു? അവൾ പറഞ്ഞു: 'ഞാൻ ആ വൈദ്യൻെറ ഭവനം വരെ പോയി.' അദ്ദേഹം ചോദിച്ചു: 'ആ അപരിചിത മന്ത്രവാദിയാണോ നിൻെറ വൈദ്യൻ?' അവൾ പ്രത്യുത്തരിച്ചു: 'മററെല്ലാ വൈദ്യന്മാരിൽനിന്നും വ്യത്യസ്തനാണ് അദ്ദേഹം. കാരണം, അഴിഞ്ഞുപോകുന്ന ശരീരങ്ങൾക്ക് മററെല്ലാ വൈദ്യന്മാരും സൗഖ്യം നൽകുന്നു: ആത്മാവോടുകൂടിയ അക്ഷയമായ ശരീരങ്ങൾക്ക് ഈ വൈദ്യൻ സൗഖ്യം നൽകുന്നു.' മസ്ദൈ രാജാവിൻെറ ബന്ധു കാരീഷ് ഈ കാര്യങ്ങൾ കേട്ടപ്പോൾ, അദ്ദേഹത്തിനു മിഗ്ദോണിയായുടേയും അപരിചിതൻെറയും നേർക്ക് കോപം തോന്നി. എന്നാൽ അദ്ദേഹം അവളോട് ഒന്നുംതന്നെ പറഞ്ഞില്ല. അദ്ദേഹത്തിനു് അവളെ ഭയമായിരുന്നു. എന്തെന്നാൽ സമ്പത്തിലും ബുദ്ധിശക്തിയിലും അദ്ദേഹത്തെക്കാൾ അവൾ മുന്നിട്ടുനിന്നിരുന്നു. അദ്ദേഹം ഭക്ഷണമുറിയിലേയ്ക്കു പോയി അത്താഴം കഴിക്കാനിരുന്നു. അവൾ അവളുടെ സ്വകാര്യ മുറിയിലേയ്ക്കും പോയി. തൻെറ കൂടെ ഭക്ഷിക്കാൻ വരാൻ അവൻ തൻെറ ദാസന്മാരെ വിട്ടു് അവളെ വിളിപ്പിച്ചു. എന്നാൽ അവൾക്കതു് ഇഷ്ടപ്പെട്ടില്ല.

96. അവൾ വരുവാൻ ആഗ്രഹിക്കുന്നില്ലെന്നു മനസ്സിലായപ്പോൾ, അദ്ദേഹംതന്നെ അവളുടെ അടുത്തുചെന്നു പറഞ്ഞു: 'നീ എന്തുകൊണ്ടു് എന്നോടുകൂടി ഭക്ഷിക്കാൻ വരുന്നില്ല? ഒരു പക്ഷേ പതിവുപോലെ എന്നോടുകൂടി ഉറങ്ങാനും നീ ഇഷ്ടപ്പെടുന്നില്ലേ? എനിക്ക് ഇതേപ്പററി വലിയ ഭയമുണ്ടു്; കാരണം, പുരുഷൻ തൻെറ ഭാര്യയോടൊത്തിരിക്കാൻ പാടില്ല എന്ന കാര്യത്തിൽ മന്ത്രവാദിയും തട്ടിപ്പുകാരനുമായ അയാൾ കൂടുതൽ ആകാംക്ഷയുള്ളവനാണെന്നു് ഞാൻ കേട്ടിരിക്കുന്നു. പ്രകൃതിക്കിഷ്ടമായതും, ദേവീ ദേവന്മാർ സംതൃപ്തി കണ്ടെത്തുന്നതുമായ ഈ സംഗതി അദ്ദേഹം നമ്മിൽനിന്നെടുത്തുകളയുന്നു.' ഈ കാര്യങ്ങൾ കാരീഷ് പറഞ്ഞപ്പോൾ മിഗ്ദോണിയ മൗനമായിരുന്നതേയുള്ളു. വീണ്ടും അദ്ദേഹം അവളോടു പറഞ്ഞു: 'മിഗ്ദോണിയാ എൻെറ സഹോദരീ, എൻെറ പ്രാണപ്രേയസീ, വ്യർത്ഥവും മൂഢവുമായ വാക്കുകളാൽ നീ വഞ്ചിതയാകരുതു്; തൻെറ ദൈവത്തിൻെറ നാമത്തിൽ അവൻ ചെയ്യുന്നു എന്നു് പറയപ്പെടുന്ന ക്ഷുദ്രപ്രയോഗങ്ങളാൽ വഴി തെററിപ്പോകരുതു്. ലോകാരംഭം മുതൽ ഇന്നോളം ആരെ

www.malankaralibrary.com



ങ്കിലും മരിച്ചവരെ ഉയിർപ്പിച്ചതായി കേട്ടിട്ടുണ്ടോ? ഞാൻ കേട്ടതനുസരിച്ച് ഇയാരം മരിച്ചവരെ ഉയിർപ്പിക്കുന്നു. നീതി നിമിത്തമല്ല ഇയാരം ഭക്ഷിക്കാതെയും, പാനം ചെയ്യാതെയും ഇരിക്കുന്നത്; പിന്നെയോ തനിക്ക് ഒന്നുമില്ലാത്തതുകൊണ്ടു തന്നെ അന്നന്നത്തെ അപ്പംപോലും ഇല്ലാത്തവൻ എന്താണു ഭക്ഷിക്കുക? മറെറാരു വസ്ത്രമില്ലാത്തതിനാലാണ് അയാരം ഒന്നുമാത്രം ധരിക്കുന്നത്. താൻ യഥാർത്ഥമായി ഒരു മനുഷ്യനേയും സുഖമാക്കുന്നില്ല എന്ന് അയാരംക്കറിയാവുന്നതുകൊണ്ടാണ് അയാരം ആരോടും പണം കൈപ്പററാത്തത്.

97. കാരീഷ് മിഗ്ദോണിയായോട്ട് ഈ കാര്യങ്ങളെല്ലാം പറഞ്ഞപ്പോഴും ഒരു കല്ലുപോലെ അവരം നിശ്ശബ്ദയായിരുന്നതേയുള്ളു. ദൈവത്തിൻെറ ശ്ലീഹായെ കാണാൻ വേണ്ടി പ്രഭാതമാകുന്നതെപ്പോരം എന്നും ചിന്തിച്ചുകൊണ്ട് അവരം പ്രാർത്ഥിച്ചുകൊണ്ടിരുന്നു. അവൻ അവളെ വിട്ട് ദുഃഖത്തോടുകൂടെ ഭക്ഷണം കഴിച്ചു. തനിക്കു പതിവായിരിക്കുന്ന രീതിയിൽ അവളുമായി ശയിക്കണം എന്ന് അവൻ ചിന്തിച്ചുകൊണ്ടിരുന്നു. അവൻ മുറിയിൽ നിന്നു പുറത്തിറങ്ങിയപ്പോരം അവരം നിലത്തു മുട്ടുകുത്തിപ്രാർത്ഥിച്ചു: 'എൻെറ കർത്താവും എൻെറ ദൈവവുമേ, ജീവദായകനായ മിശിഹായേ, കാരീഷിനെ അഭിമുഖീകരിക്കുവാൻ വേണ്ട ശക്തി എനിക്കു നൽകണമേ. നിനക്കു ഹിതകരമായ നൈർമ്മല്യം കാത്തു സംരക്ഷിക്കുന്നതിനുവേണ്ട അനുഗ്രഹവും എനിക്കു നൽകണമേ. അതുവഴി ഞാൻ നിത്യജീവൻ പ്രാപിക്കട്ടെ'.[1] അവരം പ്രാർത്ഥിച്ചുകഴിഞ്ഞപ്പോരം മുഖം മൂടി നിലത്തുകിടന്നു.

98. കാരീഷ് ഭക്ഷണം കഴിച്ചശേഷം, അവളുടെ അടുത്തു വന്നു നിന്ന്, തൻെറ വസ്ത്രം അഴിച്ചുമാററി അതു കണ്ട് അവരം പറഞ്ഞു: 'എന്നിൽ നിനക്ക് ഒരു സ്ഥാനവുമില്ല. എന്തെന്നാൽ ഞാൻ ഐക്യപ്പെട്ടിരിക്കുന്ന എൻെറ കർത്താവായ ഈശോ നിന്നെക്കാരം ശ്രേഷ്ഠനാണ്. അവിടുന്ന് എപ്പോഴും എൻെറ കൂടെയുണ്ട്.' പൊട്ടിച്ചിരിച്ചുകൊണ്ട് കാരീഷ് പറഞ്ഞു: 'നിർമ്മലയല്ലെങ്കിൽ ദൈവമുമ്പാകെ ജീവിക്കുവാൻ സാധിക്കുകയില്ല' എന്നു പറയുന്നതുവഴി നീ ആ മന്ത്രവാദിയെ പരിഹസിക്കുകയും കളിയാക്കുകയുമാണു് ചെയ്യുക. ഇങ്ങനെ പറഞ്ഞുകൊണ്ട് അവളോടടുത്തു ശയിക്കുവാൻ അദ്ദേഹം തുനിഞ്ഞു. എന്നാൽ അവരം അതിനിഷ്ടപ്പെട്ടില്ല. കരഞ്ഞുകൊണ്ട് അവരം

1. വിവാഹിതർപോലും ലൈംഗികബന്ധം ഉപേക്ഷിക്കണം എന്നതു് ഗ്നോസ്റ്റിക് അബദ്ധോപദേശമാണ്.

www.malankaralibrary.com



പറഞ്ഞു: 'അപരിചിതനായ ഒരു മനുഷ്യനിലൂടെ ഇന്ത്യയിലേക്ക് കടന്നുവന്ന പുതിയ ദൈവമേ, എന്നെ സഹായിക്കണമേ! കർത്താവായ ഈശോയേ, എന്നെ സഹായിക്കണമേ! അങ്ങിൽ അഭയം പ്രാപിച്ചിരിക്കുന്ന എന്നെ ഉപേക്ഷിക്കരുതേ. അങ്ങേ അറിയാത്തവരെയും അങ്ങ് അന്വേഷിക്കുന്നുവെന്ന് ഞാൻ കേട്ടിട്ടുള്ളതിനാൽ ഞാൻ അങ്ങയെ അന്വേഷിക്കുന്നു; നിന്നെപ്പററി പറയപ്പെട്ടവ ഞാൻ കേട്ട് നിന്നിൽ ഞാൻ വിശ്വസിക്കുന്നു. അങ്ങ് എന്റെ സഹായത്തിനു വരണമേ. കാരീഷിന്റെ ഗർവിൽനിന്ന് എന്നെ വിടുവിക്കണമേ. അയാളുടെ അശുദ്ധി എന്റെമേൽ വിജയം വരിക്കാൻ അനുവദിക്കരുതേ. എന്റെ പക്കൽ അവന് ഒരു സ്ഥാനവും ഇല്ലാതാകട്ടെ.' അവരം എഴുന്നേററ് അവന്റെ കൈ കൂട്ടികെട്ടിയിട്ട് അവനിൽ നിന്ന് ഓടിയകന്നു; മുറിയുടെ വാതില്ക്കൽ ഇട്ടിരുന്ന കർട്ടൻ കൊണ്ട് അവരം ശരീരം മറച്ചു പുറത്തുകടന്നു. തന്റെ ദാസിയുടെ പക്കലെത്തി അവളുടെ കൂടെ ആ രാത്രിയിൽ കിടന്നു.

99. കാരീഷ് ആ രാത്രി മുഴുവനും ദുഃഖിതനായിരുന്നു. അദ്ദേഹം എന്തുചെയ്യണമെന്നറിയാതെ കൈകരം പരസ്പരം കൂട്ടിയടിച്ചുകൊണ്ടിരുന്നു. തന്നോടുചെയ്ത കടുംകൈയെക്കുറിച്ച് മസ്ദൈരാജാവിനെ അറിയിക്കുവാൻ രാത്രിതന്നെ പോകാൻ അദ്ദേഹം അഗ്രഹിച്ചു. അദ്ദേഹം ഇങ്ങനെ ചിന്തിച്ചുകൊണ്ട് പറഞ്ഞു: 'ഇത്രമാത്രം മനോവ്യഥയോടുകൂടി ഞാൻ പോകുകയാണെങ്കിൽ മസ്ദൈരാജാവിന്റെയടുത്തേക്ക് ആരെനിക്കു പ്രവേശനം നൽകും?' എന്റെ വിധി എന്നെ തകർത്തു് എന്റെ അഹങ്കാരത്തിൽ നിന്നും ഔന്നത്യത്തിൽനിന്നും മഹത്വത്തിൽ നിന്നും നിന്ദയിലേക്ക് എന്നെ തള്ളിയിടുകയും എന്റെ പ്രിയപ്പെട്ട മിഗ്ദോണിയായെ എന്നിൽനിന്ന് വേർതിരിക്കുകയും ചെയ്തില്ലായിരുന്നെങ്കിൽ, ഈ അവസരം മസ്ദൈ തന്നെ എന്റെ വാതിൽക്കൽ വന്നു നിന്നാലും ഞാൻ പുറത്തുപോകുകയോ മറുപടി കൊടുക്കുകയോ ചെയ്കയില്ലായിരുന്നു എന്നെനിക്കറിയാം. ഞാൻ പ്രഭാതംവരെ കാത്തിരിക്കും, ഞാൻ മസ്ദൈ രാജാവിനോട് എന്തു പറഞ്ഞാലും അദ്ദേഹം ശ്രദ്ധിക്കും. ആ അപരിചിതന്റെ മന്ത്രവാദത്തെക്കുറിച്ചും അവൻ എങ്ങനെ ബലാല്ക്കാരമായി പ്രവർത്തിച്ച് ഉന്നതരെ തട്ടി താഴെയിടുന്ന എന്നതിനെക്കുറിച്ചും ഞാൻ രാജാവിനോടു പറയും. മിഗ്ദോണിയായുമായി ലൈംഗികബന്ധം നടത്താൻ സാധിക്കാത്തതിലല്ല്യ എന്റെ ദുഃഖം, ഞാൻ മിഗ്ദോണിയായെപ്പററി ദുഃഖിതനാണ്. അവളുടെ ഔന്നത്യം താറുമാറായി. അവളുടെ സ്വാതന്ത്ര്യം നഷ്ടപ്പെട്ടിരിക്കുന്നു. അവളുടെ ഔന്നത്യം എളിയതായി; ഒരിക്കൽപോലും ഒരു ഭാവപ്പകർച്ചയോടുകൂടി ദാസിമാരാരും അവളെ ദർശിച്ചിട്ടില്ല. എന്നാൽ അവരം തന്റെ മുറി

www.malankaralibrary.com



യിൽനിന്നു നഗ്നയായി ഓടിപ്പോയി. അവരം എവിടെപ്പോയെന്ന് എനിക്കറിയില്ല. കാരണം അവളുടെ ഒരു പൊടിയും കാണാനില്ല.'

100. ഇവ പറഞ്ഞശേഷം കരഞ്ഞുകൊണ്ട് അദ്ദേഹം ഇങ്ങനെ തുടർന്നു: 'എന്റെ യഥാർത്ഥ ഭാര്യേ, നീയെനിക്കു നഷ്ടപ്പെട്ടതിനാൽ നീ നിമിത്തം എനിക്കു ഹാ, കഷ്ടം! എന്റെ പ്രാണപ്രേയസീ, എന്റെ എല്ലാ ബന്ധുജനങ്ങളേക്കാളും പ്രിയങ്കരിയായ നിന്നെപ്രതി എനിക്കു ഹാ, കഷ്ടം! ഞാൻ തൃപ്തനാകുവാൻ നിന്നിൽ നിന്നെനിക്ക് ഒരു മകനോ മകളോ ഇല്ല. നീ എന്നോടുകൂടെയായിട്ട് ഒരു വർഷം പോലും ആയില്ല. ഒരു ദുഷ്ടനയനം നിന്നെ എന്നിൽ നിന്നു് പറിച്ചെടുത്തു. മരണത്തിന്റെ ശക്തിയാണ്, ഈ അപരിചിതനല്ല എന്നിൽ നിന്ന് നിന്നെ ബലമായി പിടിച്ചെടുത്തത്. ഞാൻ രാജാക്കന്മാരുടെയും രാജകുമാരന്മാരുടെയും പ്രധാനികളുടെയും ഗണത്തിൽ എണ്ണപ്പെട്ടിരുന്നു. ഇയാരം ഒരടിമയോ, സ്വന്തക്കാരുടെ ഇടയിൽ നിന്ന് ഒളിച്ചോടി, എന്റെ ദുർഭാഗ്യം നിമിത്തം ഇവിടെ വന്നവനോ ആയിരിക്കാം. അവനെ നശിപ്പിച്ച് ഇവിടെ നിന്നോടിച്ച് അവന്റെമേൽ അധികാരം നടത്തിയിട്ടേ ഞാൻ അടങ്ങിയിരിക്കുകയും വിശ്രമിക്കുകയും ചെയ്യുകയുള്ളു. ഇന്നു രാത്രി ഞാൻ മസ്ദൈ രാജാവിന്റെ അടുത്തുപോകുന്നില്ല. ആ അപരിചിതനെ ഓടിക്കുന്നില്ലെങ്കിൽ, ഈ സ്ത്രീയുടെ നാശത്തിനു കാരണഭൂതൻ സിഫൂർ കൂടിയാണെന്ന് രാജാവിനോടു പറയും. അയാരം അവന്റെ വീട്ടിലാണ്; അനേകർ അവിടെ പോകുന്നു; അവൻ ശുദ്ധതയെപ്പററിയുള്ള പുതിയ പ്രബോധം അവരെ പഠിപ്പിക്കുന്നു. തനിക്കുള്ള സകലത്തിൽനിന്നും സ്വയം അകന്ന് അവനെപ്പോലെ നടക്കുന്ന സന്യാസിയും താപസനും ആയെങ്കിലേ മനുഷ്യനു ജീവിക്കാൻ സാധിക്കൂ എന്ന് അയാരം പറഞ്ഞു പഠിപ്പിക്കുന്നു. തന്റെകൂടെ ആരം ചേർക്കാൻ അവൻ ഉദ്യമിക്കുന്നു.'

101. കാരീഷ് ഈ കാര്യങ്ങളെക്കുറിച്ച് ചിന്തിച്ചുകൊണ്ടിരുന്നപ്പോരം പ്രഭാതമായി അയാരം നേരത്തെ എഴുന്നേററ് വസ്ത്രം ധരിച്ച് ചെരിപ്പിട്ടു എന്നാൽ അദ്ദേഹം ദുഃഖസൂചകങ്ങളായ വസ്ത്രങ്ങളാണ് ധരിച്ചത്. അദ്ദേഹത്തിന്റെ ഭാവപ്രകടനങ്ങളും ശോകമയമായിരുന്നു. അദ്ദേഹം വളരെ ദുഃഖിതനായിരുന്നു. മസ്ദൈ രാജാവിനെ അഭിവാദനം ചെയ്യാൻ അദ്ദേഹം പോയി. മസ്ദൈ അവനെ കണ്ടപ്പോരം അവനോട് ചോദിച്ചു: 'ഇത്ര ഹീനമായ രീതിയിൽ നീ എന്റെ പക്കൽ വരുവാനുള്ള കാരണമെന്താണ്? നീ എന്താണ് ദുഃഖിതനായിരിക്കുന്നത്? നിന്റെ മുഖഭാവം മാറിയിരിക്കുന്നല്ലോ?'

www.malankaralibrary.com



കാരീഷ് പറഞ്ഞു: 'അല്ലയോ രാജാവേ, എനിക്കു് അങ്ങയെ ഒരു പുതിയ സംഗതി അറിയിക്കുവാനുണ്ടു്. സിഫൂർ ഇന്ത്യയിൽനിന്നു കൊണ്ടുവന്ന വിപത്തിനെപ്പററിയാണു് പറയുവാനുള്ളതു്. ക്ഷുദ്രക്കാരനായ ഒരു യഹൂദൻ അവൻെറ വീട്ടിലെത്തിയിരിക്കുന്നു; അവൻെറ അടുത്തുനിന്നു് അവൻ എങ്ങോട്ടും പോകുന്നില്ല; അനേകർ അവൻെറ പക്കലെത്തുന്നു. ഒരു പുതിയ ദൈവത്തെപ്പററി അവൻ അവരോടു് പ്രസംഗിക്കുന്നു; നാം ഒരിക്കൽപോലും കേട്ടിട്ടില്ലാത്ത പുത്തൻ പ്രമാണങ്ങൾ അയാൾ ജനങ്ങൾക്കു നല്കുന്നു. അയാൾ പറയുന്നു: 'പുരുഷൻ തൻെറ ഭാര്യയിൽനിന്നും ഭാര്യ ഭർത്താവിൽനിന്നും അകന്നെങ്കിലേ ഞാൻ പഠിപ്പിക്കുന്ന നിത്യജീവൻെറ മക്കളാകാൻ നിങ്ങൾക്കു് സാധിക്കുകയുള്ളു.2 എൻെറ ഹീനയും നിർഭാഗ്യവതിയുമായ ഭാര്യ ആ മനുഷ്യനെ പോയി കണ്ടു. അവൾ അവൻെറ വാക്കു കേട്ടു് അവനിൽ വിശ്വസിച്ചു. അവൾ രാത്രി എഴുന്നേററു് എൻെറ അടുത്തുനിന്നു് ഓടിപ്പോയി. എന്നിൽനിന്നു് ഒരു നിമിഷം അകന്നിരിക്കുന്നതിനോ എന്നെ കൂടാതെ കഴിയുന്നതിനോ സാധിക്കാത്തവളായിരുന്നു എൻെറ ഭാര്യ. നീ ആളയച്ചു് സിഫൂറിനെയും അയാൾക്കു് കെണിവയ്ക്കുന്ന ആ മന്ത്രവാദിയേയും വരുത്തി ശിക്ഷിക്കണം. അല്ലെങ്കിൽ അവൻെറ വാക്കുകളാൽ നമ്മുടെ രാജ്യനിവാസികളെല്ലാം നശിച്ചുപോകും.'

102. തൻെറ ബന്ധുവായ കാരീഷിൽനിന്നു് ഈ കാര്യങ്ങൾ കേട്ടപ്പോൾ മസ്ദൈ പറഞ്ഞു: 'നീ ദുഃഖിക്കുകയോ, പരിഭ്രാന്തനാകുകയോ വേണ്ട. ഞാൻ ആളയച്ചു് അവനെ വരുത്തി ശിക്ഷിക്കാം. നിനക്കു നിൻെറ ഭാര്യയെ തിരിച്ചു ലഭിക്കുക തന്നെ ചെയ്യും. തിരിച്ചു പ്രതികാരം ചെയ്യാൻ കഴിയാത്ത മററുള്ളവർക്കുവേണ്ടി ഞാൻ പ്രതികാരം ചെയ്യുന്നെങ്കിൽ നിനക്കു വേണ്ടി ഞാൻ നിശ്ചയമായും ചെയ്യും. ജനറൽ സിഫൂറിനെ വിളിക്കുവാൻ അദ്ദേഹം ആജ്ഞാപിച്ചു. അവർ ചെന്നപ്പോൾ സിഫൂർ ദൈവത്തിൻെറ ശ്ലീഹായുടെ വലത്തുവശത്തിരിക്കുകയായിരുന്നു. മിഗ്ദോണിയാ കാൽപ്പാദങ്ങളിൽ ഇരിക്കുന്നു. ഒരു വലിയ ജനാവലി അവരുടെ ചുററും ഉണ്ടായിരുന്നു. അവരെല്ലാം അദ്ദേഹത്തെ ശ്രവിക്കുന്നുണ്ടായിരുന്നു. സിഫൂറിനെ തേടിയെത്തിയവർ അവനോടു പറഞ്ഞു: ഈ വ്യർത്ഥ വാക്കുകൾ കേട്ടു് നീ ഇവിടെ ഇരിക്കുകയാണോ? നീ നിൻെറ വീട്ടിൽ കൂട്ടിക്കൊണ്ടുവന്ന ഈ മന്ത്രവാദി നിമിത്തം ഇതാ, മസ്ദൈ രാജാവു് കോപത്തോടെ നിന്നെ നശിപ്പിക്കുന്നതി

2. തികച്ചും അബദ്ധജഡിലമായ ഗ്നോസ്ററിക്കു് തത്വങ്ങളാണിവ. ക്രിസ്തുമതവുമായി ഇവയ്ക്കു് യാതൊരു ബന്ധവുമില്ല.

www.malankaralibrary.com



നായി അന്വേഷിച്ച നടക്കുന്നു. ഈ കാര്യങ്ങറം കേട്ടപ്പോറം സിഫൂറിനു ദുഃഖം ഉണ്ടായി. രാജാവ് തന്നോട്ട കോപിച്ചതി നാലല്ല പിന്നയോ, യൂദാശ്ലീഹായുമായി താൻ പരിചയപ്പെട്ട സംഗതി രാജാവറിഞ്ഞതല്ലോ എന്നതിനാലാണ്. സിഫൂർ യൂദായോട്ട പറഞ്ഞു: നിന്നെ പ്രതി ഞാൻ ദുഃഖിതനായിരി ക്കുന്നു. കാരണം, ആ സ്ത്രീ മസ്ദൈ രാജാവിൻെറ ബന്ധു കാരീഷിൻെറ ഭാര്യയാണ് എന്നും, അവറം വാഗ്ദാനം ചെയ്യതു പോലെ പ്രവർത്തിക്കാൻ അവൻ അവളെ അനുവദിക്കുകയി ല്ലെന്നും, അവനെന്തു പറഞ്ഞാലും രാജാവ് അതുപോലെ പ്രവർത്തിക്കുമെന്നും ഒരു ദിവസം മുൻപ് ഞാൻ നിന്നോട്ട പറഞ്ഞിരുന്നില്ലേ?' യൂദാ സിഫൂറിനോട്ട പറഞ്ഞു: ഭയപ്പെ ടേണ്ട ഈശോയിൽ വിശ്വസിക്കുക. എനിക്കും നിനക്കും വേണ്ടിയും സഭായോഗം കൂടുന്ന സ്ഥലത്തു് വരുന്നവർക്കുവേ ണ്ടിയും അവിടുന്ന് മാദ്ധ്യസ്ഥ്യം വഹിക്കും.' സിഫൂർ ഇതു കേട്ടപ്പോറം വസ്ത്രം ധരിച്ച് മസ്ദൈ രാജാവിൻെറ അടുത്തേക്കു പോയി.

103. തൻെറ ഭർത്താവു കോപിഷ്ഠനായി അവർക്കെതി രായി ചിന്തിക്കുന്നതിൻെറ കാരണം എന്താണെന്നു് യൂദാ മിഗ്ദോണിയായോട്ട ചോദിച്ചു. അവറം അദ്ദേഹത്തോട്ട പറഞ്ഞു: 'ഞാൻ സ്വയം ചീയലിനു വിട്ടുകൊടുത്തില്ല സന്ധ്യ യായപ്പോറം ഞാൻ കീഴടങ്ങണമെന്നും അദ്ദേഹം സാധാരണ ചെയ്യുന്ന പ്രവൃത്തികറ വിധേയയാകണമെന്നും അദ്ദേഹം ആഗ്ര ഹിച്ചു. എന്നാൽ ഞാൻ ആർക്കും സ്വയം അർപ്പിച്ചിരുന്നില്ല. അദ്ദേഹം എന്നെ അവൻെറ കൈകളിൽനിന്നു വിട്ടുവിച്ചു. അദ്ദേഹത്തിൻെറയടുത്തുനിന്നു് നഗ്നയായി ഞാൻ ഓടിപ്പോയി. എൻെറ ദാസിയുടെകൂടെ കിടന്നുറങ്ങി. നിനക്കെതിരെ ഈ ഗൂഢാലോചന നടത്തുന്നതിനു് അയാറംക്കെന്തു സംഭവിച്ചു എന്നു് എനിക്കറിയില്ല.[3] ശ്ലീഹാ അവളോട്ട പറഞ്ഞു: 'എൻെറ മകളേ, ഈ കാര്യങ്ങറം നമ്മെ ഒരിക്കലും ഉപദ്രവിക്കുകയില്ല. ഈശോയിൽ വിശ്വസിക്കുക. കാരീഷിൻെറ കാമത്തിൽ നിന്നു് അവിടുന്നു നിന്നെ രക്ഷിക്കും. അവൻെറ കാമാർത്തി യിൽനിന്നും നാശത്തിൽനിന്നും നിന്നെ അവിടുന്നു വിമോചി പ്പിക്കും. അപകടപാതയിൽ അവിടുന്നു് നിനക്കൊരു മാർഗ്ഗ ദർശിയായിരിക്കും. തൻെറയും തൻെറ പിതാവിൻെറയും രാജ്യ ത്തിലേക്കു നയിക്കുന്നവനായിരിക്കും അവൻ. അവിടുന്നു നിനക്കു നിത്യജീവൻ പ്രദാനം ചെയ്യും. ഒരിക്കലും മാററമില്ലാ ത്തതും കടന്നുപോകാത്തതുമായ രാജ്യം നിനക്കവിടുന്നു പ്രദാനം ചെയ്യും.'

3. ഗ്നോസ്റ്റിക്ക് ചിന്തയാണിത്.

www.malankaralibrary.com



104. രാജാവിൻെറ മുമ്പിൽ സിഫൂർ നിന്നപ്പോഠം രാജാവ് അദ്ദേഹത്തോടു ചോദിച്ചു: 'നിനക്കെതിരെ ഗൂഢാലോചന നടത്തുന്ന മന്ത്രവാദിയുടെ കഥയെന്താണ്? അവൻ എവിടെനിന്നാണ്? അവൻ എന്താണു പഠിപ്പിക്കുന്നത്?' സിഫൂർ പറഞ്ഞു: 'എൻെറ നാഥാ, ഞാനും എൻെറ എല്ലാ സുഹൃത്തുക്കളും എൻെറ ഭാര്യയെക്കുറിച്ചു വളരെ പര്യാകുലരായിരുന്നു എന്നു് ഒരു പക്ഷേ അങ്ങേക്കറിയില്ല! അങ്ങേക്കറിയാവുന്നതുപോലെ എല്ലാവരാലും അവഠം ബഹുമാനിക്കപ്പെട്ടിരുന്നു. അതുപോലെ എൻെറ മകളെക്കുറിച്ചും. അവളുമായി താരതമ്യപ്പെടുത്തുമ്പോഠം എനിക്കുള്ളതെല്ലാം നിസ്സാരമായി ഞാൻ കരുതുന്നു. എത്ര വലിയ വിപത്തും പരീക്ഷണവുമാണ് അവർക്കു് വന്നു ഭവിച്ചിരുന്നത്? അവർ എല്ലാവരുടെയും പരിഹാസവിഷയവും രാജ്യം മുഴവനും ശാപവുമായി തീർന്നിരുന്നു! ഈ മനുഷ്യനെപ്പററി കേട്ടു് ഞാൻ അയാളെ പോയിക്കണ്ടു. ഞാൻ അദ്ദേഹത്തെപ്പററി തിരക്കി ഇവിടെ കൂട്ടിക്കൊണ്ടു തിരികെ വന്നു. റോഡിലൂടെ അദ്ദേഹവുമൊന്നിച്ചു വരുമ്പോഠം ഞാൻ മഹാത്ഭുതം കണ്ടു. ഇവിടെയും വളരെയധികംപേർ അതു കാണുകയും കാട്ടുകഴുതകഠം സംസാരിക്കുന്നതു് ശ്രവിക്കുകയും ചെയ്തു. അതുപോലെ ആ പിശാചു് അവനെപ്പററി പറഞ്ഞതും ഞങ്ങഠം കേട്ടു. അദ്ദേഹം എൻെറ ഭാര്യയേയും മകളേയും സൗഖ്യമാക്കി. ഇപ്പോഠം അവർ സുഖമായിരിക്കുന്നു. വിശ്വാസവും ശുദ്ധതയുമല്ലാതെ മററൊരു പ്രതിഫലവും അദ്ദേഹം ചോദിച്ചില്ല. അവൻ ചെയ്യുന്നതിൽ അവരും ഭാഗഭാക്കുകളാകാനാണിതു്. അവൻ പറഞ്ഞു: 'എല്ലാത്തിൻേറയും കർത്താവായ ഏകദൈവത്തേയും അവിടുത്തെ പുത്രനായ ഈശോമിശിഹായേയും ഭയപ്പെടുക; നിങ്ങഠം എന്നുമെന്നേക്കും ജീവിക്കും.' സായാഹ്നം മുതൽ സായാഹ്നംവരെ അല്പം അപ്പവും അല്പം ഉപ്പുമല്ലാതെ മററൊന്നും അദ്ദേഹം ഭക്ഷിക്കുന്നില്ല. ശുദ്ധജലമേ കുടിക്കുകയുള്ളു. ദീർഘസമയം അദ്ദേഹം പ്രാർത്ഥിക്കുന്നു. അവൻ ദൈവത്തോടു ചോദിക്കുന്നതെന്തും ദൈവം അവനു നൽകുന്നു. തൻെറ ദൈവം പരിശുദ്ധനും നല്ലവനും ദയാലുവും ശാന്തനും ജീവദായകനും ആണെന്നും അവനിൽ വിശ്വസിക്കുന്നവർ ശുദ്ധതയിലും സ്നേഹത്തിലും വെടിപ്പിലും തൻെറ പക്കലേക്കണയണമെന്നും അവൻ ഞങ്ങളോടാവശ്യപ്പെടുന്നു.'

105. മസ്ദൈ രാജാവ് ഈ കാര്യങ്ങഠം കേട്ടപ്പോഠം യൂദാതോമ്മായേയും അദ്ദേഹത്തോടും കൂടെ കാണപ്പെടുന്ന എല്ലാവരെയും പിടിച്ചുകൊണ്ടുവരുവാൻ ഒരു സംഘം പടയാളികളെ ജനറൽ സിഫൂറിൻെറ ഭവനത്തിലേക്കു് അയച്ചു. അവർ അവിടെ ചെന്നപ്പോഠം ഒരു വലിയ ജനക്കൂട്ടത്തെ പഠിപ്പിച്ചുകൊണ്ടിരുന്ന യൂദാതോമ്മായെ കണ്ടെത്തി. മിഗ്ദോണിയാ

www.malankaralibrary.com



അദ്ദേഹത്തിൻെറ കാല്പാദങ്ങളിലിരിക്കുന്നു. അദ്ദേഹത്തിനു ചുററും കൂടിയിരുന്ന വമ്പിച്ച ജനാവലിയെകണ്ടു് പട്ടാളക്കാർ ഭയപ്പെട്ടുപോയി. അവർ തിരികെച്ചെന്നു് രാജാവിനോട്ട് ഇങ്ങനെ പറഞ്ഞു: 'അവനോടുകൂടി ഒരു വലിയ ജനാവലി ഉണ്ടായിരുന്നതിനാൽ ഞങ്ങൾക്കയാളെ അറസ്റ്റു് ചെയ്യുവാൻ കഴിഞ്ഞില്ല. മിഗ്ദോണിയായും അയാളുടെ കാല്പാദങ്ങളിലിരുന്നു് അവൻെറ വാക്കുകൾ കേൾക്കുന്നു' മസ്ദൈയും കാരീഷും ഇതുകേട്ടു. കാരീഷ് രാജസദസ്സിൽ ചാടിഎണീററു് നിരവധി പട്ടാളക്കാരെ കൂട്ടി പറഞ്ഞു: 'ഞാൻ പോയി അവനേയും അവൻ മയക്കിയ മിഗ്ദോണിയായേയും കൂട്ടിക്കൊണ്ടു വരും.' അവൻ സിഫൂറിൻെറ ഭവനത്തിലേക്കു പാഞ്ഞു. യൂദാ അവിടെയിരുന്നു പഠിപ്പിക്കുന്നതായി കണ്ടെത്തി. എന്നാൽ യൂദായെയല്ലാതെ മിഗ്ദോണിയായെ കണ്ടില്ല. കാരണം അവൾ അപ്പോൾ അവളുടെ വീട്ടിൽ പോയിക്കഴിഞ്ഞിരുന്നു. എന്തുകൊണ്ടെന്നാൽ അവൾ അവിടെ ഉണ്ടെന്നു് അവർ തൻെറ ഭർത്താവിനെ അറിയിക്കും എന്നു് അവൾ അറിഞ്ഞിരുന്നു.

106. കാരീഷ് യൂദായോടു പറഞ്ഞു: 'നികൃഷ്ടനും വഴി പിഴപ്പിക്കുന്നവനുമായ ശത്രുവേ, എഴുന്നേല്ക്കു്! നിൻെറ മന്ത്രവാദം എന്നോട്ട് എന്തുചെയ്യാനാണു്? നിൻെറ ക്ഷുദ്രപ്രയോഗം നിൻെറ തലയിൽത്തന്നെ ഞാൻ നിപതിപ്പിക്കും.' അവൻ പറയുന്നതിനിടയ്ക്കു് യൂദാ അവനെ ഉററുനോക്കിക്കൊണ്ടു പറഞ്ഞു: 'നിൻെറ കെണികൾ നിൻെറമേൽ തന്നെ വീഴും; എന്നെ മുറിപ്പെടുത്തുവാൻ നിനക്കു് ഒരിക്കലും സാധിക്കുകയില്ല. കാരണം, ഞാൻ അഭയം പ്രാപിച്ചിരിക്കുന്ന എൻെറ കർത്താവീശോമിശിഹാ നിന്നെക്കാളും നിൻെറ രാജാവിനെക്കാളും നിൻെറ സർവസൈന്യങ്ങളെക്കാളും ശക്തനാണു്', കാരീഷ് തൻെറ ദാസന്മാരിലൊരുവൻെറ തലക്കെട്ടഴിച്ച് ശ്ലീഹായുടെ കഴുത്തിൽ ചുററിക്കൊണ്ടുപറഞ്ഞു: 'അവനെ വലിച്ചിഴച്ചുകൊണ്ടുപോകുക. എൻെറ കൈകളിൽനിന്നു് ഈശോമിശിഹാ അവനെ രക്ഷിക്കുമോയെന്നു് ഞാൻ കാണട്ടെ.' മസ്ദൈരാജാവിൻെറ അടുത്തെത്തുന്നതുവരെ അവർ അവനെ വലിച്ചിഴച്ചുകൊണ്ടുപോയി. മസ്ദൈരാജാവിൻെറ അടുത്തെത്തിയപ്പോൾ യൂദായോട് രാജാവു് പറഞ്ഞു: 'നിൻെറ ചരിത്രം വിവരിക്കുക. ആരുടെ ശക്തികൊണ്ടാണു് നീ ഇതെല്ലാം ചെയ്യുന്നതു്?' യൂദാ നിശ്ശബ്ദനായി നിന്നതല്ലാതെ ഒന്നും ഉരിയാടിയില്ല.[4] മസ്ദൈരാജാവ് പടയാളികളോടാജ്ഞാപിച്ചതനു

4. ലൂക്കാ 23:9: യേശുവിൻെറ മരണവിധിയുമായി വളരെ ബന്ധപ്പെടുത്തിക്കൊണ്ടു് ഗ്രന്ഥകർത്താവു് യൂദാതോമ്മായുടെ പീഡകളെ വിവരിക്കുന്നു.

www.malankaralibrary.com



സരിച്ച് അവർ അദ്ദേഹത്തെ നൂററിയമ്പതു പ്രാവശ്യം അടിച്ചു. അദ്ദേഹത്തെ ബന്ധിച്ച് കാരാഗൃഹത്തിലടയ്ക്കാൻ മസ്ദൈ രാജാവ് ആജ്ഞ കൊടുത്തു. ആജ്ഞാനുസൃതം അവർ അദ്ദേഹത്തെ ബന്ധിച്ച് കാരാഗൃഹത്തിലാക്കി, യൂദായെ തടവിലാക്കിയശേഷം അദ്ദേഹത്തെ എങ്ങനെ കൊല്ലണം എന്നതിനെക്കുറിച്ച് മസ്ദൈയും കാരീഷും ചിന്തിച്ചുതുടങ്ങി. കാരണം, ജനങ്ങൾ എല്ലാവരും അദ്ദേഹത്തെ ദൈവമായി ആരാധിക്കുകയായിരുന്നു. 'അദ്ദേഹം രാജാവിനെ നിന്ദിച്ചെന്നും, ഒരു മന്ത്രവാദിയാണദ്ദേഹമെന്നും' ജനങ്ങളെക്കൊണ്ട് പറയിക്കാൻ അവർ വളരെയധികം ശ്രമിച്ചു.

107. എന്നാൽ യൂദാ തടവറയിലേക്കുപോയപ്പോൾ സന്തുഷ്ട ചിത്തനും ആഹ്ലാദഭരിതനും ആയിരുന്നു. അദ്ദേഹം ഇപ്രകാരം പറഞ്ഞു: 'എൻെറ കർത്താവായ ഈശോമിശിഹായേ, അങ്ങിൽ വിശ്വസിക്കുന്നതിനു മാത്രമല്ല, അങ്ങയെപ്രതി പലതും സഹിക്കുന്നതിനും അങ്ങ് എന്നെ യോഗ്യനാക്കിയതിനാൽ ഞാൻ അങ്ങേക്കു നന്ദിപറയുന്നു.' അദ്ദേഹം വീണ്ടും പറഞ്ഞു: 'എൻെറ കർത്താവേ, ഈ സംഗതികൾക്ക് അങ്ങ് എന്നെ യോഗ്യനാക്കിയതിനാൽ ഞാൻ നിനക്കു നന്ദിപറയുന്നു. എൻെറ കർത്താവേ, അങ്ങേ പരിപാലന എന്നും എൻെറ കൂടെ ഉണ്ടായിരുന്നതിനും അങ്ങേപ്രതി വളരെയധികം കഷ്ടതകൾ സഹിക്കുന്നതിനും എന്നെ യോഗ്യനാക്കിയതിന് ഞാൻ നിനക്കു നന്ദിപറയുന്നു. നിന്നെപ്രതി ഞാനൊരു താപസനും ഏകാന്തവാസിയും ദരിദ്രനും അലഞ്ഞുതിരിയുന്ന ഭിക്ഷുവുമായിത്തീൎന്നതിനാൽ എൻെറ കർത്താവേ, ഞാൻ അങ്ങേയ്ക്കു നന്ദി പറയുന്നു. ദരിദ്രരുടെ അനുഗ്രഹവും ക്ഷീണിതരുടെ വിശ്രമവും മനുഷ്യരാൽ വെറുക്കപ്പെടുകയും പീഡിപ്പിക്കപ്പെടുകയും ദുഷിക്കപ്പെടുകയും പഴിക്കപ്പെടുകയും ചെയ്യുവരുടെ അനുഗ്രഹവും എനിക്കു ലഭിക്കട്ടെ. ഇതാ അങ്ങയെപ്രതി അനേകർ എന്നെ വെറുക്കുകയും നിന്ദിക്കുകയും ചെയ്യുന്നു. എനിക്കറിവില്ലാത്തവപോലും അങ്ങയെപ്രതി അവർ പറഞ്ഞുപരത്തുന്നു.'

108. തടവറയിലിരുന്ന് അദ്ദേഹം പ്രാർത്ഥിച്ചപ്പോൾ മററുള്ളവരെല്ലാം അതു ശ്രദ്ധിച്ചു. അവരോരോരുത്തർക്കുംവേണ്ടി പ്രാർത്ഥിക്കുന്നതിന് അവനോട് അവർ യാചിച്ചു. അവൻ പ്രാർത്ഥന കഴിഞ്ഞപ്പോൾ ഈ കീർത്തനം ആലപിച്ചു.

www.malankaralibrary.com

# ഇന്ത്യാക്കാരുടെ രാജ്യത്തിൽ യൂദാശ്ലീഹായുടെ കീർത്തനം

1. ഞാനൊരു ചെറു പൈതലായിരുന്നപ്പോഴ എൻെറ രാജ്യത്തു് എൻെറ പിതൃഭവനത്തിൽ വസിക്കുമ്പോഴ,
2. എന്നെ പോററിയവരുടെ സമ്പത്തും സമൃദ്ധിയുംകൊണ്ടു് ഞാൻ സംതൃപ്തനായിരുന്നപ്പോഴ,
3. കിഴക്കുള്ള ഞങ്ങളുടെ ഭവനത്തിൽനിന്നു് എൻെറ മാതാപിതാക്കളെന്നെ ഒരുക്കിഅയച്ചു.
4. ഞങ്ങളുടെ ഭണ്ഡാഗാരത്തിലെ സ്വത്തിൽ നിന്നു അവർ വളരെയധികം എടുത്തു് എനിക്കുവേണ്ടി ഒരു ചുമടുകെട്ടി.
5. അതു വലുതായിരുന്നെങ്കിലും
എനിക്കു വഹിക്കത്തക്കവണ്ണം
ഭാരം കുറഞ്ഞതായിരുന്നു.
6. ബേതു് എല്ലായെയിലെ സ്വർണ്ണവും
വലിയ ഗസാക്കിലെ വെള്ളിയും
7. ഭാരതത്തിലെ പവിഴമുത്തുകളും
ബേതു് കുശാനിലെ രത്നങ്ങളും
8. ഇരുമ്പിനെ തകർക്കാൻ കഴിയുന്ന
വജ്രവും അവരെനിക്കു നല്കി.
9. വാത്സല്യപൂർവം അവർ എനിക്കുവേണ്ടി ഉണ്ടാക്കിയ തിളങ്ങുന്ന വസ്ത്രം
10. എൻെറ അളവനുസരിച്ചു് തയ്ച്ച പട്ടുവസ്ത്രം
അവർ എന്നിൽനിന്നെടുത്തുമാററി.
11. അവർ എന്നോടു് ഒരുടമ്പടി ഉണ്ടാക്കി.
മറന്നുപോകാതിരിക്കാൻ അതെൻെറ
ഹൃദയത്തിലെഴുതി.
12. നീ ഈജിപ്തിൽ പോയി, അവിടെയുള്ള ഒരു പവിഴം,
13. നടുക്കടലിലുള്ളതും ഉച്ചത്തിൽ അലറുന്ന സർപ്പത്തിൻെറ ചുററുമുള്ളതുമായ പവിഴം കൊണ്ടുവന്നാൽ

www.malankaralibrary.com



14. നിന്റെ തിളങ്ങുന്ന വസ്ത്രവും
നിനക്കിഷ്ടപ്പെട്ട നിന്റെ പട്ടുവസ്ത്രവും
നിനക്കു ധരിക്കാം.

15. അധികാരത്തിൽ നമ്മുടെ അടുത്ത സ്ഥാനമുള്ള
നിന്റെ സഹോദരനുമൊത്ത് നമ്മുടെ രാജ്യത്ത്
നീ അവകാശിയായിരിക്കുകയും ചെയ്യും.

109

16. ഞാൻ പൗരസ്ത്യദേശം വിട്ട്
രണ്ടു സംരക്ഷകരോടുകൂടി പുറപ്പെട്ടു

17. വഴി അപകടപൂർണ്ണവും ദുർഘടവും ആയിരുന്നു;
യാത്രചെയ്യാൻ ഞാൻ വളരെ ചെറുപ്പവുമായിരുന്നു

18. പൗരസ്ത്യ കച്ചവടക്കാർ സന്ധിക്കുന്ന
മൈശാന്റെ അതിർത്തിയിലൂടെ ഞാൻ കടന്നു.

19. ഞാൻ ബാബേൽ നാട്ടിലെത്തി.
സാർബൂഗ് മതിലിനുള്ളിൽ പ്രവേശിച്ചു.

20. ഞാൻ ഈജിപ്തിലേക്കു കടന്നു.
ഉടൻ എന്റെ കൂട്ടുകാർ എന്നെ വിട്ടുപിരിഞ്ഞു.

21. ഞാൻ നേരെ ആ സർപ്പത്തിനടുത്തേയ്ക്കു പോയി
അവന്റെ താമസത്തിനടുത്ത് ഞാൻ പാർത്തു.

22. അവൻ മന്ദിച്ചുറങ്ങുമ്പോൾ
എനിക്ക് ആ പവിഴം അവനിൽനിന്നെടുക്കാൻ
കഴിയുന്നതുവരെ ഞാൻ കാത്തിരുന്നു.

23. ഞാൻ തനിച്ച് ഏകനായിരുന്നപ്പോൾ
ഞാൻ എന്റെ കുടുംബത്തിന്
അപരിചിതനായിത്തീർന്നപ്പോൾ

24. ഞാനവിടെ എന്റെ വംശത്തിൽപ്പെട്ട
സ്വതന്ത്രനായ ഒരു പൗരസ്ത്യനെ കണ്ടു.

25. അയാൾ എണ്ണക്കച്ചവടക്കാരുടെ മകനും
സുന്ദരനും സ്നേഹയോഗ്യനുമായ യുവാവായിരുന്നു.

26. അവൻ വന്ന് എന്നോടു പറ്റിച്ചേർന്നു.
അവനെ ഞാൻ എന്റെ ആത്മസുഹൃത്താക്കി.

27. എന്റെ വില്പനച്ചരക്കുകൾ പങ്കുവെയ്ക്കുന്ന
സഹപ്രവർത്തകനാക്കി.

www.malankaralibrary.com



28. ഈജിപ്ത്തുകാരെക്കുറിച്ചും വെടിപ്പില്ലാത്തവരോട്
ഇടപെടുന്നതിനേക്കുറിച്ചും
ഞാൻ അവനു മുന്നറിയിപ്പു നല്കി.

29. അവരെന്നെ വെറുക്കാതിരിക്കാൻ
ഞാൻ അവരുടെ വസ്ത്രം ധരിച്ചു.

30. കാരണം, ഞാൻ ദൂരെനിന്നെത്തിയതു്
പവിഴം എടുക്കാനും സർപ്പത്തെ
എനിക്കെതിരെ ഇളക്കിവിടാനുമാണു്.

31. എന്നാൽ ഞാൻ അവരുടെ
രാജ്യത്തിൽപെട്ടവനല്ലെന്നു്
അവർ എങ്ങനെയോ കണ്ടുപിടിച്ചു.

32. അവർ ചതിയാലെന്നെ കുടുക്കി.
അവരുടെ ഭക്ഷണം ഭക്ഷിക്കാൻ എനിക്കു തന്നു.

33. ഞാൻ രാജാക്കന്മാരുടെ മകനാണെന്ന കാര്യം ഞാൻ
വിസ്മരിച്ചു. ഞാനവരുടെ രാജാവിനെ സേവിച്ചു.

34. ഞാൻ പവിഴത്തിന്റെ കാര്യം മറന്നുപോയി
എന്റെ മാതാപിതാക്കളെ എന്നെ അയച്ചതു്
അതിനായിട്ടായിരുന്നു.

35. അവരുടെ പീഡനത്തിന്റെ കാഠിന്യത്താൽ
ഞാൻ ഗാഢനിദ്രയിലമർന്നു.

110

36. എനിക്കു വന്നുഭവിച്ചവയെല്ലാം
എന്റെ മാതാപിതാക്കളെ ദർശിക്കയും
എന്നെപ്രതി ദുഃഖിക്കയും ചെയ്തു.

37. എല്ലാവരും ഞങ്ങളുടെ പ്രവേശന
കവാടത്തിലെത്തണമെന്നു്
ഞങ്ങളുടെ രാജ്യത്തു് ഒരു വിളംബരം ഉണ്ടായി

38. രാജാക്കന്മാരും പാർത്തിയായിലെ രാജകുമാരന്മാരും
കിഴക്കുള്ള ശ്രേഷ്ഠന്മാരെല്ലാവരും

39. ഞാൻ ഈജിപ്തിൽ ഉപേക്ഷിക്കപ്പെടാതിരിക്കാൻ
എനിക്കുവേണ്ടി അവരൊരു
പദ്ധതി എഴുതിയുണ്ടാക്കി.

40. അവർ എനിക്കൊരു കത്തെഴുതി.
എല്ലാ ശ്രേഷ്ഠവ്യക്തികളും അതിൽ ഒപ്പിട്ടു.

www.malankaralibrary.com



41. 'രാജാക്കന്മാരുടെ രാജാവായ
നിൻെറ പിതാവിൽ നിന്നും
പൗരസ്ത്യരാജ്ഞിയായ നിൻെറ മാതാവിൽനിന്നും

42. ഞങ്ങളുടെ രണ്ടാമത്തെ അധികാരിയായ
നിൻെറ സഹോദരനിൽനിന്നും
ഈജിപ്തിലുള്ള ഞങ്ങളുടെ മകനായ
നിനക്കു് അഭിവാദനങ്ങൾ!

43. നിൻെറ നിദ്രയിൽ നിന്നുണർന്നെഴുന്നേല്ക്കുക.
ഞങ്ങളുടെ കത്തിലെ വാക്കുകൾ ശ്രദ്ധിക്കുക.

44. നീ രാജകുമാരനാണെന്നു് അനുസ്മരിക്കുക.
നീ ചെയ്യുന്ന അടിമപ്പണി കാണുക.

45. പവിഴത്തെപ്പററി ഓർക്കുക.
അതിനാണല്ലോ നീ ഈജിപ്തിലേക്കയക്കപ്പെട്ടതു്.

46. നിൻെറ തിളങ്ങുന്ന വസ്ത്രത്തെപ്പററി ചിന്തിക്കുക.
നിൻെറ പട്ടുവസ്ത്രത്തെപ്പററി അനുസ്മരിക്കുക.

47. നീ അവ ധരിച്ചു് അലംകൃതനാകണം.
മല്ലന്മാരുടെകൂടെ നിൻെറ നാമം വായിക്കപ്പെടണം.

48. ഞങ്ങളുടെ വൈസ്രോയിയായ നിൻെറ സഹോദര
നോടുകൂടി നീ ഞങ്ങളുടെ രാജ്യത്തിലായിരിക്കണം.

111

49. രാജാവുതന്നെ തൻെറ വലത്തുകൈകൊണ്ടു് മുദ്രവച്ച
താണു് എൻെറ എഴുത്തു്.

50. ബാബേൽസന്തതികളായ ദുഷ്ടന്മാരിൽ നിന്നും
സാർബൂഗിലെ കിരാത പിശാചുക്കളിൽ നിന്നും
കാത്തുസൂക്ഷിക്കാനായിരുന്നതു്.

51. പക്ഷികളുടെ രാജാവായ കഴുകൻെറ
രൂപത്തിലതു പറന്നു

52. അതു പറന്നു് എൻെറ അടുത്തെത്തി
ശബ്ദം പുറപ്പെടുവിച്ചു.

53. അതിൻെറ മർമ്മരശബ്ദവും നാദവുംകൊണ്ടു് ഞാൻ
എൻെറ ഉറക്കത്തിൽനിന്നുണർന്നു.

54. ഞാനതെടുത്തു ചുംബിച്ചു് വായിക്കാൻ തുടങ്ങി.

www.malankaralibrary.com



55. എൻെറ ഹൃദയത്തിൽ എഴുതപ്പെട്ടതനുസരിച്ചാണ്
കത്തിലെ വാക്കുകൾ എഴുതപ്പെട്ടിരുന്നത്.

56. ഞാൻ രാജകീയ മാതാപിതാക്കളുടെ
മകനാണെന്ന് ഞാൻ ഓർത്തു
എൻെറ ശ്രേഷ്ഠമായ ജന്മം അതിൻെറ
സ്വഭാവം പ്രഘോഷിച്ചു.

57 ഞാൻ മുത്തിനെപ്പററി ഓർത്തു
അതിനായിട്ടാണല്ലോ ഞാൻ
ഈജിപ്തിലേക്കയക്കപ്പെട്ടത്.

58. ഭീകരനും ഉച്ചത്തിൽ ശ്വസിക്കുന്നവനുമായ സർപ്പത്തെ
വശീകരിക്കാൻ ഞാൻ ശ്രമമാരംഭിച്ചു.

59. ഞാൻ അവനെ നിദ്രയിലാഴ്ത്തി;
ഞാൻ അവനെ മയക്കത്തിലാക്കി
ഞാൻ അവൻെറമേൽ എൻെറ
പിതാവിൻെറ നാമം

60. ശക്തിയിൽ ഞങ്ങളുടെ രണ്ടാമൻെറ നാമവും
പൗരസ്ത്യരാജ്ഞിയായ എൻെറ
മാതാവിൻെറ നാമവും ഉച്ചരിച്ചു.

61. ഞാൻ ആ മുത്തു തട്ടിയെടുത്ത്
എൻെറ പിതാവിൻെറ ഭവനത്തിലേക്കു
തിരികെപോകാൻ തുടങ്ങി.

62. അവരുടെ മുഷിഞ്ഞുനാറിയ വസ്ത്രം
ഞാൻ വലിച്ചെറിഞ്ഞു.
അതവരുടെ നാട്ടിൽതന്നെ ഇട്ടു.

63. കിഴക്കു ഞങ്ങളുടെ ഭവനത്തെ ലക്ഷ്യമാക്കി
നേരെ ഞാൻ യാത്ര തിരിച്ചു.

64. എന്നെ ഉണർത്തിയ എൻെറ കത്ത്
വഴിയിൽ എൻെറ മുമ്പിൽ ഞാൻ കണ്ടു.

65. അതിൻെറ ശബ്ദം എന്നെ ഉണർത്തിയതുപോലെ
അതിൻെറ പ്രകാശം എനിക്കു മാർഗദർശനമേകി.

66. കൊട്ടാരത്തിൽ വസിച്ചിരുന്ന ആ പ്രകാശം
എൻെറ മുമ്പിൽ പ്രകാശം വിതറി.

www.malankaralibrary.com



67. അതിൻെറ ശബ്ദം കൊണ്ടും വഴികാണിക്കൽകൊണ്ടും
വേഗം കൂട്ടാൻ അതെന്നെ പ്രേരിപ്പിച്ചു.

68. അതിൻെറ സ്നേഹത്താൽ അതെന്നെ
ആകർഷിച്ചുകൊണ്ടിരുന്നു.

69. ഞാൻ യാത്രചെയ്തു സാർബൂഗ് കടന്നു;
ഞാൻ ബാബേലിനെ വിട്ടിട്ട്
എൻെറ ഇടത്തുവശത്താക്കി.

70. വ്യാപാരികളുടെ സമ്മേളനസ്ഥലമായ
വലിയ മൈശാനിൽ ഞാനെത്തിച്ചേർന്നു.

71. അതു കടൽത്തീരത്തു സ്ഥിതിചെയ്യുന്നു.

72. ഞാൻ ഉരിഞ്ഞുവച്ച എൻെറ പ്രകാശമുള്ള വസ്ത്രവും
അതോടുകൂടി ചുരുട്ടിവച്ച പട്ടുവസ്ത്രവും

73. റാംസായിൽനിന്നും റേഖൈനിൽനിന്നും
എൻെറ മാതാപിതാക്കാം

74. യഥാർത്ഥത്തിൽ വിശ്വസ്തരായ ഭണ്ഡാര
വിചാരിപ്പുകാർവശം അവിടെ കൊടുത്തയച്ചു.

112.

75. എൻെറ ചെറുപ്പത്തിൽ ഞാൻ പിതൃഭവനം
വിട്ടുപോന്നതിനാൽ
അതിൻെറ രൂപം എനിക്ക് ഓർമ്മയില്ലായിരുന്നു

76. അതുകൊണ്ട് അതു ലഭിച്ചപ്പോറം പെട്ടെന്ന്
അത് എൻെറ തന്നെ ഒരു കണ്ണാടിയായി
എനിക്കുതോന്നി.

77. എല്ലാററിലും ശ്രേഷ്ഠമായി ഞാനതുകണ്ടു;
അതിൽ ഞാൻ എല്ലാം സ്വീകരിച്ചു.

78. കാരണം, വ്യത്യസ്തമായി രണ്ടായിരുന്നു എങ്കിലും
ഒരേ സാദൃശ്യത്തിൽ വീണ്ടും ഒന്നായി.

79. അതു കൊണ്ടുവന്ന ഭണ്ഡാരവിചാരിപ്പുകാരെയും
ആ രീതിയിൽ ഞാൻ കണ്ടു.

80. രണ്ടാണെങ്കിലും ഒരേ സാദൃശ്യം;
കാരണം, അവ രണ്ടിലും രാജാവിൻെറ
ഒരേ മുദ്രപതിപ്പിച്ചിരുന്നു.

81. എൻെറ വിശ്വാസവും എൻെറ ധനവും
അവയിലൂടെ എനിക്കു തിരികെ തന്നവൻെറ
കരങ്ങളുടെ ഒരേ മുദ്ര പതിപ്പിച്ചിരുന്നു.

www.malankaralibrary.com



82. എന്റെ വസ്ത്രം മഹത്വമേറിയ വർണ്ണങ്ങൾകൊണ്ടും
83. സ്വർണ്ണംകൊണ്ടും ഗോമേദകംകൊണ്ടും
മാണിക്യംകൊണ്ടും വൈഡൂര്യംകൊണ്ടും
84. വിവിധ നിറങ്ങളിലുള്ള മരതകംകൊണ്ടും
അലങ്കരിക്കപ്പെട്ടിരിക്കുന്നു.
ഉയരത്തിലുള്ള അതിന്റെ ഭവനത്തിൽ വിദഗ്ദ്ധ
മായ രീതിയിൽ അതു് തുന്നൽ ചെയ്യപ്പെട്ടിരിക്കുന്നു.
85. അതിന്റെ അരികുകളിൽ വജ്രക്കൊളുത്തുകൾ
തുന്നിപ്പിടിപ്പിച്ചിരിക്കയാണു്.
86. അതിന്മേൽ മുഴുവൻ രാജാക്കന്മാരുടെ
രാജാവിന്റെ ചിത്രം
വരച്ചും തയ്ച്ചും പിടിപ്പിച്ചിരിക്കയാണു്
87. ഇന്ദ്രനീലക്കല്ലുകണക്കെ
അതിന്റെ വിളുമ്പു് വൈവിധ്യമാർന്നതാണു്.

113.

88. വിജ്ഞാനത്തിന്റെ സ്വാഭാവിക പ്രേരണകൾ
അതിന്മേൽ മുഴുവൻ പ്രവർത്തിച്ചുകൊണ്ടിരുന്നതു്
ഞാൻ കണ്ടു.
89. അതു് സംസാരിക്കാൻ തുടങ്ങുന്നതായും ഞാൻ കണ്ടു.
90. അതിൽനിന്നുതിർന്നുവീണ
ശബ്ദതരംഗങ്ങൾ ഞാൻ കേട്ടു.
91. എന്റെ പിതാവിന്റെ മുൻപിൽവച്ചു്
അവനുവേണ്ടി ഞാനവ വളർത്തിയപ്പോൾ
പ്രവർത്തനങ്ങളിൽ ഞാനായിരുന്നു
കർമ്മനിരതനായിരുന്നതു്.
92. അവന്റെ പ്രവർത്തനങ്ങൾക്കനുസരണമായി
എന്റെ രൂപം വളർന്നതായി ഞാൻ
എന്നിൽതന്നെ ദർശിച്ചു
93. അതിന്റെ രാജകീയ ചലനങ്ങളിൽ
അതു പൂർണ്ണമായി എന്റെമേൽ ഒഴുകി.
94. അതിന്റെ ദാതാക്കളുടെ കരങ്ങളിൽനിന്നു്
ഞാനതു സ്വീകരിക്കണമെന്നു് അതു നിർബന്ധിച്ചു.
95. അതിനെ എതിരേററു്
സ്വീകരിക്കാൻവേണ്ടി ഓടാൻ
സ്നേഹം എന്നെ നിർബ്ബന്ധിച്ചു.

www.malankaralibrary.com



96. ഞാൻ കൈനീട്ടി അതെടുത്തു;
അതിൻെറ നിറങ്ങളുടെ സൗന്ദര്യത്താൽ
ഞാൻ സ്വയം അഹങ്കരിച്ചു.

97. തിളങ്ങുന്ന വാക്കുകളുള്ള എൻെറ
നീണ്ട അങ്കികൊണ്ടു്
ഞാൻ സ്വയം പൊതിഞ്ഞു.

98. ഞാൻ അതു ധരിച്ചു് കവാടത്തിലേക്കു നടന്നു.

99. ഞാൻ തലവണങ്ങി എന്നെ അയച്ച പിതാവിൻെറ
ഔന്നത്യത്തെ ആരാധിച്ചു.

100. കാരണം, ഞാൻ അവൻെറ കല്പനകരം അനുസരിച്ചു.
താൻ വാഗ്ദാനംചെയ്തതു് അവനെനിക്കുതന്നു.

101. അവൻെറ കവാടത്തിങ്കൽവച്ചു് ഞാൻ
അവൻെറ രാജകുമാരന്മാരുമായി ഇടപഴകി.

102. അവൻ എന്നിൽ സന്തോഷിക്കുകയും
എന്നെ സ്വീകരിക്കുകയും ചെയ്തു.
അവൻെറ രാജ്യത്തിൽ ഞാൻ
അവനോടുകൂടെ ആയിരുന്നു.

103. അവൻെറ എല്ലാ ദാസന്മാരുടെയും
ശബ്ദത്തോടുകൂടി
അവനെ സ്തുതിക്കുക.

104. അവനോടുകൂടെ രാജാക്കന്മാരുടെ
രാജാവിൻെറ പ്രവേശനകവാടംവരെ
ഞാൻ പോകും എന്നു് അവൻ വാഗ്ദാനംചെയ്തു.

105. എൻെറ സമർപ്പണത്തോടും
എൻെറ മുത്തിനോടുംകൂടെ
നമ്മുടെ രാജാവിൻെറ മുമ്പാകെ
ഞാൻ സന്നിഹിതനാകണം.

യൂദാ തോമ്മാ ശ്ലീഹാ തടവറയിൽ കിടന്നു പ്രകീർത്തിച്ച സ്തുതിപ്പു് അവസാനിച്ചു[5].

5. ഈ സ്തുതിഗീതത്തിൽ മനുഷ്യാത്മാവിനെ പ്രതീകാത്മകമായി സൂചിപ്പിക്കുന്നു. ദൈവത്തിൽനിന്നു വരുന്ന ആത്മാവു് ലോകവ്യവഹാരങ്ങളിൽ അതിൻെറ 'ദൈവികത' മറക്കുന്നു. ദൈവത്തിൽ നിന്നുവരുന്ന 'ലിഖിത രൂപങ്ങരം' ആത്മാവിനു് അതിൻെറ ഔന്നത്യം വെളിപ്പെടുത്തിക്കൊടുക്കുന്നു. തൽഫലമായി, ദൈവത്തിലേക്കു് തിരിഞ്ഞു്, ദൈവത്തെ പ്രാപിച്ചു്, സ്വർഗ്ഗത്തിൽ സമ്മാനാർഹയാകുന്നു—അലങ്കരിക്കപ്പെട്ട വസ്ത്രവും മററും അതു സൂചിപ്പിക്കുന്നു. A.J.J. Klijn, op. cit. p. 281.

www.malankaralibrary.com



114. മിഗ്ദോണിയായുടെ ഭർത്താവ് കാരീഷ് അത്യധികം സന്തോഷത്തോടെ തൻെറ വീട്ടിലേക്കു പോയി. കാരണം യൂദാതോമ്മായുടെ വാക്കുകൾ കേട്ട് ദൈവപുത്രനായ ഈശോമിശിഹായിൽ വിശ്വസിക്കുന്നതിനു മുമ്പുണ്ടായിരുന്ന പോലെ തൻെറ ഭാര്യ ഇനിമുതൽ തന്നോടൊത്തിരിക്കുമെന്ന് അദ്ദേഹം ചിന്തിച്ചു. കാരീഷ് വീട്ടിൽചെന്നപ്പോൾ തൻെറ ഭാര്യ അവിടെ ദുഃഖിതയായി വസ്ത്രം കീറി, ഒരു ഭ്രാന്തിയെ പോലെ ഇരിക്കുന്നതു കണ്ടു. അവൻ അവളോടു പറഞ്ഞു: എൻെറ സഹോദരീ, പ്രാണപ്രേയസീ, മിഗ്ദോണിയാ, നിന്നെ ബാധിച്ചിരിക്കുന്ന ദുഷിച്ച ഈ ഭോഷത്തം എന്താണ്? നീ എന്തുകൊണ്ടാണ് ഇപ്രകാരം പ്രവർത്തിച്ചത്? ഞാൻ നിൻെറ യുവത്വത്തിലെ ഭർത്താവാണ്. ദൈവകൃപയാൽ, നിയമം അനുസരിച്ചു നിൻെറമേൽ അധികാരമുള്ളത് എനിക്കാണ്. പിന്നെ എന്തുകൊണ്ടാണ് ഭ്രാന്തിയെപ്പോലെ നീ പെരുമാറുന്നത്? എന്തിനു നീ രാജ്യം മുഴുവനും ഒരു പരിഹാസ വിഷയമായി മാറിയിരിക്കുന്നു? ഈ നിമിഷം മുതൽ ആ മന്ത്രവാദിയെ കുറിച്ചുള്ള ചിന്തകൾ നിൻെറ മനസ്സിൽ നിന്നകററിക്കളയുക. നീ ഇനി അവനെ ഒരിക്കലും കാണാത്തവിധം അവനെ നിൻെറ കൺമുമ്പിൽനിന്ന് നീക്കാൻ പോവുകയാണ്.

115. തൻെറ ഭർത്താവായ കാരീഷിൽനിന്ന് ഇതു കേട്ടപ്പോൾ അവൾ കൂടുതൽ ദുഃഖിക്കുകയും വേദനിക്കുകയും ചെയ്തു. അവൻ വീണ്ടും അവളോടു പറഞ്ഞു: 'നിനക്ക് ഈ വലിയ നികൃഷ്ടാവസ്ഥ വന്നുഭവിക്കാൻ നിന്നെ കൈവിടത്തക്കവിധം നീ ദേവന്മാർക്കെതിരെ എന്തു പാതകം ചെയ്തു എന്ന് എന്നോടു പറയാൻ ഞാൻ അപേക്ഷിക്കുന്നു. ഈ അധഃപതനത്തിലേക്കും നിന്ദയിലേക്കും നീ വലിച്ചിഴക്കപ്പെട്ടത് നീ അവരുടെ മുൻപാകെ എന്തു പാപം ചെയ്തതുകൊണ്ടാണ്? നിൻെറ ദർശനത്താൽ എൻെറ ആത്മാവിനെ പീഡിപ്പിക്കരുത്. നിന്നോടുള്ള പരിഗണനയിൽ എൻെറ ഹൃദയത്തെ വേദനിപ്പിക്കരുതെന്ന് മിഗ്ദോണിയ, നിന്നോടു ഞാൻ അപേക്ഷിക്കുന്നു. നിൻെറ യൗവ്വനത്തിലെ ഭർത്താവായ കാരീഷാണു ഞാൻ. ഈ രാജ്യം മുഴുവൻ എന്നെ ആദരിക്കുകയും ഭയപ്പെടുകയും ചെയ്യുന്നു. ഞാൻ എന്തു ചെയ്യണമെന്നോ, ഞാനെങ്ങനെ വ്യാപരിക്കണമെന്നോ, എന്തു പദ്ധതി ആവിഷ്ക്കരിക്കണമെന്നോ നിൻെറ യഥാർത്ഥ ഭർത്താവായ എനിക്കറിയില്ല! നിൻെറ സൗന്ദര്യത്തെക്കുറിച്ച് മനസ്സിൽ നിനച്ച് ഞാൻ നിശ്ശബ്ദനായി കഴിയണമോ? അതോ നിൻെറ പാവനമായ പെരുമാററമോർത്ത് ഒന്നും പറയാതിരിക്കണമോ? തൻെറ കൈവശമുള്ള ശ്രേഷ്ഠവും അമൂല്യവുമായ നിധി തട്ടിയെടുക്കാൻ വരുമ്പോൾ അത് നഷ്ടപ്പെടുത്തിക്കളയുന്നവൻ ആരുണ്ട്? എന്നോടുകൂടി

www.malankaralibrary.com



എന്നുമുള്ള നിൻെറ അഭികാമ്യസൗന്ദര്യം നഷ്ടപ്പെടുന്നതു സഹിക്കാൻ എനിക്കു സാധിക്കുമെന്നോ?

നിൻെറ സുഗന്ധം എൻെറ നാസാരന്ധ്രങ്ങളിലുണ്ട്. നിൻെറ തൂവെള്ള നിറം എൻെറ കൺമുമ്പിലുണ്ട്; എൻെറ ആത്മാവിനെ എന്നിൽനിന്ന് നീക്കിക്കളയുവാനാണ് അവർ പരിശ്രമിക്കുന്നത്. നിന്നെ ഞാൻ ദർശിച്ച് എൻെറ വെട്ടിത്തിളങ്ങുന്ന കണ്ണുകൾ ഇതാ അവർ തുരന്നെടുത്തുകൊണ്ടു പോകാൻ തുടങ്ങുന്നു. ഞാൻ അഭിമാനിച്ചിരുന്ന എൻെറ ശരീരം അവർ ദുരുപയോഗിച്ച്, ഇതാ എടുത്തുകൊണ്ടുപോകാൻ ശ്രമിക്കുന്നു. എൻെറ വലതുകൈ ഇതാ, അവർ എന്നിൽനിന്നും വെട്ടിനീക്കുന്നു. എൻെറ സൗന്ദര്യം അവരിതാ നശിപ്പിക്കുന്നു. എൻെറ സുഖം വഴി അവരെനിക്ക് അസ്വസ്ഥതയേകുന്നു. എൻെറ സന്തോഷം ഇതാ ദുഃഖമായി മാറിയിരിക്കുന്നു. എൻെറ വിശ്രമം ഇതാ എനിക്കു വേദനയായി മാറിയിരിക്കുന്നു. എൻെറ ജീവൻ ഇതാ മരണമായി മാറിയിരിക്കുന്നു. എൻെറ പ്രകാശം ഇതാ ഇരുട്ടിൽ ലയിച്ചിരിക്കുന്നു. എൻെറ വലിയ ഭവനത്തിലെ അംഗങ്ങൾ ഇനി എന്നെ കാണുകയില്ല. എൻെറ ഈ വേദനയിൽ എനിക്ക് അവർ യാതൊരു വിധ സഹായവും നല്കുകയില്ല. എൻെറ കുലീന സ്നേഹിതർ ഇനി എന്നെ കാണുകയില്ല; കാരണം, എൻെറ ദുഃഖത്തിൽനിന്ന് അവർ എന്നെ വിടുവിച്ചില്ല. പൗരസ്ത്യ ദൈവങ്ങളെ ഞാനിനി ആരാധിക്കുകയില്ല. കാരണം, അവരാണ് ഈ വിധ കഷ്ടപ്പാടുകൾ എനിക്കു വരുത്തിവച്ചത്. അവരോടു പ്രാർത്ഥിക്കുകയോ, അവർക്ക് ബലിയർപ്പിക്കുകയോ, അർപ്പണം നടത്തുകയോ ചെയ്കയില്ല. കാരണം, എൻെറ യഥാർത്ഥ ഐക്യത്തിൽനിന്ന് അവരെന്നെ നീക്കിക്കളഞ്ഞു. ഇനിയെന്തു പ്രാർത്ഥനയാണ് ഞാൻ അവരോടു നടത്തേണ്ടത്? എനിക്കു തരാൻ ഞാൻ അവരോട് എന്താണ് അപേക്ഷിച്ചു യാചിക്കേണ്ടത്? ഈ ലോകത്തിൽ ഞാൻ സാധിച്ച എല്ലാററിനേക്കാളും എനിക്കു പ്രിയങ്കരവും ഞാൻ തൃപ്തി കണ്ടെത്തിയതുമായ സംഗതി അവർ എന്നിൽനിന്നെടുത്തുകളഞ്ഞു. എന്തെന്നാൽ എനിക്കുപയോഗിക്കാവുന്നതിൽ കൂടുതൽ ധനവും സമ്പാദ്യങ്ങളും എനിക്കുണ്ട്; അതെന്തുമാത്രം ഉണ്ടെന്നു് എനിക്കുതന്നെ അറിയില്ല. ഞാൻ ഒരു പ്രഭുവായിത്തീർന്നു. രാജപ്രതിനിധിയായി ഞാൻ നിയമിതനായിരിക്കുന്നു. അനേകർ എന്നെ ഭയപ്പെടുന്നു. അനേകർ എൻെറ അധികാരസീമയിലാണ്. എൻെറ വലിയ സമ്പാദ്യവും എൻെറ എല്ലാ മഹത്വവുമെടുത്തിട്ട് അതിനുപകരം മുൻകാലങ്ങളിൽ മിഗ്ദോണിയയുമായി ഞാൻ ചെലവഴിച്ച ഒരു മണിക്കൂർ എനിക്കു തന്നിരുന്നുവെങ്കിൽ! ആരെങ്കിലും എൻെറ ഒരു കണ്ണ് കുത്തിപ്പൊട്ടിച്ചിട്ട്, നിൻെറ കണ്ണുകൾ സാധാരണ

www.malankaralibrary.com



ചെയ്തിരുന്നതുപോലെ എന്നെ ഒന്നു നോക്കിയിരുന്നെങ്കിൽ! ആരെങ്കിലും എൻെറ വലതുകരം വെട്ടി മാററി, അതിനു പകരം എൻെറ ഇടത്തുകൈകൊണ്ടു് നിന്നെ ആലിംഗനം ചെയ്വാൻ എന്നെ അനുവദിച്ചിരുന്നെങ്കിൽ!'

116. കാരീഷ് ഈ കാര്യങ്ങളെല്ലാം പറഞ്ഞു കരയുമ്പോഠം മിഗ്ദോണിയ ജീവനില്ലാതെ കല്ലുപോലെ അവനെ നോക്കാതെ നിശ്ശബ്ദയായി നിലത്തു നോക്കിക്കൊണ്ടിരുന്നു. അവൻ അവളുടെ അടുത്തേക്കുവന്നു് വീണ്ടും പറഞ്ഞു: 'എൻെറ പ്രിയതമേ മകളേ, മിഗ്ദോണിയാ, ഇന്ത്യയിലെ എല്ലാ സ്ത്രീകളേക്കാഠം നീ എനിക്കു പ്രിയംകരിയാണു്. നിന്നേക്കാഠം ഉയർന്ന നിലയിലുള്ള പലരേയും തെരഞ്ഞെടുക്കാമായിരുന്നപ്പോഠം ഞാൻ നിന്നെയാണു് തെരഞ്ഞെടുത്തതു്. എന്നാൽ മിഗ്ദോണിയ, തീർച്ചയായും ഞാൻ കള്ളം പറയുകയല്ല, ദൈവം സാക്ഷി; അല്ല, നിന്നെപ്പോലെ എനിക്കു മറെറാരു സ്ത്രീ ഇന്ത്യയിലെങ്ങുമില്ല. എന്തൊരു സൗന്ദര്യം! എന്തൊരു ഭൂഷണം! എന്തൊരു പ്രൗഢി! എന്തു കുലീനത്വം–ഇവയെല്ലാം എനിക്കു നഷ്ടപ്പെട്ടുന്നു! എനിക്കും ലോകത്തിനും ഹാ, കഷ്ടം! കാരണം, നീ ഇനിയും സംസാരിക്കുന്നതു് ഞാൻ കേഠക്കില്ല. അവൻ എന്നെ നിന്ദിച്ചെങ്കിലും നിൻെറ കണ്ണുയർത്തി എന്നെ ഒന്നു നോക്കുവാൻ ഞാൻ നിന്നോടപേക്ഷിക്കുന്നു. കാരണം, ഒരു മന്ത്രവാദിയേക്കാഠം ഞാൻ ശ്രേഷ്ഠനാണു്, അവനേക്കാഠം ഞാൻ സൗന്ദര്യവാനാണു്, എനിക്കു വേണ്ടത്ര സമ്പാദ്യവും പ്രതാപവുമുണ്ടു്. എൻേറതുപോലുള്ള ഒരു കുടുംബപാരമ്പര്യം മററാർക്കുമില്ലെന്നു് എല്ലാവർക്കും അറിവുള്ളതാണല്ലോ. എൻെറ എല്ലാ സമ്പാദ്യങ്ങളേക്കാളും നീയാണു് എനിക്കു് വലുതു്. ഇപ്പോഠം ഇതാ നീ എന്നിൽ നിന്നു് അവയെല്ലാം നീക്കുന്നു.''

117. കാരീഷ് ഈ കാര്യങ്ങളെല്ലാം പറഞ്ഞപ്പോഠം മിഗ്ദോണിയ അവനോടു പറഞ്ഞു: 'കാരീഷ്, നിൻെറ എല്ലാ സമ്പാദ്യങ്ങളേക്കാളും നിനക്കുള്ള എല്ലാററിനേക്കാളും വലുതാണു് ഞാൻ സ്നേഹിക്കുന്ന ആ വ്യക്തി. നിനക്കുള്ളതെല്ലാം ഭൂമിയിലേതാണു്. അവ ഭൂമിയിൽത്തന്നെ നിലനില്ക്കുന്നു, എന്നാൽ ഞാൻ സ്നേഹിക്കുന്നവൻ സ്വർഗ്ഗത്തിലാണു്. അവിടുന്നു് എന്നെ സ്വർഗ്ഗത്തിൽ തൻെറ പക്കലേക്കെടുക്കും. നിൻെറ ധനം കടന്നുപോകും–നിൻെറ സൗന്ദര്യം ക്ഷയിക്കും, നിൻെറ വസ്ത്രം

www.malankaralibrary.com



പഴകി ദ്രവിച്ച നശിച്ചുപോകം. എന്നാൽ നിൻെറ ലംഘനങ്ങളും പാപങ്ങളും മാത്രം നിന്നോടുകൂടി അവശേഷിക്കും. നീ അവയിൽ നിന്നു് മോചിതനാകുന്നില്ലെങ്കിൽ അവ നിന്നോടു പററിച്ചേർന്നിരിക്കും. എന്നോടൊത്തുള്ള നിൻെറ മുൻകാല ചെയ്തികളൊന്നും എന്നെ ഓർമ്മിപ്പിക്കരുതു്. എന്നിൽ നിന്നു് അവയെല്ലാം തുടച്ച മായിച്ചുകളയുവാൻ എൻെറ കർത്താവിനോടു ഞാൻ അപേക്ഷിച്ച പ്രാർത്ഥിക്കുന്നു. നിൻെറ ജഡികപ്രവൃത്തികളും, വൃത്തികെട്ട ദൂഷിച്ച സന്തോഷങ്ങളും എന്നെ ഓർമ്മിപ്പിക്കരുതു്. എൻെറ കർത്താവിൻെറ സ്നേഹത്താൽ അതിൽനിന്നെല്ലാം വിടുവിക്കപ്പെടുവാൻ ഞാൻ പ്രാത്ഥിക്കുന്നു. നിൻെറ എല്ലാ അടുപ്പങ്ങളും ഞാൻ മറന്നുകഴിഞ്ഞു. നിൻെറ ചെയ്തികൾ നിന്നോടുകൂടെ ഇരുന്നുകൊള്ളട്ടെ. എന്നാൽ എൻെറ കത്താവും രക്ഷകനുമായ ഈശോമാത്രം തന്നിൽ അഭയം തേടുന്നവരോടുകൂടി എന്നും നിലനില്ക്കുന്നു. അവനിൽ ഞാൻ അഭയം തേടിയിരിക്കുന്നു. അവനിൽ ഞാൻ വിശ്വസിക്കുന്നു. ഞാൻ അവിശ്വാസിയായിരുന്നപ്പോൾ താങ്കളുമൊത്തു് ഞാൻ ചെയ്തിരുന്ന ലജ്ജാകര പ്രവൃത്തികളിൽനിന്നു് അവിടുന്നെന്നെ വിടുവിച്ച രക്ഷിക്കും.[6] കാരീഷ് ഈ കാര്യങ്ങൾ കേട്ടപ്പോൾ ദുഃഖിതനായി കിടന്നുറങ്ങുവാൻ പോയി. അവൻ അവളോടു പറഞ്ഞു: 'ഇന്നു രാത്രി മുഴുവൻ ഇതേപ്പററി നീ ചിന്തിക്കുക. ആ മന്ത്രവാദിയെ കാണുന്നതിനുമുമ്പുണ്ടായിരുന്ന സ്ഥിതിയിൽ നീ എന്നോടുകൂടി ആയിരുന്നാൽ നിനക്കിഷ്ടമുള്ളതെല്ലാം ഞാൻ സാധിച്ചുതരാം. നിനക്കവനോടു് അടുപ്പം തോന്നുന്നതിനാൽ നിനക്കിഷ്ടമാണെങ്കിൽ ഞാൻ അയാളെ മറെറാരിടത്തേക്കു പറഞ്ഞുവിടാം. അങ്ങനെ അയാൾ മറെറാരു രാജ്യത്തേക്കു പൊയ്ക്കൊള്ളട്ടെ. നിനക്കു ഞാൻ ഒരു ബുദ്ധിമുട്ടും വരുത്തുകയില്ല. കാരണം, നീ അയാളോടു് പററിച്ചേർന്നിരിക്കുന്നുവെന്നു ഞാൻ അറിയുന്നു.

ഇതു് നിനക്കു മാത്രം സംഭവിച്ച കാര്യമല്ല, അനേകം സ്ത്രീകൾക്കു് ഇപ്രകാരം സംഭവിച്ചിട്ടുണ്ടു്. എന്നാൽ അലസരും നിരാശരുമാകാതെ, സുബോധമുള്ളവരായി, തങ്ങൾക്കു് പററിയതു് തിരിച്ചറിഞ്ഞു് അവർ തിരിച്ചുവന്നു. അങ്ങനെ പരി

6. ഭാര്യാഭർത്തൃസംയോഗം ഹീനവും പാപപങ്കിലവുമാണെന്ന ഗ്നോസ്റ്റിക്ക് ചിന്തയാണു് ഉടനീളം നിഴലിച്ചുകാണുന്നതു്.

www.malankaralibrary.com



ഹാസത്തിൽനിന്നും, നിന്ദനത്തിൽനിന്നും അവർ സ്വയം രക്ഷപ്പെട്ടു. ഞാൻ ഈ പറഞ്ഞ കാര്യങ്ങൾ ഒന്നും നിസ്സാരമായി തള്ളിക്കളയരുതു്. നിന്നെക്കൊണ്ടു സാധിക്കാത്ത ഒരു കാര്യമായി കരുതുകയുമരുതു്. എന്നെ ഇന്ത്യയിൽ ഒരു പരിഹാസപാത്രമോ, നിന്ദാവിഷയമോ, പഴഞ്ചൊല്ലോ ആക്കരുതു്.

118. ഇവ പറഞ്ഞതിനുശേഷം അവൻ പോയി കിടന്നുറങ്ങി. എന്നാൽ മിഗ്ദോണിയ 20 സൂസ്[7] എടുത്തു് ആരും കാണാതെ ജയിലിലേക്കു പോയി. യൂദായുടെ അടുത്തുപോകാൻ അനുവദിക്കുന്നതിനായി ജയിൽ കാവൽക്കാർക്കു് കൊടുക്കുവാനായിരുന്നു ആ പണം. അവൾ പോയപ്പോൾ യൂദാ എതിരെ വന്നു് അവളെ കണ്ടുമുട്ടി. അവനിലുള്ള വലിയ പ്രകാശം നിമിത്തം, അതു പ്രഭുകുമാരൻമാരിൽ ഒരാളാണെന്നു കരുതി അവൾ ഭയപ്പെട്ടുപോയി. അവൾ ആത്മഗതം ചെയ്തു: 'നശിച്ചുകൊണ്ടിരിക്കുന്ന ബലഹീനമായ ആത്മാവേ, നിനക്കു ഹാ കഷ്ടം! ജീവനുള്ള ദൈവമായ ഈശോയുടെ ശ്ലീഹായായ യൂദായെ ഞാൻ ഇനി കാണുകയില്ല. കാരണം, മാമ്മോദീസായുടെ മുദ്ര ഞാൻ ഇതുവരെ സ്വീകരിച്ചിട്ടില്ല.' അവൾ ഓടി മറ്റൊരു വഴിയിലേക്കുമാറി ആത്മഗതം ചെയ്തു: 'ദരിദ്രരായ മനുഷ്യൻ സ്വീകരിക്കുന്നതാണു നല്ലതു്. എനിക്കു കടന്നുപോകാൻ അനുവദിക്കാൻ അവരെ പ്രേരിപ്പിക്കാം. എന്നാൽ കൈക്കൂലി വാങ്ങാത്ത ഈ വലിയ മനുഷ്യൻ എന്നെ സ്വീകരിക്കയില്ല.

---

7. സൂസ്: ദേനാറായ്ക്കു തുല്യമായ നാണയമാണു്.

www.malankaralibrary.com

# പത്താം നടപടി

## മിഗ്ദോണിയായുടെ മാമോദീസാ

119. മിഗ്ദോണിയ ഈ കാര്യങ്ങളെക്കുറിച്ച് ചിന്താനിമഗ്നയായി നിൽക്കുമ്പോൾ യൂദാ വന്ന് അവളുടെ പിറകിൽ നിന്നു. അവൾ ഭയപ്പെട്ടുപോയി. ഭീതികൊണ്ട് അവൾ താഴെവീണു. അവളുടെ സമീപേനിന്നുകൊണ്ട് അദ്ദേഹം അവളോടു പറഞ്ഞു: 'മിഗ്ദോണിയാ ഭയപ്പെടേണ്ട. ഈശോമിശിഹാ എന്ന നിൻെറ കർത്താവ് നിന്നെ ഉപേക്ഷിക്കുകയില്ല. നിൻെറ ആത്മാവിനെ നീ അവനാണല്ലോ സമർപ്പിച്ചിരിക്കുന്നത്. കൃപാലുവായവൻ നിന്നെ കൈവിടുകയില്ല. അവൻെറ ദയ വലുതാകുന്നു. നമ്മുടെ ഇരിപ്പിടമായ അവൻ തൻെറ നന്മയെപ്രതി നിന്നെ ഉപേക്ഷിക്കുകയില്ല; നന്മതന്നെ ആയ അവൻ തൻെറ നന്മയെ പ്രതി നിന്നെ കൈവെടിയുകയില്ല. തറയിൽനിന്നെഴുന്നേൽക്കു; നീ ഭൂമിക്കു മുകളിലേക്ക് ഉയർത്തപ്പെട്ടവളാണ്. നിൻെറ കർത്താവിൻെറ പ്രകാശദീപ്തിയെ നോക്കുക. തന്നെ സ്നേഹിക്കുന്നവർ ഇരുളിൽ ചരിക്കുവാൻ അവിടുന്നനുവദിക്കയില്ല.

ഇതാ, തൻെറ ദാസന്മാരുടെ സ്നേഹിതൻ, അവർക്കു് ഇരുളിൽ പ്രകാശമാണ്. ഇതാ, തൻെറ ദാസന്മാരുടെ സഹായം, അവർക്കു് ദുരിതങ്ങളിൽ സഹായകനാണ്. മിഗ്ദോണിയാ എഴുന്നേററ് അവനെ നോക്കി പറഞ്ഞു: 'എൻെറ നാഥാ, നീ എവിടെ പോകുകയായിരുന്നു? സൂര്യപ്രകാശം ദർശിക്കുവാൻ അങ്ങയെ ജയിലിൽനിന്നും പുറത്തുവിട്ടതു് ആരാണ്? യൂദാ അവളോടു പറഞ്ഞു: 'എൻെറ കർത്താവീശോമിശിഹാ എല്ലാ ശക്തികളേക്കാളും രാജാക്കന്മാരേക്കാളും അധികാരികളേക്കാളും ശക്തനാണ്. അവിടുന്ന് വാതിലുകൾ തുറന്നു. കാവൽക്കാരെ അവൻ നിദ്രയിലാഴ്ത്തി.'

120. മിഗ്ദോണിയാ അദ്ദേഹത്തോടു പറഞ്ഞു: ഈശോമിശിഹായുടെ മുദ്ര എനിക്കു തരണം. അങ്ങ് ഈ ലോകത്തിൽ നിന്ന് വേർപെടുന്നതിനുമുൻപ് അങ്ങേ കരങ്ങളിൽനിന്ന് ഞാൻ അവൻെറ ദാനം സ്വീകരിക്കട്ടെ. അവൾ അവനെ തൻെറ ഭവനത്തിലേക്ക് കൂട്ടിക്കൊണ്ടുപോയി. തൻെറ ദാസിയെ വിളിച്ചുണർത്തി പറഞ്ഞു: 'എന്നെ പരിചരിക്കുന്നവളും എൻെറ അമ്മയുമായ നർക്കിയാ, നീ എനിക്കു ചെയ്യു

www.malankaralibrary.com



എല്ലാ ഉപകാരങ്ങളും, ചെറുപ്പം മുതൽ ഇന്നുവരെ നീ കാണിച്ച എല്ലാ കാരുണ്യവും നിഷ്പ്രയോജനമാണ്. അവസ്ഥവേണ്ടി എന്റെ താല്ക്കാലിക കരുണ നിന്നോടു കാണിക്കുകയും ചെയ്തു. എന്നാൽ എന്നേയ്ക്കും നിലനിൽക്കുന്ന ഒരുപകാരം നീ എനിക്കു ചെയ്തുതരണം. തന്റെ ജനത്തിന് എല്ലാം നൽകുന്നവൻ നിനക്ക് പ്രതിഫലം തരും. വിധിക്ക് അതിനെ മാററിക്കളയാൻ സാധ്യമല്ല.'

നർക്കിയ അവളോടു പറഞ്ഞു: 'നിനക്കെന്തു വേണം എന്റെ മകളേ, മിഗ്ദോണിയാ നിനക്കെന്തു് ആശ്വാസം വേണം? എനിക്കു ചെയ്യാമെന്ന് നീ മുമ്പ് വാഗ്ദാനം ചെയ്ത ഒരു സംഗതിയും എനിക്കു ചെയ്യാൻ ആ അപരിചിതൻ അനുവദിക്കുന്നില്ല. നീ എന്നെ ഈ നാട്ടിൽ ഒരു പരിഹാസപാത്രമാക്കിയിരിക്കുന്നു. ഇപ്പോൾ നിനക്കു പുതുതായി എന്താണു വേണ്ടതെന്ന് എന്നോടു പറയുക.' അവൾ പറഞ്ഞു: 'നീ എന്നോടുകൂടി നിത്യജീവിതത്തിൽ പങ്കാളിയാകുക. അങ്ങനെ ഞാൻ നിന്നിൽനിന്ന് പരിപൂർണ്ണ വിദ്യ അഭ്യസിക്കട്ടെ. രഹസ്യമായി അപ്പവും കലർത്തിയ കുറച്ചു വീഞ്ഞും കൊണ്ടുതരൂ. ഒരു സ്വതന്ത്ര സ്ത്രീയായ എന്നോടു ദയ കാണിക്കുക.' നർക്കിയാ പറഞ്ഞു: 'ധാരാളം അപ്പവും അനേകഭരണി വീഞ്ഞും ഞാൻ കൊണ്ടുവരാം. നിന്റെ ഇഷ്ടമനുസരിച്ച് ഞാൻ പ്രവർത്തിക്കും.' ദാസിയായ നർക്കിയായോടു പറഞ്ഞു: 'എനിക്ക് അനേകം ഭരണി ആവശ്യമില്ല. എന്നാൽ ഒരു കപ്പിൽ കലർത്തിയ വീഞ്ഞും ഒരു മുഴുവൻ റൊട്ടിയും, ഒരു വിളക്കിലേതാണെങ്കിലും അല്പം എണ്ണയും ഇവിടെ കൊണ്ടുവരിക.'

121. നർക്കിയ അതുകൊണ്ടുവന്നപ്പോൾ മിഗ്ദോണിയാ ശിരോവസ്ത്രം മാററി വിശുദ്ധ ശ്ലീഹായുടെ മുമ്പിൽ വന്നുനിന്നു. അദ്ദേഹം എണ്ണയെടുത്ത് അവളുടെ തലയിൽ ഒഴിച്ചുകൊണ്ട് പറഞ്ഞു: 'അഭിഷേകത്തിനായി ഞങ്ങൾക്കു നൽകപ്പെട്ട പരിശുദ്ധമായ തൈലത്തിലൂടെ കുരിശിൽ മറഞ്ഞിരിക്കുന്ന രഹസ്യം വെളിവായി. ഞങ്ങളുടെ കർത്താവായ ഈശോയേ, ഈ വളഞ്ഞ അസ്ഥികളെ നേരെയാക്കുന്നവനായ അങ്ങു എന്റെ ജീവനും, ആരോഗ്യവും, പാപങ്ങൾക്ക് മോചനവുമാണ്. അങ്ങേശക്തി വന്ന് ഈ എണ്ണയിൽ ആവസിക്കട്ടെ. അങ്ങേ പരിശുദ്ധി ഇതിൽ വസിക്കട്ടെ.' അവൻ ആ എണ്ണ മിഗ്ദോണിയായുടെ തലയിൽ ഒഴിച്ചുകൊണ്ട് പറഞ്ഞു: 'അവളുടെ പഴയ മുറിവുകൾ സുഖപ്പെടുത്തണമെ, അവളുടെ കണ്ണുനീരുകൾ കഴുകിക്കളയണമെ, ബലഹീനതയിൽ അവളെ ശക്തയാക്കണമെ.' അവൻ എണ്ണ അവളുടെ തലയിൽ ഒഴിച്ചപ്പോൾ അവൾ തന്റെ ദാസിയോടു തന്നെ പൂശുവാനും തന്റെ അര

www.malankaralibrary.com



യിൽ ഒരു തുണി ചുററുവാനും ആവശ്യപ്പെട്ടു. അവർ ജലസംഭരേണിയുടെ അടുത്തേക്കുനീങ്ങി. യൂദാ അവിടെ ചെന്നു് പിതാവിൻേറയും പുത്രൻേറയും പരിശുദ്ധാത്മാവിൻേറയും നാമത്തിൽ മിഗ്ദോണിയായെ മാമോദീസാ മുക്കി.

അവരം വസ്ത്രമണിഞ്ഞ് പുറത്തുവന്നപ്പോരം അവൻ അപ്പമെടുത്തു മുറിക്കുകയും കാസാ നിറയ്ക്കുകയും മിശിഹായുടെ മേശയിലും ദൈവപുത്രൻെറ കാസായിലും ഭാഗഭാക്കാകുവാൻ മിഗ്ദോണിയായെ അനുവദിക്കുകയും ചെയ്തു. അവൻ അവളോടു പറഞ്ഞു: 'നീ ഇപ്പോരം മുദ്ര സ്വീകരിക്കയും നിൻെറ ജീവൻ നിത്യമായി നേടുകയും ചെയ്തിരിക്കുന്നു.' അപ്പോരം ആകാശത്തുനിന്നു് ഇങ്ങനെ ഒരു സ്വരം കേട്ടു: 'അതേ, ആമ്മേൻ_ആമ്മേൻ.' നർക്കിയ ഇതു കേട്ടപ്പോരം അത്ഭുതപ്പെട്ടുപോയി. തനിക്കും മുദ്ര ലഭിക്കണമെന്നു് അവരം ശ്ലീഹായോടു അപേക്ഷിച്ചു. അവൻ അവരംക്കു് കൊടുത്തുകൊണ്ടു് പറഞ്ഞു: 'നിൻെറ കൂട്ടുകാർക്കു് ലഭിച്ചതുപോലെ കൃപ നിന്നോടുകൂടി ഉണ്ടായിരിക്കട്ടെ.' അതിനുശേഷം ജയിലിൽ അടയ്ക്കപ്പെടുവാനായി അദ്ദേഹം പോയി. അപ്പോരം വാതിലുകരം തുറന്നുകിടക്കുന്നതായും കാവൽക്കാർ ഉറങ്ങുന്നതായും അദ്ദേഹം കണ്ടു.

122. യൂദാ പറഞ്ഞു: 'ഓ! ദൈവമേ, അങ്ങയെപ്പോലെ ആരുണ്ടു്? നീ മനുഷ്യനിൽനിന്നു് നിൻെറ സ്നേഹവും കരുണയും പിൻവലിക്കുന്നില്ല! നിൻെറ പിതാവല്ലാതെ കൃപയിലും ദയയിലും നിന്നെപ്പോലെ ആരുണ്ടു്? തെററിൽനിന്നും കഷ്ടതയിൽ നിന്നും പിതാവു് പ്രപഞ്ചത്തെ വിടുവിച്ചു. ആഗ്രഹത്തെ കീഴടക്കിയ സ്നേഹം ഭോഷ്ക്കിനെ നശിപ്പിച്ച സത്യം! വെറുക്കത്തക്ക ഒന്നുമില്ലാത്ത സൗന്ദര്യധാമമാണു് നീ! അഹങ്കാരത്തെ തള്ളിയിട്ട വിനയമാണു് നീ! മരണത്തെ നശിപ്പിച്ച ജീവനാണു് നീ! അദ്ധ്വാനത്തിനു് അറുതിവരുത്തിയ ശാന്തനാണു് നീ! പിതാവിൽ നിന്നുള്ള ഏകജാതനു മഹത്വം! കാരുണ്യം അയച്ച കാരുണ്യത്തിനു മഹത്വം! 'ഞങ്ങളുടെ മേലുണ്ടായ കാരുണ്യത്തിനു് മഹത്വം.' അവൻ ഇവ ഉച്ചരിച്ചപ്പോരം കാവൽക്കാർ ഉണർന്നു വാതിലുകരം എല്ലാം തുറന്നുകിടക്കുന്നതായും തടവുകാരെല്ലാം ഉറങ്ങുന്നതായും കണ്ടു. അവർ പറഞ്ഞു: 'നാം ഈ കതകുകരം അടയ്ക്കാൻ മറന്നുപോയി. ഇതൊരു ശത്രു ചെയ്തതായിരുന്നെങ്കിൽ തടവുകാരാരും അവശേഷിക്കയില്ലായിരുന്നു.

123. കാരീഷ് അതിരാവിലെ മിഗ്ദോണിയായുടേയും അവളുടെ ദാസിയുടേയും അടുത്തുചെന്നപ്പോരം അവർ ഇപ്രകാരം പ്രാർത്ഥിക്കുന്നതു കേട്ടു: 'ഒരപരിചിതനായ മനുഷ്യനിലൂടെ ഇവിടെ വന്ന ദൈവമേ, തൻെറ ശ്ലീഹാ ആയ തോമ്മാ

www.malankaralibrary.com



വഴി അവിടുത്തെ മഹത്വം കാണിച്ചുതന്ന ദൈവമേ, നിന്നെ പ്പററി ഞങ്ങരം കേരംക്കുകയും നിന്നിൽ ഞങ്ങരം വിശ്വസിക്കു കയും ചെയ്യിരിക്കുന്നു. ദൈവമേ ഈ ജനം നിന്നിൽ ജീവൻ കണ്ടതിനാൽ ജീവൻ നേടുവാൻ നിൻെറ പക്കലേക്കു് ഞങ്ങരം ഓടുന്നു. ദൈവമേ, നിൻെറ ദയയാലും കൃപയാലും നീ ഞങ്ങ ളുടെ നിസ്സാരതയിലേയ്ക്കു് ഇറങ്ങിവന്നു. ദൈവമേ ഞങ്ങരം അങ്ങയെ അറിയാതിരുന്നപ്പോരം നീ ഞങ്ങളെ അന്വേഷി ച്ചിറങ്ങി. ഉന്നതത്തിൽ വസിക്കുന്ന ദൈവമേ, ആഴത്തിലുള്ള തൊന്നും നിനക്കു് മറവായിരിക്കുന്നില്ല. കർത്താവേ, കാരീ ഷിൻെറ ഉഗ്രകോപം ഞങ്ങളിൽനിന്നകററണമേ. കള്ളം പറ യുന്ന അവൻെറ വായ് അടയ്ക്കണമേ. നിൻെറ വിശ്വാസി കളുടെ പാദത്തിൻകീഴിൽ അവനെ എറിയണമേ.' കാരീഷ് ഇതു കേട്ടപ്പോരം മിഗ്ദോണിയായോടു് പറഞ്ഞു: 'കൊള്ളാം, നീ എന്നെ ദുഷ്ടനെന്നും, കോപാക്രാന്തനെന്നും, കഠിനഹൃദയ നെന്നും, ഹീനനെന്നും ചിത്രീകരിച്ചിരിക്കുന്നു. ഞാൻ നിന്നെ ഇഷ്ടപ്പെട്ടില്ലായിരുന്നെങ്കിൽ ഈ നികൃഷ്ടാവസ്ഥയും കാഠിന്യവും എനിക്കു വന്നു ഭവിക്കയില്ലായിരുന്നു. ആ മനുഷ്യൻെറ മന്ത്ര വാദം എനിക്കെതിരെ പ്രയോഗിക്കയില്ലായിരുന്നു. മിഗ്ദോ ണിയാ നീ, എന്താണു് ധരിച്ചുവശായിരിക്കുന്നതു്? നിനക്കു ഞാൻ എന്തുചെയ്യണമെന്നാണു് നീ ആഗ്രഹിക്കുന്നതു്? മിദോ ണിയാ എന്നെ വിശ്വസിക്കു. ആ മന്ത്രവാദിയിൽ യാതൊരു നന്മയുമില്ല. താൻ വാഗ്ദാനം ചെയ്യുന്നതു് തരാനും അവനു് സാധിക്കുകയില്ല. നീ മുമ്പ് എന്നോടുകൂടിയായിരിക്കുകയും എൻെറ വാക്കുകരം ശ്രദ്ധിക്കുകയും ചെയ്തിരുന്നതുപോലെ വ്യാപരിച്ചാൽ ഞാൻ പറയുന്നതൊക്കെ നിൻെറ മുമ്പാകെ ചെയ്തുകാണിക്കാം.'

124. അവളുടെ അടുത്തേക്കു് കുറച്ചുകൂടി അടുത്തുകൊണ്ടു് അവൻ യാചനാരൂപത്തിൽ പറഞ്ഞു: 'നീയെൻെറ വാക്കു കേട്ടാൽ പിന്നെ എനിക്കു യാതൊരു വിഷമവും ഉണ്ടാകയില്ല. അല്ലയോ എൻെറ സഹോദരീ, നീ നിൻെറ കല്യാണദിവ സവും നീ എന്നെ ഭർത്താവായി സ്വീകരിച്ച ആദ്യരാത്രിയും ഓർക്കുക. എന്നിട്ടു് എന്നോടു് ഇപ്പോരം സത്യമായി പറയുക, ആരാണു് നിനക്കു് ഏററം പ്രിയപ്പെട്ടവൻ. ആ സമയത്തെ ഞാനോ ഈ സമയത്തെ ഈശോയോ?' മിദോണിയ അവ നോടു പറഞ്ഞു: 'കാരീഷ്, ആ സമയത്തു് അതു് ആവശ്യമായി രുന്നു, അതു കഴിഞ്ഞു. എന്നാൽ ഈ സമയത്തു് ഇതിനുചിത മായതു് ഞാൻ ചെയ്യണം. അതു് ആരംഭമായിരുന്നു. ഇതു് അന്ത്യമാണു്. അതു കടന്നുപോകുന്ന കാലികജീവിതത്തിൻെറ സമയമായിരുന്നു. എന്നാൽ ഇതു നിത്യജീവൻെറ സമയമാണു്. അതു് ക്ഷണിക സന്തോഷം നൽകുന്ന സമയമായിരുന്നു; ഇതു

www.malankaralibrary.com



കടന്നുപോകാത്ത നിത്യസന്തോഷം പ്രദാനംചെയ്യുന്ന സമയമാണ്. അതു രാത്രിയുടേയും പകലിന്റേയും സമയമായിരുന്നു. ഇതു രാത്രിയില്ലാത്ത പകലിന്റെ ദിനമാകുന്നു. നീ കാണുന്ന ആ വിവാഹാഘോഷം കടന്നുപോയി. എന്നാൽ ഈ വിവാഹാഘോഷം ഒരിക്കലും പോകയില്ല. അതു് അഴിവിന്റെ വിവാഹവിരുന്നാണ്; ഇതു് നിത്യജീവന്റെ വിവാഹവിരുന്നാണ്. അവിടെ കടന്നുപോകുന്ന തോഴന്മാരും തോഴിമാരുമാണ് ഇവിടെ നിത്യം നിലനില്ക്കുന്നവരാണ്. നിരന്തര സമ്മർദ്ദങ്ങൾക്ക വിധേയമായതും ഭൂമിയിൽവച്ചു സ്ഥാപിതമായതുമാണ് ആ ബന്ധം. എന്നാൽ ഇതാകട്ടെ അഗ്നിപ്പാലത്തിങ്കൽ വച്ചു നടന്നതും കൃപ ചിന്തപ്പെട്ടതുമാണ്. ഇതു് മാററങ്ങൾക്ക വിധേയമായ മണവറയാണ്. അതു നിത്യം നിലനില്ക്കുന്ന മണവറയാണ്. കീറിപ്പോകുന്ന മോടിയായ വസ്ത്രങ്ങൾ വിരിച്ചതാണ് ഈ കിടക്ക; സ്നേഹവും വിശ്വാസവും സത്യവും വിതച്ചതാണ് ആ കിടക്ക. നീ മാററങ്ങൾക്ക വിധേയനും കടന്നുപോകുന്നവനുമായ മണവാളൻ എന്നും നിലനിൽക്കുന്നവനും, ഒരിക്കലും മരിക്കാത്തവനും, ഒരിക്കലും ക്ഷയിക്കാത്തവനുമാണ് ഈശോ എന്ന മണവാളൻ. ജീർണ്ണിച്ചു് കടന്നുപോകുന്ന വസ്ത്രങ്ങളും പണവുമാണ് ഈ കല്യാണസമ്മാനങ്ങൾ. എന്നാൽ ഒരിക്കലും കടന്നുപോകാത്ത ജീവനുള്ള വചനമാണ് ആ വിവാഹത്തിന്റെ സമ്മാനം.

125. ഈ കാര്യങ്ങൾ കേട്ടപ്പോൾ കാരീഷ് പോയി മസ്ദൈ രാജാവിനെ വിവരം അറിയിച്ചു. മസ്ദൈ രാജാവ് പറഞ്ഞു: 'നമുക്ക് അവനെ പിടിച്ചു നശിപ്പിക്കാം.' അവന്റെ സുഹൃത്തായ കാരീഷ് പറഞ്ഞു: 'നമുക്കാദ്യം അവനോട്ട് അല്പം ക്ഷമാപൂർവം വർത്തിക്കാം. അവരെ ജയിലിൽനിന്നു വരുത്തി അവനോടു സംസാരിക്കാം. അവനെ അല്പം ഭീഷണിപ്പെടുത്തി നോക്കാം. മിഗ്ദോണിയ മുൻപ് എന്നോടുകൂടി വ്യാപരിച്ചിട്ടുള്ളതുപോലെ വ്യാപരിക്കുവാൻ ഒരുപക്ഷേ, അവൻ അവളെ പ്രേരിപ്പിച്ചേക്കും. മസ്ദൈ രാജാവു് അത്യുന്നതന്റെ ശ്ലീഹായായ യൂദാ തോമ്മായെ ആളയച്ചു വരുത്തി. യൂദാ തങ്ങളിൽ നിന്നകന്നപ്പോൾ സഹതടവുകാരെല്ലാം ദുഃഖിതരായി അവർ അവനെ പ്രതീക്ഷിച്ചുകൊണ്ടു് ഇപ്രകാരം പറഞ്ഞു: 'ഞങ്ങളുടെ സന്തോഷം അവർ ഞങ്ങളിൽനിന്നു് എടുത്തുമാററിയിരിക്കുന്നു.'

126 മസ്ദൈ യൂദായോടു പറഞ്ഞു: 'ദേവന്മാരും മനുഷ്യരും ഒരുപോലെ വെറുക്കുന്നതും സന്തോഷദായകമായി യാതൊന്നുമില്ലാത്തതുമായ തത്ത്വം താങ്കളെന്തുകൊണ്ടാണ് പഠിപ്പിക്കുന്നതു്?' യൂദാ ചോദിച്ചു: 'ചീത്തയായി ഞാനെന്താണ് പഠിപ്പിക്കുന്നതു്?' മസ്ദൈ പറഞ്ഞു: 'സ്വയം ശുദ്ധത

www.malankaralibrary.com



യോടുകൂടി സമർപ്പിച്ചെങ്കിലേ, നീ പ്രസംഗിക്കുന്ന ദൈവത്തിനുവേണ്ടി ജീവിക്കാനാവൂ എന്നു നീ എന്തുകൊണ്ടാണു പറയുന്നതു്?' യൂദാ അദ്ദേഹത്തോടു പറഞ്ഞു: 'യഥാർത്ഥത്തിൽ ഞാനപ്രകാരം പറയുന്നു; ഞാൻ പറയുന്നതിൽ കള്ളമില്ല. അങ്ങയുടെ മുമ്പിൽ മോശമായതോ അഴുക്കുപററിയതോ മുഷിഞ്ഞതോ ആയ വസ്ത്രം ധരിച്ചു് അങ്ങയുടെ ദാസന്മാർ വന്നു നില്ക്കാറുണ്ടോ എന്നു ഞാൻ ചോദിക്കയാണു്. ഈ ലോകത്തിൽ തകർന്നടിയുന്ന ഭൗതികരാജാവായ നീ ദാസന്മാരിൽനിന്നു് വൃത്തിയും വെടിപ്പും ആവശ്യപ്പെടുന്നു. എന്നാൽ എൻെറ രാജാവിനെ അവൻെറ ദാസന്മാർ വിശുദ്ധിയിലും ശുദ്ധതയിലും മിതത്വത്തിലും പര്യാകുലതകൾ കൂടാതെയും ദ്രവ്യാഗ്രഹം കൂടാതെയും സന്താനങ്ങളാകുന്ന ഭാരമുള്ള നുകം കൂടാതെയും സമ്പത്തിനെപ്പററിയുള്ള പര്യാകുലതകളും പൊള്ളയായ ഗർവ്വും കൂടാതെയും ശുശ്രൂഷിക്കണമെന്നു ഞാൻ പറയുന്നതു് തെററാണെന്നു നീ പറയുന്നതെന്തുകൊണ്ടാണു്? അങ്ങയെ സ്നേഹിക്കുകയും അനുസരിക്കുകയും ചെയ്യുന്നവർ ചെയ്യുന്നതുപോലെ വ്യാപരിക്കണമെന്നും അങ്ങു് ആഗ്രഹിക്കുന്നു. ആരെങ്കിലും അങ്ങയുടെ കല്പനകളിൽ ഒന്നു ലംഘിച്ചാൽ അവനെ നീ ശിക്ഷിക്കുന്നു. ശുദ്ധതയിലും വിശുദ്ധിയിലും മിതത്വത്തിലും പാതിവ്രത്യത്തിലും അടക്കത്തിലും ദൈവത്തെ സേവിക്കുന്നതിനും മദ്യപാനം, ധൂർത്തടിക്കൽ, വ്യഭിചാരം, മോഷണം, ഉദരസേവ, ലജ്ജാകരകർമ്മങ്ങൾ തുടങ്ങിയ എല്ലാ ശാരീരികതിന്മകളും ഞങ്ങൾക്കു് അപരിചിതമായിരിക്കുന്നതിനും എൻെറ ഈ ദൈവത്തിൻെറ നാമത്തിൽ വിശ്വസിക്കുന്ന ഞങ്ങൾക്കു് ഇതിൽ കൂടുതൽ കടപ്പാടില്ലേ?'

127. മസ്ദൈ രാജാവു് യൂദായോടു പറഞ്ഞു: 'നോക്കൂ, ഞാൻ താങ്കളെ സ്വതന്ത്രനാക്കി വിടാം. താങ്കൾ പോയി കാരീഷിൻെറ ഭാര്യയായ മിഗ്ദോണിയായോടു് അദ്ദേഹത്തിൽ നിന്നു വിട്ടുപിരിഞ്ഞു നിൽക്കരുതെന്നു പറഞ്ഞുപ്രേരിപ്പിക്കണം.' യൂദാ പറഞ്ഞു: 'അങ്ങു് എനിക്കായി എന്തെങ്കിലും ചെയ്യുവാനായി താല്പര്യപ്പെടുന്നുണ്ടെങ്കിൽ ഒരിക്കലും താമസിപ്പിക്കരുതു്. അവർ കേട്ടതു ശരിയായി അവർ സ്വീകരിച്ചിട്ടുണ്ടെങ്കിൽ ഇരുമ്പിനോ അഗ്നിക്കോ അതിനേക്കാൾ ക്രൂരമായ എന്തെങ്കിലുമുണ്ടെങ്കിൽ അതിനോ അവളോടു് എന്തെങ്കിലും ചെയ്യുവാനോ, അവളുടെ ആത്മാവിൽ സ്ഥാനം പിടിച്ചവനിൽ നിന്നു് അവളെ വേർപെടുത്താനോ സാധിക്കുകയില്ല.' മസ്ദൈ രാജാവു് യൂദയോടു പറഞ്ഞു: 'മന്ത്രവാദികൾക്കു മന്ത്രവാദത്തിനെതിരെ പ്രയോഗങ്ങൾ ഉണ്ടെന്നും, അണലി കടിച്ചാലുള്ള വിഷം അണലിയേക്കാൾ വിഷം കൂടിയ മറെറാരു ജീവിയിൽ നിന്നുള്ള എതിർവിഷംകൊണ്ടു് സുഖപ്പെടുത്താമെന്നും ഞാൻ കേട്ടിട്ടുണ്ടു്. നീ മനസ്സാകുന്നുവെങ്കിൽ

www.malankaralibrary.com



നീ ചെയ്ത ക്ഷുദ്രപ്രയോഗങ്ങരം മാററാൻ സാധിക്കം. അങ്ങനെ ഭർത്താവും ഭാര്യയുമൊരുമിച്ച സമാധാനം പുനസ്ഥാപിക്കാനും നിനക്ക കഴിയും. അങ്ങനെ പ്രവർത്തിക്കുന്നതുവഴി നീ നിന്നോടു തന്നെ ദയ കാണിക്കയായിരിക്കം ചെയ്യുക. കാരണം നീ ഇതുവരെ ജീവിതസുഖം അനുഭവിച്ചിട്ടില്ലല്ലോ. എന്നാൽ നീ ഇപ്പോരം അവളെ പ്രേരിപ്പിക്കുന്നില്ലെങ്കിൽ, എല്ലാ മനുഷ്യർക്കും പ്രിയങ്കരമായ ഈ ജീവിതത്തിൽനിന്നു നിന്നെ ഞാൻ നശിപ്പിക്കം എന്നു അറിഞ്ഞുകൊള്ളുക.' യൂദാ പറഞ്ഞു: ഈ ജീവിതം ഒരു വായ്പയായി നമുക്ക ലഭിച്ചിട്ടുള്ളതാണ്. ഈ സമയം കടന്നുപോകുന്നതും മാററത്തിനുവിധേയവുമാണ്. എന്നാൽ ഞാൻ പഠിപ്പിക്കുന്ന ജീവിതം മാറുന്നില്ല. കടന്നു പോകുന്നില്ല. എന്നിൽ കാണുന്ന ഈ യുവത്വവും സൗന്ദര്യവും കുറെ കഴിയുമ്പോരം എന്റേതായിരിക്കുകയില്ല' മസ്ദൈ രാജാവു പറഞ്ഞു: 'നിന്റെ ഗുണത്തിനുവേണ്ടിയാണ് നിന്നെ ഉപദേശിച്ചതു്, എന്നാൽ നിനക്കു് എന്നേക്കാരം കൂട്ടതൽ അറിയാം.'

128. യൂദാതോമ്മാ മസ്ദൈ രാജാവിന്റെ അടുത്തുനിന്നു പുറത്തേക്ക പോകാൻ തുടങ്ങിയപ്പോരം കാരീഷ് കടന്നുവന്നു് പറഞ്ഞു: 'ഞാൻ ഏതെങ്കിലും മനുഷ്യർക്കോ ദേവന്മാർക്കോ യാതൊരുവിധ ഉപദ്രവവും ചെയ്തിട്ടില്ല. പിന്നെ എന്തിനാണ് ഈ ആപത്തു് നീ എന്റെമേൽ വരുത്തിവച്ചതെന്നു ഞാൻ നിന്നോടു ചോദിക്കുന്നു. എന്തിനാണ് ഈ നാശം എന്റെ ഭവനത്തിൽ നീ കൊണ്ടുവന്നതു്? എന്തു് ലാഭമാണ് നിനക്കി തിൽനിന്നു ലഭിക്കുക? താങ്കരം ആവശ്യപ്പെടുന്നതു് അദ്ധ്വാനം കൂടാതെ ഞാൻ തന്നുകൊള്ളാം. എന്റെ കരങ്ങളിൽനിന്നു രക്ഷപ്പെടാൻ സാധിക്കാത്ത അവസരത്തിൽ എന്തിനാണു ഈ പണി എന്നോടു ചെയ്യുന്നതു്? എന്റെ പക്കലേക്ക തിരിയാൻ അവളെ നീ പ്രേരിപ്പിക്കുന്നില്ലെങ്കിൽ, ഞാൻ നിന്നേയും അവളേയും ഈ ലോകത്തിൽനിന്നു് മാററിക്കളയും. ഞാനും സ്വയം ഈ ലോകത്തോടു വിടവാങ്ങും എന്നു് അറിഞ്ഞു കൊള്ളുക. എന്നാൽ അങ്ങു് പറയുന്നതുപോലെ ജീവനും മരണവും, വിധിയും വിടുതലും, ന്യായവിധിയും പ്രതിസമ്മാനവും ഉണ്ടെങ്കിൽ ഞാൻ അങ്ങയോടുകൂടി വിധിയിൽ നിൽക്കും. അങ്ങു പഠിപ്പിക്കുന്ന ദൈവം നീതിമാനും നീതിപൂർവം പ്രതികാരം ചെയ്യുന്നവനുമാണെങ്കിൽ, എനിക്ക നീതിപൂർവം പ്രതിസമ്മാനം നൽകും. കാരണം, ഞാൻ നിന്നോടു് ഒരു തെററും ചെയ്തിട്ടില്ല. എന്നാൽ നീ എന്നെ പീഡിപ്പിച്ചു. ഞാൻ നിനക്കെതിരായി പാപം ചെയ്തിട്ടില്ല. എന്നാൽ ഇവിടെ ത്തന്നെ എനിക്കു് നിന്നോടു് പ്രതികാരംചെയ്യു് നീ ചെയ്തതി നൊക്കെ പകരംവീട്ടാം. അതുകൊണ്ടു് എന്നെ ശ്രദ്ധിക്കുക;

www.malankaralibrary.com



എന്നോടുകൂടെ എൻെറ വീട്ടിലേക്ക് വന്ന് മിഗ്ദോണിയായോട്ട് സംസാരിക്കുക. നിന്നെ കാണുന്നതിനുമുമ്പ് അവൾ ആയിരുന്നപോലെ വ്യാപരിക്കാൻ അവളെ പ്രേരിപ്പിക്കണം' യൂദാ പൊട്ടിച്ചിരിച്ചുകൊണ്ട് അദ്ദേഹത്തോടൊപ്പം പോയി. അപ്പോൾ പറഞ്ഞു: 'തങ്ങളുടെ സ്വജീവികളെ സ്നേഹിക്കുന്നതുപോലെ മനുഷ്യർ ദൈവത്തെ സ്നേഹിച്ചാൽ അവർ ചോദിക്കുന്നതെന്തും അവൻ അവർക്കു നൽകും, സർവ്വത്തും അവരെ അനുസരിക്കുകയുംചെയ്യും.'.

129. അവൻ ഇവ പറഞ്ഞപ്പോൾ യൂദാ കാരീഷിൻെറ ഭവനത്തിൽ പ്രവേശിച്ചു. അപ്പോൾ മിഗ്ദോണിയ അവിടെ ഇരിക്കുന്നതായും, നർക്കിയ അവളുടെ അടുത്ത് നിൽക്കുന്നതായും കണ്ടു. അവൾ താടിക്ക് കൈയും കൊടുത്ത് ഇരിക്കുകയായിരുന്നു. അവൾ ദാസിയോടു പറഞ്ഞു: എൻെറ നാഥേ, ദിവസം പെട്ടെന്ന് കടന്നു പോയിരുന്നെങ്കിൽ! ഈ ലോകത്തിൽ നിന്ന് കടന്ന് ഞാൻ കേട്ട ആ സൗന്ദര്യധാമത്തെ, ആ ജീവനുള്ളവനെ, തന്നിൽ വിശ്വസിക്കുന്നവരുടെ ജീവദാതാവിനെ കാണാനായി എല്ലാ മണിക്കൂറുകളും കൂടി ഒരു മണിക്കൂർ ആയിരുന്നെങ്കിൽ! അവിടെ രാത്രിയും പകലും ഇല്ല; ഇരുട്ടില്ല വെളിച്ചം മാത്രം; അവിടെ നന്മയോ തിന്മയോ ഇല്ല. ധനവാനോ ദരിദ്രനോ ഇല്ല. പുരുഷനോ സ്ത്രീയോ, അടിമയോ സ്വതന്ത്രനോ ഇല്ല. അഹങ്കാരിയോ എളിയവരുടെമേൽ കുതിരകയറുന്നവനോ, ഇല്ല'. അവൾ ഇതു പറഞ്ഞപ്പോൾ യൂദാ കടന്നുവന്നു. അവൾ ചാടിയെഴുന്നേററ് അവൻെറ മുമ്പിൽ സാഷ്ടാംഗപ്രണാമം ചെയ്തു. കാരീഷ് അദ്ദേഹത്തോട് പറഞ്ഞു: 'അവൾ അങ്ങയെ ഭയപ്പെടുന്നതും സ്നേഹിക്കുന്നതും കാണുക. നീ അവളോട് എന്തു പറഞ്ഞാലും, അവൾ അങ്ങേയ്ക്കുവേണ്ടി അതു ചെയ്യും.'

130. യൂദാ അവളോട് പറഞ്ഞു: 'എൻെറ മകൾ മിഗ്ദോണിയാ, നിൻെറ സഹോദരൻ കാരീഷ് പറയുന്നത് സമ്മതിച്ച് ജീവിക്കുക.' മിഗ്ദോണിയ അദ്ദേഹത്തോട് പറഞ്ഞു: 'ഏതു് പ്രവൃത്തിയെന്ന് പറയുവാൻ അങ്ങ് അപ്രാപ്തനാണ്. എങ്കിൽ പിന്നെ അതു് പ്രവർത്തിക്കുവാൻ എങ്ങനെ അങ്ങേയ്ക്കുന്നെ പ്രേരിപ്പിക്കുവാൻ സാധിക്കും? ഈ കാലിക ജീവിതം ഒരു വായ്പയാണെന്നും, ഈ വിശ്രമം താൽക്കാലികമാണെന്നും, ഈ സമ്പാദ്യങ്ങൾ നിത്യം നിലനിൽക്കുന്നതല്ലെന്നും നീ പറയുന്നതു ഞാൻ കേട്ടിട്ടുണ്ട്. വീണ്ടും അങ്ങ് പറഞ്ഞു: ഈ ജീവിതത്തെ വെറുക്കുന്നവൻ നിത്യജീവൻ സമ്പാദിക്കും. ഈ രാപകലുകൾ വെറുക്കുന്നവൻ രാത്രിയില്ലാത്ത പ്രകാശം പോയി സ്വീകരിക്കും. വീണ്ടും അങ്ങ് പറഞ്ഞു: ഈ ഭൗമിക സമ്പാദ്യങ്ങൾ പരിത്യജിക്കുന്നവൻ നിത്യം നിലനിൽക്കുന്ന

www.malankaralibrary.com



സമ്പാദ്യങ്ങൾ നേടും. അതുപോലെ അതിനനുസൃതമായ മററു പലതും. അങ്ങ് ഭയപ്പെട്ടതുകൊണ്ടാണ് ഈ കാര്യങ്ങൾ ഇപ്പോൾ എന്നോടു പറയുന്നത്. ഒരു കാര്യം ചെയ്യുകയും അതിൽ അത്യാഹ്ലാദംകൊള്ളുകയും ചെയ്തിട്ട് തിരിഞ്ഞു് അതിനെ നിഷേധിക്കുന്നവൻ ആരാണ്? ഒരു ഗോപുരം പണിയുകയും അതിനെ തകിടംമറിച്ച് അടിസ്ഥാനം ഇളക്കുകയും ചെയ്യുന്നവർ ആരാണ്? ഉണങ്ങിവരണ്ട പ്രദേശത്ത് കിണറു കുഴിച്ചിട്ട് കല്ലു പെറുക്കിയിട്ട് അതു് മൂടിക്കളയുന്നവൻ ആരാണ്? ഒരു നല്ല നിധി കണ്ടെത്തുകയും അതു് ഉപയോഗിക്കാതിരിക്കുകയും ചെയ്യുന്നവൻ ആരാണ്?' മസ്ദൈ രാജാവിന്റെ ബന്ധുവായ കാരീഷ് ഈ കാര്യങ്ങൾ കേട്ടപ്പോൾ പറഞ്ഞു: 'ഞാൻ നിന്നെപ്പോലെയല്ല. നിന്നെ നശിപ്പിക്കുവാൻ എനിക്കു ധൃതിയില്ല. എന്നാൽ ഞാൻ നിന്നെ ബന്ധിക്കും. കാരണം, എനിക്കു് നിന്റെമേൽ അധികാരമുണ്ട്. ഇനി ആ മന്ത്രവാദിയുടെ പക്കൽ പോകാനും സംസാരിക്കാനും ഞാൻ നിന്നെ അനുവദിക്കുകയില്ല. നീ കീഴ്വഴങ്ങിയാൽ നിനക്കു നല്ലതു്; നീ ചെയ്തില്ലെങ്കിൽ എന്തുചെയ്യണമെന്നു് എനിക്കറിയാം.'

131. യൂദാ കാരീഷിന്റെ ഭവനത്തിൽനിന്നു് പുറത്തു പോയി. ജനറൽ സിഫൂറിന്റെ വീട്ടിലെത്തി. അവിടെ പാർക്കാൻ തുടങ്ങി. സിഫൂർ യൂദായോടു പറഞ്ഞു: 'അങ്ങ് ഒരു മുറി ഒരുക്കി അതിൽ ഇരുന്നു് പഠിപ്പിച്ചുകൊള്ളുക. അവൻ പറഞ്ഞതുപോലെ യൂദാ പ്രവർത്തിച്ചു. ജനറൽ സിഫൂർ അദ്ദേഹത്തോട് പറഞ്ഞു; 'ഞാനും എന്റെ മകളും ഭാര്യയും ഇനിമുതൽ ഒരേ സ്നേഹത്തോടും ഒരേ മനസ്സോടുംകൂടി ശുദ്ധമായ ജീവിതം നയിക്കും. നിന്റെ കൈകളിൽനിന്നു് മുദ്ര സ്വീകരിക്കുവാൻ ഞങ്ങൾക്കിടയാകുകയും അങ്ങനെ ഞങ്ങളും നമ്മുടെ നാഥന്റെ യഥാർത്ഥ ദാസരായിതീരുകയും തന്റെ ആട്ടിൻകൂട്ടത്തിലും സമൂഹത്തിലും ഉൾപ്പെട്ടവരായി എണ്ണപ്പെടുകയും ചെയ്യട്ടെ.' യൂദാ പറഞ്ഞു: 'എന്തു് പറയണം എന്ന് ഞാൻ ചിന്തിക്കുകയാണ്; എനിക്കു ഭയമുണ്ട്. എന്തെനിക്കറിയാമെന്നു് എനിക്കറിയാം. എന്നാൽ അതു പറയുവാൻ ഞാൻ ശക്തനല്ല.'

132. അവൻ മാമോദീസായെക്കുറിച്ച് സംസാരിക്കുവാൻ തുടങ്ങി. അവൻ പറഞ്ഞു: 'ഇതു് പാപമോചനത്തിനുള്ള മാമോദീസയാണ്. ഇതു പുതിയ മനുഷ്യനെ ജനിപ്പിക്കുന്നതാണ്. ഇതു് ബോധജ്ഞാനം തിരികെത്തരുന്നു. ഇതു് ആത്മാവിന്റേയും ശരീരത്തിന്റേയും സംയോജനമാണ്. ഇതു് ത്രിത്വത്തിൽ പുതിയ മനുഷ്യന്റെ സ്ഥാപകനാണ്. ഇതു്

www.malankaralibrary.com



പാപമോചനത്തിലുള്ള ഭാഗഭാഗിത്വമായിത്തീരുന്നു. മാമോ ദീസായിൽ ഒളിഞ്ഞിരിക്കുന്ന ശക്തിയേ, നിനക്കു മഹത്വം! മാമ്മോദീസായിൽ ഞങ്ങളുമായി ബന്ധം പുലർത്തുന്ന ഒളി ഞ്ഞിരിക്കുന്ന ശക്തിയേ, നിനക്കു മഹത്വം! മാമ്മോദീസായിൽ ദൃശ്യമാകുന്ന ശക്തിയേ, നിനക്കു മഹത്വം! മാമ്മോദീസായാൽ നവീകരിക്കപ്പെടുകയും സ്നേഹത്തിൽ വലിച്ചടുപ്പിക്കപ്പെടുകയും ചെയ്യുന്ന പുതിയ സൃഷ്ടികളേ, നിങ്ങൾക്കു മഹത്വം.' അദ്ദേഹം അവരുടെ തലയിൽ എണ്ണ ഒഴിച്ചുകൊണ്ടു് പറഞ്ഞു: 'പ്രിയ ഫലമേ, നിനക്കു മഹത്വം! മിശിഹായുടെ നാമമേ, നിനക്കു മഹത്വം. മിശിഹായിൽ വസിക്കുന്ന നിഗൂഢ ശക്തിയേ, നിനക്കു മഹത്വം.' അതിനുശേഷം അവൻ സംസാ രിച്ചു. അവർ ഒരു വലിയ പാത്രത്തിൽ വെള്ളം കൊണ്ടുവന്നു. പിതാവിന്റേയും പുത്രന്റേയും പരിശുദ്ധാത്മാവിന്റെയും നാമ ത്തിൽ അവൻ അവർക്കു് മാമ്മോദീസാ നൽകി.

133. അവർ മാമ്മോദീസ മുങ്ങിയശേഷം വസ്ത്രങ്ങൾ ധരിച്ചു. അവൻ അപ്പവും വീഞ്ഞും കൊണ്ടുവന്നു് മേശമേൽ വച്ചു് ആശീർവദിക്കാൻ തുടങ്ങി; സജീവ അപ്പമേ, നിന്നെ ഭക്ഷിക്കുന്നവർ മരിക്കുകയില്ല! വിശക്കുന്ന ആത്മാക്കളേ, നിന്റെ അനുഗ്രഹത്താൽ നിറയ്ക്കുന്ന അപ്പമേ! പാപമോചന ത്തിനും ദാനം സ്വീകരിക്കുന്നതിനും നീ യോഗ്യനാകുന്നു. നിന്നെ ഭക്ഷിക്കുന്നവർ മരിക്കുകയില്ല. പിതാവായ ദൈവ ത്തിന്റെ നാമം ഞങ്ങൾ നിന്റെ മേൽ ഉച്ചരിക്കുന്നു.' എല്ലാ റ്റിൽനിന്നും മറഞ്ഞിരിക്കുന്നതും ശ്രേഷ്ഠതയേറിയതുമായ ആത്മാവിന്റെ നാമം ഞങ്ങൾ നിന്റെമേൽ ഉച്ചരിക്കുന്നു.' അതിനുശേഷം അവൻ പറഞ്ഞു: 'ഈശോയെ, നിന്റെ നാമ ത്തിൽ നന്ദിയുടേയും അനുഗ്രഹത്തിന്റേയും ശക്തി ഈ അപ്പ ത്തിന്റെമേൽ വന്നു് ആവസിക്കട്ടെ. ഇതിൽനിന്നു് സ്വീകരി ക്കുന്നവർ നവീകരിക്കപ്പെടുകയും, അവരുടെ പാപങ്ങൾ മോചി ക്കപ്പെടുകയും ചെയ്യട്ടെ. അവൻ അതു മുറിച്ചു് സിഫൂറിനും അവന്റെ ഭാര്യയ്ക്കും മകൾക്കും നൽകി.

www.malankaralibrary.com

# പതിനൊന്നാം നടപടി

## മസ്ദൈയുടെ ഭാര്യ

134. മസ്ദൈ രാജാവു്, യൂദാതോമ്മായെ പറഞ്ഞുവിട്ട ശേഷം സ്വഭവനത്തിലേക്കു് അത്താഴം കഴിക്കുവാൻ പോയി. അദ്ദേഹം സ്വഭാര്യയോടു് തന്റെ ബന്ധുവായ കാരീഷിനു് സംഭവിച്ച സംഗതികൾ വിശദീകരിച്ചു: 'എന്റെ സഹോദരീ, ആ പീഡിതനു് സംഭവിച്ചതു കാണുക. എന്റെ സഹോദരീ, തേർസ്യാ, ഒരുവനു് തന്റെ ഭാര്യയെപ്പോലെ മറ്റൊരാൾ ആശ്രയമായില്ല എന്നു് നിനക്കറിയാമല്ലൊ. ഇപ്പോൾ എന്തു സംഭവിച്ചുവെന്നോ? മിഗ്ദോണിയാ ആ മന്ത്രവാദിയെ കാണുവാൻ പോയി. അവന്റെ പ്രവൃത്തികളെക്കുറിച്ചും മററും സംസാരിക്കുന്നതു് അവൾ കേട്ടിട്ടേ ഉണ്ടായിരുന്നുള്ളു. അവൻ അവളെ ക്ഷുദ്രംചെയ്തു് സ്വന്തം ഭർത്താവിൽനിന്നുപോലും വേർപെടുത്തി. ഇതു് എങ്ങനെ സംഭവിച്ചുവെന്നു് എനിക്കറിയില്ല. ഇനി എന്തുചെയ്യണമെന്നു് അവനും അറിയില്ല. ഞാൻ അവനെ നശിപ്പിക്കുവാൻ ആഗ്രഹിച്ചു. പക്ഷേ അവൻ എന്നെ അനുവദിക്കുകയില്ല. എന്നാൽ നീയൊന്നു പോയി അവളോടു് ഭർത്താവിനെ ശ്രവിക്കുവാനും വെറുതെ ആ മനുഷ്യന്റെ വിലയില്ലാത്ത വാക്കുകൾ കേൾക്കല്ലേയെന്നും പറയുക.'

135. പ്രഭാതത്തിൽതന്നെ തേർസ്യാ, തന്റെ ഭർത്താവിന്റെ ഉത്തമസുഹൃത്തായ കാരീഷിന്റെ വീട്ടിലേക്കു പോയി. അവിടെ ചാക്കുവസ്ത്രം ധരിച്ചു് ദേഹത്തു് ചാരം വിതറി തന്റെ മുൻകാല പാപങ്ങൾ മോചിക്കണമെന്നും എത്രയും വേഗം തന്നെ ഈ ലോകത്തിൽ നിന്നെടുക്കണമെന്നും കർത്താവിനോടപേക്ഷിച്ചുകൊണ്ടു് നിലത്തിരിക്കുന്ന മിഗ്ദോണിയായെയാണു് അവൾ കണ്ടതു്. തേർസ്യ ഉള്ളിലേക്കു് കടന്നു് ഇങ്ങനെ പറഞ്ഞു: 'എന്റെ സഹോദരീ, എന്റെ പ്രിയേ, എന്റെ ഉത്തമ കൂട്ടുകാരി, നിന്നെ ബാധിച്ചിരിക്കുന്നതു് എന്തു സംഗതിയാണു്? നീ എന്തുകൊണ്ടാണു് ഒരു ഭ്രാന്തിയെപ്പോലെ ആയിത്തീർന്നതു്? നീ നിന്നെക്കുറിച്ചു് ഓർമ്മയുള്ളവളായിരിക്കുക. അതുപോലെ നിന്റെ കുടുംബത്തെക്കുറിച്ചും ചിന്തിക്കു. നിന്റെ നിരവധി ബന്ധുക്കളെക്കുറിച്ചും നീ ഒന്നു് ചിന്തിക്കു. നിന്റെ യഥാർത്ഥ ഭർത്താവായ കാരീഷിനെക്കുറിച്ചു് അനുകമ്പയുണ്ടായിരിക്കുക. നിന്റെ സ്വാതന്ത്ര്യത്തിനു് ഹാനികര

www.malankaralibrary.com



മായതൊന്നും പ്രവർത്തിക്കരുത്'' . മിഗ്ദോണിയ തേർസ്യ യോടു പറഞ്ഞു: 'ഒരു പുതുജീവിതത്തിന്റെ അലയടികരം നീ കേരംക്കുന്നില്ല. ജീവൻ പ്രസംഗിക്കുന്നവന്റെ വാക്കുകരം നിനക്കിമ്പം പകർന്നിട്ടില്ല. നാശത്തിന്റെ പീഡനങ്ങളിൽ നിന്നു നീ വിമുക്തയായിട്ടില്ല. നീ നിത്യജീവൻ ദർശിച്ചി ട്ടില്ല. ഇതാ നീ ഇപ്പോഴും കാലികജീവിതത്തിൽ നിൽക്കുന്നു. യഥാർത്ഥ മണവറയെപ്പററി നീ ഇനിയും ബോധവതിയായി ട്ടില്ല. നാശത്തിന്റെ മണവറയാൽ നീ പീഡിതയാണ്. പൊടിഞ്ഞു പോകുന്ന വസ്ത്രങ്ങരംകൊണ്ടലംകൃതയാണ് നീ. നിത്യതയുടെ വസ്ത്രത്തിനു വേണ്ടി നീ ദാഹിക്കുന്നില്ല. നശി ക്കുന്ന നിന്റെ സൗന്ദര്യത്തിൽ നീ അഭിമാനംകൊള്ളുന്നു. നിന്റെ ആത്മാവിന്റെ നാശത്തെപ്പററി നീ ശ്രദ്ധിക്കുന്നുമില്ല. നോക്കു, നീ നിന്റെ അടിമകളുടെ എണ്ണത്തിൽ അഭിമാനം കൊള്ളുന്നു. എന്നാൽ സ്വതന്ത്രയാകാത്ത നിന്റെ ആത്മാ വിന്റെ അടിമത്തത്തെക്കുറിച്ച് നീ ശ്രദ്ധിക്കുന്നില്ല. വളരെ യധികംപേർ നിന്നെ നിന്റെ ആവശ്യങ്ങളിൽ ശ്രദ്ധിക്കുവാ നുണ്ട് എന്നതിൽ നീ അഭിമാനം കൊള്ളുന്നു. എന്നാൽ മരണ ത്തിന്റെ വിധിയിൽനിന്ന് നീ ഇനിയും വിമുക്തയല്ല.'

136. മിഗ്ദോണിയായിൽനിന്ന് ഈ കാര്യങ്ങരം കേട്ട പ്പോരം തേർസ്യാ ധൃതിയിൽ ജനറൽ സിഫൂറിന്റെ വീട്ടി ലേക്ക് അവിടെ വന്ന പുതിയ ശ്ളീഹായെ കാണണമെന്ന ലക്ഷ്യത്തോടെ പോയി. അവരം അകത്തുകടന്നപ്പോരം, ശ്ലീഹാ അവളോട്ട് സംസാരിക്കാൻ തുടങ്ങി: 'നീ എന്തു കാണുവാൻ വന്നു? സമ്പാദ്യങ്ങളോ ധനമോ ഒന്നും ഇല്ലാത്ത, എല്ലാ മനുഷ്യരേക്കാരം ഹീനനും നിന്ദിക്കപ്പെട്ടവനുമായ അലഞ്ഞു നടക്കുന്നവനെയോ? എന്നാൽ രാജാക്കന്മാർക്കോ പ്രഭുക്ക ന്മാർക്കോ മാററിക്കളയാൻ കഴിയാത്ത സമ്പാദ്യം അദ്ദേഹ ത്തിനുണ്ട്. അത് അനശ്വരവും കൊള്ളയടിക്കാൻ സാധിക്കാ ത്തതുമാണ്. അതായത് മനുഷ്യകുലത്തിന്റെ ജീവദായക നായ ഈശോമിശിഹാ തന്നിൽ സങ്കേതം പ്രാപിക്കുകയും തന്നിൽ വിശ്വസിക്കുകയും തന്റെ ആട്ടിൻകൂട്ടത്തിലെ ഒരംഗ മാകുകയും ചെയ്യുന്നവർക്കെല്ലാം ജീവൻ പ്രദാനം ചെയ്യുന്ന സജീവ ദൈവത്തിന്റെ പുത്രൻ.' ഇതുകേട്ട തേർസ്യാ അവ നോട്ട് പറഞ്ഞു: 'അങ്ങ് പഠിപ്പിക്കുന്ന ഈ ജീവിതത്തിൽ പങ്കാളിയും ശുശ്രൂഷിയും ആകുവാൻ ഞാൻ ആഗ്രഹിക്കുന്നു. അങ്ങ് പ്രസംഗിക്കുന്ന ഈ ദൈവത്തിന്റെ ഒരു ദാസിയായി ത്തീരുവാൻ എനിക്ക് സാധിച്ചിരുന്നുവെങ്കിൽ. അവന്റെ സമൂഹം ഒന്നിച്ചുകൂടുന്ന സ്ഥലത്തു വരുന്നവർക്ക് നല്ലാറുള്ളതും അങ്ങ് വാഗ്ദാനം ചെയ്യുന്നതുമായ ഈ ജീവൻ അവനിൽ നിന്ന്

www.malankaralibrary.com



എനിക്ക് ലഭിച്ചിരുന്നെങ്കിൽ!' യൂദാ അവളോട് പറഞ്ഞു: 'സ്വർഗ്ഗീയ രാജാവിൻെറ ഭണ്ഡാഗാരം തുറന്നു കിടക്കുകയാണ്. അർഹതയുള്ളവർ അതു തിരഞ്ഞെടുക്കുകയും അവിടെ വിശ്രമം കണ്ടെത്തുകയും ചെയ്യും. വിശ്രമം കണ്ടെത്തുമ്പോൾ അവൻ രാജാവായിത്തീരുന്നു. എന്നാൽ വെടിപ്പില്ലാത്തവനും ദുഷ്കർമ്മിയും അവിടുത്തെയടുത്തേക്ക് വരുവാൻ സാധിക്കുകയില്ല. ഹൃദയത്തിലും ഭാവനയിലും ഉള്ളതെല്ലാം അവിടുന്നു അറിയുന്നു. അവനെ വഞ്ചിക്കുവാൻ ആർക്കും സാദ്ധ്യമല്ല. നീയും അവനിൽ യഥാർത്ഥമായി വിശ്വസിക്കുന്നുണ്ടെങ്കിൽ അവിടുത്തെ പരിശുദ്ധ രഹസ്യങ്ങൾക്ക് നിന്നേയും അവിടുന്ന് യോഗ്യയാക്കും; നിന്നെ അവിടുന്ന് ഉയർത്തും; സമ്പന്നയാക്കും; നിൻെറ മനസ്സിനെ നവീകരിക്കും; അവൻെറ രാജ്യത്തിൽ നിന്നെ അവകാശിയുമാക്കും.'

137. തേർസ്യാ ഇതു കേട്ടപ്പോൾ സന്തോഷത്തോടെ വീട്ടിലേക്കു പോയി. അവിടെ സ്വഭർത്താവ് മസ്ദൈ ഭക്ഷണംപോലും കഴിക്കാതെ അവളെ പ്രതീക്ഷിച്ചിരിക്കുകയായിരുന്നു. അദ്ദേഹം അവളോട് പറഞ്ഞു: 'തെരുവിൽനിന്ന് മുമ്പൊരിക്കലും കണ്ടിട്ടില്ലാത്തവിധം ഇത്രമാത്രം സന്തോഷത്തോടെ ഇന്നു നീ വരുന്നതു് എന്തുകൊണ്ട്? നിന്നെപ്പോലെയുള്ള സ്ത്രീകൾക്കു ഭൂഷണമല്ലാത്തവിധം നീ എന്തുകൊണ്ടാണു തെരുവിൽക്കൂടി നടന്നുവരുന്നതു്?' തേർസ്യാ മസ്ദൈയോട് പറഞ്ഞു: 'മിഗ്ദോണിയായുടെ അടുത്തേയ്ക്ക് എന്നെ അയച്ചതിന് ഞാൻ അങ്ങയോട് വളരെയധികം കടപ്പെട്ടിരിക്കുന്നു. ഞാൻ പോയി നവജീവനെപ്പററി കേട്ടു. പുതിയ ദൈവത്തിൻെറ ശ്ലീഹായെ ഞാൻ കണ്ടു. തന്നിൽ വിശ്വസിക്കുകയും തൻെറ ഇഷ്ടം പ്രവർത്തിക്കുകയും ചെയ്യുന്നവർക്ക് ജീവൻ നല്കുന്ന ദൈവത്തിൻെറ ശ്ലീഹയാകുന്നു ഇവനെന്ന് ഞാൻ വിശ്വസിക്കുന്നു. അങ്ങ് എന്നോട് കാണിച്ച ദയയ്ക്ക് പ്രതിഫലം നല്കുക എൻെറ കടമയാണ്. ഞാൻ അങ്ങയോട് പറയുന്നതു കേട്ട് എൻെറ പ്രേരണയ്ക്കു വഴങ്ങിയാൽ സ്വർഗ്ഗത്തിലെ ഒരു രാജാവും പ്രഭുവും ആയിത്തീരാനായി ഞാൻ അങ്ങേയ്ക്ക് ഒരു നല്ല ഉപദേശം തരാം. ഈ അപരിചിതനിലൂടെ ഇവിടേയ്ക്കു കടന്നുവന്ന ദൈവത്തെ ഭയപ്പെടണമെന്നും ഈ ദൈവമുമ്പാകെ വിശുദ്ധിയിൽ വ്യാപരിക്കണമെന്നും ഞാൻ അങ്ങയോട് യാചിക്കുന്നു. എന്തുകൊണ്ടെന്നാൽ അങ്ങയുടെ ഈ രാജത്വം കടന്നുപോകും. അങ്ങയുടെ ഈ വിശ്രമം അസ്വസ്ഥതയായി മാററപ്പെടും. വരൂ, നമുക്ക് ആ മനുഷ്യൻെറ അടുത്തേയ്ക്കു പോയി അവനിൽ വിശ്വസിക്കാം. അങ്ങേക്ക് നിത്യ ജീവൻ ഉണ്ടാകും. തേർസ്യായിൽനിന്ന് ഈ കാര്യങ്ങൾ കേട്ടപ്പോൾ അദ്ദേഹം കൈകൾകൊണ്ട് തലക്കിടിച്ചു; തൻെറ വസ്ത്രംകീറിക്കൊണ്ടു പറഞ്ഞു: 'കാരീഷിൻെറ

www.malankaralibrary.com



ആത്മാവിന്ന് യാതൊരു വിശ്രമവും ഉണ്ടാകാതിരിക്കട്ടെ. എൻെറമേൽ ആ ദുരിതം വരുത്തിവച്ചതു് അവനാണ്. എൻെറ പ്രത്യാശയെ വിച്ഛേദിച്ച അവന്ന് ഒരു പ്രതീക്ഷയും ഉണ്ടാകാതിരിക്കട്ടെ.' അദ്ദേഹം ദുഃഖാർത്തനായി പുറത്തേക്കു പോയി.

138. തെരുവിൽ അദ്ദേഹം തൻെറ ബന്ധു കാരീഷിനെ കണ്ടു. അവനോടു പറഞ്ഞു: 'നീ എന്തുകൊണ്ടാണ് പാതാളത്തിലേക്ക് നിൻെറ കൂട്ടുകാരനായി എന്നെ വലിച്ചിഴച്ചുകൊണ്ടു പോയതു്? നിനക്കു യാതൊരു ഗുണവും ഇല്ലാതിരിക്കെ എന്തിനാണ് എന്നെ ഈവിധം ചതിച്ചതു്? നിനക്ക് ഒരുപകാരവും ചെയ്യാതെ, എന്തിനാണ് നീ എന്നെ മുറിപ്പെടുത്തിയതു്? നീ ജീവനിലേക്കു വരാതെ എന്തിനാണ് എന്നെ കൊലപ്പെടുത്തിയതു്? നിനക്ക് നേട്ടമൊന്നുമില്ലാതെ എന്തിനാണ് നീ എന്നോട് ദുഷ്ടത പ്രവർത്തിച്ചതു്? തൻെറ മന്ത്രവാദംകൊണ്ട് എൻെറ ഭാര്യയെ നശിപ്പിക്കുന്നതിനു മുമ്പ് ആ മാന്ത്രികനെ നശിപ്പിക്കുവാൻ നീ എന്തുകൊണ്ട് എന്നെ അനുവദിച്ചില്ല?' അദ്ദേഹം കാരീഷിനെ കുററപ്പെടുത്തുകയായിരുന്നു. കാരീഷ് മസ്ദൈയോട് ചോദിച്ചു: 'സംഭവിച്ച സംഗതി എന്താണ്?' മസ്ദൈ മറുപടി പറഞ്ഞു: 'അവൻ തേർസ്യായെക്കൂടി വശീകരിച്ചിരിക്കുന്നു.'

അവർ രണ്ടുപേരുംകൂടി ജനറൽ സിഫൂറിൻെറ ഭവനത്തിലേയ്ക്കു പോയി. അവിടെ യൂദാ ഇരുന്നു പഠിപ്പിക്കുന്നതു കണ്ടു. എല്ലാ ജനങ്ങളും ചാടിയെഴുന്നേററു നിന്നു. യൂദാ അവരുടെ മുമ്പിൽ എഴുന്നേററില്ല. അവനാണ് ഇരുന്നതെന്ന് മസ്ദൈ രാജാവിനു മനസ്സിലായി. അവിടെ കിടന്ന ഒരു ഇരിപ്പിടത്തിൻെറ കാലിൽ പിടിച്ച് അദ്ദേഹം യൂദാ തോമ്മായുടെ തലയ്ക്കടിച്ചു. അവനെ പിടിച്ച് തൻെറ ദാസന്മാരെ ഏല്പിച്ചു പറഞ്ഞു: 'അവനെ വലിച്ചിഴച്ചുകൊണ്ടുപോകുക. എനിക്ക് അവനെ പരസ്യമായി വിസ്തരിക്കണം.' വിധി നല്കാറുള്ള ഇരിപ്പിടത്തിൻെറ സമീപത്തേയ്ക്കു് അവർ യൂദാ തോമ്മായെ വലിച്ചിഴച്ചു. അവർ ഇരിപ്പിടത്തിനടുത്തെത്തിയപ്പോഠം, മസ്ദൈ രാജാവു് വരുന്നതും പ്രതീക്ഷിച്ച് അദ്ദേഹത്തിൻെറ ആജ്ഞാനുവർത്തികൾ അദ്ദേഹത്തെ പിടിച്ചുകൊണ്ടുനിന്നു.

www.malankaralibrary.com

# പന്ത്രണ്ടാം നടപടി

## വിസാൻ

139. മസ്ദൈ രാജാവിൻെറ മകൻ വിസാൻ അടുത്തു വന്നു് ഭൃത്യന്മാരോടു പറഞ്ഞു: 'രാജാവു വരുന്നതുവരെ അദ്ദേഹവുമായി സംസാരിക്കുവാൻ എനിക്കു് അദ്ദേഹത്തെ വിട്ടുതരിക. അവർ അവനെ വിട്ടുകൊടുത്തു. രാജാവ് വിധിക്കായി ഇരിക്കാറുള്ള ഇരിപ്പിടത്തിനടുത്തേയ്ക്കു് യൂദായെ കൂട്ടിക്കൊണ്ടുപോയി വിസാൻ അവനോടു പറഞ്ഞു.' 'ഞാൻ മസ്ദൈയുടെ മകനാണെന്നു് നിനക്കറിയാമല്ലോ. എനിക്കിഷ്ടമുള്ളതെന്തും പറയാനുള്ള സ്വാതന്ത്ര്യം എനിക്കുണ്ടു്. ഞാൻ രാജാവിനോടു പറഞ്ഞാൽ അദ്ദേഹം നിന്നെ ജീവിക്കാൻ അനുവദിക്കും. അതുപോലെ, ഞാൻ പറഞ്ഞാൽ താങ്കളെ കൊല്ലുകയും ചെയ്യും. അതുകൊണ്ടു ആരാണു് താങ്കളുടെ ദൈവമെന്നു് എന്നോടു ഇപ്പോൾ പറയുക. ആരുടെ അധികാരത്തിലാണു് താങ്കൾ ഇങ്ങനെ വർത്തിക്കുകയും അതിൽ മഹത്വം കൊള്ളുകയും ചെയ്യുന്നതു്? മന്ത്രവാദമാണെങ്കിൽ എന്നെ പഠിപ്പിക്കുക. ഞാൻ രാജാവിനോടു പറയാം. അദ്ദേഹം താങ്കളെ സ്വതന്ത്രനാക്കും.' യൂദാ വിസാനോടുപറഞ്ഞു: 'കടന്നുപോകുന്ന മസ്ദൈ രാജാവിൻെറ മകനാണു് താങ്കൾ; എന്നാൽ നിത്യം നിലനില്ക്കുന്ന രാജാവായ ഈശോയുടെ ദാസനാണു് ഞാൻ. നിനക്കു നിൻെറ പിതാവുമായി സംസാരിക്കാനും ഈ ചുരുങ്ങിയ ജീവിതത്തിൽ നീ ഇച്ഛിക്കുന്നവരുടെ ജീവൻ രക്ഷിക്കാനും നിനക്കധികാരമുണ്ടു്. നീയതു നല്കിയാലും അതുകൊണ്ടു് ആരും നിലനില്ക്കുന്നില്ല. നീയും നിൻെറ പിതാവും മർത്ത്യരാണു്. മനുഷ്യരെപ്രതി ഞാൻ എൻെറ നാഥനോടു് യാചിച്ചപേക്ഷിക്കുകയും നിത്യം നിലനിൽക്കുന്ന നവജീവൻ അവൻ അവർക്കു നൽകുകയും ചെയ്യും. നീ അഭിമാനംകൊള്ളുന്നതു് മനുഷ്യരിലും അടിമകളിലും സമ്പാദ്യങ്ങളിലും വസ്ത്രങ്ങളിലും പരിചാരകരിലും വെപ്പാട്ടികളിലും നശ്വര മാംസത്തിലും വെടിപ്പില്ലായ്മയുടെ കിടക്കയിലും അത്രേ. ഞാൻ ദാരിദ്ര്യത്തിലും തപസ്സിലും, നിന്ദിക്കപ്പെടുന്നതിലും ഉപവാസത്തിലും പ്രാർത്ഥനയിലും വലിയ കൃതജ്ഞതാസ്തോത്രത്തിലും, സഹോദരങ്ങളുമായുള്ള സംസർഗ്ഗത്തിലും ദൈവമുമ്പാകെ നിത്യജീവിതത്തിനു യോഗ്യരായ സഹോദരങ്ങളുമായ ബന്ധത്തിലും അഭിമാനം കൊള്ളുന്നു. മരണത്തിൽനിന്നോ വിധിയിൽനിന്നോ

www.malankaralibrary.com



സ്വന്തം ആത്മാവിനെപ്പോലും വിമുക്തമാക്കാൻ സാധിക്കാത്ത നിന്നെപ്പോലുള്ള ഒരു വ്യക്തിയിൽ നീ അഭിമാനം തേടുന്നു. ശിക്ഷിക്കുന്നവനും വിമോചിപ്പിക്കുന്നവനും, വലിയവനും എല്ലാവരേയും വിധിക്കുന്നവനുമായവനിൽ നീ അഭയം കണ്ടെത്തുക. നീയും, നീ അഭയം കണ്ടെത്തുന്നവനും ഇന്നും നാളെയും മാത്രം നിലനിൽക്കുന്നു. അല്പസമയത്തിനുശേഷം നീ ഇല്ലാതാകുന്നു. നിത്യം നിലനില്ക്കുകയും എല്ലാ സമയവും എക്കാലവും അറിയുകയും ചെയ്യുന്നവനിൽ ഞാൻ അഭയം തേടുന്നു. എൻെറ മകനേ ഞാൻ സേവിക്കുന്ന ഈ ദൈവത്തിൻെറ ദാസനാകുവാൻ നീയും ആഗ്രഹിക്കുന്നെങ്കിൽ ഉടൻതന്നെയാകട്ടെ. നിന്നോടു് പറയുവാൻ പോകുന്ന ഈ കാര്യങ്ങൾ ഉണ്ടെങ്കിൽ നീ അവൻെറ ദാസനായി തീരും. എല്ലാ ഗുണങ്ങളുടെ മൂലവും വലിയ ആരംഭവും മെച്ചപ്പെട്ട അവസ്ഥയിലേക്കുള്ള തിരിച്ചുവരവും ഞാൻ പ്രസംഗിക്കുന്ന ഈ ദൈവവുമായുള്ള സമ്പർക്കവുമായ ശുദ്ധത, വെടിപ്പ്, മിതത്വം, സ്നേഹം, വിശ്വാസം, അവനിലുള്ള പ്രത്യാശ, ശുദ്ധജീവിതത്തിൻെറ ലാളിത്യം എന്നിവയാകുന്നു അവ.

140. നമ്മുടെ കർത്താവിലൂടെ യുവാവായ വിസാൻ പ്രേരിതനായതിനാൽ യൂദായെ എങ്ങനെ രക്ഷിക്കണമെന്നാലോചിച്ചുകൊണ്ടിരുന്നു. അപ്പോൾ രാജാവ് അവിടെയെത്തി, പരിചാരകൻ തോമ്മായെ പിടിച്ചു് പുറത്തുകടത്തി. വിസാൻ അവൻെറ അടുത്തുതന്നെ നിന്നു. രാജാവ് ഇരിപ്പിടത്തിൽ ഉപവിഷ്ടനായപ്പോൾ കൈകൾ പിന്നിലേയ്ക്കു കെട്ടി തോമ്മായെ പടയാളികൾ കൊണ്ടുവന്നു. രാജാവു ചോദിച്ചു: 'നീയാരാകുന്നു. ഈ പ്രവൃത്തികളെല്ലാം ആരുടെ അധികാരം കൊണ്ടാണു് നീ ചെയ്യുന്നതു് എന്നു് എന്നോടു പറയുക. യൂദാ പറഞ്ഞു: 'ഞാൻ താങ്കളെപ്പോലെ ഒരു മനുഷ്യനാകുന്നു. ദൈവപുത്രനായ ഈശോമിശിഹായുടെ ശക്തിയാൽ ഞാൻ ഇവ ചെയ്യുന്നു' മസ്ദൈ പറഞ്ഞു: 'ഞാൻ നിന്നെ നശിപ്പിക്കുന്നതിനു മുമ്പു് സത്യം പറയുക' യൂദാ പറഞ്ഞു: 'നീ ചിന്തിക്കുന്നതുപോലെ നിനക്കു് എൻെറമേൽ അധികാരമില്ല. എന്നെ പീഡിപ്പിക്കുവാൻ നിനക്കു സാധിക്കുകയുമില്ല.' യൂദാ ഈ കാര്യങ്ങൾ പറഞ്ഞപ്പോൾ മസ്ദൈ രാജാവ് കോപാക്രാന്തനായി, രണ്ടു് ഇരുമ്പു തകിടുകൾ ചുട്ടുപഴുപ്പിച്ചു് അതിനു മുകളിൽ നഗ്നപാദനായി യൂദായെ നിർത്തുവാൻ ആജ്ഞ നല്കി. അവർ അദ്ദേഹത്തെ അതിൽ നിർത്തുന്നതിനു മുൻപു് അദ്ദേഹത്തിൻെറ ചെരുപ്പുകളെല്ലാം അഴിച്ചുമാററി. അതുകണ്ടു് ചിരിച്ചുകൊണ്ടു് യൂദാ പറഞ്ഞു: 'ഈശോയെ നിൻെറ വിജ്ഞാനം, എല്ലാ മാനുഷിക വിജ്ഞാനങ്ങളേക്കാൾ അതീതമാണു്. ഇവക്കെതിരായി അങ്ങു് പദ്ധതികൾ തയ്യാറാക്കുന്നുണ്ടോ? ഈ മനുഷ്യരുടെ ദേഷ്യത്തിനു മുമ്പിൽ അങ്ങേ സ്നേഹവായ്പു് നില

www.malankaralibrary.com



കൊള്ളട്ടെ. ചുട്ടുപഴുത്ത തകിടുകൾ അവർ കൊണ്ടുവന്നു. അതിൽ കയറി നില്ക്കുന്നതിനുവേണ്ടി അവർ യൂദായെ പിടിച്ചു നീക്കി. അപ്പോൾ ഭൂമിയിൽനിന്നു് ധാരാളം വെള്ളം ഊറി വന്നു; തകിടുകൾ മുങ്ങിപ്പോയി. ആ മനുഷ്യർ അദ്ദേഹത്തെ വിട്ടു് ഓടിപ്പോയി.

141. വെള്ളത്തിന്റെ പ്രവാഹം കണ്ടപ്പോൾ രാജാവു് യൂദായോടു പറഞ്ഞു: 'ഈ ജലം ഒരു പ്രളയമായി മാറി ഞങ്ങൾ അതിൽ മരിക്കാതിരിക്കുവാൻ നിന്റെ ദൈവത്തോടു് നീ പ്രാർത്ഥിക്കുക' യൂദാ ഇപ്രകാരം പ്രാർത്ഥിച്ചു, ഞങ്ങളുടെ കർത്താവായ ഈശോയെ, അങ്ങു് ഈ പ്രകൃതിയെ ശമിപ്പിക്കണമെന്നു് ഞാൻ അങ്ങയോടു് യാചിക്കുന്നു. അതിനെ നീ വിവിധ സ്ഥലങ്ങളിൽ വീതിച്ചു കൊടുത്തിരിക്കുന്നു. അങ്ങേ ദാസനും ശ്ലീഹായുമായ യൂദായിലൂടെ അങ്ങു് നിരവധി അത്ഭുതങ്ങളും അടയാളങ്ങളും ചെയ്തിട്ടുണ്ടല്ലോ. ഞാനും നിന്റെ മഹത്വം സ്വീകരിക്കാൻ എന്റെ ആത്മാവു് നിന്നെക്കുറിച്ചു് ദാഹിക്കുന്നു. നീ എന്റെ എല്ലാ അദ്ധ്വാനങ്ങൾക്കും പ്രതിഫലം നൽകുന്നു. ദുഷ്ടനോടുള്ള സംസർഗ്ഗം കൂടാതെ എന്റെ ആത്മാവിനെ അതിന്റെ സ്വഭാവമനുസരിച്ചുള്ള വിശ്രമം അനുവദിക്കുന്നു. എല്ലാ സമയവും എന്റെ ജീവിതത്തിന്റെ കാരണഭൂതൻ നീയാകുന്നു. ഈ ജലപ്രവാഹം ഭീകരമായിത്തീർന്നു് ഞങ്ങളെ നശിപ്പിക്കാതിരിക്കാൻ ഇതിനെ നീ അവസാനിപ്പിക്കേണമേ. കാരണം, ഇവിടെ നിൽക്കുന്നവരിൽ ചിലരെങ്കിലും അങ്ങിൽ വിശ്വസിക്കയും ജീവിക്കുകയും ചെയ്യും.' യൂദാ ഇങ്ങനെ പ്രാർത്ഥിച്ചപ്പോൾ, അവിടെ ശാന്തതയുണ്ടായി. അല്പാല്പമായി ആ വെള്ളം വററി, ആ സ്ഥലം ഉണങ്ങിവരണ്ടു് മുമ്പിലത്തേപ്പോലെയായി. മസ്ദൈ രാജാവു് ഇതു കണ്ടപ്പോൾ പറഞ്ഞു: 'ജയിലിലേയ്ക്കു് വലിച്ചിഴയ്ക്കു, അവനെ എന്തു ചെയ്യണമെന്നു പിന്നീടു് തീരുമാനിക്കാം.'

142. യൂദാ ജയിലിലേയ്ക്കു പോയപ്പോൾ ജനങ്ങളെല്ലാം അദ്ദേഹത്തെ അനുഗമിച്ചു. മസ്ദൈ രാജാവിന്റെ മകൻ വിസാൻ, യൂദായുടെ വലത്തുവശത്തും, ജനറൽ സിഫൂർ അദ്ദേഹത്തിന്റെ ഇടത്തുവശത്തുമായി അദ്ദേഹത്തെ പിൻതുടർന്നു. യൂദാ ജയിലിൽ പ്രവേശിച്ചപ്പോൾ സിഫൂറും അദ്ദേഹത്തിന്റെ ഭാര്യയും, പുത്രിയും, വിസാനും അദ്ദേഹത്തിന്റെ കൂടെ തടവറയിൽ കടന്നു. ജീവവചനം കേൾക്കണമെന്ന ലക്ഷ്യത്തോടെ വന്നവരായ അവരോടു് ഇരിക്കുവാൻ യൂദാ പറഞ്ഞു. എന്തുകൊണ്ടെന്നാൽ കോപാക്രാന്തനായ മസ്ദൈ രാജാവു് അദ്ദേഹത്തെ നശിപ്പിക്കുമെന്നു് അവർക്കറിയാമായിരുന്നു. ശ്ലീഹാ ഇങ്ങനെ പറയുവാൻ തുടങ്ങി: 'അനേകരുടെ

www.malankaralibrary.com



അടിമത്തത്തിൽനിന്ന് എന്റെ ആത്മാവിനെ മോചിപ്പിക്കുന്നവനേ, ഞാനിപ്പോൾ സന്തോഷിച്ചാനന്ദിക്കുന്നു. കാരണം, ഞാൻ വില്ക്കപ്പെടുവാൻ അങ്ങേ കൈകളിൽ ഏല്പിക്കപ്പെട്ടു. എന്തുകൊണ്ടെന്നാൽ, സമയവും, ഋതുക്കളും, വർഷങ്ങളും മാസങ്ങളും ദിവസങ്ങളും അവസാനിക്കുന്നവയാണ്. അപ്പോൾ എന്റെ വിശ്രമമായ അങ്ങയെ വന്നു ഞാൻ സ്വീകരിക്കും. ഇതാ, താല്ക്കാലിക സംഗതികളിൽനിന്ന് നാളെ ഞാൻ വിമോചിതനാകും. ഞാൻ പ്രത്യാശ ഉപേക്ഷിച്ച് സത്യം സ്വീകരിക്കും. അനുദിന ജീവിതത്തിലെ സന്തോഷത്തിൽനിന്നും ദുഃഖത്തിൽനിന്നും രക്ഷപ്പെട്ട്, ഞാൻ സന്തോഷം മാത്രം ധരിക്കും. ഞാൻ പര്യാകുലതകളോ, വേദനകളോ, നൊമ്പരങ്ങളോ ഇല്ലാത്തവനായിത്തീരും. ഞാൻ നിത്യവിശ്രമത്തിലേക്ക് പ്രവേശിക്കുകയും ചെയ്യും. സ്വാതന്ത്ര്യത്തിലേക്കു വിളിക്കപ്പെട്ട ഞാൻ അടിമത്തത്തിൽനിന്ന് വിമുക്തനായി ആ സ്വാതന്ത്ര്യത്തിലേക്ക് പ്രവേശിക്കും. സമയവും ഋതുക്കളും ഞാൻ കാത്തുനിന്നു. എന്നാൽ ഇപ്പോൾ ഞാൻ അവയുടെമീതെ ഉയർത്തപ്പെട്ടിരിക്കുന്നു. എന്റെ കൂലി യജമാനനിൽനിന്ന് ഞാൻ സ്വീകരിക്കും. കണക്കുകൂട്ടി തിട്ടപ്പെടുത്താതെ ധാരാളമായി നല്കുന്നവനാണ് അവിടുന്ന്. എന്തുകൊണ്ടെന്നാൽ അവിടുത്തെ ധനം അവിടുത്തെ ദാനങ്ങൾക്കു വേണ്ടുവോളം മതി. അതെടുത്ത് എനിക്കുപയോഗിക്കാം. പിന്നെ അതെടുക്കേണ്ട ആവശ്യമില്ല. ഞാനിപ്പോൾ കിടന്നുറങ്ങട്ടെ; ഇതിനു ശേഷം ഉണരും മേലിൽ ഞാൻ കിടന്നുറങ്ങില്ല. ഞാൻ മരിക്കും; എന്നാൽ ഞാൻ ജീവിക്കും, മേലിൽ മരിക്കുകയില്ല. അവരെല്ലാം സന്തോഷിക്കുകയും എന്നെ നോക്കുകയും ചെയ്യും. കാരണം, ഞാൻ പോയി അവരുടെ സന്തോഷത്തിൽ പങ്കാളിയാകും. അവരുടെ പൂമാലയിൽ അവർ പൂക്കൾ കോർത്തുവയ്ക്കും. ഈശോയേ, നിന്നെ ഞാൻ പ്രതീക്ഷിക്കുന്നു. അവിടുത്തെ സാമ്രാജ്യത്തിൽ ഞാൻ രാജാവായിത്തീരും. തങ്ങളുടെ ശക്തിയിൽ എന്നെ കീഴടക്കാമെന്ന് നിനച്ച ദുഷ്ടന്മാർ അവിടെ ലജ്ജിതരാകും. വിപ്ലവകാരികൾ എന്റെ കൺമുമ്പിൽ നശിപ്പിക്കപ്പെടും. എന്തെന്നാൽ ഞാൻ അവരെക്കാൾ ഉയർന്നിരിക്കുന്നു. വലിയവർ ചേർക്കപ്പെട്ടന്നിടത്ത് എനിക്ക് ശാന്തി ലഭിക്കും.'

143. യൂദാ ഇവ പറഞ്ഞപ്പോൾ അദ്ദേഹത്തിന്റെ ഈ ലോകത്തിൽനിന്നുള്ള വേർപാട് ഉടനെതന്നെയായിരിക്കുമെന്ന് അവിടെനിന്നു കേട്ടു ധ്യാനിച്ചവർ കരുതി. ശ്ലീഹാ വീണ്ടും പറഞ്ഞു: 'രഹസ്യവും പരസ്യവുമായ എല്ലാ യാതനകളേയും സുഖപ്പെടുത്തുകയും തന്റെ സഹായം അപേക്ഷിക്കുന്ന എല്ലാ ആത്മാക്കൾക്കും ജീവൻ പ്രദാനംചെയ്യുന്നവനിൽ വിശ്വ

www.malankaralibrary.com



സിക്കവിൻ. അവിടുന്ന് സ്വാതന്ത്ര്യനം രാജകുമാരനുമായിരുന്നിട്ടുപോലും ദരിദ്രനും അടിമയുമായിത്തീർന്നു. അവൻ തന്റെ ദാസന്മാർ വഴി രോഗികളെ സുഖപ്പെടുത്തുന്നവനും സമസ്ത സൃഷ്ടികളുടെയും വൈദ്യനുമാകുന്നു. തന്നിൽ വിശ്വസിക്കുന്നവരെ അവൻ ശുദ്ധീകരിക്കുന്നു. അവനെ ശ്രവിക്കാത്തവർ അവനെ പുച്ഛിക്കുകയും നിന്ദിക്കുകയും ചെയ്യുന്നു. അടിമത്തത്തിൽനിന്നും, അഴിവിൽനിന്നും, അടിച്ചമർത്തലിൽനിന്നും, നഷ്ടത്തിൽനിന്നും തന്റെ സമ്പാദ്യങ്ങളെ അവൻ വിമുക്തമാക്കി. തന്റെ ദാസന്മാർക്കു വിധേയമാക്കി അവരെ ഭരമേല്പിച്ചു. ലോകവിധിയാളനും, പ്രപഞ്ചകർത്താവും, മേലാകാശത്തിന്റെ പിതാവും അവനാകുന്നു. അവൻ ഉന്നതങ്ങളിൽനിന്നു വന്നു; കന്യകാമറിയത്തിലൂടെ ദൃശ്യനായി; ആശാരിപ്പണിക്കാരൻ യൗസേപ്പിന്റെ മകനെന്നു വിളിക്കപ്പെട്ടു. അവന്റെ ശരീരത്തിന്റെ നിസ്സാരത ഞങ്ങൾ സ്വന്തം കണ്ണുകൾകൊണ്ടു കണ്ടു; അവിടുത്തെ മഹത്ത്വം ഞങ്ങൾ വിശ്വാസംവഴി സ്വീകരിച്ചു. അവിടുത്തെ പരിശുദ്ധ ശരീരം ഞങ്ങൾ സ്വകരങ്ങൾകൊണ്ടു സ്പർശിച്ചു. അവന്റെ ദുരിതപൂർണ്ണങ്ങളായ ജീവിതഘട്ടങ്ങൾ ഞങ്ങൾ സ്വന്ത കണ്ണുകൾകൊണ്ടു കണ്ടു. മലയിൽവച്ചുണ്ടായ അവിടുത്തെ ദിവ്യരൂപം ഞങ്ങൾക്കുമാത്രം ദർശിക്കുവാൻ സാധിച്ചു. അവൻ വഞ്ചകനെന്നു വിളിക്കപ്പെട്ടു. എന്നാൽ അവൻ ആരേയും ചതിക്കാത്ത സത്യമാണ്. അവൻ തനിക്കും ഞങ്ങൾക്കുംവേണ്ടി നികുതിയും തലവരിയും അടച്ചു. അവനെ കണ്ടപ്പോൾ ശത്രു ഭയന്നുവിറച്ചു. അവൻ ആരാകുന്നുവെന്നും അവനെക്കുറിച്ചു പറയപ്പെട്ടവയെ സംബന്ധിച്ചു ശത്രു അദ്ദേഹത്തോടു ചോദിച്ചു. പക്ഷേ, അദ്ദേഹം സത്യം അവനു വെളിപ്പെടുത്തിക്കൊടുത്തില്ല. എന്തെന്നാൽ ശത്രുവിൽ സത്യമില്ലായിരുന്നു. താൻ ലോകത്തിന്റേയും, സർവ്വവിധ സന്തോഷത്തിന്റേയും, സമ്പാദ്യത്തിന്റേയും, ഐശ്വര്യത്തിന്റേയും നാഥനായിരുന്നിട്ടും തന്നിൽനിന്ന് അവയെല്ലാം അകററി; തന്നെ ശ്രവിക്കുകയും തന്നിൽ വിശ്വസിക്കുകയും ചെയ്യുന്നവർ ഇവയൊന്നും ഉപയോഗിക്കരുതെന്ന് അവൻ അനുശാസിച്ചു.

144. ഇവ പറഞ്ഞുതീർന്നപ്പോൾ അദ്ദേഹം പ്രാർത്ഥിക്കുവാനായി എഴുന്നേററുനിന്നു. എന്നിട്ട് ഇപ്രകാരം പറഞ്ഞു: 'സ്വർഗ്ഗസ്ഥനായ ഞങ്ങളുടെ പിതാവേ, നിന്റെ നാമം പരിശുദ്ധമാക്കപ്പെടണമേ; നിന്റെ രാജ്യം വരണമെ. നിന്റെ ഇഷ്ടം സ്വർഗ്ഗത്തിലേപ്പോലെ ഭൂമിയിലും ആകണമേ. അന്നന്നു വേണ്ട അപ്പം ഞങ്ങൾക്കു തരണമെ. ഞങ്ങളുടെ കടക്കാരോടു ഞങ്ങൾ ക്ഷമിക്കാനായി ഞങ്ങളുടെ കടങ്ങളും പാപങ്ങളും ഞങ്ങളോട് ക്ഷമിക്കണമെ. ഞങ്ങളെ പരീക്ഷയിൽ പ്രവേശി

www.malankaralibrary.com



പ്പിക്കരുതെ. പിന്നെയോ ദുഷ്ടനിൽനിന്നു് ഞങ്ങളെ രക്ഷിച്ചു കൊള്ളണമെ. എന്റെ കർത്താവും എന്റെ ദൈവവുമേ, എന്റെ പ്രത്യാശയും എന്റെ ശരണവുമേ, എന്റെ ഗുരുവും എന്റെ ആശ്വാസദായകനുമേ, ഇപ്രകാരം പ്രാർത്ഥിക്കുവാൻ നീ ഞങ്ങളെ പഠിപ്പിച്ചുവല്ലോ. ഇതാ അങ്ങയുടെ പ്രാർത്ഥന ഞാൻ ചൊല്ലുന്നു. അങ്ങയുടെ തിരുച്ചിത്തം തന്നെ ഞാൻ പൂർത്തീകരിക്കുന്നു. അന്ത്യംവരെ അങ്ങ് എന്നോടുകൂടി ആയിരിക്കണമേ; എന്റെ യൗവനം മുതൽ എന്നിൽ ജീവൻ വിതച്ചതു് നീയാകുന്നു. എന്നെ നാശത്തിൽനിന്നു രക്ഷിച്ചതും അങ്ങാണു്. ഈ ലോകത്തിലെ ദാരിദ്ര്യത്തിലേക്കു് എന്നെ കൊണ്ടുവന്നതും സത്യനിക്ഷേപം എനിക്കായി തയ്യാറാക്കിയതും നീയാകുന്നു. ഞാൻ അങ്ങയുടേതാണെന്നു് അങ്ങ് എനിക്കു മനസ്സിലാക്കിത്തന്നു. അങ്ങ് കാംക്ഷിക്കുന്നതുപോലെ കറപുരളാതിരിക്കാനായി ഞാൻ സ്ത്രീകളെ സമീപിച്ചിട്ടില്ല.

145. അങ്ങയെ സ്തുതിക്കാൻ എന്റെ അധരങ്ങളോ, എന്റെ മേലുള്ള അങ്ങേ നന്മയെ മഹത്വപ്പെടുത്താൻ എന്റെ ഗ്രഹണശക്തിയോ മതിയാകില്ല. കുറച്ചു ധനം സമ്പാദിച്ചു ധനവാനാകണമെന്നു ഞാൻ നിനച്ചിരിക്കെ, സമ്പാദ്യങ്ങളും ധനവും വരുത്തിവയ്ക്കുന്ന വിനാശങ്ങൾ ഒരു ദർശനത്തിലൂടെ അങ്ങ് എനിക്കു വെളിപ്പെടുത്തി. ഞാൻ നിന്റെ ദർശനത്തിൽ വിശ്വസിക്കയും യഥാർത്ഥ സമ്പാദ്യമായ അങ്ങ് എനിക്കു് പ്രത്യക്ഷപ്പെടുന്നതുവരെ, അങ്ങേയ്ക്കു യോഗ്യരായവരെ ആവശ്യങ്ങളിൽനിന്നും പര്യാകുലതകളിൽനിന്നും ആർത്തിയിൽനിന്നും മോചിപ്പിച്ചു് അങ്ങേ യഥാർത്ഥ സമ്പാദ്യംകൊണ്ടു് നിറയ്ക്കുന്നതുവരെ ഞാൻ ഈ നിത്യദാരിദ്ര്യത്തിൽ നിലനിൽക്കുകയും ചെയ്തു. ഞാൻ ഇതാ, അങ്ങേഹിതം പൂർത്തിയാക്കിയിരിക്കുന്നു. അങ്ങേ ജോലി നിർവഹിച്ചിരിക്കുന്നു. ഞാനിതാ ദരിദ്രനും, മുട്ടുപാടുള്ളവനും, പരദേശിയും, നിന്ദിതനും, തടവുകാരനും, വിശക്കുന്നവനും, നഗ്നനും, നഗ്നപാദനും അങ്ങേപ്രതി ക്ഷീണിച്ചവനുമാകുന്നു. അങ്ങിലുള്ള എന്റെ വിശ്വാസം ഒരിക്കലും ക്ഷയിക്കാതിരിക്കട്ടെ. അങ്ങിലുള്ള എന്റെ പ്രത്യാശ ഒരിക്കലും ലജ്ജിക്കാനിടയാകാതിരിക്കട്ടെ. എന്റെ അദ്ധ്വാനം ഒരിക്കലും പ്രയോജനരഹിതമാകാതിരിക്കട്ടെ. എന്റെ പ്രയത്നം ഫലശൂന്യമാകാതിരിക്കട്ടെ, എന്റെ ഉപവാസവും തീവ്രമായ പ്രാർത്ഥനയും നശിക്കാതിരിക്കട്ടെ; നിന്നിലുള്ള എന്റെ അദ്ധ്വാനം മാറിപ്പോകാതിരിക്കട്ടെ. ശത്രുക്കൾ, അങ്ങേ ഗോതമ്പു വിത്തുകൾ അങ്ങയുടെ വയലിൽനിന്നു് തട്ടിക്കൊണ്ടു പോകാതിരിക്കട്ടെ. അവന്റെ കളകൾ അതിൽ കാണാതിരിക്കട്ടെ. കാരണം, അങ്ങയുടെ വയലുകൾക്കു് അവന്റെ കളകളെ സ്വീകരിക്കാൻ സാദ്ധ്യമല്ല. അങ്ങയുടെ തോഴന്മാരുടെ ധാന്യപ്പുരയിൽ കളകൾ ഒരിക്കലും വീഴുകയില്ല.'

www.malankaralibrary.com



146. അവൻ വീണ്ടും പറഞ്ഞു: നാട്ടിൽ ഞാൻ അങ്ങേ മുന്തിരി നട്ടിട്ടുണ്ട്. അതിൻെറ വേരുകൾ താഴേയ്ക്ക് ഇറങ്ങട്ടെ. അതിൻെറ മുളകൾ മുകളിലേക്ക് കുതിക്കട്ടെ. അതിൻെറ ഫലം നാട്ടിൽ കാണപ്പെടട്ടെ. അങ്ങേക്ക് യോഗ്യമായവരും അങ്ങ് സമ്പാദിച്ചവരും സംതൃപ്തിയടയട്ടെ. അങ്ങ് എനിക്കു തന്ന വെള്ളിനാണയം അങ്ങേ മേശയിൽ ഞാൻ വെച്ചു. അങ്ങ് വാഗ്ദാനം ചെയ്തതുപോലെ അതിനെ പരിശോധിച്ച് പലിശ യോടുകൂടി എനിക്കു തരിക. നിൻെറ താലന്തുകൊണ്ട് ഞാൻ പത്തു നേടി; നീ വാഗ്ദാനം ചെയ്തതുപോലെ അവ എൻേറതി നോടുകൂടി ചേർക്കപ്പെടട്ടെ. എൻെറ കടക്കാർക്ക് ഞാൻ താലന്ത് തിരികെ നൽകി. ഞാൻ തിരികെ നൽകിയതു് എന്നോട് ആവശ്യപ്പെടാതിരിക്കട്ടെ. വിരുന്നിനു ക്ഷണിക്ക പ്പെട്ടപ്പോൾ ഞാൻ പെട്ടെന്ന് വന്നെത്തി. ഞാൻ വയലും കലപ്പയും ഭാര്യയും വിട്ടുപോന്നു. ഞാൻ അതിൽനിന്നു പുറം തള്ളപ്പെടാതിരിക്കട്ടെ. ശാപങ്ങളോടുകൂടി ഞാൻ ഭക്ഷിക്കാതി രിക്കട്ടെ. കല്യാണ വിരുന്നിനു ഞാൻ ക്ഷണിക്കപ്പെട്ടു. ഞാൻ വെള്ള വസ്ത്രങ്ങളും അണിഞ്ഞു. എൻെറ കൈകളും കാലുകളും ബന്ധിക്കപ്പെട്ട് പുറത്തെ ഇരുട്ടിലേക്ക് എറിയപ്പെടാതെ, ഞാൻ അതിനു യോഗ്യനായി തീരട്ടെ. എൻെറ വിളക്ക് അവൻെറ പ്രകാശത്താൽ പ്രശോഭിതമാകട്ടെ. അതിൻെറ കർത്താവ് വിരുന്നുശാല വിടുന്നതുവരെ അതിനെ സംരക്ഷി ക്കുകയും ഞാനതു സ്വീകരിക്കുകയും ചെയ്യട്ടെ. എണ്ണയില്ലാത്ത തിനാൽ അതു കെട്ടുപോകുന്നതു ഞാൻ കാണാതിരിക്കട്ടെ. എൻെറ കണ്ണുകൾ നിന്നെ സ്വീകരിക്കട്ടെ. നിൻെറ ഇഷ്ടം ചെയ്യുകയും നിൻെറ കല്പനകൾ കാക്കുകയും ചെയ്യുന്നതിൽ എൻെറ ഹൃദയം ആനന്ദിക്കട്ടെ. വിവേകപൂർവ്വം ഒന്നും വിട്ടു കളയാതെ പ്രവർത്തിച്ച ബുദ്ധിമാനും ദൈവഭയമുള്ളവനുമായ ദാസനെപ്പോലെ ഞാനായിരിക്കട്ടെ. എൻെറ ഭവനം കള്ളന്മാ രാൽ തകർക്കപ്പെടാതിരിക്കുന്നതിന് രാത്രി മുഴുവൻ കാവലി രുന്നു ഞാൻ തളർന്നിരിക്കുന്നു.

147. ഞാൻ സത്യംകൊണ്ട് അര കെട്ടിയിരിക്കുന്നു, എൻെറ പാദങ്ങളിൽ ഞാൻ പാദരക്ഷ അണിഞ്ഞിരിക്കുന്നു. അവയുടെ കെട്ടുകൾ അഴിഞ്ഞു കിടക്കുന്നില്ല. ഞാൻ കലപ്പയ്ക്കു കൈവച്ചു. ഉഴവുചാലുകൾ വളഞ്ഞുപോകാതിരിക്കുവാൻ ഞാൻ ഒരിക്കലും പിന്നിലേക്കു തിരിഞ്ഞുനോക്കിയില്ല. എൻെറ വയലുകൾ വിളഞ്ഞ് കൊയ്ത്തിനു പാകമായി നില്ക്കുന്നു. ' ഞാൻ എൻെറ പ്രതിഫലം സ്വീകരിക്കട്ടെ. എന്നെ തളർത്തുന്ന മേലങ്കി ഞാൻ നീക്കിക്കളഞ്ഞു; വിശ്രമത്തിലെ ത്തിക്കുന്ന അദ്ധ്വാനം ഞാൻ പൂർത്തിയാക്കി. ഒന്നും രണ്ടും മൂന്നും യാമങ്ങളിൽ ഞാൻ ജാഗരണം നടത്തി. ഞാൻ അങ്ങേ തിരു

www.malankaralibrary.com



മുഖം സ്വീകരിക്കട്ടെ. അങ്ങേ സനാതന സൗന്ദര്യം ആസ്വദിക്കുന്നതിന് എനിക്കു സാധിക്കട്ടെ. എന്റെ കളപ്പുരകൾ ഞാൻ തകർത്ത് നശിപ്പിച്ചുകളഞ്ഞു. ഒരിക്കലും നശിക്കാത്ത നിന്റെ നിക്ഷേപം ഞാൻ സ്വീകരിക്കട്ടെ. എന്നിലുണ്ടായിരുന്ന ഒഴുകുന്ന നീരുറവ ഞാൻ വററിച്ചു. ജീവദായകമായ അങ്ങയുടെ നീരുറവയുടെ സമീപത്തുകിടന്ന് ഞാൻ വിശ്രമിക്കട്ടെ. അങ്ങ് എന്നെ ഏല്പിച്ച ബന്ധിതനെ ഞാൻ കൊന്നുകളഞ്ഞു. എന്നിലുള്ള കെട്ടപ്പെടാത്തവനെ നീ സ്വതന്ത്രനാക്കി. ഒരിക്കലും അങ്ങേ വിശ്വസ്തതയിൽനിന്ന് എന്റെ ആത്മാവ് വ്യതിചലിക്കാതിരിക്കട്ടെ. ഞാൻ ആന്തരികത്തെ ബാഹ്യവും, ബാഹ്യത്തെ ആന്തരികവുമാക്കി. എന്റെ എല്ലാ അവയവങ്ങളിലും തിരുഹിതം നിറവേറട്ടെ. ഞാൻ പുറം തിരിഞ്ഞില്ല. ഞാൻ മുന്നോട്ടുനീങ്ങിയുമില്ല. ഞാൻ ഒരത്ഭുതവും ഒരടയാളവുമാകാതിരിക്കട്ടെ. മരിച്ചവനെ ഞാൻ ഉയിർപ്പിച്ചിട്ടില്ല: ജീവനുള്ളവനെ ഞാൻ കൊന്നിട്ടില്ല. കുറവുള്ളവനെ ഞാൻ നിറച്ചിട്ടില്ല. ഇരു ലോകങ്ങളുടേയും ഭരണാധികാരി. ഞങ്ങൾ വിജയകിരീടം പ്രാപിക്കട്ടെ. ഭൂമിയിൽ ഞാൻ അവഹേളിക്കപ്പെട്ടു. സ്വർഗ്ഗത്തിൽ അതിന്റെ പ്രതിഫലം എനിക്കു തരണമെ.

148. ശക്തികൾ എന്നെ കണ്ടില്ല. അധികാരികൾ എനിക്കെതിരെ ഗൂഢാലോചനകൾ നടത്തുന്നില്ല. ചുങ്കം പിരിക്കുന്നവർ എന്നെ കാണുകയില്ല. കോഴ സ്വീകരിക്കുന്നവർ എന്നെ പീഡിപ്പിക്കുകയില്ല. താണവർ എന്നെ കളിയാക്കുകയില്ല; ദുഷ്ടന്മാർ ധീരരേയും വിനീതരേയും പരിഹസിക്കുകയില്ല. ധീരന്മാരും അധഃകൃതരും സ്വയം പുകഴ്ത്തുന്ന വലിയവരും എന്റെ മുമ്പിൽ നിൽക്കാൻ എന്നെ ചുററുന്ന ഈശോയുടെ ശക്തിയാൽ, ധൈര്യപ്പെടുകയില്ല. അവർ അതിൽ നിന്നോടിയൊളിക്കും. കാരണം, അവർക്കിതു ദർശിക്കാൻ സാധിക്കുകയില്ല. തങ്ങളെ അനുസരിക്കുന്നവരുടെമേൽ നിശബ്ദമായും വഞ്ചനാപരമായും അവർ ചാടിവീഴുന്നു. എന്റെ മക്കൾ നിലവിളിക്കയും വിലപിക്കുകയും ചെയ്യുന്നു. അവരിൽ നിന്ന് ഒരു മനുഷ്യനും മറഞ്ഞിരിക്കുന്നില്ല; ഇതു് അവരുടെ സ്വഭാവത്തിന്റെ പരിമളമാണ്. ദുഷ്ടന്മാർ അവരിൽനിന്നു വേർതിരിക്കപ്പെടുന്നു. അവരുടെ ഫലവൃക്ഷം കയ്പാണ്. ശാന്തമായി കടന്നുപോകുവാൻ അവരെ അനുവദിച്ച

www.malankaralibrary.com



ശേഷം ഞാൻ അങ്ങയുടെ പക്കലേക്കുവരും. സമാധാനവും സന്തോഷവും എനിക്കു തുണയായിരിക്കട്ടെ. ഞാൻ അങ്ങേ മഹത്വത്തിന്റെ മുമ്പിൽ നിൽക്കും. പരദൂഷകൻ എന്നെ നോക്കാതിരിക്കട്ടെ. ഞാൻ വസിക്കുന്ന അങ്ങേ പ്രകാശത്താൽ അവരുടെ കണ്ണുകൾ അന്ധമാകട്ടെ. എനിക്കെതിരായി പലതും പറഞ്ഞുപരത്തിയ അവരുടെ അധരങ്ങൾ നിശ്ചല മാകട്ടെ.'

149. തടവിൽ തന്നോടുകൂടി ഉണ്ടായിരുന്നവരോട് അവൻ വീണ്ടും ഇങ്ങനെ പറഞ്ഞു: 'എന്റെ മക്കളെ, ഞാൻ പ്രസംഗിക്കുന്ന ഈ ദൈവത്തിൽ നിങ്ങൾ വിശ്വസിക്കുവിൻ. ഞാൻ പ്രസംഗിക്കുന്ന ഈ ഈശോമിശിഹായിൽ വിശ്വസി ക്കുവിൻ. തന്റെ ദാസന്മാരുടെ സഹായിയായ ജീവദാതാവിൽ വിശ്വസിക്കുവിൻ; തന്റെ ജോലിചെയ്ത് ക്ഷീണിച്ചവരുടെ ജീവദാതാവിൽ വിശ്വസിക്കുവിൻ; അവനിൽ എന്റെ ആത്മാവ് സന്തോഷിക്കുന്നു. ഞാൻ പോയി അവനെ സ്വീകരി ക്കേണ്ട സമയം സമാഗതമായിരിക്കുന്നു. ഈ സൗന്ദര്യവാനിൽ വിശ്വസിക്കുവിൻ. അവനെപ്പററി പൂർണ്ണമായി പറയാൻ ഞാൻ അശക്തനാണെങ്കിലും പ്രസംഗിക്കുവാൻ അവന്റെ സൗന്ദര്യം എന്നെ പ്രേരിപ്പിക്കുന്നു. എന്തുകൊണ്ടെന്നാൽ കർത്താവേ, എന്റെ ദാരിദ്ര്യത്തിൽ എന്നെ പോററുന്നവനും ആവശ്യത്തിൽ സഹായിക്കുന്നവനും ഇല്ലായ്മയിൽ നല്കുന്നവനും അങ്ങാണ്, ഞാൻ വന്നു നിന്നെ സ്വീകരിക്കാനായി അന്ത്യം വരെ നീ എന്നോടുകൂടി ആയിരിക്കണമെ.

www.malankaralibrary.com

# പതിമൂന്നാം നടപടി

## വിസാന്റെ മാമോദീസാ

150. മസ്ദൈ രാജാവിന്റെ പുത്രനും യുവാവുമായ വിസാൻ ഇങ്ങനെ പറഞ്ഞു: 'പരിശുദ്ധനും ദൈവത്തിന്റെ ശ്ലീഹായുമായ അങ്ങയോടു ഞാൻ യാചിക്കുന്നു; എന്നെ പോകുവാൻ അനുവദിക്കുക. ഞാൻ പാറാവുകാരോട് സംസാരിച്ച് നാമിരുവരും ഒരുമിച്ച് എന്റെ വീട്ടിലേക്കു പോകുവാൻ ഞാൻ അനുവാദം വാങ്ങാം. അങ്ങെനിക്കു ജീവന്റെ മുദ്ര നല്കണം. അങ്ങനെ ഞാനും അങ്ങ് പ്രശംസിക്കുന്ന ഈ പുതിയ ദൈവത്തിന്റെ ദാസനായി തീരട്ടെ. എന്തുകൊണ്ടെന്നാൽ എന്റെ പിതാവ് മസ്ദൈ നിർബന്ധിച്ച് മനാഷറിനെ ഭാര്യയായി തന്നതുവരെ അങ്ങ് പറഞ്ഞ എല്ലാ കാര്യങ്ങളും ഞാനെന്റെ യുവത്വത്തിൽ അഭ്യസിക്കുകയായിരുന്നു. ഇന്ന് എനിക്ക് ഇരുപത്തിയൊന്ന് വയസ്സ് പ്രായമുണ്ട്. ഭാര്യയും ഒരുമിച്ചു ജീവിക്കാൻ തുടങ്ങിയിട്ട് ഇന്നത്തേയ്ക്ക് ഏഴുവർഷം കഴിഞ്ഞു. വിവാഹത്തിനുമുമ്പ് യാതൊരു സ്ത്രീയുമായും ഞാൻ ബന്ധപ്പെട്ടിട്ടില്ല. എന്റെ പിതാവ് എനിക്ക് യാതൊരു വിലയും കല്പിച്ചിരുന്നില്ല. അദ്ദേഹം എനിക്കു തന്ന ഭാര്യയിൽനിന്ന് ആൺകുഞ്ഞോ പെൺകുഞ്ഞോ പിറന്നിട്ടില്ല. ഈ വർഷങ്ങളെല്ലാം എന്റെ ഭാര്യ എന്നോടുകൂടി ശുദ്ധതയിലാണ് ജീവിച്ചിരിക്കുന്നത്. ഇന്ന് അവൾ സുഖമുള്ളവളായി അങ്ങയെ കാണുകയും അങ്ങയുടെ വാക്കുകൾ കേൾക്കുകയും ചെയ്തിരുന്നെങ്കിൽ എനിക്കു സ്വസ്ഥതയായി, അവൾ ജീവിച്ച് നിത്യജീവൻ പ്രാപിച്ചേനെ. കാരണം രോഗം ബാധിച്ച് ദീർഘനാളായി അവൾ വേദന അനുഭവിക്കുന്നു. അങ്ങ് എന്റെ കൂടെ പോരാമെന്ന് ഉറപ്പുതരുമെങ്കിൽ ഞാൻ തടവറ സൂക്ഷിപ്പുകാരെ കണ്ട് അങ്ങേയ്ക്കുവേണ്ടി അഭ്യർത്ഥിക്കാം. എന്തുകൊണ്ടെന്നാൽ എന്റെ വീട്ടിൽ ഞാൻ മാത്രമേയുള്ളു. രോഗിണിയെ അങ്ങ് സുഖപ്പെടുത്തണം.' അത്യുന്നതന്റെ ശ്ലീഹായായ യൂദാ ഇതുകേട്ടപ്പോൾ വിസാനോടു പറഞ്ഞു: 'എന്റെ മകനേ, വിശ്വസിക്കുന്നെങ്കിൽ നീ നമ്മുടെ ദൈവത്തിന്റെ അത്ഭുതങ്ങൾ ദർശിക്കും. അങ്ങനെ അവിടുന്ന് തന്റെ ദാസന്മാരുടെ മേൽ കൃപയുള്ളവനാണെന്നും അവരെ ജീവനിലേക്കു കൊണ്ടുവരണമെന്നും നീ മനസ്സിലാക്കും.'

www.malankaralibrary.com



151. അവർ ഇങ്ങനെ സംസാരിച്ചുകൊണ്ടു നില്ക്കുമ്പോൾ തേർസ്യായും മിഗ്ദോണിയായും ദാസി നർക്ക്യായും തടവറയുടെ വാതിൽക്കൽ വന്നുനിന്നു. അവർ 360 വെള്ളി സൂസ് തടവറ സൂക്ഷിപ്പുകാർക്കു നല്കി. അപ്പോൾ കാവൽക്കാർ അവരെ കടത്തിവിട്ടു. അവർ കയറി യൂദായെയും സിഫൂറിനെയും വിസാനെയും സിഫൂറിൻെറ ഭാര്യയെയും മകളെയും യൂദായെ ശ്രവിക്കുന്ന മററുതടവുകാരെയും കണ്ടു. അവർ മൂന്നുപേരും അവൻെറ മുൻപിൽ നിന്നു. അവൻ അവരോടു ചോദിച്ചു: 'എൻെറ അടുക്കൽ വരുവാൻ ആരു് നിങ്ങളെ അനുവദിച്ചു? അടഞ്ഞിരുന്ന വാതിലുകൾ ആരു് നിങ്ങൾക്കുവേണ്ടി തുറന്നു?' തേർസ്യാ പറഞ്ഞു: അങ്ങു് ഞങ്ങൾക്കായി വാതിലുകൾ തുറന്നുകൊണ്ടു് പറഞ്ഞില്ലേ, 'ജയിലിലുള്ള നമ്മുടെ സഹോദരങ്ങളെ പോയി കൂട്ടികൊണ്ടു വരാൻ. നമുക്കു് ജയിലിലേക്കു് പോകാം. അപ്പോൾ, നമ്മോടിടപെടുന്നതിൽ നമ്മുടെ കർത്താവു് തൻെറ മഹത്വം നമ്മോടു കാണിക്കും.' തടവറ വാതിൽക്കലെത്തിയപ്പോൾ നീ ഞങ്ങളിൽനിന്നു് അപ്രത്യക്ഷനായി. വാതിലുകൾ ഞങ്ങൾക്കെതിരെ അടയ്ക്കപ്പെടുന്ന സ്വരം ഞങ്ങൾ കേൾക്കുകമാത്രം ചെയ്തു. ഞങ്ങൾ കാവൽക്കാർക്കു പണം കൊടുത്തു. അവർ ഞങ്ങളെ കടത്തിവിട്ടു. ഞങ്ങളുടെ ആഗ്രഹം നീ സാധിച്ചുതരണമെന്നു് നിന്നോടു് ഞങ്ങൾ യാചിക്കുന്നു. മസ്ദൈ രാജാവിൻെറ കോപം അങ്ങയുടെ നേരെ ശമിക്കുന്നതുവരെ അങ്ങയെ ഞങ്ങൾ രക്ഷപ്പെടുവാൻ അനുവദിക്കാം. യൂദാ തേർസ്യായോടു പറഞ്ഞു: നിങ്ങൾ എങ്ങനെയാണു ബന്ധിതരായതെന്നു് എന്നോടു് പറയുക.

152. തേർസ്യാ അവനോടു്: 'ഒരു നിമിഷം മാത്രം ഞങ്ങളെ വിട്ടുപിരിഞ്ഞ നിനക്കറിയാമല്ലോ ഞങ്ങളെങ്ങനെ അടയ്ക്കപ്പെട്ടെന്നു്. എന്നാൽ അങ്ങു് കേൾക്കുവാൻ ഇഷ്ടപ്പെടുന്നുവെങ്കിൽ കേട്ടുകൊള്ളുക. മസ്ദൈ രാജാവു് ആളയച്ചു് തേർസ്യായെ അദ്ദേഹത്തിൻെറ അടുത്തേയ്ക്കു് വരുത്താൻവേണ്ടി എന്നോടു പറഞ്ഞു: 'ആ മാന്ത്രികനു നിൻെറമേൽ സ്വാധീനമൊന്നുമില്ല; അവൻ എണ്ണയും വെള്ളവും വീഞ്ഞും അപ്പവും ഉപയോഗിച്ചാണു് മാന്ത്രികവിദ്യ നടത്തുന്നതു്. അവൻ നിൻെറമൽ ക്ഷുദ്രപ്രയോഗം നടത്തിയിട്ടില്ല. എന്നാൽ എന്നെ ശ്രദ്ധിക്കുക, ഞാൻ പറയാൻ പോകുന്ന സംഗതി ശ്രദ്ധിക്കുക. നിന്നെ നശിപ്പിക്കുന്നതുവരെ ഞാൻ നിന്നെ പീഡിപ്പിക്കുകയില്ല. കാരണം, അവൻ നിനക്കു് എണ്ണയും വെള്ളവും അപ്പവും വീഞ്ഞും നല്കാത്തിടത്തോളംകാലം അവനു് നിൻെറമേൽ പൂർണ്ണ ശക്തിയില്ല.' ഞാൻ അവനോടു പറഞ്ഞു: 'നീ ഇച്ഛിക്കുന്നതു് എന്നോടു ചെയ്യുക. എൻെറ ശരീരത്തിൽ എന്തു ചെയ്യുവാനും നിനക്കധികാരമുണ്ടു്. എന്നാൽ എൻെറ ആത്മാവു്

www.malankaralibrary.com



നിന്നോടുകൂടി നശിക്കുവാൻ ഞാൻ ഒരിക്കലും അനുവദിക്കുകയില്ല.' അവൻ ഈ വാക്കുകൾ കേട്ടപ്പോൾ എന്നെ തൻെറ ഊട്ടുമുറിയുടെ അടിയിലുള്ള ഇരുട്ടറയിൽ ബന്ധിച്ചു. അവൻെറ ബന്ധു കാരീഷ് മിഗ്ദോണിയായേയും നർക്ക്യായേയും കൊണ്ടുവന്ന് എന്നോടൊപ്പം ആ മുറിയിൽ അടച്ചിട്ടു. എന്നാലും ഞങ്ങൾക്കവിടെ പ്രകാശം ലഭിച്ചു. അങ്ങുതന്നെ ഞങ്ങളെ പുറത്തേക്ക് കൊണ്ടുവന്നു. നോക്കു, ഇതാ ഞങ്ങൾ നിൻെറ മുമ്പിൽ നില്ക്കുന്നു. ഞങ്ങൾക്ക് റുശ്മാ തരൂ. അങ്ങനെ എനിക്കെതിരെ ഗൂഢാലോചന നടത്തുന്ന മസ്ദൈയുടെ പ്രതീക്ഷ തകരട്ടെ.'

153. നമ്മുടെ കർത്താവിൻെറ ശ്ലീഹായായ യൂദാ ഇതു കേട്ടപ്പോൾ ഇപ്രകാരം പറഞ്ഞു: 'വിവിധ രൂപങ്ങളുള്ള ഈശോയെ, നിനക്കു മഹത്വം. ഞങ്ങളുടെ എളിയ മനുഷ്യത്വത്തെപ്പോലെ കാണിക്കുന്നവനേ, നിനക്കു മഹത്വം! ഞങ്ങളുടെ ശക്തിദായകനേ, ധൈര്യം പകരുന്നവനേ, തിരുത്തുന്നവനേ, സന്തോഷിക്കുന്നവനേ, ഞങ്ങളുടെ എല്ലാ വേദനകളിലും ഞങ്ങളോടൊത്തു നില്ക്കുന്നവനേ, ഞങ്ങളുടെ ബലഹീനതയെ ശക്തിപ്പെടുത്തുന്നവനേ, ഞങ്ങളുടെ ഭയത്തിൽ ധൈര്യം പകരുന്നവനേ, നിനക്കു മഹത്വം!' അവൻ ഇക്കാര്യങ്ങൾ പറഞ്ഞപ്പോൾ മററു ജയിൽപുള്ളികൾ സന്തുഷ്ടരായി; എങ്കിലും കാവൽക്കാർ പറഞ്ഞു: 'ഞങ്ങൾ മസ്ദൈ രാജാവിൻെറ മുമ്പാകെ കുററക്കാരായിത്തീരാതിരിക്കാനായി വിളക്കുകൾ അണയ്ക്കുവിൻ.' അവർ വിളക്കുകളെല്ലാം അണച്ച് കിടന്നുറങ്ങുവാൻ പോയി. യൂദാ നമ്മുടെ കർത്താവിനോടു പറഞ്ഞു: 'ഞങ്ങളെ സഹായിക്കാനുള്ള സമയം സമാഗതമായിരിക്കുന്നു. ഞങ്ങളെ പ്രകാശിപ്പിക്കുന്ന ഈശോയെ, അന്ധകാരശക്തികൾ ഞങ്ങളെ ഇരുട്ടിലാക്കി; ഞങ്ങളുടെ കർത്താവേ, നിൻെറ സ്വഭാവത്തിൻെറ പ്രകാശംകൊണ്ട് ഞങ്ങളെ പ്രകാശിപ്പിച്ചാലും.' അപ്പോൾ ജയിൽ മുഴുവനും പകൽപോലെ പ്രകാശിതമായി. നമ്മുടെ നാഥനിൽ വിശ്വസിച്ചിരുന്നവർ മാത്രമേ ഉണർന്നുള്ളു. മററുള്ളവരെല്ലാം ഗാഢനിദ്രയിലായിരുന്നു.

154. അതിനുശേഷം യൂദാ വിസാനോടു പറഞ്ഞു: 'എനിക്കു മുമ്പേ പോയി നമുക്കാവശ്യമായവ സജ്ജീകരിക്കുക.' വിസാൻ അവനോടു പറഞ്ഞു: 'നമുക്കായി ആരു ജയിൽ തുറന്നുതരും? നോക്കു, അവയെല്ലാം ഇതാ അടയ്ക്കപ്പെട്ടിരിക്കുന്നു. കാവൽക്കാർ ഉറക്കത്തിലുമാണ്.' യൂദാ അവനോടു പറഞ്ഞു: 'ഈശോയിൽ വിശ്വസിക്കുക. ഒരിക്കലും സംശയിക്കരുത്. വാതിലുകൾ തുറക്കപ്പെട്ടിരിക്കുന്നതും കൊളുത്തുകൾ തിരിഞ്ഞിരിക്കുന്നതും നീ പോയി കാണുക.' അവൻ പുറത്തു പോയപ്പോൾ അവൻ അവർക്കു മുമ്പേ പോയി; മററുള്ളവരെല്ലാം

www.malankaralibrary.com



യൂദായെ അനുഗമിച്ചു. പകുതി വഴി പോയപ്പോൾ, ജയിലി ലേക്കുവന്ന, വിസാൻെറ ഭാര്യ മനാശറിനെ അവർ കണ്ടുമുട്ടി. അവൾ അവനെ തിരിച്ചറിഞ്ഞു. അവൻ അവളോട് പറഞ്ഞു: 'ഹാ, എൻെറ സഹോദരി മനാശയോ?' അവൾ അവനോട് പറഞ്ഞു: 'അതേ.' അവൻ ചോദിച്ചു: 'ഈ സമയത്ത് നീ എവിടേയ്ക്കാണ് തനിച്ചു പോകുന്നത്? കിടക്കയിൽ നിന്ന് എഴുന്നേൽക്കുവാൻ നിനക്കെങ്ങനെ സാധിച്ചു?' അവൾ പറഞ്ഞു: 'ഈ യുവാവ് അദ്ദേഹത്തിൻെറ കൈകൾ എൻെറമേൽ വച്ചു. ഞാൻ സൗഖ്യമുള്ളവളായി തീർന്നു. ഞാൻ പൂർണ്ണമായി സുഖം പ്രാപിക്കാനായി തടവിലാക്കപ്പെട്ട അദ്ദേഹത്തിൻെറയടു ത്തേക്കു പോകണമെന്നു സ്വപ്നത്തിൽ എനിക്കു ദർശന മുണ്ടായി.' വിസാൻ അവളോടു പറഞ്ഞു: 'നിൻെറ കൂടെയുണ്ടാ യിരുന്ന ആ ചെറുപ്പക്കാരൻ എവിടെയാണ്? അവൾ അവ നോട് പറഞ്ഞു: 'അങ്ങ് അവനെ കാണുന്നില്ലേ? നോക്കൂ, അവിടുന്നാണ് എൻെറ വലത്തുകൈയിൽ പിടിച്ച് എന്നെ സഹായിക്കുന്നത്'' (സങ്കീ. 44:4, 110:5).

155. അവർ ഇങ്ങനെ സംസാരിച്ചുകൊണ്ടു നില്ക്കുമ്പോൾ യൂദായും സിഫൂറും ഭാര്യയും മകളും മിഗ്ദോണിയായും തേർസ്യായും നർക്ക്യായുംകൂടി കടന്നുവന്ന് വിസാൻെറ ഭവന ത്തിൽ പ്രവേശിച്ചു. വിസാൻെറ ഭാര്യ മനാശർ അവനെ കണ്ടപ്പോൾ സാഷ്ടാംഗ പ്രണാമം ചെയ്ത് അവനെ ആരാധിച്ചു കൊണ്ട് പറഞ്ഞു: 'എൻെറ മാരകരോഗത്തിൽനിന്ന് എന്നെ രക്ഷിച്ചവനേ, അങ്ങ് വന്നെത്തിയോ? ജയിലിൽ നിൻെറ പക്കലേക്ക് എന്നെ കൂട്ടിക്കൊണ്ടുവരുവാൻ ഈ യുവാവിനെ എൻെറ സ്വപ്നത്തിൽ എനിക്കു തന്നത് അങ്ങാണ്. എന്നാൽ ഞാൻ ക്ഷീണിച്ചുപോകാൻ അങ്ങേ കാരുണ്യം അനുവദിച്ചില്ല. അങ്ങുതന്നെ ഇതാ എൻെറ അടുത്തേക്ക് വന്നിരിക്കുന്നു.' ഇവ പറഞ്ഞശേഷം തൻെറ കൂടെയുള്ള ചെറുക്കാനെ കാണുവാൻ അവൾ പിന്തിരിഞ്ഞുനോക്കി. പക്ഷേ അദ്ദേഹത്തെ അവിടെ കണ്ടില്ല. അവൾ യൂദാതോമ്മായോട് പറഞ്ഞു: 'അങ്ങുതന്ന ആ ചെറുപ്പക്കാരൻ ഇതാ പോയിക്കഴിഞ്ഞു.' യൂദാ പറഞ്ഞു: 'എങ്കിൽ ഈശോ നിനക്കു തുണയായിരിക്കും.' അവൾ ഓടി അവരുടെ മുൻപിലെത്തി. മസ്ദൈരാജാ വിൻെറ മകനായ വിസാൻെറ വീട്ടിൽ അവർ പ്രവേശിച്ച പ്പോൾ സമയം രാത്രിയായിരുന്നു. നമ്മുടെ കർത്താവ് അവർക്ക് സമൃദ്ധിയായി പ്രകാശം പരത്തിക്കൊണ്ടിരുന്നു.

156. യൂദാ ഇപ്രകാരം പ്രാർത്ഥിക്കുവാൻ തുടങ്ങി: 'ബല ഹീനരുടെ സഹായകനും തുണയുമേ, ദരിദ്രരുടെ പ്രതീക്ഷയും ആശ്രയവുമേ, ക്ഷീണിതരുടെ സങ്കേതവും വിശ്രമവുമേ; തൻെറ വിശ്വാസികളുടെ ഹൃദയങ്ങളെ ആശ്വസിപ്പിക്കുന്ന ഉന്നതങ്ങ

www.malankaralibrary.com



ളിൽനിന്നു വന്ന ശബ്ദമേ, ഇരുട്ടിന്റെ നാട്ടിലേക്ക് നീങ്ങുന്ന വരുടെ തുറമുഖവും അഭയകേന്ദ്രവുമേ, ഫീസ് ഈടാക്കാത്ത വൈദ്യാ, അനേകർക്കുവേണ്ടി നീ ക്രൂശിക്കപ്പെട്ടു; നിനക്കു വേണ്ടി ആരും ക്രൂശിക്കപ്പെട്ടില്ല. നീ വലിയ ശക്തിയോടു കൂടി പാതാളത്തിലേക്കിറങ്ങി. മരിച്ചവർ നിന്നെക്കണ്ട് ജീവനുള്ളവരായി. മരണത്തിന്റെ അധിനാഥന് അതു് സഹി ക്കാൻ കഴിഞ്ഞില്ല. നീ വലിയ മഹത്വത്തോടുകൂടി കരേറി. നിന്നിൽ അഭയം തേടിയവരെയെല്ലാം നിന്നോടൊപ്പം നീ കൂട്ടിക്കൊണ്ടുപോയി: നീ അവർക്കുവേണ്ടി ഉന്നതങ്ങളിലേ ക്കുള്ള പാത തെളിച്ചു. നിന്റെ രക്ഷിക്കപ്പെട്ടവരെല്ലാം നിന്റെ കാല്പാടുകളെ അനുഗമിച്ചു. നീയവരെ നിന്റെ ആട്ടിൻ കൂട്ടത്തിൽ കൊണ്ടുവന്നു; നിന്റെ ആടുകളോടുകൂടെ അവരെ ചേർക്കുകയും ചെയ്തു. പിതാവിനാൽ അധികാരത്തോടുകൂടി അയയ്ക്കപ്പെട്ട പരിപൂർണ്ണ കാരുണ്യത്തിന്റെ പുത്രാ, നിന്റെ ദാസന്മാർ നിന്നെ സ്തുതിക്കുന്നു. അത്യുന്നതവും പരിപൂർണ്ണവു മായ പിതൃത്വത്താൽ അയയ്ക്കപ്പെട്ട പുത്രാ, അശുദ്ധമാക്കപ്പെടാത്ത നിക്ഷേപങ്ങളുടെ നാഥാ, തന്റെ ബന്ധത്താൽ തന്റെ സൃഷ്ടിയെ നിറച്ച ധനവാനേ, ദരിദ്രനായി നാല്പതു ദിവസം ഉപവസിച്ച ആവശ്യക്കാരാ, തന്റെ അനുഗ്രഹത്താൽ ഞങ്ങ ളുടെ ആത്മാക്കളെ തൃപ്തിപ്പെടുത്തുന്നവനേ, നീ വിസാനും, തേർസ്യാസ്സും മനാശറിനും കർത്താവായിരിക്കുകയും, നിന്റെ ആലയിൽ അവരെ ചേർക്കുകയും നിന്റെ ആടുകളോടുകൂടെ അവരെ എണ്ണുകയും അവർ തെററിന്റെ പാതയിലേക്കു തിരി യുമ്പോൾ അവർക്ക് മാർഗ്ഗദർശകനായിരിക്കയും ചെയ്യണമെ. രോഗത്തിൽ അവർക്ക് നീ സൗഖ്യദായകനായിരിക്കണമെ. അവരുടെ ക്ഷീണത്തിൽ അവർക്കു ശക്തിയായിരിക്കണമെ. അശുദ്ധസ്ഥലത്തു് അവരെ ശുദ്ധരാക്കണമെ. ശത്രുവിന്റെ സ്ഥലത്തു് നാശത്തിൽ നിന്നു് അവരെ വിമുക്തരാക്കണമെ. അവരുടെ ശരീരത്തിനു നീ വൈദ്യനായിരിക്കണമെ. അവ രുടെ ആത്മാക്കൾക്ക് ജീവൻ നല്കണമെ. അവരെ വിശുദ്ധ സ്ഥലങ്ങളും ദേവാലയങ്ങളുമാക്കണമെ. പരിശുദ്ധാത്മാവ് അവരിൽ വസിക്കട്ടെ.'

157. ഈ പ്രാർത്ഥനയ്ക്കുശേഷം അവർ മിഗ്ദോണിയാ യോട്ട് പറഞ്ഞു: 'എന്റെ മകളേ, നിന്റെ സഹോദരിമാരുടെ വസ്ത്രം നീക്കുക.' അവൾ അങ്ങനെ ചെയ്ത് അവരെ അരപ്പട്ട ധരിപ്പിച്ചു. അവന്റെ അടുത്തേക്ക് കൊണ്ടുവന്നു. വിസാൻ ആദ്യം വന്നു. യൂദാ എണ്ണയെടുത്തു് ദൈവത്തെ മഹത്വപ്പെടു ത്തിക്കൊണ്ടു പറഞ്ഞു: 'മോഹനഫലമേ, നീ വിശുദ്ധ വചന ത്താൽ തിളങ്ങുന്നു; നിന്നെയണിഞ്ഞു് മനുഷ്യർ തങ്ങളുടെ ശത്രു

www.malankaralibrary.com



ഭാര്യയ്ക്കും, മകനും കൊടുത്തുകൊണ്ടുപറഞ്ഞു. 'ഈ കർബാന നിങ്ങൾക്ക് ജീവനും, വിശ്രമത്തിനും, സന്തോഷത്തിനും, ആരോഗ്യത്തിനും നിങ്ങളുടെ ആത്മാക്കളുടേയും, ശരീരത്തിന്റേയും സൗഖ്യത്തിനുമായി ഭവിക്കട്ടെ.' അവരെല്ലാവരും ആമ്മേൻ എന്നു പ്രതിവചിച്ചപ്പോൾ 'അതെ ആമ്മേൻ' എന്നൊരു ശബ്ദം അവർ കേട്ടു. ഈ വാക്കുകൾ കേട്ടപ്പോൾ അവർ സാഷ്ടാംഗം വീണു. വീണ്ടും ആ ശബ്ദം ഇങ്ങനെ പറഞ്ഞു: 'ഭയപ്പെടേണ്ട, വിശ്വസിക്കുക മാത്രം ചെയ്യുക.'

## രക്തസാക്ഷിത്വം

150. വീണ്ടും ബന്ധിതനാക്കപ്പെടുന്നതിന് യൂദാ തിരിച്ചുപോയി. അതുപോലെ തെർസ്യായും, മിഗ്ദോണിയായും, നർക്ക്യായും ജയിലിലേയ്ക്കു പോയി. യൂദാ അവരോടു പറഞ്ഞു: 'നമ്മുടെ കർത്താവിൽ എന്റെ സഹോദരിമാരേ, മക്കളെ, സഹപ്രവർത്തകരേ, ഈശോമിശിഹായുടെ തോഴിമാരേ, നിങ്ങൾ ഈ അവസാനദിനത്തിൽ എന്നെ ശ്രവിക്കുക. ഞാൻ നിങ്ങളോടു സംസാരിക്കാം. ഈ ലോകത്തുവച്ച് ഇനിയൊരിക്കലും നിങ്ങളോടു ഞാൻ സംസാരിക്കുകയില്ല. എന്തുകൊണ്ടെന്നാൽ നമ്മുടെ കർത്താവായ ഈശോമിശിഹായുടെ അടുക്കലേക്ക്, എന്നെ വിററവന്റെ പക്കലേക്ക് തന്റെ ഉന്നതാത്മാവിനെ എന്റെ നിസ്സാരതയിലേക്കു താഴ്ത്തി. കടന്നുപോകാത്ത തന്റെ മഹത്വത്തിലേക്ക് എന്നെ കൊണ്ടുവന്ന് യഥാർത്ഥമായും സത്യമായും എന്നെ തന്റെ ദാസനാകുവാൻ യോഗ്യനായി കണ്ടവന്റെ പക്കലേയ്ക്കു ഞാൻ ഉയിർത്തപ്പെടും. സമയം പൂർത്തിയായിരിക്കുന്നു എന്നതിൽ ഞാൻ സന്തോഷിക്കുന്നു; ഞാൻ പോയി എന്റെ കർത്താവിൽനിന്ന് പ്രതിഫലം പ്രാപിക്കാനുള്ള ദിവസം സമാഗതമായി. എനിക്ക് കൂലി നല്കുന്നവൻ നീതിമാനാണ്. എനിക്ക് പ്രതിഫലം നല്കേണ്ടതു് എങ്ങനെയെന്ന് അവനറിയാം. അവിടുന്ന് ദുഷ്ടനോ അസൂയാലുവോ അല്ല. അവൻ ദാനത്തിൽ സമൃദ്ധിയുള്ളവനാണ്. അവൻ എണ്ണിക്കൊടുക്കാറില്ല. തന്റെ സമ്പാദ്യം നഷ്ടപ്പെടില്ലെന്ന് അവിടുത്തേക്കുറപ്പുണ്ട്. മക്കളേ, ശ്രദ്ധിക്കുക.

160. ഞാൻ ഈശോയല്ല. ഞാൻ ഈശോയുടെ ദാസനാണ്. ഞാൻ മിശിഹായല്ല, എന്നാൽ അവന്റെ മുൻപിൽ ശുശ്രൂഷ ചെയ്യുന്നവനാണ്. ഞാൻ ദൈവപുത്രനല്ല, എന്നാൽ ദൈവത്തിന് സ്വീകാര്യനായിത്തീരുവാൻ ഇടയാകുന്നതിനു വേണ്ടി ഞാൻ പ്രാർത്ഥിച്ചപേക്ഷിക്കുന്നു. എന്നാൽ എന്റെ മക്കളേ, ഈശോമിശിഹായിൽ ഉള്ള വിശ്വാസത്തിൽ നിലനില്ക്കുവിൻ. ദൈവപുത്രനിലുള്ള പ്രതീക്ഷയ്ക്കായി പാർത്തിരി

www.malankaralibrary.com



കുവിൻ. എൻെറ മക്കളെ, പീഡനത്തിൽ നിങ്ങൾ ക്ഷീണിതരാകരുത്. എന്നോട് അപമര്യാദയായി പെരുമാറുന്നതും ഞാൻ ജയിലിലടയ്ക്കപ്പെടുന്നതും മരിക്കുന്നതും കണ്ട് നിങ്ങൾ സംശയാലുക്കളാകരുത്. കാരണം, 'ഞാൻ എൻെറ കർത്താവിൻെറ ഇഷ്ടം നിറവേററുകയാണ്. ഞാൻ മരിക്കേണ്ട എന്നു പ്രാർത്ഥിച്ചാൽ അങ്ങനെതന്നെ ഭവിക്കാൻപോലും സാധ്യതയുണ്ടെന്നു നിങ്ങൾക്കറിയാമല്ലോ. എന്നാൽ നമ്മൾ കാണുന്ന ഇത് മരണമല്ല. ഈ ലോകത്തിൽ നിന്നുള്ള വിമുക്തിയാണ്. അതിനാൽ ഞാനിത് സന്തോഷത്തോടെ സ്വീകരിക്കുന്നു. ഇക്കാരണത്താൽ തന്നെ ഞാൻ മോചിതനായി; ആയതിനാൽ ഞാൻ പോയി ഞാൻ സ്നേഹിക്കുന്നവനും എനിക്കു പ്രിയപ്പെട്ടവനുമായവനെ സ്വീകരിക്കട്ടെ. എൻെറ കർത്തവ്യം ഞാൻ പൂർത്തീകരിക്കുകയും അവൻെറ സേവനത്തിൽ ഞാൻ വളരെയധികം അദ്ധ്വാനിക്കുകയും ചെയ്തിട്ടുണ്ട്. എന്തുകൊണ്ടെന്നാൽ അവൻെറ കൃപ എന്നെ കൈവിടാതെ നിരന്തരം സംരക്ഷിച്ചു. അതുകൊണ്ട് വഞ്ചനവഴി ശത്രുക്കൾ നിങ്ങളിൽ പ്രവേശിക്കാതിരിക്കട്ടെ. സംശയങ്ങൾ വഴി നിങ്ങളുടെ ഉള്ളിൽ ഉത്കണ്ഠയുളവാകാതിരിക്കട്ടെ. ഒരു വിശ്വാസരഹിതനും അസഹ്യകാരിയും നിങ്ങളെ ശല്യപ്പെടുത്തുന്നതിനായി ഒരവസരവും ഉണ്ടാകാതിരിക്കട്ടെ. എന്തുകൊണ്ടെന്നാൽ നിങ്ങളെ സ്വീകരിക്കുകയും നിങ്ങൾ വിശ്വസിക്കുകയും ചെയ്യുന്നവൻ അവനേക്കാൾ ശക്തനാണ്. അവൻെറ വരവേല്പിനായി കാത്തിരിക്കുക. അവൻ വന്ന് നിങ്ങളെ സ്വീകരിക്കും. അതായത് നിങ്ങൾ പോയി അവനെ കാണും.'

161. യൂദാ അവരുമായുള്ള സംഭാഷണം അവസാനിച്ചപ്പോൾ അവർ വെളിച്ചമില്ലാത്ത ഭവനത്തിലേക്കു പ്രവേശിച്ചു. അനന്തരം യൂദാ പ്രതിവചിച്ചു. 'ഞങ്ങളുടെ ജീവദായകനും ഞങ്ങളെ സഹായിക്കുന്നവനുമേ, ഈ കവാടങ്ങൾ എപ്രകാരമായിരുന്നുവോ അപ്രകാരമിരിക്കട്ടെ. അവ അതിൻെറ മുദ്രകളാൽ മുദ്രിതമാക്കപ്പെടട്ടെ.' അവൻ അവരെ വിട്ടിട്ട് സ്വമനസാ തടവറയിലേക്കു പോയി. അവർ ദുഃഖിതരായി വിലപിച്ചു. കാരണം മസ്ദൈരാജാവ് അവനെ കൊല്ലുമെന്ന് അവർക്കറിയാമായിരുന്നു.

162. അവൻ തടവറയിലേക്ക് കടന്നപ്പോൾ കാവൽക്കാർ കലഹിക്കുന്നതു കേട്ടു. 'ഈ മന്ത്രവാദി തൻെറ ക്ഷുദ്രപ്രയോഗങ്ങൾകൊണ്ട് ഈ കതകുകൾ തുറന്ന് തടവുകാരെ രക്ഷപ്പെടുത്താൻ ശ്രമിക്കുന്നതെന്ത്? എന്തുതെററാണ് ഇയാളോടു നാം ചെയ്തിട്ടുള്ളത്? നമുക്കുപോയി മസ്ദൈ രാജാവിനോട് ഇക്കാര്യം പറയാം. അവിടെയെത്തി രാജ്ഞിയെപ്പററിയും മകനെപ്പററിയും പറയാം. പ്രധാന കാവൽക്കാരൻ

www.malankaralibrary.com



ഇതു പറഞ്ഞപ്പോഠം യൂദാ നിശ്ശബ്ദനായി ശ്രദ്ധിക്കുകമാത്രം ചെയ്തു. അവർ രാവിലെ എഴുന്നേററ് രാജസമക്ഷം എത്തി ഇപ്രകാരം പറഞ്ഞു: 'ഞങ്ങളുടെ യജമാനനായ രാജാവേ, ഒന്നു കിൽ ഈ മന്ത്രവാദിയെ വിട്ടുകളയുക; അല്ലെങ്കിൽ അവനെ മറെറാരു ജയിലിലേക്ക് മാററുക. അവനെ സൂക്ഷിക്കാൻ ഞങ്ങറംക്കു സാധിക്കുന്നില്ല. രണ്ടുപ്രാവശ്യം അങ്ങേ ഭാഗ്യം തടവുകാരെ കാത്തു. അല്ലായിരുന്നുവെങ്കിൽ അവരെല്ലാം രക്ഷപ്പെടുമായിരുന്നു. ഞങ്ങറം കതകുകറം അടച്ചിരുന്നു. എന്നാൽ അവ തുറന്നുകിടക്കുന്നതായിട്ടാണ് ഞങ്ങറം കണ്ടതു്. അങ്ങയുടെ ഭാര്യയും, മകനും, മററാളുകളും സദാ അയാളോടുകൂടി യാണ്. ഇക്കാര്യങ്ങറം കേട്ട മസ്ദൈ രാജാവ് തടവറവാതി ലിൽ ഇട്ട മുദ്ര നോക്കുവാനായി ഉടൻ പുറപ്പെടുകയും, താൻ വച്ചിരിക്കുന്നതുപോലെ കാണുകയും ചെയ്തു. അവൻ തടവറ സൂക്ഷിപ്പുകാരോടു പറഞ്ഞു: 'നിങ്ങളെന്തിനു നുണ പറഞ്ഞു' വാതിൽ മുദ്രകറം അതുപോലിരിക്കുന്നു. അപ്പോറം തേർസ്യായും മിഗ്ദോണിയായും വന്നു എന്നു നിങ്ങറം പറയുന്നതു് എങ്ങനെ? സൂക്ഷിപ്പുകാർ പറഞ്ഞു: 'ഞങ്ങറം അങ്ങയോടു് സത്യം പറഞ്ഞു.'

163. മസ്ദൈ രാജാവു പോയി തന്റെ ന്യായാസന ത്തിങ്കൽ ഇരുന്നു. എന്നിട്ട് യൂദായെ പിടിച്ചുകൊണ്ടുവരുവാൻ ആളയച്ചു. അവർ അവനെ പിടിച്ചുകൊണ്ടുവന്നു് വസ്ത്രം ഉരിഞ്ഞു. പകരം ഒരു അരക്കച്ച ചുററി മസ്ദൈയുടെ മുന്നിൽ നിർത്തി. മസ്ദൈ അവനോടു ചോദിച്ചു. 'നീ അടിമയോ സ്വതന്ത്രനോ? യൂദാ പ്രതിവചിച്ചു: 'ഞാനൊരു അടിമയാണ്, പക്ഷേ അങ്ങേയ്ക്കു് എന്റെമേൽ യാതൊരധികാരവുമില്ല.' മസ്ദൈ അവനോടു ചോദിച്ചു: 'എപ്രകാരമാണ് നീ ഓടി യെത്തി ഈ രാജ്യത്തു് അഭയം പ്രാപിച്ചതു്?' യൂദാ അവനോടു പറഞ്ഞു: 'ഞാനിവിടെ വന്നതു് തിരുവചനങ്ങളാൽ അനേ കർക്കു് ജീവൻ നല്കുന്നതിനുവേണ്ടിയാണ്. പക്ഷേ ഇപ്പോറം അങ്ങയുടെ കൈകളാൽ ഞാനീ ലോകം വിട്ടുപോകേണ്ടിവരും.' മസ്ദൈ ചോദിച്ചു: 'ആരാണ് നിന്റെ യജമാനൻ? എന്താണ വന്റെ പേർ? നീ ഏതു രാജ്യക്കാരനാണ്?' യൂദാ അവനോടു പറഞ്ഞു: 'എന്റെ രാജാവു് നിന്റെയും യജമാനനാണ്. അവൻ ഈ ലോകം മുഴുവന്റേയും യജമാനനും ഭൂവിഭാഗങ്ങളുടെ യെല്ലാം കർത്താവുമാണ്. മസ്ദൈ വീണ്ടും ചോദിച്ചു: അവന്റെ പേർ എന്താണ്?' യൂദാ ഉത്തരിച്ചു, അങ്ങേക്കി പ്പോറം ഈ സമയത്തു് അവന്റെ യഥാർത്ഥ നാമം ഗ്രഹിക്കാൻ സാദ്ധ്യമല്ല. എങ്കിലും അവനു നല്കപ്പെട്ട നാമം ഈശോ മിശിഹാ എന്നാണ്.' മസ്ദൈ അവനോടു പറഞ്ഞു: നിന്നെ നശിപ്പിക്കാൻ എനിക്കു തിടുക്കമില്ലായിരുന്നു. നിന്നോട്

www.malankaralibrary.com



ക്ഷമ കാണിച്ചു. എന്നാൽ നീ പിന്നെയും ദുഷ്കർമ്മങ്ങൾ വർദ്ധിപ്പിക്കുകയാണ്. നിന്റെ ക്ഷുദ്രപ്രയോഗങ്ങളെപ്പറ്റി നാട്ടു മുഴുവൻ സംസാരമാണ്. ഞാൻ എന്തെങ്കിലും ചെയ്താൽ നിന്റെ പ്രവൃത്തികൾ നിന്നെ അനുധാവനം ചെയ്യത്തക്ക രീതിയിലേ ആയിരിക്കൂ. അങ്ങനെ ഞങ്ങളുടെ രാജ്യം അവയിൽ നിന്നു വിമുക്തമാക്കപ്പെട്ടും.' യൂദാ പറഞ്ഞു: 'എന്നെ അനുധാവനം ചെയ്യുമെന്ന് അങ്ങു പറയുന്ന ഈ ക്ഷുദ്രപ്രയോഗങ്ങളൊന്നും ഈ സ്ഥലത്തു് ഇല്ലാതാകില്ല.'

164. അവൻ ഇതെല്ലാം പറഞ്ഞപ്പോൾ മസ്ദൈ രാജാവ് അവനെ സംബന്ധിച്ച്, അവനെ കൊല്ലാൻ എന്താജ്ഞ നല്ലതെന്നതിനെക്കുറിച്ച് ചിന്തിച്ചുകൊണ്ടിരിക്കുകയായിരുന്നു. എന്നാൽ അവിടെ കൂടിയ ജനാവലിയെ അദ്ദേഹം ഭയപ്പെട്ടു. രാജപ്രധാനികളടക്കം പലരും നമ്മുടെ കർത്താവിൽ വിശ്വസിച്ചിരുന്നു. മസ്ദൈ രാജാവ് യൂദായെ പട്ടണത്തിന്റെ പുറത്തേയ്ക്കു കൊണ്ടുപോയി. ആയുധങ്ങളുമായി ഒരുപററം സൈനികർ അദ്ദേഹത്തെ അനുഗമിച്ചു. മസ്ദൈ രാജാവ് യൂദായിൽനിന്നു് എന്തെങ്കിലും പഠിക്കുവാൻ ശ്രമിക്കുകയായിരിക്കുമെന്നു് ജനക്കൂട്ടം കരുതി. അതുകൊണ്ടു് അവർ അവിടെത്തന്നെ നിന്നുകൊണ്ടു് അവർ പോകുന്നതു് വീക്ഷിച്ചു. ഏകദേശം അര മൈൽ ദൂരം പോയപ്പോൾ മസ്ദൈരാജാവ് യൂദായെ തന്റെ കൂടെയുണ്ടായിരുന്ന ഒരു പ്രഭുവിനും കുറേ പട്ടാളക്കാർക്കുമായി ഏല്പിച്ചുകൊടുത്തുകൊണ്ടു് പറഞ്ഞു. 'ഈ മലയുടെ മുകളിലേക്കു പോയി അവനെ കൊല്ലുക.' അവൻ പട്ടണത്തിലേക്കു പോകാൻ തിരിഞ്ഞു.

165. അപ്പോൾ ജനങ്ങൾ അവനെ വിമോചിപ്പിക്കാനായി അവരുടെ പുറകെ ഓടിയെത്തി. എന്നാൽ പടയാളികൾ ഇടത്തും വലത്തും കുന്തംപിടിച്ചുകൊണ്ടും ഒരു പ്രഭു അവന്റെ കൈയിൽ പിടിച്ചുകൊണ്ടും പോകുകയായിരുന്നു. അപ്പോൾ യൂദാ പറഞ്ഞു. ഈ ലോകത്തിൽനിന്നുള്ള വേർപാടിന്റെ അന്ത്യനിമിഷംവരെ നിഗൂഢ രഹസ്യങ്ങൾ എന്നിൽ നിറവേററപ്പെടുന്നു. അവിടുത്തെ കൃപാസമൃദ്ധിയോ, ശാരീരിക വേദനയോ അറിയാൻ എന്നെ നീ അനുവദിക്കുന്നില്ല. അവർ ഇതാ ആയുധങ്ങളുമായി എന്നെ ചുററി മരണംവരെ എന്നോടു് യുദ്ധം ചെയ്യുന്നു. എന്നാൽ ഒരുവനുവേണ്ടി ഞാൻ നല്കപ്പെട്ടിരിക്കുന്നു. നോക്കൂ, ഒരു പ്രധാനി അദ്ദേഹത്തിന്റെ കൈകൾ കൊണ്ടു് എന്നെ പിടിച്ചിരിക്കുന്നു. അദ്ദേഹം തന്നെ എന്നെ മുന്നോട്ടു നയിക്കുന്നു. ഞാൻ അവനെ പ്രതീക്ഷിക്കുന്നു. ഞാൻ അവനെ സ്വീകരിക്കട്ടെ. നമ്മുടെ കർത്താവ് ഒരുവനാകയാൽ ഒരുവന്റെ കൈകളാൽ അവൻ അടിക്കപ്പെട്ടു'.

www.malankaralibrary.com



166. യൂദായെ കൊല്ലുവാൻ നിശ്ചയിച്ചിരുന്ന മലയിലേക്കു് കയററിയപ്പോഠം, യൂദാ തന്നെ പിടിച്ചിരുന്ന അവരോട് പറഞ്ഞു: 'ഈ ലോകത്തിൽനിന്നുള്ള വേർപാട്ട് അടുത്തിരിക്കുന്നു എന്നു നിങ്ങഠം ശ്രദ്ധിക്കു: നിങ്ങളുടെ ഹൃദയത്തിൻെറ കണ്ണുകഠം അന്ധമാക്കരുതു്. ഒരിക്കലും കേഠംക്കാൻ പററാത്ത വിധം നിങ്ങളുടെ ചെവികഠം അടഞ്ഞുപോകാതിരിക്കട്ടെ. ഞാൻ പ്രസംഗിക്കുന്ന ഈ ദൈവത്തിൽ വിശ്വസിക്കുക. നിങ്ങളുടെ ഹൃദയകാഠിന്യത്തിൽ നിങ്ങഠം വ്യാപരിക്കരുതു്. എന്നാൽ ദൈവത്തോടുകൂടിയുള്ള ജീവനും മനുഷ്യമഹത്വവും സ്വാതന്ത്ര്യവും പ്രദാനം ചെയ്യുന്ന സർവ്വവിധ സുകൃതങ്ങളിലും വ്യാപരിക്കുക.'

167. യൂദാ വീസാനോടു പറഞ്ഞു: 'ഭൗതികരാജാവായ മസ്ദൈയുടെ പുത്രാ, ഈശോമിശിഹായുടെ ദാസാ, ദാസന്മാർ തങ്ങളുടെ രാജാവായ മസ്ദൈയുടെ ഇഷ്ടം പ്രവർത്തിക്കാൻ ഈ ദാസരെ അനുവദിക്കുക. ഞാൻ പോയി പ്രാർത്ഥിക്കട്ടെ. പടയാളികളോടു് അഭ്യർത്ഥിച്ചതനുസരിച്ചു് യൂദായെ പോകുവാൻ അനുവദിച്ചു. യൂദാ പോയി ഇപ്രകാരം പ്രാർത്ഥിച്ചു: 'എൻെറ കർത്താവേ, എൻെറ ദൈവമേ, എൻെറ പ്രതീക്ഷയേ, എൻെറ രക്ഷകാ, നിൻെറ നാമത്തിൽ ഞാൻ തരണം ചെയ്ത എല്ലാ നാടുകളിലും എന്നെ വഴി നടത്തിയ കൂട്ടുകാരാ, അങ്ങയുടെ ദാസന്മാരോടൊത്തു് അങ്ങു് വസിക്കണമെ. ഞാൻ നിൻെറ പക്കലെത്തുവാൻ എന്നെയും നയിക്കണമെ. എന്തുകൊണ്ടെന്നാൽ നിന്നിൽ പൂർണ്ണമായി എൻെറ ആത്മാവിനെ ഞാൻ ഭരമേല്പിക്കുന്നു. അങ്ങേ കരങ്ങളിൽനിന്നു് ആരും അതു് എടുത്തുകളയുകയില്ല. എൻെറ പാപങ്ങഠം എന്നെ തടയാതിരിക്കട്ടെ. ഇതാ, ഞാൻ നിൻെറ ഇഷ്ടം പ്രവർത്തിച്ചു് ഞാനിന്നു സ്വീകരിക്കുന്ന സ്വാതന്ത്ര്യത്തിനുവേണ്ടി ഒരടിമയായി തീർന്നിരിക്കുന്നു. കർത്താവായ ഈശോയേ, അതെനിക്കു തരണമെ. അതെന്നിൽ നിറവേററണമെ. എന്തുകൊണ്ടെന്നാൽ അങ്ങേ സത്യത്തെക്കുറിച്ചോ, സ്നേഹത്തെക്കുറിച്ചോ എനിക്കൊട്ടും സംശയമില്ല. എങ്കിലും എൻെറ ചുററിലും നില്ക്കുന്ന ഇവർ ശ്രവിക്കുന്നതിനുവേണ്ടി ഞാൻ ഇവ അങ്ങയോടു സംസാരിക്കുന്നു.'

168. പ്രാർത്ഥന കഴിഞ്ഞപ്പോഠം യൂദാ പടയാളികളോടു് പറഞ്ഞു: 'വന്നു് നിങ്ങളെ അയച്ചവൻെറ ഇഷ്ടം നിർവ്വഹിക്കുവിൻ.' പടയാളികഠം വന്നു് ഒന്നിച്ചു് അവനെ അടിച്ചു വീഴ്ത്തി. അവൻ താഴെവീണു മരിച്ചു. സഹോദരന്മാരെല്ലാം ഒന്നിച്ചു് കരഞ്ഞുകൊണ്ടിരുന്നു. അവർ നല്ല വസ്ത്രങ്ങളും നിരവധി തുണികളും കൊണ്ടുവന്നു. പുരാതന രാജാക്കന്മാരെ അടക്കംചെയ്ത ശവകുടീരത്തിൽ അവനെ സംസ്കരിച്ചു.

www.malankaralibrary.com



169. സിഫൂറും വിസാനും പട്ടണത്തിലേക്ക് പോയില്ല. അവർ ദിവസം മുഴുവനും അവിടെ ഇരുന്നു. അവർ രാത്രി പോലും അവിടെ ഇരുന്നു. യൂദാ തദവസരത്തിൽ അവർക്കു പ്രത്യക്ഷപ്പെട്ടുകൊണ്ടു് പറഞ്ഞു: 'ഞാൻ ഇവിടെ ഇല്ല. എന്തിനാണു് പിന്നെ നിങ്ങളിവിടെ കാവലിരിക്കുന്നതു്? ഞാൻ എൻെറ കർത്താവിൻെറ പക്കലേക്കു് ആരോഹണം ചെയ്തു കഴിഞ്ഞു. ഞാൻ പ്രതീക്ഷിച്ചതും, നോക്കിപ്പാർത്തിരുന്നതും എനിക്കു കിട്ടി. നിങ്ങൾ എഴുന്നേററു പോകുവിൻ, കാരണം അല്പസമയത്തിൻശേഷം നിങ്ങളും എന്നോടു ചേർക്കപ്പെടും. മസ്ദൈയും അദ്ദേഹത്തിൻെറ ബന്ധു കാരീഷും മിഗ്ദോണിയായേയും തെർസ്യായെയും കൊണ്ടുവന്നു് വളരെയധികം പീഡിപ്പിച്ചു. പക്ഷേ, അവർ അവരുടെ ഹിതത്തിനു വഴങ്ങിയില്ല. യൂദാ അവർക്കു പ്രത്യക്ഷപ്പെട്ടുകൊണ്ടു് അവരോടു് പറഞ്ഞു: 'എൻെറ പുത്രിമാരേ, ജീവിക്കുന്നവനും പരിശുദ്ധനും നമ്മുടെ പ്രകാശവുമായ ഈശോമിശിഹായെ മറക്കരുതു്. അവിടുന്നു് നിങ്ങൾക്കു് വിശ്രമസങ്കേതവും സഹായവും ഉടൻ തയ്യാറാക്കും. മസ്ദൈ രാജാവിൻേറയും കാരീഷിൻേറയും ഹിതത്തിനു് അവർ വഴങ്ങുകയില്ലെന്നു് കണ്ടപ്പോൾ, അവരെ അവരുടെ ഹിതാനുസൃതം സ്വതന്ത്രമായി വർത്തിക്കുവാൻ അനുവദിച്ചു. എല്ലാവരും ഒത്തൊരുമിച്ചു് പ്രാർത്ഥിക്കുവാനും കുർബ്ബാന അർപ്പിക്കുവാനും അപ്പം മുറിക്കാനും തുടങ്ങി. എന്തുകൊണ്ടെന്നാൽ അവൻ മരണവുമായി മല്ലിട്ട ആ മലയിൽ വച്ചു് ഈശോ സിഫൂറിനെ ഒരു വൈദികനും വിസാനെ ഒരു ഡീക്കനും ആക്കിയിരുന്നു. നമ്മുടെ നാഥൻ അവിടുത്തെ സ്നേഹത്താൽ അവരെ സഹായിക്കുകയും എല്ലാവിധത്തിലും അവരുടെ വിശ്വാസം വർദ്ധമാനമാക്കുകയും ചെയ്തു.

170. വളരെ നാളുകൾക്കുശേഷം മസ്ദൈ രാജാവിൻെറ മക്കളിലൊരാൾ പിശാചുബാധിതനായി. വളരെ ഉഗ്രമായ ഒരു ബാധയായതുകൊണ്ടു് ആർക്കും അവനെ ബന്ധിക്കുവാൻ സാധിച്ചില്ല. മസ്ദൈ രാജാവു് ഇങ്ങനെ നിനച്ചു. ഞാൻ പോയി യൂദായുടെ ശവകുടീരം തുറക്കും. ദൈവത്തിൻെറ ശ്ലീഹായായിരുന്ന അദ്ദേഹത്തിൻെറ എല്ലുകളിൽ ഒന്നെടുത്തു് എൻെറ മകൻെറ കഴുത്തിൽ കെട്ടിത്തൂക്കും. അപ്പൻ അതുവഴി സുഖമാക്കപ്പെടും. ഒരു ദർശനത്തിൽ രാജാവിനു് പ്രത്യക്ഷപ്പെട്ടുകൊണ്ടു് യൂദാ പറഞ്ഞു: 'ജീവിക്കുന്നവനിൽ താങ്കൾ വിശ്വസിച്ചില്ല; പിന്നെ മരിച്ചവൻെറ കാര്യം പറയാനുണ്ടോ? ഭയപ്പെടേണ്ട, തൻെറ കാരുണ്യം നിമിത്തം എൻെറ കർത്താവു് ഈശോമിശിഹാ നിന്നോടു് കരുണ കാണിക്കും.' മസ്ദൈ രാജാവു് അസ്ഥികൾ കണ്ടില്ല. എന്തുകൊണ്ടെന്നാൽ സഹോദരന്മാരിൽ ഒരാൾ രഹസ്യമായി അതെടുത്തു് പാശ്ചാത്യ ദേശത്തേക്കു് കൈമാറിയിരുന്നു. മസ്ദൈ രാജാവു് അദ്ദേഹ

www.malankaralibrary.com



ത്തിന്റെ ശരീരം മറവുചെയ്ത സ്ഥലത്തു നിന്ന് അല്പം മണ്ണെടുത്തു മകന്റെ കഴുത്തിൽ തൂക്കിയിട്ടു. എന്നിട്ടു പറഞ്ഞു: 'എന്റെ കർത്താവീശോയേ, ഞാൻ അങ്ങിൽ വിശ്വസിക്കുന്നു. മനുഷ്യർ പ്രകാശം ദർശിക്കാതിരിക്കാൻ അവരെ സദാ അലട്ടുന്നവൻ ഇതാ വിട്ടുമാറിയിരിക്കുന്നു.' അവൻ വിശ്വസിച്ചുകൊണ്ട് മണ്ണ് കഴുത്തിൽ കെട്ടിത്തൂക്കിയിട്ടപ്പോഠം മകൻ സുഖം പ്രാപിച്ചു. അവൻ തന്റെ സഹോദരന്മാരോടു ചേർന്നു. മസ്ദൈ രാജാവ് സ്വന്തം ശിരസ്സ് വൈദികനായ സിഫൂറിന്റെ മുന്നിൽ അനുഗ്രഹത്തിനായി കുനിച്ചു. നിത്യം നിലനില്ക്കുന്ന നമ്മുടെ കർത്താവീശോമിശിഹായുടെ രാജ്യത്തിൽ തനിക്കും കാരുണ്യം ലഭിക്കാൻ അവർ തനിക്കുവേണ്ടി പ്രാർത്ഥിക്കണമെന്ന് അവൻ ചുററുംനിന്നവരോട് അപേക്ഷിച്ചു.

യൂദാ തോമ്മായുടെ നടപടി ഇവിടെ അവസാനിക്കുന്നു. മസ്ദൈ രാജാവിന്റെ കരങ്ങളാൽ, നമ്മുടെ കർത്താവായ ഈശോമിശിഹായുടെ ശ്ലീഹായായ യൂദാ തോമ്മാ ഇന്ത്യയിൽ വച്ച് രക്തസാക്ഷിത്വം വഹിച്ചു. പിതാവിനും പുത്രനും പരിശുദ്ധാത്മാവിനും ഇപ്പോഴും എപ്പോഴും എന്നേയ്ക്കും മഹത്വം ഉണ്ടായിരിക്കട്ടെ. ആമ്മേൻ.